സിനിമാ സംഗീതത്തിന്റെ കാണാപ്പുറങ്ങൾ | ബ്രഹ്മാനന്ദനും രവീന്ദ്രനും | ഓർമ്മച്ചെപ്പിൽ സ്നേഹസൗരഭ്യം | ഉള്ളുലക്കുന്ന കഥാപാത്രങ്ങൾ | ഗായത്രി വിജയലക്ഷ്മി നൃത്തം, നിത്യ സാധന

OCTOBER | VOL.04 | ISSUE 10

# മലയാളി.com magazine 2025



കരൂർ ദുരന്തം

# ആൾക്കൂട്ടവും അധികാരവും

മങ്ങാട് രത്നാകരന്റെ കോളം

**അച്യുതം**


ആരംഭിക്കുന്നു



## രണ്ടു നെടുനായകർ




## രണ്ടു സ്ത്രീകളുടെ തീക്ഷ്ണ ജീവിതങ്ങൾ


Muthoot Finance USA
MAIL YOUR GOLD,
GET YOUR CASH.
IT'S THAT SIMPLE.
CLICK HERE
customersupport@muthootgroup.us
New Jersey - +1 7323058200 | New York - +1 516-352-7900
A Muthoot M George Enterprise

മലയാളി.com Magazine
DIGITAL MAGAZINE
2025
OCTOBER
VOL/04
ISSUE/10
Contact: mag@emalayalee.com | www.emalayalee.com

# നവോത്ഥാനത്തിന്റെ അതിരുകൾ

മാറ്റമില്ലാത്തത് മാറ്റം മാത്രം എന്ന് സി പി എം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദനാണ് ഈയിടെ പ്രഖ്യാപിച്ചത് .ഏതെങ്കിലും വിപ്ലവകരമായ നയങ്ങളെ ന്യായീകരിക്കാനല്ല അദ്ദേഹം മാർക്സിനെ ഉദ്ധരിച്ചത് .ജനങ്ങൾ ഏതാണ്ട് മറന്നു പോയ ശബരിമല യുവതി പ്രവേശന പ്രശ്നത്തിൽ സർക്കാരിന്റെ മാറിയ നിലപാടിനെ ന്യായീകരിക്കാനായിരുന്നു അഭിനവ ചാണക്യന്റെ വാക്കുകൾ .ആഗോള അയ്യപ്പ സംഗമം കുറഞ്ഞ ജനപങ്കാളിത്തം കൊണ്ടാണ് ജന ശ്രദ്ധ നേടിയതെങ്കിലും എൻ എസ് എസ് ജനറൽ സെക്രട്ടറി സുകുമാരൻ നായരെയും എസ് എൻ ഡി പി ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശനെയും ഒരു കുടക്കീഴിൽ കൊണ്ടു വരാൻ കഴിഞ്ഞു എന്നതിൽ മുഖ്യമന്ത്രി പിണറായി വിജയന് ആശ്വസിക്കാം .വെള്ളാപ്പള്ളിയുടെ  മകൻ തുഷാർ വെള്ളാപ്പള്ളി നയിക്കുന്ന ബി ഡി ജെ എസാണ് ബി ജെ പിക്ക് സംസ്ഥാനത്ത് വാതിൽ തുറന്നു വെച്ചിരിക്കുന്നതെന്നും നിരവധി കേസുകൾ വെള്ളാപ്പള്ളിക്ക് എതിരെ  ഉണ്ടെന്നും  അറിയാതെ അല്ല ശബരിമലയിൽ അയ്യപ്പ സംഗമം മുഖ്യമന്ത്രി നടത്തിയത് .നിരവധി ട്രോളുകൾക്ക് ഈ മലക്കം മറിച്ചിൽ വിധേയമായി എന്നാൽ ഇതുമായി ബന്ധപ്പെട്ടവരുടെ പരിദേവനങ്ങ ളും അനുഭവങ്ങളുമായിരുന്നു വലിയ വിമർശനം .ശബരിമലയിൽ യുവതി പ്രവേശത്തിന് ശ്രമിച്ച ബിന്ദു അമ്മിണിയും കൂട്ടരും അനുഭവിച്ച സാമൂഹിക നിരാസം സി പി എം അവഗണിച്ചു. ഭക്തരുടെ അടികൊണ്ടു അവശരായ മാധ്യമ പ്രവർത്തകരുടെ രോഷവും സർക്കാർ ശ്രദ്ധിച്ചില്ല .ഏതു വിധേനെയും മൂന്നാം വട്ടം പിണറായി സർക്കാർ എന്ന് മുദ്രാവാക്യത്തിന ശ്രമിക്കുന്നവർക്ക് ആദർശം ഒരു ഇരുമ്പുലക്കയല്ല എന്ന് സംഗമം വ്യക്തമാക്കി .

മത വിഭാഗങ്ങളുമായി അടുപ്പം പുലർത്തുമ്പോഴും അവരെ  വിമര്ശിക്കാനും അവരുമായി ആശയപരമായി അകന്നു നിൽക്കാനും എക്കാലവും സി പി എം ശ്രമിച്ചിരുന്നു .മത്തായി ചാക്കോ അന്ത്യ കൂദാശകൾ സ്വീകരിച്ചിരുന്നു എന്ന് വെളിപ്പെടുത്തിയ താമരശേരി ബിഷപ്പിനെ നികൃഷ്ട ജീവി എന്നാണ് പിണറായി വിജയൻ  ഒരിക്കൽ വിശേഷിപ്പിച്ചത്. സത്നാം സിംഗ് കൊല്ലപ്പെട്ടപ്പോൾ അമൃതാന്ദമയി മഠത്തിനെതിരെ അന്വേഷിക്കണമെന്നു പറഞ്ഞതും മറ്റാരുമല്ല എന്നാൽ ഇത്തവണ അദേഹത്തിന്റെ സാംസ്കാരിക മന്ത്രി സജി ചെറിയാൻ അമ്മയ്ക്ക് പരസ്യമായി ഒരു സര്ട്ടിഫിക്കറ്റ്  നൽകുകയും അമ്മയുടെ നെറുകയിൽ മുത്തം കൊടുക്കുകയും ചെയ്തു എല്ലാവരെയും ആശ്ലേഷിക്കുന്ന അമ്മയെപ്പോലും അത് അമ്പരപ്പിച്ചിരിക്കണം. .വലിയ ഒരു വിഭാഗം ആരാധകരുള്ള ഒരു ആല്മീയ നേതാവാണ് അമൃതന്ദമയി. ഒരു ഉമ്മയിലൂടെ സി പി എം  അവരുടെ അനുഭാവം നേടിയെടുക്കാൻ പോകുന്നില്ല പക്ഷെ തങ്ങൾ ഭക്തർക്ക് ഒപ്പമാണെന്ന് പറയാതെ  പറയുകയാണ് ഇത് വഴി സി പി എം ചെയ്തത് .

വളരെ ആലോചിച്ചുറപ്പിച്ച നടപടികൾ ആണിതെല്ലാം. സംസ്ഥാനത്തെ 46 ശതമാനം വരുന്ന മുസ്ലിങ്ങളും ക്രിസ്ത്യാനികളും തങ്ങളെയല്ല യു ഡി  എഫിനെയാണ് പിന്തുണയ്ക്കാൻ ഇട എന്നറിയാവുന്ന സി പി എം ഇസ്ലാം വിരുദ്ധതയിലൂടെ  ഭൂരിപക്ഷം ഹിന്ദുക്കളുടെയും ക്രിസംഘികളുടെയും പിന്തുണ നേടാൻ ശ്രമിക്കുകയാണ് .

മൂന്നാം വട്ടവും പിണറായി എന്ന ലക്ഷ്യത്തോടെ എല്ലാ ആദർശങ്ങളിലും വെള്ളം ചേർത്തു കൊണ്ടുള്ള സി പി എം മുന്നേറ്റം ഫലത്തിൽ ആർക്കാണ് ഗുണം ചെയ്യുക? പ്രത്യയ ശാസ്ത്രപരമായ പരിശുദ്ധി  പണ്ടെ നഷ്ടപ്പെട്ടുവെങ്കിലും ആദർശത്തിൽ അടിയുറച്ച ചിലരെങ്കിലും പാർട്ടിയിൽ ഉണ്ടായിരുന്നു എന്നതായിരുന്നു ആശ്വാസം. ഇപ്പോൾ അതും നഷ്ടമാകുന്ന കാഴ്ച്ചയാണ്. ഹിന്ദുത്വയുമായി മുന്നേറുന്ന ബി ജെ പിയുടെ ബി ടീം പോലെ ആകുകയാണ് സി പി എം ഇപ്പോൾ .ഫലത്തിൽ സി പി എം അങ്ങനെ ബി ജെ പിക്ക് വാതിൽ തുറക്കുകയാണ്  .

ഒരു പക്ഷെ ഒട്ടേറെ വിപ്ലവകരമായ മാറ്റങ്ങൾ നടപ്പിലാക്കിയ 57 ഇലെ കമ്മ്യൂണിസ്റ്റ് ഭരണത്തെ പറ്റി  എം വി ഗോവിന്ദൻ ഇപ്പോൾ ഓർക്കുന്നുണ്ടാകില്ല . അല്ലെങ്കിൽ സൌകര്യപൂർവ്വം അത് മറക്കുന്നു ..വ്യത്യസ്തമായ അഭിപ്രായങ്ങളെ മാനിക്കാതിരുന്നതാണ് ആ ഭരണത്തിനു ഉണ്ടായ പരാജയം എങ്കിലും കേരളത്തിന്റെ രാഷ്ട്രീയ ഭൂപടം ഈ നിലയിൽ ആകുന്നതിനു ആ സർക്കാർ വലിയ പങ്കു വഹിച്ചു .ഒരു പക്ഷെ പാർടിയുടെ വളർച്ചയുടെ പിന്നിലെ വലിയ ഘടകമതാണ് .. അടിയന്തിരാവസ്ഥ അതിനു ഊർജ്ജം നൽകി ..പാളിച്ചകൾ ഉണ്ടായിട്ടുണ്ടെങ്കിലും  വിഭാഗീയത വലയം ചെയ്തുവെങ്കിലും പാർട്ടി അടിസ്ഥാന  വിശ്വാസ പ്രമാണങ്ങളിൽ നിന്നു പിന്നോട്ട് പോയിരുന്നില്ല എന്നാൽ ഇന്ന് എല്ലാവിധ  ജാതീയ – മത സ്ഥാപനങ്ങളുമായി ഒത്തുതീർപ്പുണ്ടാക്കുകയാണ് പാർട്ടി .അതു തൃശൂർ പൂരം കലക്കിയത് പോലെ ആർക്കാകും ഗുണം നൽകുക എന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ .

സ്നേഹത്തോടെ,
ഇ–മലയാളി പത്രാധിപസമിതി

EDITORIAL BOARD

George Joseph
Editor-in-Chief

Sunil Tristar
Managing Editor





P.S. Joseph
Executive Editor

Antony Kanayamplackal
Senior Editor

Anju
Design

Abhi
Cover

CONTENTS


05 മുഖലേഖനം
ആൾക്കൂട്ടവും അധികാരവും
പി എസ് ജോസഫ്

10 കവിത
ഗാസയിലേയ്ക്ക്
ഏലിയാമ്മ കോര

11 ചിത്രവും ചരിത്രവും /അച്യുതം 1
രണ്ടു നെടുനായകർ
മാങ്ങാട് രത്നാകരൻ

15 കവിത
നോട്ടം ടാഗോർ
രാമകൃഷ്ണൻ കുമരനല്ലൂർ

17 പുസ്തകലോകം
രണ്ടു സ്ത്രീകളുടെ തീക്ഷ്ണ ജീവിതങ്ങൾ
കുര്യൻ പാമ്പാടി

20 കവിത
വൈകിയോടാത്ത തീവണ്ടി
ജയകൃഷ്ണൻ വല്ലപ്പുഴ

21 കവിത
സമുദ്രോപാസന
ഡി ജയകുമാരി

23 ചെറുകഥ
രഹസ്യം
റോസി തമ്പി

31 കവിത
സ്പൂൺ വുമൺ
വി ആർ സന്തോഷ്

33 ചെറുകഥ
പൂർവ്വാശ്രമം !
ശശി കുറുപ്പ്

36 കവിത
ആവിർഭാവം
രമ പിഷാരടി

37 നോവൽ
ഒന്നാമത്തെ ദിവ്യരഹസ്യം
ഒരു രഹസ്യത്തിന്റെ ഭാരം
ജോസഫ് എബ്രഹാം

45 കവിത
ഒരു ബയോളോജിക്കൽ ലവ്
കെ വി സുമിത്ര

47 ചെറുകഥ
തൊണ്ടി : ബ്ലാങ്കലും ഒറ്റക്കമ്മലും
ഷാർളി ബെഞ്ചമിൻ

55 ചെറുകഥ
ആരവം
ശ്യാമള ഹരിദാസ്

59 കവിത
മീൻ
വാസുദേവൻ പനമ്പിള്ളി

61 എന്റെ സംഗീത വഴികൾ
സിനിമാ സംഗീതത്തിന്റെ കാണാപ്പുറങ്ങൾ
എസ് രാജേന്ദ്ര ബാബു

66 കവിത
പഞ്ചസ്വരങ്ങൾ
നന്ത്രേത്തിൽ ജോസ് വർഗീസ്

67 സംഗീതം
ബ്രഹ്മാനന്ദനും രവിയേട്ടനും
എസ് സലിം കുമാർ

69 ചെറുകഥ
എച്ച് – 1ബി !
പി എസ് ജോസഫ്



75 പുസ്തകലോകം
ഓർമ്മച്ചെപ്പിൽ സ്നേഹ സൗരഭ്യം
പള്ളിക്കോണം രാജീവ്

78 പുസ്തക ലോകം
ഉള്ളുലക്കുന്ന കഥാപാത്രങ്ങൾ
സാധിക് കെ

79 ചെറിയ ചിന്തകളുടെ വലിയ ശക്തി
സുരേഷ് വാരനാട്

81 കല : ഗായത്രി
നൃത്തം ,നിത്യ സാധന
വിജയ് സി എച്ച്

86 ചിത്രലോകം: അക്ബർ മാ



# ആൾക്കൂട്ടവും അധികാരവും

**തമിഴക വെട്രി കഴകം സ്ഥാപക നേതാവ് നടൻ വിജയിന്റെ പ്രധാന രാഷ്ട്രീയ റാലിയിൽ ഉണ്ടായ വൻ ദുരന്തം നാടിനെ ഏറെ ചിന്തിപ്പിക്കേണ്ടതാണ്.**

പി എസ് ജോസഫ്

ആൾക്കൂട്ടം എല്ലാ ജനാധിപത്യ സ്ഥാപനങ്ങളെയും നിയന്ത്രിക്കുന്ന കാലത്താണ് നാം ജീവിക്കുന്നത് .ആൾക്കൂട്ടത്തെ ഇളക്കിവിടുകയും അവരെ ഉപയോഗിക്കുകയും ചെയ്യുന്ന കെട്ട കാലത്താണ് നാം ജീവിക്കുന്നത് .ജനാധിപത്യം ജനക്കൂട്ട ആധിപത്യമായി മാറുന്ന കാലമാണ് .രാഷ്ട്രീയ കക്ഷികൾ ഇത് ഫലപ്രദമായി ഉപയോഗിക്കുകയും ചെയ്യുന്നു .

ഏറ്റവും കൂടുതൽ ജനകൂട്ടത്തെ ആകർഷിക്കുന്നവർ അധികാരത്തിൽ എത്തുമെന്നത് തമിഴ് നാടിൻറെ പ്രത്യേക മനശാസ്ത്രമാണെന്ന് തോന്നുന്നു. മാത്രമല്ല വെള്ളിത്തിരയിലെ വിജയവും തിളക്കവും ഉപയോഗിച്ചു പിൻവാതിൽ വഴി രാഷ്ട്രീയത്തിൽ

**വ്യക്തിയാരാധനയും താര ആരാധനയും കൊടുമ്പിരിക്കൊള്ളുന്ന തമിഴകത്തിൽ ജനാഭിപ്രായം സൃഷ്ടിക്കുന്ന സവിശേഷമായ രാഷ്ട്രീയ ചർച്ചകളെക്കാൾ വമ്പൻ തരംഗം സൃഷ്ടിക്കുന്ന കൂറ്റൻ റാലികളാണ് രാഷ്ട്രീയ കക്ഷികൾക്ക് പഥ്യം**

കയറുന്നത് ഈ സംസ്ഥാനത്തിലെ പ്രത്യേകതയാണ് . വ്യക്തിയാരാധനയും താര ആരാധനയും കൊടുമ്പിരിക്കൊള്ളുന്ന തമിഴകത്തിൽ ജനാഭിപ്രായം സൃഷ്ടിക്കുന്ന സവിശേഷമായ രാഷ്ട്രീയ ചർച്ചകളെക്കാൾ വമ്പൻ തരംഗം സൃഷ്ടിക്കുന്ന കൂറ്റൻ റാലികളാണ് രാഷ്ട്രീയകക്ഷികൾക്ക് പഥ്യം . സിനിമയിലെ അതിശയീകരിക്കപ്പെട്ട പ്രതിച്ഛായയും കുറിക്കു കൊള്ളുന്ന ഡയലോഗുകളും യഥാർത്ഥ ജീവിതത്തിലും രാഷ്ട്രീയത്തിലും നടമാടുമെന്ന മതിഭ്രമം സൃഷ്ടിക്കാനുള്ള സിനിമതാരങ്ങളുടെ ശ്രമം ഡി എം കെ സ്ഥാപക നേതാവായ അണ്ണാദുരയുടെ കാലം തൊട്ടു തുടങ്ങുന്നു .

എം ജി ആറും കരുണാനിധിയും അത് വിദഗ്ദമായി ഉപയോഗിച്ചു . സ്ക്രീനിലെ താരവും ഭരണത്തിലെ തലവനും തമ്മിൽ വ്യത്യാസമില്ലാതായി .വാഗ്ദത്ത പുരുഷനായി സ്വയം പ്രതിഷ്ഠിച്ചു കൊണ്ടുള്ള താരങ്ങളുടെ വെള്ളിത്തിരയിലെ പടയോട്ടം യഥാർഥമാണെന്ന് ജനങ്ങൾ കരുതി .സിനിമയുടെ ശൈശവദശയിൽ ,ദാരിദ്ര്യം



കരൂരിലെ റാലിയിൽ വിജയ്

ഒരു മുഖമുദ്രയായിരുന്ന ഒരു സംസ്ഥാനത്ത് അത് സ്വാഭാവികമായിരുന്നു. എന്നാൽ ഇന്നും തമിഴ് നാട്ടിലെ ജനങ്ങൾ വെള്ളിത്തിരയിലെ താരങ്ങളെ അവതാര പുരുഷന്മാരായി കാണുകയാണ് എന്നത് കരുരിൽ നടൻ വിജയ് നേതൃത്വം നൽകുന്ന തമിഴക വെട്രി കഴകത്തിന്റെ (ടി വി കെ )യുടെ റാലിയിൽ ഒന്ന് കൂടി വ്യക്തമായി 41 പേരാണ് .അവിടെ തിക്കിലും തിരക്കിലും പെട്ട് സെപ്തംബർ 27 ശനിയാഴ്ച മരിച്ചത് .പരിക്കേറ്റവരുറെ സംഖ്യ അതിലേറെ വരും.അതിൽ ഏറെയും സ്ത്രീകളും കുട്ടികളും ആയിരുന്നു എന്നത് ദുരന്തത്തിൻറെ വ്യാപ്തി കൂട്ടുന്നു .

ഇതാദ്യമായല്ല തമിഴ് നാട്ടിൽ ജനക്കൂട്ടത്തിൽ തിക്കിലും തിരക്കിലും പെട്ടു വലിയ ദുരന്തങ്ങൾ ഉണ്ടാകുന്നത് . ജയലളിത പങ്കെടുത്ത കുഭകോണം മഹാമഹത്തിൽ 48 പേർ തിക്കിലും തിരക്കിലും കൊല്ലപ്പെട്ടു. പഴനിയിൽ ഒരു വ്യവസായിയുടെ സൗജന്യ സാരി വിതരണം തിക്കിലും തിരക്കിലും പെട്ടു നിരവധി പേർ മരണമടയുന്ന ദുരന്തത്തിലാണ് കലാശിച്ചത് ..ബാംഗളൂരുവിൽ ചിന്ന സ്വാമി സ്റ്റേഡിയത്തിൽ തിക്കിലും തിരക്കിലും പെട്ടു 11 പേർ മരിച്ചത് അടുത്തയിടെയാണ് .കുംഭമേളകളിൽ ഇതൊരു പതിവാണ് .2012 കുംഭമേളയിൽ എൻറെ തൊട്ടു മുന്നിലായിരുന്നു അപകടം

**ഇന്നും തമിഴ് നാട്ടിലെ ജനങ്ങൾ വെള്ളിത്തിരയിലെ താരങ്ങളെ അവതാര പുരുഷന്മാരായി കാണുകയാണ് എന്നത് കരുരിൽ നടൻ വിജയ് നേതൃത്വം നൽകുന്ന തമിഴക വെട്രി കഴകത്തിന്റെ (ടി വി കെ )യുടെ റാലിയിൽ ഒന്ന് കൂടി വ്യക്തമായി.**

.24 ഇലും അത് ആവർത്തിച്ചു .കൊച്ചി സർവ്വകലാശാലയിൽ താരതമ്യേനെ സുരക്ഷിതം ആകേണ്ട ഒരു സംഗീത പരിപാടിയിൽ നാല് കുട്ടികളാണ് തിരക്കിൽ പെട്ടു കൊല്ലപ്പെട്ടത് .എത്ര കരുതൽ എടുത്താലും അപകട സാധ്യത വലുതാണ് എന്നതാണ് യാഥാർത്ഥ്യം ..പക്ഷെ തമിഴ് നാട്ടിൽ ആൾക്കൂട്ട റാലികൾ ഒരു നിത്യസംഭവം ആണെന്നതിനാൽ പ്രശ്നത്തിന് ഗൗരവം ഏറുന്നു.

റാലികളിലെ സുരക്ഷിതത്വത്തെ പറ്റി മദ്രാസ് ഹൈക്കോടതി തന്നെ ചോദ്യങ്ങൾ ഉയർത്തുന്ന വേളയിൽ ആയിരുന്നു വിജയുടെ ടി വി കെ യുടെ റാലി കരൂരിലെ ഒരു ഇടുങ്ങിയ ഇടത്ത് നടന്നത് .ദിവസങ്ങൾക്കു മുൻപ് ഡി എം കെ യുടെ ഒരു റാലി ഇവിടെ വലിയ കൂട്ടത്തോടെ നടന്നതായിരുന്നു .ഡി എം കെ യും എ ഐ എ ഡി എം കെയും ഇടതു കക്ഷികളും റാലി നടത്താറുണ്ട് എങ്കിലും താഴെ തട്ടിൽ നല്ല സംഘടനാ ബലമുള്ള അവർ ക്രൌഡ് മാനേജ്മെന്റിൽ ഭേദപ്പെട്ട റെക്കോർഡ് ഉള്ളവരാണ് ..എങ്കിലും ആൾക്കൂട്ടം എപ്പോഴും പൊട്ടിത്തെറിക്കാവുന്ന ഒരു ബോംബാണ് എന്നതാണ് യാഥാർത്ഥ്യം .കരൂരിൽ ചെറുപ്പക്കാരുടെയും ഗ്രാമീണരുടെയും ആരാധനാപാത്രമായ തമിഴ് സുപ്പർ താരം എത്തും എന്നറിഞ്ഞ

തോടെ കക്ഷി ഭേദമന്യേ കാണികൾ അങ്ങോട്ട് പ്രവഹിച്ചുവെന്നു വേണം കണക്കാക്കാൻ .ഇതോടൊപ്പം സംഘാടകരുടെ പല പിഴവുകളും പ്രശ്നം വഷളാക്കി . ടി വി കെ ക്ക് താഴെ തട്ടിൽ സംഘടന എന്നൊന്നില്ല എന്നതാണ് കരൂരിലെ റാലി വലിയ ദുരന്തത്തിൽ എത്താൻ കാരണമായത് .

അപകടം എന്ത് കൊണ്ടു എന്നതിനു നിരവധി കാരണങ്ങൾ നിരത്താം. പതിനായിരം പേർ എത്തുമെന്ന് അറിയിച്ചു അനുമതി വാങ്ങിയിരുന്ന റാലിക്ക് 27000 പേർ എത്തിയെന്ന് സംസ്ഥാന പോലിസ് മേധാവി പറയുന്നു. മൂന്നു മണി മുതൽ പത്തു മണി വരെയായിരുന്നു യോഗത്തിന് അനുമതി വാങ്ങിയിരുന്നത് .നടൻ യോഗത്തിന് എത്തിയത് നാല് മണിക്കൂർ വൈകി 7 .15 നു എന്ന് പോലിസ് പറയുന്നു . റാലി മൂലം കടകൾ നേരത്തെ അടച്ചിരുന്നതിനാൽ വെള്ളമോ ഭക്ഷണമോ വാങ്ങാൻ മാർഗം ഇല്ലാതായി രാവിലെ പതിനൊന്നു മണി മുഴുവൻ നല്ല വെയിലിൽ ആരാധകർ ഇവിടെ തടിച്ചു കൂടുകയായിരുന്നു . പക്ഷെ സമയത്തിനു എത്തുന്നതിനു പകരം അണികളുടെ കുത്തൊഴുക്കിനു കാത്തിരുന്നു വളരെ വൈകി താരം എത്തിയത് വലിയ പ്രശ്നമായി ആളുകൾ ഭക്ഷണവും ജലവും കിട്ടാതെ കുഴഞ്ഞു വീണു . റോഡിലും പരിസര പ്രദേശങ്ങളിലും തടിച്ചു കൂടിയവർക്ക് ഇറങ്ങി പോകാൻ കഴിയാത്ത അവസ്ഥ സംജാതമായി. വിജയ് പ്രചാരണ വാഹനത്തിൽ വന്നതോടെ അതിനു ചുറ്റും തിരക്ക് നിയന്ത്രണാതീതമായി . ഇതിനിടെ തൽക്കാലം വൈദ്യുതി വിച്ഛേദിക്കപ്പെട്ടു. അവസാനം സ്ഥിതിഗതികൾ വഷളാകുന്നു എന്ന് കണ്ടറിഞ്ഞ വിജയിന് പാതി വഴിക്ക് പ്രസംഗം നിർത്തേണ്ടി വന്നു അപ്പോഴേക്കും ദുരന്തം സംഭവിച്ചിരുന്നു .

പുതിയ തലമുറയുടെ രാഷ്ട്രീയ നേതാവായി സ്വയം ഉയർത്തി കാട്ടുന്ന ,തമിഴ് നാടിൻറെ മുഖ്യമന്ത്രി പദത്തിന് മത്സരവേദിയിലേക്ക് കച്ച



കെട്ടി ഇറങ്ങിയിരിക്കുന്ന വിജയ് അവസരത്തിനു ഒത്തു ഉയർന്നില്ല എന്നതാണ് നേതൃത്വത്തിൻറെ പരാജയം കൂടിയായി ഇത് മാറുന്നത് .പുതിയ ലോകം വാഗ്ദാനം ചെയ്തു പ്രചാ

**പതിനായിരം പേർ എത്തുമെന്ന് അറിയിച്ചു അനുമതി വാങ്ങിയിരുന്ന കരൂരിലെ റാലിക്ക് 27000 പേർ എത്തിയെന്ന് സംസ്ഥാന പോലിസ് മേധാവി പറയുന്നു . മൂന്നു മണി മുതൽ പത്തു മണി വരെയായിരുന്നു യോഗത്തിന് അനുമതി വാങ്ങിയിരുന്നത് . നടൻ യോഗത്തിന് എത്തിയത് നാല് മണിക്കൂർ വൈകി 7 .15 നു എന്ന് പോലിസ് പറയുന്നു**

രണത്തിന് ഇറങ്ങിയ താരം കാലത്തിന്റെ ചുവരെഴുത്തുകൾ കണ്ടില്ല . എന്തിനു പ്രായോഗികമായി ചിന്തിച്ചു പോലുമില്ല .

കൃത്യ സമയത്തിനു യോഗ സ്ഥലത്ത് എത്തിയിരുന്നു എങ്കിൽ അദ്ദേഹത്തിനു ഈ ഒരു ദുരന്തം ഒഴിവക്കാനാവുമായിരുന്നു .കാരണം അപ്പോൾ നിയന്ത്രിക്കാവുന്ന ആക്കൂട്ടം മാത്രമേ റാലിയിൽ ഉണ്ടായിരുന്നുള്ളു..പക്ഷെ ആൾക്കൂട്ടത്തെ കാത്തു നിർത്തുന്നതിൽ അഭിരമിക്കുന്ന രാജകീയ പൈതൃകമാണല്ലോ താരങ്ങൾ പിന്തുടരുന്നത് .അത് ഇഷ്ടപ്പെടുന്നവർ ആണ് ആരാധകർ എന്നത് മറ്റൊരു വിരോധാഭാസം ! ഇതിനിടെ ആളുകൂട്ടാൻ ടി വി കെ യുടെ ഒരു നേതാവ് നേപ്പാൾ മോഡൽ പ്രതിഷേധം സാമൂഹിക മാധ്യമങ്ങളിൽ ആഹ്വാനം ചെയ്തത് പ്രശ്നം കുടുതൽ വഷളാക്കി . പിന്നീട് അദ്ദേഹം ഇത് പിൻവലിച്ചു ..ജനക്കൂട്ടത്തെ പ്രകോപിപ്പിച്ച് റാലിയിൽ എത്തിക്കാനുള്ള ശ്രമം ആയിരിക്കാം അത് .എങ്കിലും വിജയ് ആരാധകർ ക്ഷമയോടെ വൈകിട്ട് ഏഴു പതിനഞ്ചു വരെ കാത്തിരുന്നു . വെള്ളം കുടിക്കാതെ, ഭക്ഷണം കഴിക്കാതെ മണിക്കൂറുകൾ പൊരിവെയിലിൽ..താരത്തിന്റെ പ്രധാന വിഭാഗം ആരാധകർ കുട്ടികളും സ്ത്രീകളും ആണെന്ന നിലക്ക് ,പ്രത്യേകിച്ചു ഗ്രാമീണ മേഖലയിലെ ഈ റാലി ആപത് സാധ്യതയുള്ളതായിരുന്നു എന്ന് വ്യക്തം എന്നിട്ടും ആ തിരക്കിലൂടെ വിജയ രഥം മുന്നോട്ടു നീങ്ങി .അദ്ദേഹം പ്രസംഗിച്ചു . .പക്ഷെ അപ്പോഴേക്കും ജനങ്ങൾ തളർന്നു കുഴഞ്ഞു വീണു തുടങ്ങിയിരുന്നു . മതിയായ പോലിസ്



**കേന്ദ്ര ധന മന്ത്രി നിർമ്മല സീതാരാമൻ ദുരന്ത ബാധിതരെ സന്ദർശിക്കുന്നു**

**പുതിയ ലോകം വാഗ്ദാനം ചെയ്തു പ്രചാരണത്തിന് ഇറങ്ങിയ താരം കാലത്തിന്റെ ചുവരെഴുത്തുകൾ കണ്ടില്ല . എന്തിനു പ്രായോഗികമായി ചിന്തിച്ചു പോലുമില്ല . കൃത്യ സമയത്തിനു യോഗ സ്ഥലത്ത് എത്തിയിരുന്നു എങ്കിൽ അദ്ദേഹത്തിനു ഈ ഒരു ദുരന്തം ഒഴിവക്കാനാവുമായിരുന്നു . കാരണം അപ്പോൾ നിയന്ത്രിക്കാവുന്ന ആക്കൂട്ടം മാത്രമേ റാലിയിൽ ഉണ്ടായിരുന്നുള്ളൂ.**

സാന്നിധ്യം ഇല്ലാതിരുന്നതും ദുരന്തം വലുതാക്കി .

അപകടം നടക്കവേ ,ജനക്കൂട്ടത്തിനിടയിൽ നിന്ന് വേഗം മാറിയ താരം സമീപമുള്ള ഏതെങ്കിലും പട്ടണത്തിൽ താമസിച്ചു താമസിച്ചു രക്ഷാനടപടികൾക്ക് നേതൃത്വം നലുന്നതിനു പകരം ചാർട്ടേഡ് ഫ്‌ളൈറ്റിൽ ചെന്നൈക്ക് പോയി . ഹൈക്കോടതി പോലും ഇതിനെ ശക്തമായി വിമർശിച്ചു .വിജയ് സംഭവത്തെ കുറിച്ചു പ്രതികരിക്കുന്നത് പോലും മൂന്നു ദിവസം കഴിഞ്ഞാണ്. പ്രതീക്ഷിച്ചപോലെ ഗൂഢാലോചന സിദ്ധാന്തങ്ങൾ അദ്ദേഹം ആവർത്തിച്ചു . ഉത്തരവാദിത്തം ഏറ്റെടുത്തു മുന്നിൽ നിന്ന് മാപ്പ് ചോദിക്കുകയോ അവരുടെ ദുഖത്തിൽ പങ്കു ചേരുകയോ ചെയ്യാതെയായിരുന്നു അദ്ദേഹം കരൂർ വിട്ടത് ..പ്രധാനമന്ത്രി അടക്കം എല്ലാവരും ദുഃഖം പ്രകടിപ്പിക്കുന്ന വേളയിൽ ആകെ പകച്ച നിലയിലായിരുന്നു അദ്ദേഹം .തമിഴ് നാട് മുഖ്യമന്ത്രി എം കെ സ്റ്റാലിൻ സ്ഥലത്തെത്തി അപകടത്തിൽ പെട്ടവരെ കണ്ടു. കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമനും അവിടെയെത്തി .

വിജയ് ഒന്ന് ചെയ്തു അദ്ദേഹം മരിച്ചവരുടെ കുടുംബങ്ങൾക്ക് ഇരുപതു ലക്ഷം വീതം വാഗ്ദാനം ചെയ്തു. പക്ഷെ നഷ്ടപ്പെട്ട ആയുസ്സിനു ആരു വില പറയും ?എവിടെയാണ് പാളിയതെന്നോ എന്താണ് കാരണമെന്നോ ആർക്കാണ് ഉത്തരവാദിത്തമെന്നോ ഉള്ള ഒരു വിശകലനം പോലും ടി വി കെയിൽ നിന്നോ വിജയിൽ നിന്നോ ഉണ്ടായിട്ടില്ല . മദ്രാസ് ഹൈക്കോടതി നിയോഗിച്ച പ്രത്യേക അന്വേഷണ സംഘം (എസ് ഐ ടി) ഇതിനു മറുപടി കണ്ടെത്തുമായിരിക്കാം . പലചോദ്യങ്ങളും അദ്ദേഹത്തെ വലയം ചെയ്യുന്നു .മാത്രമല്ല ഈ വിഷയത്തിൽ അദ്ദേഹത്തിൻറെ ക്രൈസ്തീയ പശ്ചാത്തലം വരെ സൂചിപ്പിക്കുന്ന വിധത്തിലുള്ള ആക്രമണവും അധിക്ഷേപവുമാണ് നടക്കുന്നത് .അദ്ദേഹത്തിനെതിരെ കൊലപാതകത്തിന് കേസ് എടുക്കണമെന്ന് കരൂരിൽ പോസ്റർ പ്രചാരണം തന്നെയുണ്ടായി . ഹൈക്കോടതി സി ബി ഐ അന്വേഷണം തടഞ്ഞു എന്നത് മാത്രമാണ് വിജയിനു ആശ്വാസം നൽകുന്ന ഒരേ ഒരു സംഭവം . .

തമിഴ് നാട്ടിൽ മേധാവിത്തം പുലർത്തുന്ന ഡി എം കെക്കും ഏ ഐ ഡി എം കെക്കും എതിരായി ,ബി ജെ പിക്ക് പിടി കൊടുക്കാതെ സ്വതന്ത്രമായി ഒരു ഭരണം സ്ഥാപിക്കാനുള്ള വിജയിൻറെ ശ്രമങ്ങൾക്കാണ് ഈ സംഭവം തടയിടുന്നത് .പാർട്ടി അടിത്തറയിൽ നിന്ന് കെട്ടിപ്പടു




**വിജയിനെതിരെ കരൂരിൽ പോസ്റ്റർ**



**തമിഴ് നാട് മുഖ്യമന്ത്രി എം കെ സ്റ്റാലിൻ ദുരന്ത ബാധിതരെ സന്ദർശിക്കുന്നു**

ക്കാത്തതിന്റെ ബുദ്ധിമുട്ട് ഇപ്പോൾ അദ്ദേഹം അനുഭവിക്കുന്നുണ്ടാകണം. വിജയ് കേവലം ഫാൻ അസോസിയേഷൻ അല്ല എന്ന് തെളിയിക്കാനും ഡി എം കെയും ഏ ഡി എം കെയും. അവരുടെ വോട്ട്ബാങ്കിൽ വലിയ വിള്ളൽ ഉണ്ടാക്കാനും ഇപ്പോഴത്തെ സംഘടനം പോരാ എന്ന് ഈ ദുരന്തം വ്യക്തമാക്കി .മാത്രമല്ല കേസുകളാൽ വലയം ചെയ്യുമ്പോൾ അധികാര സ്ഥാനങ്ങളുമായി ഒത്തുതീർപ്പ് നടത്തേണ്ടി വരുമെന്ന കറുത്ത യാഥാർത്ഥ്യവും വിജയിൻറെ മുന്നിൽ ഉണ്ട് .ഇനി റാലികൾ നടത്തുമ്പോൾ ഈ കറുത്ത ശനിയുടെ ഓർമ്മ അദ്ദേഹത്തെ വലയം ചെയ്യും .ഭരണകക്ഷിയുടെയോ കേന്ദ്രത്തിന്റെയോഅനുഗ്രഹാശിസ്സുകൾ ഉള്ള നേതാവ് അല്ല എന്നത് കൊണ്ടു അദ്ദേഹത്തിനു മുന്നിൽ സുരക്ഷിത വലയം തല്ക്കാലമില്ല .താരങ്ങൾ തിളങ്ങുന്ന നഭസ്സാണ് തമിഴ് നാട് .പക്ഷെ ഇവിടെ എങ്ങും എത്താതെ പോയ താരങ്ങളും നിരവധിയാണ് . വലിയ പ്രതീക്ഷകളുമായി

**ആൾക്കൂട്ടം വളരുന്ന ഒരു സമൂഹത്തിനു ഒരിക്കലും അംഗീകരിക്കാനാകാത്ത കാര്യമാണ് .അതവസാനിപ്പിക്കുമ്പോഴേ തമിഴിന്റെ, ദ്രാവിഡ നാടിൻറെ യഥാർത്ഥ സ്വത്വം തമിഴകം കണ്ടെത്തൂ .**

അരങ്ങിൽ വന്ന വിജയകാന്തിന്റെ തകർച്ചയാണ് ഓർക്കേണ്ട ഒരു രാഷ്ട്രീയ പ്രവേശം . ,രജനി കാന്തിനു രാഷ്ട്രീയം മരിചീകയായി മാറി .ഇന്നും പുറത്തു ഇറങ്ങിയാൽ അദ്ദേഹത്തെ കാണാൻ കാണികൾ വൃക്ഷക്കൊമ്പുകളിൽ പോലും കയറി ഇരിക്കും . ജനപ്രീതി ഉണ്ടെങ്കിലും തൻറെ മോഹങ്ങളേ അദ്ദേഹത്തിനു പാതി വഴിയിൽ ഉപേക്ഷിക്കേണ്ടി വന്നു .കമലഹാസന് ഡി എം കെ യമായി ഒത്തുത്തീർപ്പ് ഉണ്ടാക്കേണ്ടി വന്നു .അതിലും പ്രശ്നകരമായ കാര്യം പ്രത്യയശാസ്ത്രപരമായ നിലപാടുകൾ ആണ് ബിജെ പിക്കും ഡി എംകെ ക്കും എ ഐ എഡി എം കേക്കും എതിരെ ശബ്ദംഉയർത്തുന്നുവെങ്കിലും ഒരു രാഷ്ട്രീയ അടിത്തറ സൃഷ്ടിക്കാൻ വിജയിനു കഴിഞ്ഞിട്ടില്ല .ആ നിലക്ക് അദ്ദേഹത്തെ സംശയത്തോടെയാകും സമ്മതിദായകർ വീക്ഷിക്കുക .

നരിയും നരനുമായി സിനിമകൾ ഇറങ്ങുമ്പോൾ കയ്യടിക്കാൻ യുവാക്കളും കുട്ടികളും സ്ത്രീകളും ഉണ്ടാകും. പക്ഷെ ആത്യന്തികമായി തെരഞ്ഞെടുപ്പു വരുമ്പോൾ തമിഴ് നാട് പോലെയുള്ള ഒരിടത്ത് സൗജന്യങ്ങളും വിഭ്രമിപ്പിക്കുന്ന വാഗ്ദാനങ്ങളും ദ്രാവിഡ പ്രതിബദ്ധതയും വലിയ പ്രശ്നങ്ങളാകും.

കരുരിലെ ദുരന്തം വിജയിനു മുന്നിൽ യാഥാർത്ഥ്യം തുറന്നു വെച്ചിരിക്കുന്നു .ഇതിനെ ഒക്കെ അവഗണിച്ചു വിജയിച്ച നേതാക്കളുടെ ചരിത്രമാണ് തമിഴ് നാട്ടിലെത്. പക്ഷെ ഈ ദുരന്തത്തിൻറെ കറ വരുന്ന വർഷത്തെ തെരഞ്ഞെടുപ്പിൽ വലിയ ഘടകമാകും .ആ നിലക്ക് താര പരിവേഷം മാത്രം പോരാ അദ്ദേഹത്തിനു മുന്നേറാൻ .

ഏതായാലും അദേഹം ഇനിയെങ്കിലും റാലികൾ നടതുമ്പോൾ കരുതലോടെ ഇരിക്കും എന്ന് കരുതണം .ടി വി കെ ക്കു മാത്രമല്ല കരൂർ എല്ലാവർക്കും വലിയൊരു പാഠമാണ് ആൾക്കൂട്ടത്തെ ഇളക്കി വിടുമ്പോൾ അത് അപകടത്തിനു വഴിതെളിക്കുകയാണെന്ന് നമുടെ രാഷ്ട്രീയ സാമുദായിക നേതാക്കൾ ഓർക്കണം .ആൾക്കൂട്ട രാഷ്ട്രീയം അധികാരത്തിലേക്കുള്ളഎളുപ്പ വഴിയാകം .പക്ഷെ അത് അപകടത്തിലെക്കുള്ള പാതയുമാണ് എന്ന് കരൂർദുരന്തം കാട്ടി തരുന്നു. എന്നാണു തമിഴ് നാട് റാലികളിലെ മാന്ത്രിക പരിവേഷവും വലിയ വഗടാന ഘോഷങ്ങളും അവസാനിപിച്ച് ശക്തമായ രാഷ്ട്രീയ ചർച്ചകൾക്ക് തയാറാകുക? .ആൾക്കൂട്ടം ഒരു വളരുന്ന സമൂഹത്തിനു ഒരിക്കലും അംമ്ഗീകരിക്കാനാകാത്ത കാര്യമാണ് .അതവസനിപ്പിക്കുമ്പോഴേ തമിഴിന്റെ, ദ്രാവിഡ നാടിൻറെ യഥാർത്ഥ സ്വത്വം തമിഴകം കണ്ടെത്തു .

● കവിത

# ഗാസയിലേക്ക്



ഏലിയാമ്മ
കോര

നമുക്ക് ഗാസയിലേയ്ക്ക് തിരികെപ്പോകാമെന്നവർ പറഞ്ഞപ്പോൾ
ഞാനെത്ര സന്തോഷിച്ചുവന്നോ?
എത്രയോ നാളുകളായി നമ്മൾ
എങ്ങനെ ഓടിക്കൊണ്ടേയിരിക്കുന്നു?
അവിടെ തിരികെയെത്തിയാൽ നീയെന്നെ വീണ്ടും ഓമനിക്കുമായിരിക്കും
നീയെന്നെ വീണ്ടും സ്നേഹിക്കാൻ തുടങ്ങുമായിരിക്കും
എനിക്ക് മാത്രമായൊരു താരാട്ടു പാടിത്തരുമായിരിക്കും.

നിൻറെ മനം നിൻറെയുള്ളിൽ വിഷാദിച്ചിരിക്കുന്നുവെന്ന് എനിക്കറിയാം അമ്മാ.
ആശുപത്രിയിൽ മുറിവുകൾതുന്നിക്കെട്ടാൻ പോയ അച്ഛനെ
അവർ വെടിവെച്ച് കൊന്നെന്നും,അതന്വേഷിക്കാൻ പോയ ഏട്ടനെ
തടവുകാരനാക്കിയെന്നും എനിക്കറിയാം.


പക്ഷേ ഇവരാരും പട്ടാളക്കാരായിരുന്നില്ലല്ലോ അമ്മാ,
പിന്നെ യുദ്ധത്തിൽ കൊല്ലപ്പെട്ടുവെന്ന് പറയുന്നതെന്തേ?
പണ്ട് ഗാസയിലെ നമ്മുടെ വീട്ടിൽ നീയെന്തൊരു വൃത്തിക്കാരിയായിരുന്നു
പക്ഷേ ഇപ്പോൾ ഈ ഓട്ടത്തിന്നിടയിൽ ചീഞ്ഞളിഞ്ഞ ഇലകൾ
മൂടിക്കിടക്കുന്ന വൃത്തികെട്ട ജലാശയങ്ങളിൽ നിന്ന്
നീയെനിക്ക് കൈക്കുമ്പിളിൽ ജലം കോരി കുടിക്കുവാൻ തന്നു.
അന്യരുടെ തോട്ടങ്ങളിലെ ചീഞ്ഞഴുകിയ ഓറഞ്ചുകൾ പെറുക്കിത്തിന്നുവാൻ തന്നു.
പല രാത്രികളിലും മഞ്ഞും തണുപ്പുമേറ്റ് നാം വെളിമ്പ്രദേശങ്ങളിലുറങ്ങി.

പലായനത്തിനിടയിൽ കൊതുമ്പുതോണിയിലേറി നമ്മളാ സമുദ്രം
കടന്ന ദിനമോർക്കുമ്പോൾ, ഞാനെന്നും നടുങ്ങിപ്പോവാറുണ്ട്.
തിരകൾ നമ്മെയെടുത്ത് അമ്മാനമാടി
കടലേ, കടലേ നീയിങ്ങനെ അലറരുതേയെന്ന് ഞാൻ
ഉറവുകളെ താഴ്‌വരകളിലേക്ക് അയക്കുന്നവനേ
ഉപേക്ഷിക്കരുത് ഉപേക്ഷിക്കരുതേയെന്ന് നീ.

നമ്മുടെ പഴയ വീടെത്ര സുന്ദരമായിരുന്നു ഇല്ലേ അമ്മാ.
പൂമുഖവാതിലോളം പടർന്നു നിൽക്കുന്ന ഉദ്യാനലതകൾ
വീടിനു പുറകിലെ മൈലാഞ്ചിക്കാടുകൾ
വെയിലിൽ വെട്ടിത്തിളങ്ങുന്ന നീരുറവകൾ.
ദേവദാരു മരങ്ങൾക്കരികിലെ കുഞ്ഞിക്കിളിക്കൂടുകൾ ഒന്നും
അവശേഷിക്കുന്നില്ലെന്നും, ഗാസയിന്നൊരു മരുഭൂവാണെന്നും അവർ
അങ്ങനെയെങ്കിൽ തിരികെത്തുമ്പോൾ നാം എവിടെയാണമ്മാ അന്തിയുറങ്ങുക.

ഏതെങ്കിലുമൊരു ദിവസം എന്റെ പഠനം മുടങ്ങിയാൽ എന്തൊരു ശണ്ഠക്കാരിയായിരുന്നു.
ഇപ്പോൾ നഷ്ടപ്പെട്ടുപോയ പാഠങ്ങളെക്കുറിച്ച്, നീയൊന്നും പറയുന്നതേയില്ല.
സ്കൂളുകൾ അഭയാർത്ഥി ക്യാമ്പുകളായിപ്പോയെന്നും,
എന്നിട്ടും അവർക്ക് മേൽ  ബോംബ് വർഷിക്കപ്പെടുന്നുവെന്നും,
തീക്കനലുകൾ ഇനിയുമണഞ്ഞു കഴിഞ്ഞിട്ടില്ലെന്നും എനിക്കറിയാം.
അങ്ങനെയെങ്കിൽതിരികെയെത്തുമ്പോൾ ഞാൻ എവിടെയാണമ്മാ പഠിക്കുക?

എല്ലാം നഷ്ടപ്പെട്ടതിൻറെ ആധിയിൽ വിതുമ്പുന്നവളേ, വരൂ
നമുക്ക് ഗാസയിലേക്ക് തന്നെ തിരികെപ്പോവാം.
എൻറെ കുഞ്ഞുകൈകൾ കൊണ്ട് ഞാൻ നിന്നെ ചേർത്തു പിടിക്കാം.
നീ വേഗം നടക്കൂ... ഞാനോടിക്കൊണ്ടേയിരിക്കാം,
നീ വേഗം നടക്കൂ... ഞാനോടിക്കൊണ്ടേയിരിക്കാം,
കാരണം ,നാം ഗാസയിലേക്കാണ് പോകുന്നത് ,ഗാസയിലേക്ക് .



● ചരിത്രവും ചിത്രവും


അച്യുതം-1

# രണ്ടു നെടുനായകർ

## കമ്മ്യൂണിസത്തിലെ സമഗ്രാധിപത്യ കാഴ്ചപ്പാടിനോടു വിയോജിക്കുകയും ഇടഞ്ഞുനിൽക്കുകയും ചെയ്ത **പി. സി. ജോഷിയും സി. അച്യുതമേനോനും**



◉ **മാങ്ങാട് രത്നാകരൻ**



***വിഖ്യാത ഫോട്ടോഗ്രാഫർ പുനലൂർ രാജൻ എടുത്ത സി.അച്യുതമേനോന്റെ ഫോട്ടോഗ്രാഫുകളെ അവതരിപ്പിക്കുന്ന ഒരു പംക്തി തുടങ്ങുകയാണ്–അച്യുതം. ഫോട്ടോഗ്രാഫുകളുടെ പശ്ചാത്തലം, അച്യുതമേനോന്റെ വ്യക്തിത്വം, രാഷ്ട്രീയമുഹൂർത്തങ്ങൾ എന്നിവയെക്കുറിച്ച് മാങ്ങാട് രത്നാകരൻ എഴുതുന്ന കുറിപ്പുകളും രാജന്റെ ഫോട്ടോഗ്രാഫുകളുമാണ് ഉള്ളടക്കം. അച്യുതമേനോൻ തനിച്ചും നേതാക്കൾക്കും ജനങ്ങൾക്കുമിടയിലുള്ള ഫോട്ടോകൾ ഒരു ചരിത്രകാലഘട്ടത്തെ വിളിച്ചുണർത്തുന്നവയാണ്.***

കേരളത്തിലെ ഫോട്ടോഗ്രഫിയുടെ ചരിത്രത്തിലെ വിശേഷപ്പെട്ട ഒരു പേരാണ് പുനലൂർ രാജൻ (19392020). ഫോട്ടോഗ്രാഫർ മാത്രമല്ല, ഒരു കാലഘട്ടത്തിന്റെ ഫോട്ടോ ചരിത്രകാരൻ കൂടിയാണ് അദ്ദേഹം. വൈക്കം മുഹമ്മദ് ബഷീറിന്റെ ഫോട്ടോഗ്രാഫറായാ

ണ് പൊതുവേ 'സാഹിത്യസമൂഹ'മായ മലയാളികൾക്ക് പുനലൂർ രാജനെ കൂടുതൽ പരിചയം. ബഷീറാണെങ്കിൽ, ''ഫോട്ടോ എടുത്തെടുത്താണ് എന്റെ മുഖം തേഞ്ഞുപോയത്,'' എന്ന് രാജനെക്കുറിച്ച് പ്രത്യേകം സൂചിപ്പിക്കാതെ തമാശ പറഞ്ഞിട്ടുമുണ്ട്. അതെ, രാജൻ തന്നെയാകുന്നു ആ സൗന്ദര്യഹന്താവ്! ബഷീറിന്റെ പതിനായിരത്തിലേറെ ഫോട്ടോകളാണ് രാജൻ എടുത്തിട്ടുള്ളത്!

രാജന്റെ രചനാസാകല്യം വിവിധവും വിപുലവുമാണ്. കമ്യൂണിസ്റ്റ് പാർട്ടിയുടെ നേതാക്കൾ, വിഖ്യാതരായ മലയാള സാഹിത്യകാരന്മാർ, രാഷ്ട്രീയ-സാംസ്കാരികരംഗങ്ങളിലെ മുഹൂർത്തങ്ങൾ, ചലച്ചിത്രരംഗം, പ്രകൃതി, പക്ഷികൾ-അങ്ങനെ പരന്നുകിടക്കുന്നു ആ രചനാപ്രപഞ്ചം. മോസ്കോയിലെ അതിപ്രശസ്തമായ ചലച്ചിത്ര ഇൻസ്റ്റിറ്റ്യൂട്ടിൽ (VGIK) ചലച്ചിത്രഛായാഗ്രഹണം പഠിച്ച രാജൻ, ഫോട്ടോകൾ ചരിത്രരേഖകളാണെന്ന പാഠം ഉൾക്കൊള്ളുകയും തന്റെ ഫോട്ടോഗ്രാഫുകളും 16 ാാൽ ഉള്ള ചലനചിത്രങ്ങളും സൂക്ഷിച്ചുവയ്ക്കുകയും ചെയ്തു.

ജീവിതസായാഹ്നത്തിൽ അദ്ദേഹം അവ എനിക്കു കൈമാറി. അതിനുശേഷം വിശേഷിച്ചും അദ്ദേഹത്തിന്റെ ഫോട്ടോഗ്രഫുകളുടെ വിശേഷങ്ങൾ ആസ്വാദർക്കു പരിചയപ്പെടുത്താനായി ഞാൻ ഉത്സാഹിച്ചുപോരുന്നു. അദ്ദേഹം എന്നിൽ അർപ്പിച്ച സ്നേഹത്തിനും വിശ്വാസത്തിനും മറ്റെങ്ങനെയാണു കൃതജ്ഞത രേഖപ്പെടുത്തേണ്ടത്?

കമ്മ്യൂണിസ്റ്റ് പാർട്ടി നേതാക്കളുടെ രാജൻ ഫോട്ടോഗ്രാഫുകളിൽ പൂർണ്ണചന്ദ്ര ജോഷി എന്ന പി.സി.ജോഷിയുടെ (1907 1980) ഫോട്ടോ (എന്നെ ഏല്പിച്ച ശേഖരത്തിൽ) ഒന്നുമാത്രമേയുള്ളൂ.



അച്യുത മേനോനും പുനലൂർ രാജനും മോസ്കോയിൽ

**കമ്യൂണിസ്റ്റ് പാർട്ടിയുടെ നേതാക്കൾ, വിഖ്യാതരായ മലയാള സാഹിത്യകാരന്മാർ, രാഷ്ട്രീയ – സാംസ്കാരികരംഗങ്ങളിലെ മുഹൂർത്തങ്ങൾ, ചലച്ചിത്രരംഗം, പ്രകൃതി, പക്ഷികൾ – അങ്ങനെ പരന്നുകിടക്കുന്നു പുനലൂർ രാജന്റെ രചനാപ്രപഞ്ചം. മോസ്കോയിലെ അതിപ്രശസ്തമായ ചലച്ചിത്ര ഇൻസ്റ്റിറ്റ്യൂട്ടിൽ (ഢഏകഗ) ചലച്ചിത്രഛായാഗ്രഹണം പഠിച്ച രാജൻ, ഫോട്ടോകൾ ചരിത്രരേഖകളാണെന്ന പാഠം ഉൾക്കൊള്ളുകയും തന്റെ ഫോട്ടോഗ്രാഫുകളും 16 ാാൽ ഉള്ള ചലനചിത്രങ്ങളും സൂക്ഷിച്ചുവയ്ക്കുകയും ചെയ്തു**

സി.അച്യുതമേനോനോടൊപ്പമുള്ള ഫോട്ടോയിൽ മാത്രമാണ് ജോഷിയുടെ സാന്നിധ്യമുള്ളത്.

ഒരല്പം ചരിത്രത്തിലേക്കു കടന്നുചെല്ലാം. 1920 ഒക്ടോബർ 7-ന് താഷ്കെന്റിൽ വച്ചാണ് എം.എൻ. റോയിയുടെ നേതൃത്വത്തിൽ ഏഴ് അംഗങ്ങൾ (എം.എൻ.റോയ്, ഇവ്ലിൻ ട്രെന്റ്-റോയ്, അബാനി മുഖർജി, റോസ ഫിറ്റിൽഗോവ്, മുഹമ്മദ് അലി, മുഹമ്മദ് ഷഫീഖ്, ആചാര്യ) ചേർന്നാണ് കമ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ രൂപീകരിക്കുന്നത്. 1925 ഡിസംബർ അവസാനത്തരത്തിൽ കാൺപൂർ കമ്യൂണിസ്റ്റ് പാർട്ടി കോൺഫറൻസിലാണ് ഇന്ത്യൻ മണ്ണിൽ (ബ്രിട്ടീഷ് ഇന്ത്യ) കമ്യൂണിസ്റ്റ് പാർട്ടി പിറവികൊള്ളുന്നത്.

1928-ഒക്ടോബറിൽ മീററ്റിൽ നടന്ന ഉത്തർപ്രദേശിലെ വർക്കേർസ് ആൻഡ് പെസന്റ് പാർട്ടി (ഡബ്ല്യൂ.പി.പി.) സമ്മേളനത്തിൽ വച്ചാണ്, പി.സി.ജോഷി തെരഞ്ഞെടുക്കപ്പെട്ട സെക്രട്ടറിയായി നിയമിതനാവുന്നത്.

1935-ൽ, ഇരുപത്തിയെട്ടാം വയസ്സിൽ ജോഷി ജനറൽ സെക്രട്ടറിയായി. ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടിയുടെ പ്രഥമ ജനറൽ സെക്രട്ടറി. ജോഷി സെക്രട്ടറിയായിരുന്ന കാലയളവിൽ (1935 1948) പാർട്ടിയുടെ അംഗസംഖ്യ 50-ൽ നിന്ന് 90,000 ആവുകയും ഇന്ത്യൻ രാഷ്ട്രീയത്തിൽ പ്രമുഖസ്ഥാനം കൈവരിക്കുകയും ചെയ്തു.

രാഷ്ട്രീയരംഗത്തെന്നപോലെ സാംസ്കാരികരംഗത്തും ജോഷി മുന്നണിപ്പടയാളിയായിരുന്നു.

സമൂഹനിർമ്മിതിയിൽ കലാകാര ന്മാരുടെയും എഴുത്തുകാരുടെയും ഗായകരുടെയും ബുദ്ധിജീവികളു ടെയും പങ്കിനെക്കുറിച്ച് ഇത്രയേ റെ ജാഗ്രത പുലർത്തിയ മറ്റൊരു ഇന്ത്യൻ കമ്യൂണിസ്റ്റ് നേതാവ് ഇല്ലെന്നുതന്നെ പറയാം. ഇന്ത്യൻ പീപ്പിൾസ് തിയേറ്റർ അസോസി യേഷന്റെ (IPTA) രൂപീ കരണത്തിൽ ജോഷി മുഖ്യചാല കശക്തിയായിരുന്നു.

1948-ൽ 'മിതവാദ' സമീപന ത്തിന്റെ പേരിൽ അദ്ദേഹത്തെ ജന റൽ സെക്രട്ടറി സ്ഥാനത്തുനിന്നു നീക്കി. 1949-ൽ പാർട്ടിയിൽ നിന്നു പുറത്താക്കുകയും രണ്ടു വർഷ ത്തിനുശേഷം തിരിച്ചെടുക്കുക യും ചെയ്തു.

1964-ൽ പാർട്ടി പിളർന്നപ്പോൾ, ജോഷി സി.പി.ഐയോടൊപ്പം നിലകൊണ്ടു. എസ്.എ.ഡാങ്കേ ബ്രിട്ടീഷ് സർക്കാരിനെഴുതിയ കത്തുകൾ പുറത്തുവിട്ട് പാർട്ടിയി ലെ 'തീവ്ര'വിഭാഗം പിളർപ്പിന്റെ വക്കിലേക്കു നീങ്ങിയപ്പോൾ, ഡാ ങ്കേ ചെയർമാൻ സ്ഥാനം സ്വമേ ധയാ രാജിവച്ച് യഥാർത്ഥമായ പ്രത്യയശാസ്ത്ര പോരാട്ടത്തിനു വഴിയൊരുക്കണമെന്നായിരുന്നു ജോഷിയുടെ നിലപാട്. ഡാങ്കേ ചെവിക്കൊണ്ടില്ല. ഫലം: പാർട്ടി പിളർന്നു. തന്റെ സ്വകാര്യക്കുറി പ്പുകളിൽ ജോഷി എഴുതി: ''ഒരു ജീവിതകാലം കൊണ്ട് നമ്മൾ കെ ട്ടിപ്പടുത്തതെല്ലാം, നാല്പതുവർ ഷത്തെ സംഘടിതശ്രമങ്ങളെല്ലാം, ബോധപൂർവമല്ലാതെതന്നെ നാം തന്നെ നശിപ്പിക്കുകയാ ണെന്ന അറിവിൽ പിളർപ്പ് എന്റെ ആഴത്തിൽ മഥിച്ചു; എന്റെ ഹൃദ യം തകർന്നു.''

പി.സി.ജോഷി പലതവണ കേരളത്തിൽ വന്നിട്ടുണ്ട്. 1943-ൽ കണ്ണൂർ സെൻട്രൽ ജയിലിൽ വധ ശിക്ഷയ്ക്ക് വിധിക്കപ്പെട്ട കയ്യൂർ സമരസഖാക്കളെ സന്ദർശിക്കുക യും തുടർന്ന് പി.കൃഷ്ണപി ള്ളയോടൊപ്പം കയ്യൂരിൽ സഖാക്ക ളുടെ കുടുംബാംഗങ്ങളെ സന്ദർ ശിക്കുകയും ചെയ്തു. ആ അനുഭ വങ്ങളെക്കുറിച്ച് ഉള്ളുലയ്ക്കുന്ന വിധത്തിൽ ജോഷി പീപ്പിൾസ് വാറിൽ (1943 ഏപ്രിൽ 11) എഴുതു കയും ചെയ്തു.

1956-ൽ പാർട്ടിയുടെ നാലാം കോൺഗ്രസ്സിൽ പങ്കുകൊള്ളാൻ പാലക്കാട്ടെത്തിയപ്പോൾ, ജോഷി കേരളത്തിലെ കലാകാരന്മാരെ യും എഴുത്തുകാരെയും കാണാ നും സംസാരിക്കാനുമായി ഏറെ സമയം ചെലവഴിച്ചു. പ്രത്യേകം ക്ഷണിച്ചതനുസരിച്ച് ജോഷി യെ ചെന്നുകണ്ട വൈക്കം ചന്ദ്ര ശേഖരൻ നായർ ജോഷിയുടെ ജ്ഞാനതൃഷ്ണയെക്കുറിച്ചും കലാ-സാഹിത്യ-സംഗീതമേഖ ലകളിലുള്ള താല്പര്യത്തെക്കു റിച്ചും ആത്മകഥയിൽ (അനുഭവ ങ്ങളെ നന്ദി, ചിന്ത പബ്ലിഷേഴ്സ്, 2019) എഴുതിയിട്ടുണ്ട്. ''അദ്ദേഹം ഒരു നിക്കറാണ് ധരിച്ചിരിക്കുന്നത്, ഒരു അരക്കയ്യൻ ഷർട്ടും. മുടി ചകി രിനാരുപോലെയിരിക്കും. അത് ഒതുക്കിവച്ചിട്ടുണ്ട്. നല്ല ബലിഷ്ഠ മായ ശരീരം .കണ്ടാൽ അത് അത് ലറ്റിന്റെ രൂപമാണ്... കേരളത്തിലെ നാടൻ പാട്ടുകൾ, നാടൻകലകൾ, പ്രാചീനസാഹിത്യം മുതലായ വയെക്കുറിച്ച് വിശദമായ വിവര ങ്ങൾ ശേഖരിക്കാനാണ് ജോഷി വന്നിരിക്കുന്നത്... ഞങ്ങൾ മൂന്നു ദിവസം ഒരുമിച്ചു കഴിച്ചുകൂട്ടിയെ ന്നാണ് എന്റെ ഓർമ്മ...''

പാർട്ടിനയങ്ങളോട് വിയോജി ച്ചപ്പോഴും അച്ചടക്കമുള്ള ഒരു പാർ ട്ടിപ്രവർത്തകന്റെ നിഷ്ഠയോടെ പ്രവർത്തിക്കുകയായിരുന്നു ജോ

**കമ്മ്യൂണിസ്റ്റ് പാർട്ടി നേതാക്കളുടെ രാജൻ ഫോട്ടോഗ്രാഫുകളിൽ പൂർണ്ണചന്ദ്ര ജോഷി എന്ന പി.സി.ജോഷിയുടെ (19071980) ഫോട്ടോ (എന്നെ ഏല്പിച്ച ശേഖരത്തിൽ) ഒന്നുമാത്രമേയുള്ളൂ. സി.അച്യുത മേനോനോടൊപ്പമുള്ള ഫോട്ടോയിൽ മാത്രമാണ് ജോഷിയുടെ സാന്നിധ്യമുള്ളത്.**



പുനലൂർ രാജൻ മോസ്കോയിൽ

ഷി. ജീവിതത്തിന്റെ അന്ത്യവർഷങ്ങളിൽ ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടിയുടെ ആധികാരിക ചരിത്രം എഴുതാനുള്ള രേഖകൾ സമാഹരിക്കുകയെന്ന ശ്രമകരമായ ദൗത്യത്തിലായിരുന്നു ആ കർമ്മയോഗി. കെ.ദാമോദരനും ജോഷിയോടൊപ്പം ഈ ശ്രമങ്ങളിൽ പങ്കാളിയായിരുന്നു. തന്റെ സ്വപ്നങ്ങൾ പൂവണിയാതെ, 1980 നവംബർ 9-ന്, 73-ാം വയസ്സിൽ ജോഷി ചരിത്രത്തിൽ വിലയിച്ചു.

ഒരു കോൺഗ്രസ്സുകാരനായി തുടങ്ങി, കമ്മ്യൂണിസത്തിലേക്ക് സഞ്ചരിച്ച, നിരവധി വർഷങ്ങൾ കേരള രാഷ്ട്രീയത്തിലും പാർലമെന്ററി രംഗത്തും നിറസാന്നിധ്യമായിരുന്ന വ്യക്തിയായിരുന്നു ചേലാട്ട് അച്യുതമേനോൻ എന്ന സി.അച്യുതമേനോൻ (19131991). തൃശ്ശൂർ ജില്ലയിലെ അവന്നൂർ ഗ്രാമത്തിൽ ജനിച്ച അച്യുതമേനോൻ, വിദ്യാഭ്യാസജീവിതത്തിനുശേഷം രാഷ്ട്രീയ ജീവിതത്തിലേക്ക് എടുത്തുചാടി. അദ്ദേഹം തന്നെ ഓർമ്മിക്കുന്നതുപോലെ, ''1930 ഏപ്രിലിൽ ഗാന്ധിജി ഉപ്പുസത്യാഗ്രഹം ആരംഭിച്ചപ്പോൾ ഞാൻ എസ്.എസ്.എൽ.സി പരീക്ഷ എഴുതിനിൽക്കുന്ന ഒരു വിദ്യാർത്ഥി ആയിരുന്നു. അന്നെനിക്കു വയസ്സ് പതിനേഴ്. എന്നോടൊപ്പം അന്നു പ്രായപൂർത്തിയായ ബഹുലക്ഷം യുവാക്കന്മാരെപ്പോലെ ഞാനും സ്വയമറിയാതെ സ്വാതന്ത്ര്യസമരമാകുന്ന അതിശക്തമായ നീർച്ചുഴിയിലേക്ക് വലിച്ചുതാഴ്ത്തപ്പെടുകയായിരുന്നു. അന്നത്തെ സ്വാതന്ത്ര്യസമരത്തിന്റെ അടുത്ത ഘട്ടമായ 1942 ഓഗസ്റ്റിലെ 'ക്വിറ്റ് ഇന്ത്യാ' സമരമാകുമ്പോഴേക്കും ഞാൻ എന്റെ ആദ്യത്തെ ജയിൽ ജീവിതം കഴിഞ്ഞു മുഴുവൻ സമയ രാഷ്ട്രീയക്കാരനായി എന്റെ രണ്ടാമത്തെ ജയിൽ ജീവിതത്തിനു തയ്യാറായി.''

1942-ൽ കെ.കെ.വാര്യരോടൊപ്പം ലേബർ ബ്രദർഹുഡിന്റെ നേതൃത്വത്തിലേയ്ക്കു വന്നു, കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിയുമായി അടുപ്പമായി, തുടർന്ന് കമ്മ്യൂണിസ്റ്റായി. 1942-48 കൊച്ചി സംസ്ഥാന സെക്രട്ടറി,

**അധികാരത്തെ സംബന്ധിച്ച ഗാന്ധിജിയുടെ വീക്ഷണം ഇരുവരിലും സ്വാധീനം ചെലുത്തിയിരുന്നു. ജോഷിയുടെ കാര്യത്തിലാണെങ്കിൽ കമ്യൂണിസ്റ്റായിരിക്കെത്തന്നെ ഗാന്ധിജിയെ അദ്ദേഹം അങ്ങേയറ്റം ആദരിച്ചിരുന്നു. ഗാന്ധി– ജോഷി കത്തുകൾ വായിച്ചിട്ടുള്ളവർക്ക്, വിശേഷിച്ചും ജോഷിയുടെ മഹത്വം തൊട്ടറിയാനാവും. ഗാന്ധിജിയെ രാഷ്ട്രപിതാവ് എന്ന് ആദ്യമായി വിശേഷിപ്പിച്ചത് ജോഷിയാണെന്ന് ജോഷിയുടെ ജീവചരിത്രകാരി ഗാർഗി ചക്രവർത്തി സൂചിപ്പിക്കുന്നുണ്ട്.**

1949-1956-ൽ തിരു-കൊച്ചി സംസ്ഥാന സെക്രട്ടറി, 1956-57 ൽ കേരള സംസ്ഥാന സെക്രട്ടറി എന്നീ പദവികൾ അലങ്കരിച്ചു.

1957-ൽ ഇരിങ്ങാലക്കുടയിൽ നിന്നും ജയിച്ച അച്യുതമേനോൻ, ആദ്യത്തെ ചരിത്രപ്രസിദ്ധമായ കമ്യൂണിസ്റ്റ് മന്ത്രിസഭയിൽ ധനകാര്യം, ആഭ്യന്തരം, കൃഷി എന്നീ വകുപ്പുകൾ കൈകാര്യം ചെയ്തു.

തുടർന്നുവന്നത്, കേരളരാഷ്ട്രീയം കലങ്ങിമറിഞ്ഞ നാളുകളായിരുന്നു. ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയും കലങ്ങിമറിഞ്ഞിരുന്നു. പാർട്ടിയിലെ പിളർപ്പിനെത്തുടർന്ന് സി.പി.ഐയും സി.പി.ഐ.എമ്മും ബദ്ധവൈരികളായി. സി.പി.ഐയിൽ തുടർന്ന അച്യുതമേനോൻ, 1969-ൽ ഇ.എം.എസ്. നമ്പൂതിരിപ്പാട് മുഖ്യമന്ത്രി സ്ഥാനം രാജിവച്ച സാഹചര്യത്തിൽ മുഖ്യമന്ത്രിയായി. 1970-ൽ രാജിവച്ചു, വീണ്ടും മുഖ്യമന്ത്രിയായി. അടിയന്തരാവസ്ഥക്കാലത്ത് സി.അച്യുതമേനോനായിരുന്നു മുഖ്യമന്ത്രി. 1991 ഓഗസ്റ്റ് 16-ന് അന്തരിച്ചു.

ഇതോടൊപ്പമുള്ള ഫോട്ടോയിൽ ഒരുമിച്ചുള്ള (കൊച്ചിയിൽ നടന്ന സി.പി.ഐയുടെ ഒമ്പതാം പാർട്ടി കോൺഗ്രസ്, 1971-ൽ എടുത്തതാണെന്ന് ഊഹിക്കുന്നു) പി.സി.ജോഷിയും സി.അച്യുതമേനോനും കമ്മ്യൂണിസത്തിലെ സമഗ്രാധിപത്യ കാഴ്ചപ്പാടിനോടു വിയോജിക്കുകയും ഇടഞ്ഞുനിൽക്കുകയും ചെയ്തു.


സോവിയറ്റ് യൂണിയൻ ചെക്ക്-വസന്തത്തെ (1968) ഞെരിച്ചുകൊല്ലുകയും അലക്സാണ്ടർ ദൂബ്ചെക്കിനെ പ്രതിവിപ്ലവകാരിയായി മുദ്രകുത്തി അറസ്റ്റു ചെയ്യുകയും ചെയ്ത നടപടിയെ ജോഷി രൂക്ഷമായി വിമർശിച്ചിരുന്നു. അച്യുതമേനോനും ഇതേ നിലപാടാണ് കൈക്കൊണ്ടത്. (കെ.ദാമോദരൻ പാർട്ടിക്കകത്തുതന്നെ ഈ വിഷയം ഉന്നയിക്കുകയും അച്ചടക്ക നടപടിക്കു വിധേയനാവുകയും ചെയ്തിരുന്നു).

അധികാരത്തെ സംബന്ധിച്ച ഗാന്ധിജിയുടെ വീക്ഷണം ഇരുവരിലും സ്വാധീനം ചെലുത്തിയിരുന്നു. ജോഷിയുടെ കാര്യത്തിലാണെങ്കിൽ കമ്യൂണിസ്റ്റായിരിക്കെത്തന്നെ ഗാന്ധിജിയെ അദ്ദേഹം അങ്ങേയറ്റം ആദരിച്ചിരുന്നു. ഗാന്ധി-ജോഷി കത്തുകൾ വായിച്ചിട്ടുള്ളവർക്ക്, വിശേഷിച്ചും ജോഷിയുടെ മഹത്വം തൊട്ടറിയാനാവും. ഗാന്ധിജിയെ രാഷ്ട്രപിതാവ് എന്ന് ആദ്യമായി വിശേഷിപ്പിച്ചത് ജോഷിയാണെന്ന് ജോഷിയുടെ ജീവചരിത്രകാരി ഗാർഗി ചക്രവർത്തി സൂചിപ്പിക്കുന്നുണ്ട്.

(പി.സി.ജോഷി എന്ന ബയോഗ്രഫി, നാഷണൽ ബുക്ക് ട്രസ്റ്റ്, 2007).

● കവിത

# നോട്ടം



*ടാഗോർ,*
*സ്വതന്ത്ര വിവർത്തനം :*
**രാമകൃഷ്ണൻ കുമരനല്ലൂർ**



ഒക്കത്തു നീർക്കുട -
മേന്തിപ്പതുക്കനെ
ഈ വഴിയൂടെ നടക്കെ

പെട്ടെന്നു തന്മുഖം
പൊക്കിയിട്ടെന്നെ നീ
നോക്കിയതെന്തിനാണാവോ ?
കാറ്റിൽപ്പറക്കുന്ന
മൂടുപടത്തിൻറെ
നേർത്ത വിടർച്ചയിലൂടെ..

കാറ്റിൻറെ കൈകളാൽ
തീരത്തു മുട്ടുന്ന
ഓളങ്ങളെന്നതുപോലെ

കൂരിരുട്ടിൽനിന്നു
പൊന്തിയ ദീപമായ്
നിൻറെ കണ്ണെന്നിൽ പതിച്ചു !

രാത്രിയിൽ മായുന്ന
ഏതോ പറവപോൽ
എൻറെയടുത്തേയ്ക്കു വന്നു

ഞാനൊരു യാത്രികൻ,
നീയേതോ മാമല -
യ്ക്കപ്പുറം..താരകമായി !

ഒക്കത്തു നീർക്കുടം
വെച്ചുകൊണ്ടങ്ങനെ
ഈ നദീതീരം കടക്കെ

എന്തിനാണെന്തിനാ -
ണെന്നെനീയങ്ങനെ
നോക്കിയതെന്തിനാണാവോ ?

# SPECTRUM AUTO
*Exceeding Perfection*



# A FULL SPECTRUM OF AUTOMOTIVE CARE

- Customer Centric 'OEM' Certified Collision Center
- Highest Quality & Standard Auto Body Repairs
- All Makes and Models Cars Repaired
- Highest Customer Satisfaction!

**Tesla and EV Certified**





EXPERIENCE 25 years EXPERIENCE

**Carwise Rating Spectrum Auto 5.0**

★★★★★ 5.0 average rating


## West Nyack
175 NY-303, West Nyack,
New York 10994
**1 845-348-7777**

## Montrose
2104 Albany Post Rd, Montrose
New York 10548
**1 914-737-0766**

contact@spectrumautoinc.com

FULL AUTO SERVICE | COLLISION REPAIR | FULL PAINTING AND COLOR MATCHING
FRAME STRAIGHTENING | CHASSIS REPAIR & UNIBODY REPAIR
GLASS AND WINDSHIELD REPAIR | PAINTLESS DENT REPAIR | 24 HOURS TOWING






## അറിയപ്പെടാത്ത അമ്മയുടെ കഥ

# രണ്ടു സ്ത്രീകളുടെ തീക്ഷ്ണ ജീവിതങ്ങൾ

കുര്യൻ പാമ്പാടി

അമ്മയുടെ അസുരവിത്തായി പിറന്നു, പ്രതീക്ഷകൾക്കെതിരെ നീന്തിയിട്ടും മേരി റോയിയെപ്പോലൊരു അമ്മ തനിക്കും അരുന്ധതിയെപ്പോലൊരു എഴുത്തുകാരിയെ അമ്മയ്ക്കും കിട്ടിയത് മഹാഭാഗ്യമാണെന്നു 'മദർ മേരി കംസ് ടു മി' എന്ന ആത്മകഥാ നോവലിൽ വിശ്വോത്തര ആക്ടീവിസ്റ്റ്-എഴുത്തുകാരി ആശ്വസിക്കുന്നു.

ബുക്കർ സമ്മാനം കിട്ടിയ 'ദി ഗോഡ് ഓഫ് സ്മാൾ തിങ്സ്' എന്ന ആദ്യകൃതി ഇറങ്ങി 28 വർഷത്തിനു ശേഷം എഴുതിയ ആത്മകഥ, കഴിഞ്ഞ കാലമത്രയും എഴുതിക്കൊണ്ടിരിക്കുകയായിരുന്നുവെന്നു 61 എത്തിയ അരുന്ധതി റോയ് പറയുന്നു. പുസ്തകത്തിന്റെ പ്രകാശനം നൂറു തികഞ്ഞ എറണാകുളംസെന്റ് തെരേസാസ് കോ ളജിന്റെ മദർ മേരി ഹാളിൽ നിറഞ്ഞ സദസിൽ നടന്നു.

തന്നെ വേണ്ടെന്നു വച്ച് ഗർഭഛിദ്രം നടത്താൻ ആഗ്രഹിച്ച ആളായിരുന്നു അമ്മയെന്ന് അരുന്ധതി തുറന്നു പറയുന്നു. അങ്ങിനെ മനസില്ലാമനസോടെ പ്രസവിച്ച അമ്മ എപ്പോഴും എന്നെ ശകാരിക്കുകയും അലറി വിളിക്കുകയും ചെയ്യുമായിരുന്നു. എന്നാൽ സമൂഹത്തിന്റെ എല്ലാ തിന്മകളോടും ക്ഷോഭത്തോടെ പ്രതികരിക്കാൻ അരുന്ധതിയെ പ്രാപ്തയാക്കിയത് ആ അമ്മയാണ്.

മാവോയിസ്റ്റുകളോട് കൂട്ടുകൂടി,കാശ്മീരിലെ തീവ്രവാദികൾക്ക് വേണ്ടി സംസാരിച്ചു, ഹിജഡകളുടെ പക്ഷം പിടിച്ചു, അണ്വായുധങ്ങളെയും യുദ്ധങ്ങളെയും എതിർത്തു, മേധാ പട് കരോടു ചേർന്ന് നർമ്മദാ അണക്കെട്ടിനെതിരെ സമരമുഖം തീർത്തു, മോദിയെയും ട്രമ്പിനെയും ഒരുപോലെ സർവാധിപതികൾ എന്നാക്ഷേക്ഷേപിച്ചു-ഇവയൊക്കെയാണ് കഥാകാരിയുടെ രാഷ്ട്രീയ നിലപാടുകൾ. ചെറിയ പ്രായത്തിനുള്ളിൽ ലോകത്തിന്റെ ശ്രദ്ധയിൽ പ്പെട്ട എഴുത്തുകാരി

ഇക്കൊല്ലം രാഷ്രപതി മുർമു വന്നു ശതാബ്ദി പരിസമാപ്തിക്കു തയ്യാറെടുക്കുന്ന സെന്റ് തെരേസാസ് കോളജ് മൂന്നു തവണ സന്ദർശിച്ചിട്ടുണ്ട് അരുന്ധതി. ഒരിക്കൽ മദർ മേരി ഹാൾ എന്ന ചെറിയൊരു ബോർഡ് കണ്ണിൽ പെട്ടു. തനിക്കു പ്രിയപ്പെട്ട ബീറ്റിൽസ് ഗായകൻ

പോൾ മക്കാർട്ടിനിയുടെ അമ്മയും മേരി ആയിരുന്നു. അങ്ങിനെ മൂന്നു മേരിമാരുടെ സംഗമവേദിയായി ആ ഹാൾ തെരഞ്ഞടുക്കുകയായിരുന്നു

സഹോദരി മേരിക്ക് സ്വത്തു നിഷേധിച്ച് ഊട്ടിയിലെ വസതിയിൽ നിന്ന് കുടിയിറക്കിയ ആങ്ങള പാലത്തിങ്കൽ ജോർജ് ഐസക്കിനെതിരെ സുപ്രീം കോടതിൽ കേസ് നടത്തി ജയിച്ച് ആളാണ് അരുന്ധതിയുടെ അമ്മ. ഒടുവിൽ അടിയറവു പറഞ്ഞിട്ടും ബുദ്ധിമുട്ടിയപ്പോൾ സഹായത്തിനെത്തി ആ സാധ്വി. അമ്മ എന്ന അദ്ധ്യാപിക എങ്ങിനെ കോർപസ് ക്രിസ്റ്റി എന്ന പള്ളിക്കൂടം കെട്ടിപ്പടുത്തു എന്ന് ബ്രിക് ബൈ ബ്രിക് എന്ന മനോഹര ഗ്രന്ഥം അക്കമിട്ടു നിരത്തുന്നു.

ഞായറാഴ്ച ന്യൂയോർക്ക് ടൈംസിന്റെ ഇന്റർവ്യൂ പംക്തിയിൽ ലുലു ഗാർസിയ നവാരോ എഴുതിയപ്പോൾ യുദ്ധ കലുഷിതമായ ലോകത്തു അരുന്ധതിയെപ്പോലൊരു പെൺകിടാവ് നടത്തുന്ന ഒറ്റയാൾ പോരാട്ടങ്ങളെപ്പറ്റി എടുത്തു പറയുന്നു. മലയാള മനോരമയുടെ ഞായറാഴ്ചയിൽ ലീന ചന്ദ്രൻ ഡൽഹിയിലെത്തി നടത്തിയ അഭിമുഖവും ഇതേ വികാരം പങ്കു വയ്ക്കുന്നു. ഇന്ത്യ-യുഎസ് സംഘർഷം മൂർഛിച്ചു നിൽക്കുകമ്പോൾ രണ്ടും ഒരേദിവസം വന്നത് ന്യൂയോർക് ആസ്ഥാനമായ പ്രസാധകർ പെൻഗ്വിൻ റാൻഡം ഹൗസിന്റെ വിപണന വിജയം. കേരളത്തിൽ അത് ഡിസി ബുക്സിന്റെയും,



അമ്മയും മകളും : അരുന്ധതി റോയിയും മേരി റോയിയും

ഓക്സ്ഫോർഡിൽ റോഡ്സ് സ്കോളർ ആയി പഠിച്ച അമ്മാവന് അരുന്ധതിയുടെ ആദ്യ രണ്ടു കുതികളുടെ ഭാഗങ്ങൾ കാണാപ്പാഠമായിരുന്നു. അതൊക്കെ ചൊല്ലിക്കേൾപ്പിക്കുകയും ചെയ്തിരുന്നു. ഡൽഹിയിൽ ആർകിടെക്ച്ചർ പഠിക്കുകയും ഇറ്റലിയിൽ ഇന്റേൺഷിപ് ചെയ്യുകയും ചെയ്ത അരുന്ധതിയെ അദ്ദേഹം ചേർത്തു പിടിക്കുന്നത് കോട്ടയം മാമ്മൻ മാപ്പിള ഹാളിൽ തൊട്ടടുത്തിരുന്നു കണ്ടത് ഓർമ്മിച്ചു പോകുന്നു.

പ്രിയപെട്ട വാസ്തു ശില്പി ലോറി ബേക്കറുടെ അനുസ്മരണ ചടങ്ങിനെത്തിയതാണ് അന്ന് അരുന്ധതി . സമൂഹത്തോട് പ്രതിബദ്ധതിയുള്ള നന്മ നിറഞ്ഞ കലാകാരൻ ആയിരുന്നു ബേക്കറെന്ന് അരുന്ധതി പറഞ്ഞു. അന്ന് കമ്മ്യൂണിസ്റ്റ്നേതാവ് സുരേഷ് കുറുപ്പ് ഉൾപ്പെടെയുള്ളവർ അരുന്ധതിയുടെ ഓട്ടോഗ്രാഫിനായി തിരക്കു കൂട്ടി.

ആസാമിലെ തേയില ത്തോട്ടത്തിൽ മാനേജരായിരുന്നു അച്ഛൻ രാജീബ് റോയ്. പക്ഷെ അമിതമായി മദ്യപിക്കും. അരുന്ധതിക്ക് മൂന്നും ലളിതിനു നാലരയും പ്രായമുള്ളപ്പോൾ രാജീബുമായയുള്ള ബന്ധം വേർപെട്ടു. എന്നിട്ടും കേരളത്തിലെ മദ്യവിമോചന കേന്ദ്രങ്ങളിൽ അച്ഛനെ ചികിൽസിപ്പിക്കാൻ മകൾ മുൻകൈ എടുത്തു.

ഭരണങ്ങാനത്ത് ഓശാന മൗണ്ടിൽ ജോസഫ് പുലിക്കുന്നേൽ നടത്തിയിരുന്ന ചികിത്സാകേന്ദ്രം



മികവിന് അംഗീകാരം : ബുക്കർ സമ്മാനം കിട്ടിയപ്പോൾ

അങ്ങിനെ ഒന്നായിരുന്നു . രോഗം വിടപറയുന്നതായി തോന്നി. പക്ഷെ ഒരു ബോട്ടിൽ കിട്ടിയാൽ താൻ വെരി നോർമൽ ആകുമെന്ന് സായാഹ്ന സവാരിക്ക് പോകുകുമ്പോൾ കൂടെ ക്കൂടെ പറഞ്ഞു കൊണ്ടിരുന്നു,' പുലിക്കുന്നേൽ ഒരിക്കൽ എന്നോട് വെളിപ്പെടുത്തി. രാജീബ് മരിക്കും വരെ അങ്ങിനെയായിരുന്നു

ഡൽഹി ജോർബാഗിൽ വേപ്പ് മരത്തിൻറെ ശീതളഛായയിൽ രണ്ടു നില ഫ്ളാറ്റിലാണ് അരുദ്ധതിയുടെ താമസം. പ്രദീപ് കൃഷ്ണനുമായുള്ള ബന്ധം വേർപെട്ടങ്കിലും സുഹൃത്തു ക്കളായി ഇരുവരും തുടരുന്നു. അരു ന്ധതി തിരക്കഥയെഴുതിയ ദേവാ നന്ദിന്റെ ജുവൽ തീഫ്, ഇലക്ട്രിക്ക് മൂൺ, ഇൻ വിച്ച് ആനി ഗിവ്സ് ഇറ്റ് ദോസ് വൺസ് എന്നീ ചിത്രങ്ങളുടെ പോസ്റ്ററുകൾ കൊണ്ടു അലങ്കരിച്ച



**ഒരു യാത്രയുടെ അവസാനം: അമ്മയുടെ പേടകത്തിനരികിൽ**

താണ് വീട് .


കോട്ടയത്തായിട്ടും ഞാൻ അരു ന്ധതിയെ ആദ്യമായി കാണുന്നത് അമ്മയുടെ പള്ളിക്കൂടം വസതിയിൽ വച്ചാണ്. നീരുവന്ന കാൽ ചൂടുവെ ള്ളത്തിൽ വച്ച് ധ്യാനിക്കുന്ന അമ്മ യെ കണ്ടു പുറത്തിറങ്ങിയ എന്റെ കൂടെ മകളും വന്നു. മഴച്ചെടിയുടെ തണലിൽ നിന്ന് ഞങ്ങൾ സംസാരി ച്ചു. കയ്യിൽ കരുതിയിരുന്ന ആദ്യ നോവലിന്റെ കോപ്പി കാണിച്ചുകൊ ണ്ട് ഞാൻ പറഞ്ഞു; എറണാകുളം സൗത്ത് സ്റ്റേഷന് അടുത്തുള്ള വഴി യോരക്കടയിൽ നിന്ന് 200 രൂപയ്ക്കു വാങ്ങിയതാണ്.

'മോഷ്ടിച്ച കോപ്പിയുടെ വീണ്ടും മോഷ്ടിച്ച കോപ്പി', (പൈറേറ്റഡ് കോപ്പി ഓഫ് എ പൈറേറ്റഡ് ബുക്ക്) എന്ന് പറയുമ്പോൾ അരുന്ധതി ചിരിച്ചു. എന്നിട്ടു പുസ്തകത്തിൽ അങ്ങിനെ തന്നെയെഴുതി തിരികെ സമ്മാനിച്ചു. നൊബേൽ സമ്മാനം പോലെ ഞാനതു കൺമുമ്പിൽ സൂ ക്ഷിക്കുന്നു!

പ്രകാശനത്തിന് അരുന്ധതിയുടെ അച്ഛൻ രാജീബ് റോയിയുടെ ബന്ധു ക്കൾ പ്രണോയ് റോയ്, രാധിക റോയ് തുടങ്ങിയവർ എത്തി. അരു ന്ധതിയുടെ അന്തരിച്ച അമ്മാവൻ ജോർജ്ജ് ഐസക് പാലത്തിങ്കലി ന്റെ മകൾ ലണ്ടനിൽ നിന്നും ആൺ മക്കൾ സ്വീഡനിൽ നിന്നും വന്നു. അവരെല്ലാം അരുന്ധതിയെ നേരിട്ട് കാണുന്നത് ആദ്യമാണെന്നതു മാർ ക്കറ്റിങ് ഹൈപ് ആണോ? ആൾകൂട്ട ത്തിൽ മുങ്ങിപ്പോയ ആസ്വാദകർക്ക് മനസിലായോ എന്തോ!



**അമ്മയുടെ അമ്മ സൂസിയും അമ്മാവൻ ജോർജ്ജും മക്കളും**



**പള്ളികൂടത്തിന്റെ മുറ്റത്തു ലേഖകനോടൊപ്പം**

***ഫോട്ടോ:* കൃപ സുരേഷ്, തിരുവനന്തപുരം**

കവിത

# വൈകിയോടാത്ത തീവണ്ടി



ജയകൃഷ്ണൻ
വല്ലപ്പുഴ



വൈകിയോടുന്ന തീവണ്ടികൾ
മാത്രം നിർത്തുന്ന
സ്റ്റേഷനുകൾ
ഓരോന്നായി
കടന്നുപൊയ്ക്കൊണ്ടിരിക്കുന്നു
ഇത്
വൈകിയോടാത്ത വണ്ടിയാണല്ലോ
അപൂർവം സ്റ്റേഷനുകളിൽ
മാത്രം സ്റ്റോപ്പുള്ള
വാതാനുകൂല ബോഗികൾ
മാത്രമുള്ള
വിമാനത്തിനേക്കാൾ
യാത്രക്കൂലിയുള്ള
മദ്യവും മൾട്ടി ക്വിസീനും
വിളമ്പുന്ന
ഡൈനിംഗ് കാറുള്ള
ഓരോ ബോഗിയിലും
ബെഡ്കോഫിയും സ്നാക്സും
സമയത്തിനെത്തിക്കുന്ന
യൂണിഫോം ധരിച്ച
അറ്റൻഡർമാരുള്ള

ഒരിക്കലും
വൈകിയോടാത്ത
തീവണ്ടി

ഈ തീവണ്ടിയിലിരുന്നാൽ
പാഞ്ഞുപോകുന്ന
വഴിയോര ദൃശ്യങ്ങൾ
നിങ്ങളുടെ കണ്ണിൽ പെടുകയില്ല
മരങ്ങളും ചെടികളും പൊന്തകളും
പക്ഷികളും മൃഗങ്ങളും മനുഷ്യരും
കണ്ണിൽ പെടുകയില്ല

വുഷ് എന്ന ശബ്ദത്തോടെ
ലക്ഷ്യത്തിലേക്ക് കുതിക്കുന്ന
ഒരു ഭീമാകാരയന്ത്രമായി
ഈ തീവണ്ടി
പറന്നുകൊണ്ടിരിക്കുന്നു

ഇതിന്റെ സഞ്ചാരപഥങ്ങളിൽ
ഒരോർമകളും
ബാക്കി നിൽക്കുന്നില്ല
ഹരിതാഭമായ ഒരു കാഴ്ചയും
തങ്ങി നിൽക്കുന്നില്ല
അന്തമില്ലാത്ത ഒരു തുരങ്കത്തിലൂടെ
മിന്നലായി കടന്നുപോകുന്ന
ഈ വണ്ടി
സമയത്തെത്തന്നെ ഭേദിക്കുമെന്ന
പ്രതീതിയുണ്ടാക്കുന്നു
ഇതിൽകയറുന്നവരാരും
പരസ്പരം അറിയുന്നില്ല
ഇത് എവിടെനിന്ന് നിയന്ത്രിക്കപ്പെടുന്നുവെ
ന്ന് ആർക്കുമറിയില്ല
ഈ വണ്ടി
എത്ര വൈകുമെന്നാരും
അന്വേഷിക്കാറില്ല
ഇത്
വൈകിയോടാത്ത
വണ്ടിയാണല്ലോ

● കവിത



ഡി ജയകുമാരി



# സമുദ്രോപാസന

ഈ കടൽക്കാറ്റിലൊരു നിശാഗന്ധി പൂത്തുലയുന്നു
വസന്തങ്ങൾ നട്ടുനനച്ചുവളർത്തിയ
മൃത്യുനാളങ്ങൾ വിതുമ്പുന്നു.

ഒടുങ്ങാത്ത വിസ്മൃതിയുടെ ആഴങ്ങളിൽ
സായൂജ്യങ്ങളുടെ നിഴൽപ്പാടുകൾ
കൂടാരങ്ങൾ പണിയുന്നു;
എൻെറ സ്വപ്നങ്ങളുടെ
ഹോമകുണ്ഡങ്ങൾ വിഷലിപ്തമാക്കുന്നു.

ഈ കടൽക്കാറ്റിലൊരു അനായാസ ഗന്ധമിഴയുന്നു;
ഋതുഭേദങ്ങളിൽ നിറംചാർത്താൻ,
നിൻെറ ജൽപനങ്ങളെ, വിശ്വാസങ്ങളെ തൊട്ടുണർത്തുവാൻ....

ഒരു പൂവിളി വിലാപകാവ്യമൊരുക്കുന്നു...
വന്യമാം ജീവിതസായന്തനങ്ങളിൽ
തിരമാലകൾക്കെന്തൊരു ചാരുത?

മദംപൊട്ടിയൊലിക്കുന്ന മേഘപാളികൾക്കുള്ളിൽ
നനഞ്ഞ മോഹങ്ങളുടെ മുട്ടകൾ വിരിയുന്നു,
നിൻെറ വർണ്ണരശ്മികൾക്ക്
കൗതുകം തീർക്കാൻ.

ഈ കടൽക്കാറ്റിലൊരു
വിഷാദഗാനത്തിൻറെ ഗദ്ഗദം,
പൂജാമണിയുടെ ചിലമ്പിച്ച നാദം,
കെട്ടണയുന്ന കരിന്തിരിയുടെ ശാപം.

നിശ്ചലം, നിരാമയം എൻെറ കൗതുകങ്ങൾ,
നീ പറത്തിയ നിശാശലഭങ്ങൾ!

ഇതാ, ഇവിടെ ഈ കടൽക്കാറ്റിൽ ഞാനിരിക്കുന്നു
നിൻെറ ഒടുങ്ങാത്ത രാഗനിദ്ധരിക്കായ്
നിരാസങ്ങളുടെ കനൽക്കട്ടയിൽ
ജീവനർപ്പിക്കാൻ, തിരമാലകൾ വാരിച്ചൂടാൻ.

സസന്തോഷം സ്വീകരിക്കൂ മഹാപ്രഭോ!
വസന്തങ്ങളാടിത്തിമിർത്ത തീരഭൂമിയിൽ
നങ്കൂരമിട്ട സ്വപ്നസഞ്ചയം
സങ്കീർണ്ണസമതലങ്ങളിൽ നീ
വാരിപ്പുണർന്ന കണ്ണീർക്കണങ്ങൾ!

വരൂ, ഈ കടൽക്കാറ്റിലൊരു മോഹം
കത്തിനിൽക്കുന്നു, കാതോർത്തുനിൽക്കുന്നു!



JOSCO TOURS
& TRAVELS
OCTOBER 26 TO NOVEMBER 4, 2025
Best of
BRAZIL &
ARGENTINA
917 817 4115
TOUR DATE: OCT 26-NOV 4, 2025
INCLUDES
Round-trip airfare from New York
2 flights during tour
Accommodations at 4-star hotels
Meals as per itinerary
All entrance and sightseeing fees as per itinerary
And much more
TOUR COST
$4990
PER PERSON/
DOUBLE OCCUPANCY
JOSECO TOURS & TRAVELS
BOOK NOW
JOSE VARUGHESE
Cell: 917-817-4115
FAITH HOLIDAYS
www.faithholidays.com

ചെറുകഥ



റോസി തമ്പി

# രഹസ്യം




വര: മറിയം ജാസ്മിൻ

**ഗലീലിയിൽ നിന്ന് ജെറുസലേമിലേക്കുള്ള യാത്ര ഒരു മലകയറ്റമാണ് . അതൊരു ആരോഹണം തന്നെ . കീഴ്പടവുകളിൽ നിന്ന് മേൽ പടവുകളിലേക്കുള്ള ആരോഹണം. മൂന്നു ദിവസത്തെ വഴി നടന്നിട്ടും ആർക്കും ഒരു ക്ഷീണവും ഉണ്ടായിരുന്നില്ല . ഓശാന നാളിൽ സൈത്തിൻ കൊമ്പ് വീശിയും വസ്ത്രങ്ങൾ വഴിനീളെ വിരിച്ചു എത്ര ആവേശത്തോടെയാണ് എല്ലാവരും ഓശാന പാടിക്കൊണ്ട് കഴുത പുറത്തുവരുന്ന യേശുവിനെ ജറുസലേമിലേക്ക് സ്ഥീകരിച്ചത്. യുദ്ധം ജയിച്ചു വരുന്ന ദാവിദിനെ എന്നു പോലെ ജനം അവനെ എതിരേറ്റു .**

ആഘോഷവും ആർപ്പുവിളിയും, ആവേശവും,ആനന്ദവും ദീർഘമായ യാത്ര ക്ഷീണവും ചേർന്ന് ഗാഢനിദ്രയിലാണവർ.. സുഖകരമായ ഒരു സ്വപ്നം കണ്ണുകളെ പുതപ്പിച്ചിരിക്കുന്നു. ''ഇതാ ദൈവരാജ്യം സമാഗതമായിരിക്കുന്നു തങ്ങളുടെ ഗുരു തങ്ങളുടെ രാജ്യം സ്ഥാപിച്ചിരിക്കുന്നു.എല്ലാവരും സ്വാതന്ത്ര്യത്തോടെ സ്നേഹത്തോടെ ജീവിക്കുന്ന ഭൂമി. സ്വന്തം വാഗ്ദത്ത ഭൂമി.പുരോഹിതരെ പേടിക്കാതെ, റോമാസാമ്രാജ്യത്തിന്റെ പടയാളികളെ ഭയക്കാതെ ആർക്കും നികുതി കൊടുക്കാതെ സ്വാതന്ത്രത്തോടെ സന്തോഷത്തോടെ ജീവിക്കുന്ന തങ്ങളുടെ സ്വർഗ്ഗരാജ്യം ഇതാ സമാഗതമായിരിക്കുന്നു... ക്ഷീണിച്ച കവിൾതടങ്ങളിൽ പുഞ്ചിരി വിടരുന്നുണ്ട്.

അടുത്ത രണ്ടുമൂന്നു ദിവസം വിശ്രമത്തിന്റെ സമയമാണ്.അതു കഴിഞ്ഞാൽ പെസഹാദിനത്തിൽ തങ്ങളുടെ ഗുരു രാജാവായി, ദാവീദിന്റെ പിന്തുടർച്ചക്കാരനായി ജറുസലേമിൽ വാഴാൻ പോകുന്നു.

ഉറക്കം കണ്ടാൽ തോന്നും ആ രാത്രി ഒരിക്കലും തീരാതിരുന്നെങ്കിലെന്ന് അവർ ആഗ്രഹിക്കുന്നുണ്ടെന്ന്.അത്രമാത്രം അവർ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിച്ചു കഴിഞ്ഞിരിക്കുന്നു. അവർ അത് അനുഭവിക്കുകയാണ്. ആസ്വദിക്കുകയാണ്. നിങ്ങൾ തീവ്രമായി ആഗ്രഹിക്കുന്നത് നിങ്ങൾക്ക് ലഭിച്ചു എന്ന് വിശ്വസിക്കണം എന്നല്ലേ ഗുരു പഠിപ്പിച്ച രഹസ്യം.

എന്നാൽ പത്രോസിനു മാത്രം ആ രാത്രിയും ഉറക്കം വന്നില്ല.ഇതുവരെയുള്ളതെല്ലാം ശരിയായിരിക്കുന്നു. കണക്കു കൂട്ടലുകളൊന്നും തെറ്റിയിട്ടില്ല.എല്ലാം ശരിയായി തന്നെ സംഭവിച്ചിരിക്കുന്നു. കഴിഞ്ഞ മൂന്നു വർഷമായി താൻ സ്വപ്നം കാണുന്ന ദിവസം ഇതാ സമാഗതമാകാൻ പോകുന്നു.ജെറുസലേം പിടിച്ചെടുക്കാൻ പോകുന്നു .പുരോഹിതരും റോമക്കാരും ചേർന്ന ദൂഷിത വലയത്തോടുള്ള യുദ്ധം ഒട്ടും എളു

പ്പമല്ലെന്ന് അറിയാം.പലവട്ടം പലരും പരാജയപ്പെട്ടിട്ടുള്ളതാണ്. അതിശക്തരായ നേതാക്കൾ നേതൃത്വം കൊടുത്തിട്ടും കഴിയാതെ പോയതാണ്സോളമനു ശേഷം ഇസ്രായേലിനൊരു രാജവുണ്ടായിട്ടില്ല.

ഒരേ സമയം പുരോഹിതമേൽക്കോയമയോടും റോമൻ രാജ്യാധിനിവേശത്തോടും പൊരുതുക . കഠിനമാണത്..ഇത്തവണ ജയിച്ചേ പറ്റൂ.ഇനിയൊരു അവസരം കാത്തിരിക്കാൻ ഇല്ല .കഴിഞ്ഞ മൂന്നുവർഷം അത്രമാത്രം ശ്രമങ്ങൾ നടത്തിയിട്ടുണ്ട് .ജനങ്ങൾ ഒറ്റക്കെട്ടാണ് .എത്ര പേരുടെ ജീവൻ കൊടുക്കാനും തയ്യാറാണ് .

പത്രോസ് ഗുരുവിനെ നോക്കി.ശാന്തമായി ഉറങ്ങുന്നു.ദേവാലയത്തിൽ ഇത്രയും ധീര ശൂര പരാക്രമം നടത്തി പുരോഹിത പ്രമാണികളെയും ന്യായാധിപന്മാരെയും പരീശന്മാരെയും വിറപ്പിച്ചത് ,ഇത്രയും ശാന്തമായി ഉറങ്ങുന്ന എന്റെ ഗുരുവാണെന്ന് പത്രോസിന് വിശ്വസിക്കാനേ ആകുന്നില്ല.തന്റെ രാജ്യം സ്ഥാപിതമായി എന്ന ശാന്തതയാണ് ആ മുഖത്ത്.പെസഹാ തിരുനാൾ ദിവസമാണ് സിംഹാസനാരോഹണം തീരുമാനിച്ചിരിക്കുന്നത് .അതൊരിക്കലും നടക്കാതെ പോകരുത് .നടത്തിയേ പറ്റൂ.മൂന്നുവർഷമായി തങ്ങൾ അറിയുന്നതാണ് ഗുരുവിന്റെ വാക്കുകളും വാക്കുകളിലെ ധീരതയും സ്വർഗ്ഗരാജ്യം സ്ഥാപിക്കും എന്ന ഉറപ്പും.

സ്ഥൈര്യതയും,ജനങ്ങളോടുള്ള യേശുവിന്റെ സ്നേഹവുമാണ് ജനങ്ങളെ അവന്റെ കൂടെ നിർത്തിയത്.ഇങ്ങനെ ഒരു റബ്ബിയെ യഹൂദ വംശം മുൻപ് കണ്ടിട്ടേയില്ല. പാപഭാരത്തിന്റെ കനം ചുമത്താതെ ദരിദ്രരോടും പീഡിതരോടും ദുഃഖിതരോടും അവഗണിക്കപ്പെട്ടവരോടും വിധവകളോടും വേശ്യകളോടും കൂടെ നിൽക്കുന്നവൻ.

ദൈവത്തിന്റെ പേരിൽ നിരന്തരമായി ചൂഷണം ചെയ്യുന്ന പുരോഹിതരിൽ നിന്ന് ഇവൻ തങ്ങളെ രക്ഷിക്കുമെന്നും സ്വർഗ്ഗരാജ്യം സ്ഥാപിക്കുമെന്നും ജനം വിശ്വസിച്ചത് വെറുതെയല്ല. അത്രമാത്രം സ്നേഹവും വിശ്വാസവുമാണ് അവനവർക്ക് നൽകിയത് .ഞങ്ങൾക്കും.

നാടും വീടും ഉള്ള തൊഴിലും ഉപേക്ഷിച്ച് മീൻ പിടിക്കുന്നിടത്തു നിന്ന്'' നീ എന്റെ കൂടെ വരൂ നിന്നെ ഞാൻ മനുഷ്യരെ പിടിക്കുന്നവനാക്കാം''എന്ന് പറഞ്ഞപ്പോൾ മുൻപും പിൻപും നോക്കാതെ ഞാൻ ഇറങ്ങിപ്പോന്നത് സ്നേഹത്തിനും വിശ്വാസത്തിനും മുന്നിൽ എതിരു പറയാൻ കഴിയാത്തതുകൊണ്ടാണ്. മുൻപ് ഒരിക്കലും ഇത്രയും ആഴത്തിൽ എന്നെ ആരും തൊട്ടിട്ടില്ല.അവനെ കണ്ടുമുട്ടിയവരെല്ലാം അവനൊടൊപ്പം കൂടി. ആർക്കും അവനെ വിട്ടു പോകാനായില്ല.അവന്റെ രൂപത്തിനും ശബ്ദത്തിനും യാതൊരു പ്രത്യേകതയുമില്ലായിരുന്നു. പക്ഷേ അവന്റെ നോട്ടം അത് തുളച്ചു കയറുന്നതാണ് . ഹൃദയരഹസ്യങ്ങൾ എല്ലാം പുറത്തെടുക്കുന്നതാണ്.അതാണ് അവനെ മറ്റ് റബ്ബിമാരിൽ നിന്ന്, പ്രവാചകന്മാരിൽ നിന്ന് ,വ്യത്യസ്തനാക്കിയത് . യഹോവയുടെ പേരിൽ മനുഷ്യരെ ചൂഷണം ചെയ്യുന്ന പുരോഹിതരെ എതിർക്കാനുള്ള ധൈര്യം അതാണ് പുരോഹിതരെ ചൊടിപ്പിച്ചത്. എന്നാൽ തിരുവെഴുത്തുകൾക്കെതിരായി അവൻ ഒന്നും പറഞ്ഞില്ല. ദൈവത്തിന്റെ പേരിൽ നുണ പറയുന്നവരായിരുന്നു അവന്റെ ശത്രുക്കൾ..അവന്റെ ന്യായങ്ങളെ ആർക്കും എതിർക്കാനായില്ല.എന്തെന്നാൽ അവൻ സത്യമായിരുന്നു.

**നമ്മുടെ ഗുരുവിനെ മറിയത്തിന്റെയും തച്ചനായ ജോസഫിന്റെയും മകനായല്ലേ അറിയപ്പെടുന്നത്. എന്തുകൊണ്ടാണ് അവൻ ദാവീദിന്റെ പുത്രൻ എന്ന് വിശേഷിപ്പിച്ചത്?അവൻ യേശുവിനെ ദാവീദിന്റെ പിന്തുടർച്ചക്കാരനായി വരുന്ന രാജാവായി കണ്ടിരുന്നു എന്നല്ലേ അതിനർത്ഥം?. അവൻ ഒരു അന്ധൻ ആയിരുന്നിട്ടും അവനങ്ങനെ തോന്നണമെങ്കിൽ ആ നഗരത്തിൽ മുഴുവൻ അക്കാര്യം പാട്ടായിരിക്കുമല്ലോ?**

തങ്ങൾ കാലങ്ങളായി പ്രതീക്ഷിച്ചു കൊണ്ടിരുന്ന രക്ഷകൻ ഇവനെന്ന് ഓരോരുത്തർക്കും അവന്റെ വാക്കുകളിൽ ബോധ്യപ്പെട്ടു. എവിടെ നിന്ന് വന്നെന്നോ അവന്റെ മതാപിതാക്കൾ ആരെന്നോ ഒന്നും ആരും അന്വേഷിച്ചില്ല ഒരാളും അവനു പിറകെ പോന്നത്. ഒന്നും ഞാനും അന്വേഷിച്ചില്ല.അവന്റെ വാക്കുകൾ മാത്രമായിരുന്നു എന്റെ സാക്ഷ്യം. അവൻ സത്യമാണെന്ന് അവന്റെ വാക്കുകൾ തന്നെ ബോധ്യപ്പെടുത്തി.അവന്റെ വാക്കുകൾ കേട്ട്,,അധികാരത്തിന്റെ നുകത്തിൻ കീഴിൽ അമർന്ന്പോയ, ദുരിതമനുഭവിക്കുന്ന ജനങ്ങൾ അവനെ തങ്ങളുടെ രക്ഷകനായി തിരഞ്ഞെടുത്തു.

അവൻ സ്നാപകന്റെ പിൻമുറക്കാരനാണെന്ന് അവർക്കറിയാം. എന്തെന്നാൽ കാലങ്ങളായി അവർ കാത്തിരുന്ന സ്വർഗ്ഗരാജ്യം വന്നു കഴിഞ്ഞു എന്നാണ് അവൻ ജനത്തോട് വിളിച്ചു പറഞ്ഞത്.അത് നിങ്ങളുടെ ഉള്ളിൽ തന്നെ ഉണ്ട് എന്നാണ് അവൻ ബോധ്യപ്പെടുത്തിയത്.

ആ സ്വർഗ്ഗരാജ്യത്തിലേക്കാണ് അവൻ നമ്മളെ കൊണ്ടുപോകുന്നത് . അതെ ഈ പെസഹാ ദിനങ്ങൾ അതിനുള്ള സമയമാണ്.

പത്രോസ് ശാന്തമായി ഉറങ്ങുന്ന എല്ലാവരെയും നോക്കിക്കൊണ്ടിരുന്നു എല്ലാവരും തൃപ്തരാണ്.

എത്ര ദൂരമാണ് യാത്ര ചെയ്തത്.

അത് ഒരു ആരോഹണം തന്നെ.അടിമത്തത്തിൽ കഴിഞ്ഞ ജനത സ്വന്തം രാജ്യത്തിലേക്ക് രാജ്യത്വത്തിലേക്ക് കയറി വരുന്നതിന്റെ സൂചനയായിരുന്നു ആ യാത്ര.

സമുദ്രനിരപ്പിൽ നിന്നും ഏകദേശം 700 അടി താഴ്ന്ന കിടക്കുന്ന സ്ഥലമാണ് ഗലീലി. .ജറുസലേമോ ഏകദേശം 2500 അടി ഉയരത്തിൽ നിൽക്കുന്ന മലമുകളിലെ പട്ടണം.

ഗലീലിയിൽ നിന്ന് ജെറുസലേമിലേക്കുള്ള യാത്ര ഒരു മലകയറ്റമാണ് . അതൊരു ആരോഹണം തന്നെ .

കീഴ്പടവുകളിൽ നിന്ന് മേൽ പടവു കളിലേക്കുള്ള ആരോഹണം. മൂന്നു ദിവസത്തെ വഴി നടന്നിട്ടും ആർക്കും ഒരു ക്ഷീണവും ഉണ്ടായിരുന്നില്ല . ഓശാന നാളിൽ സൈത്തിൻ കൊമ്പ് വീശിയും വസ്ത്രങ്ങൾ വഴിനീളെ വി രിച്ചു എത്ര ആവേശത്തോടെയാണ് എല്ലാവരും ഓശാന പാടിക്കൊണ്ട് കഴുത പുറത്തുവരുന്ന യേശുവിനെ ജറുസലേമിലേക്ക് സ്ഥീകരിച്ചത്. യുദ്ധം ജയിച്ചു വരുന്ന ദാവിദിനെ എന്നു പോലെ ജനം അവനെ എതി രേറ്റു .

പത്രോസ് ഓർത്തു ഗലീലിയിൽ നിന്നുള്ള യാത്രയിൽ വഴിയിൽ നിന്ന് എത്ര പേരാണ് തങ്ങളോടൊപ്പം കൂ ടിയത്. ജെറിക്കോ നഗരം പി ന്നിടുമ്പോൾ അതൊരു വലിയ ആൾ ക്കൂട്ടമായി കഴിഞ്ഞിരുന്നു. തങ്ങളോ ടൊപ്പം കൂടിയ വരെല്ലാം പുതിയ സ്വർഗ്ഗരാജ്യം പ്രതീക്ഷിച്ചു വന്നവരാ ണ്.ആരെയും നിരാശപ്പെടുത്തി കൂ ടാ. ഈ ഒരു അവസരം നഷ്ടപ്പെട്ടുപേ ായാൽ ഇനി ഒരിക്കലും സ്വർഗ്ഗരാജ്യം സ്ഥാപിതമാകില്ല.

വരാനിരിക്കുന്ന രാജ്യത്തെ കു റിച്ചുള്ള പ്രതീക്ഷ പത്രോസിനെ തട്ടിയുണർത്തി. അവൻ നിലത്ത് എഴുന്നേറ്റുനിന്നു. ശരീരം ആത്മഹർ ഷം കൊണ്ട് വിറക്കാൻ തുടങ്ങി.

എല്ലാവരും ഉറക്കത്തിലാണ്. ശാന്തമായ ഉറക്കത്തിൽ. പത്രോസ് യൂദാസിനെ തട്ടി വിളിച്ചു .യൂദാസ് എഴുന്നേൽക്കൂ .ശബ്ദം കേട്ടത് യുദാ ഞെട്ടി ഉണർന്നു.ഒരു കാവൽ നായ യുടെ ഘ്രാണ ശക്തിയായിരുന്നു യൂ ദാസിന്. കാരണം അവനായിരുന്നു എപ്പോഴും പണസഞ്ചി സൂക്ഷിച്ചിരു ന്നത്.കൂട്ടത്തിലെ ഏറ്റവും ജാഗ്രതയു ള്ളവൻ.ഉറക്കത്തിൽ നിന്ന് ഉണർന്നു ചോദിച്ചു എന്തുണ്ടായി ?എന്താണ് ഉണ്ടായത് പറയൂ. ?എന്താ നമ്മുടെ ആയുധങ്ങളെല്ലാം സുരക്ഷിതമല്ലേ? നമ്മുടെ കാവൽക്കാർ ഉറങ്ങിപ്പോ യോ?നമ്മളെക്കുറിച്ച് എന്തെങ്കിലും വിവരം പുറത്തു പോയോ?

പത്രസ് പറഞ്ഞു . ഭയപ്പെടെണ്ട . ഇല്ല അങ്ങനെയൊന്നും സംഭവിച്ചി ട്ടില്ല. അങ്ങനെയൊന്നും സംഭവിക്കു




കയുമില്ല. തീർച്ചയായും നമ്മുടെ രാജ്യം സ്ഥാപിക്കുക തന്നെ ചെയ്യും. അത്രമാത്രം ഒരുക്കങ്ങൾ അതി നുവേണ്ടി ചെയ്തിട്ടുണ്ട് .നമ്മുടെ ആളുകൾ നഗരത്തിൽ മുഴുവൻ വ്യാപിച്ചിരിക്കുന്നു. ഏത് നിമിഷ വും എന്താക്രമണം ഉണ്ടായാലും തടയാൻ പാകത്തിൽ അവർ ആയു ധധാരികളായി ഭക്ത വേഷത്തിൽ ജറുസലേം നഗരത്തിൽ മുഴുവൻ ചാ വുകടലിൽ ഉപ്പെന്ന പോലെ വ്യാ പിച്ചിരിക്കുന്നു.

യുദാ , നമുക്ക് പുറത്തിരിക്കാം. ഗുരുവിനെ ഉണർത്തണ്ട . നമ്മുടെ തീരുമാനങ്ങൾ ഗുരുപോലും അറി യാതെ ആയിരിക്കണം.ഏത് നിമിഷ വും രക്തരൂക്ഷിതമായ ഒരു വിപ്ലവ ത്തിൽ നിന്ന് പിന്മാറാൻ ഗുരു നമ്മേ നിർബന്ധിച്ചേക്കാം. ഒരു ചെകിടത്ത് അടിച്ചവന് മറു ചെകിട് കാണിച്ചു കൊടുക്കണം എന്നാണ് നമ്മെ പ ഠിപ്പിച്ചിട്ടുള്ളത് അതുകൊണ്ട് നമ്മൾ വളരെ ജാഗ്രത പാലിക്കണം.

യൂദാസ് പറഞ്ഞു ':പത്രോസ് നമുക്ക് കൂടാരത്തിന് പുറത്ത് കടന്ന് അത്തിമരത്തിന്റെ താഴേക്കിരിക്കാം. അവിടെയിരുന്നു നമുക്ക് കാര്യങ്ങൾ വിശദമായി സംസാരിക്കാം.

രാത്രിയുടെ ഇരുട്ടിൽ അവർ മര ച്ചുവടിനെ ലക്ഷ്യമാക്കി നടന്നു.അ തിന്റെ ഉയർന്നു നിന്ന വേര് ഇരിപ്പിട മാക്കി.

പത്രോസ് പറഞ്ഞു,

യൂദാ നീ ഓർക്കുന്നുണ്ടോ ?ന മ്മൾ ജെറിക്കോ നഗരത്തിലേക്ക് പ്രവേശിച്ചു കഴിഞ്ഞപ്പോൾ നഗര കവാടത്തിൽ ഇരുന്ന ഒരു അന്ധയാ ചകൻ ആൾക്കൂട്ടത്തിൽ യേശു ഉണ്ട്

എന്നറിഞ്ഞ് അലറി വിളിച്ച് കരഞ്ഞത്.ഗുരുവിനെ മറ്റുള്ളവർ അറിയാതിരിക്കാൻ ഞാൻ അവന്റെ വായ് അടച്ചു പിടിക്കാൻ ശ്രമിച്ചു . പക്ഷേ അവൻ വീണ്ടും അലറി കരയാൻ തുടങ്ങി. ദാവീദിന്റെ പുത്രനായ യേശുവേ എന്നിൽ കനിയണമേ,! അവൻ നിലവിളിച്ചു കൊണ്ടിരുന്നു.

നമ്മുടെ ഗുരുവിനെ മറിയത്തിന്റെയും തച്ചനായ ജോസഫിന്റെയും മകനായല്ലേ അറിയപ്പെടുന്നത്. എന്തുകൊണ്ടാണ് അവൻ ദാവീദിന്റെ പുത്രൻ എന്ന് വിശേഷിപ്പിച്ചത് ?അവൻ യേശുവിനെ ദാവീദിന്റെ പിന്തുടർച്ചക്കാരാനായി വരുന്ന രാജാവായി കണ്ടിരുന്നു എന്നല്ലേ അതിനർത്ഥം?.അവൻ ഒരു അന്ധൻ ആയിരുന്നിട്ടും അവനങ്ങനെ തോന്നണമെങ്കിൽ ആ നഗരത്തിൽ മുഴുവൻ അക്കാര്യം പാട്ടായിരിക്കുമല്ലോ?

നിനക്ക് ഓർമ്മയുണ്ടോ യൂദാ ,ഒരിക്കൽ ഗുരു നമ്മോട് ചോദിച്ചത് ''ഞാൻ ആരാണെന്നാണ് നിങ്ങൾ കരുതുന്നത് ''എന്ന് ?അതുപോലെ തന്നെ ''മറ്റുള്ളവർ തന്നെപ്പറ്റി എന്താണ് പറയുന്നത് ''എന്ന് ?

യുദ :അതെയതെ അങ്ങനെ തന്നെയാണ് ഉണ്ടായത് .എനിക്ക് നല്ല ഓർമ്മയുണ്ട്.പത്രോസ് മാത്രമല്ല നമ്മുടെ കൂട്ടത്തിൽ ഉള്ള മറ്റു പലരും അവനെ നിശബ്ദനാക്കാൻ ശ്രമിക്കുന്നത് ഞാൻ ശ്രദ്ധിച്ചിരുന്നു.പക്ഷേ ആളുകൾ തടയാൻ ശ്രമിക്കുംതോറും അവൻ കൂടുതൽ കൂടുതൽ ഉച്ചത്തിൽ ദാവീദിന്റെ പുത്ര എന്നിൽ കനിയണമേ എന്ന് നിലവിളിക്കുകയായിരുന്നു.അവിടെ കൂടിയിരുന്ന ജനങ്ങൾ മുഴുവൻ അവന്റെ കരച്ചിൽ കേൾക്കാൻ തുടങ്ങിയപ്പോൾ ഗുരു തിരിഞ്ഞുനിന്ന് അവനോട് പറഞ്ഞത് നിനക്ക് ഓർമ്മയില്ലേ.

ഗുരു അവനെ തന്റെ അടുക്കലേക്ക് വിളിച്ചു.എന്നിട്ട് അല്പം ഗൗരവത്തിൽ തന്നെ അവനോട് പറഞ്ഞു. ''നിശബ്ദനാകുക;നിനക്ക് എന്താണ് വേണ്ടത്?''

ഇപ്രാവശ്യത്തെ ജെറുസലേം പ്രവേശനത്തിന്റെ ലക്ഷ്യം ഒരിക്കലും പാളി പോകരുതെന്ന് ഗുരുവിനെ നിർബന്ധം ഉണ്ടായിരുന്നു എന്ന് ആ ചോദ്യത്തിൽ നിന്ന് മനസ്സിലാക്കാം.

ആ യാചകൻ പറഞ്ഞു ,''ദാവീദിന്റെ പുത്ര എനിക്ക് കാഴ്ച തിരിച്ചു കിട്ടണം'' ഗുരു അവനോട് പറഞ്ഞു. ,''നിശബ്ദനായി തിരിച്ചുപോകുക; നിന്റെ വിശ്വാസം നിന്നെ സുഖപ്പെടുത്തിയിരിക്കുന്നു''

പത്രോസ് അത് സമ്മതിച്ചു.

**എല്ലാവരും ഉറക്കത്തിലാണ്. ശാന്തമായ ഉറക്കത്തിൽ. പത്രോസ് യൂദാസിനെ തട്ടി വിളിച്ചു . യൂദാസ് എഴുന്നേൽക്കു . ശബ്ദം കേട്ടത് യുദാ ഞെട്ടി ഉണർന്നു. ഒരു കാവൽ നായയുടെ ഘ്രാണ ശക്തിയായിരുന്നു യൂദാസിന്. കാരണം അവനായിരുന്നു എപ്പോഴും പണസഞ്ചി സൂക്ഷിച്ചിരുന്നത്. കൂട്ടത്തിലെ ഏറ്റവും ജാഗ്രതയുള്ളവൻ. ഉറക്കത്തിൽ നിന്ന് ഉണർന്നു ചോദിച്ചു എന്തുണ്ടായി ?എന്താണ് ഉണ്ടായത് പറയു. ?എന്താ നമ്മുടെ ആയുധങ്ങളെല്ലാം സുരക്ഷിതമല്ലേ? നമ്മുടെ കാവൽക്കാർ ഉറങ്ങിപ്പോയോ?നമ്മളെക്കുറിച്ച് എന്തെങ്കിലും വിവരം പുറത്തു പോയോ?**

അതെ അതെ യാതൊരു കാരണവശാലും ജെറുസലേം പിടിച്ചെടുക്കാൻ പോവുകയാണ് എന്ന കാര്യം ഒരാളും അറിയരുതെന്ന് ഗുരു തീർച്ചപ്പെടുത്തിയിരുന്നു.

ഗുരു അവനോട് നിശബ്ദനായി പോകാൻ പറഞ്ഞെങ്കിലും അവൻ നമ്മുടെ പിറകെ കൂടിയിരുന്നു.ഞാനത് ശ്രദ്ധിച്ചിരുന്നു.ഞാൻ ശ്രദ്ധിക്കുന്നു എന്ന് അറിയുന്നതുകൊണ്ട് തന്നെ അവൻ മാറിമാറി നടന്നിരുന്നു.എന്തോ ഒരു പന്തിയില്ലായ്മ അവന്റെ പെരുമാറ്റത്തിൽ എനിക്ക് തോന്നി.ഞാൻ ഭയന്നു പുരോഹിതരുടെ ആളുകൾ ആരെയെങ്കിലും വേഷം മാറി വന്നതായിരിക്കുമോ?തീർച്ചയായും അവർ ഭയക്കുന്നുണ്ട് ഈ പെസഹാക്കാലത്ത് ഒരു ആക്രമണം ഉണ്ടാകുമെന്നും യേശു ജെറുസലേം പിടിച്ചെടുക്കുമെന്നും.

പത്രോസ് പറഞ്ഞു. :അവൻ ഇവിടെ ജെറുസലേമിൽ നമ്മോടൊപ്പം ഉണ്ട്.അവൻ കൃത്യമായി മനസ്സിലാക്കിയിരിക്കുന്നു യേശു ആരാണെന്ന്. ഞാൻ പറയാൻ കാത്തിരിക്കുകയായിരുന്നു യാത്രയിൽ രാത്രിയുടെ മറവിൽ ഞാൻ അവനെ മാറ്റി നിർത്തി പലതരത്തിൽ ചോദ്യം ചെയ്തു.എനിക്ക് ബോധ്യമായി, അവൻ നമ്മെപ്പോലെ തന്നെ ഗുരുവിനെ കാലങ്ങളായി പിന്തുടരുന്നവനാണ് സ്വർഗ്ഗരാജ്യം സ്ഥാപിതമാകുന്നത് കാണാൻ കാത്തിരിക്കുന്നവനാണ് അവനും. നമ്മെപ്പോലെ ഒരു ചെറു സൈന്യത്തെ അതിനുവേണ്ടി അവൻ കരുതിയിരിക്കുന്നു.ബർതിമേയൂസ് എന്നാണ് അവന്റെ പേര്.

യൂദാ നീഓർക്കുന്നില്ലേ എന്ത് ഉത്സാഹമാ യിരുന്നു അവന് ഓശാന ഞായറാഴ്ചയും അത് കഴിഞ്ഞ് ദേവാലയ ശുദ്ധീകരണ സമയത്തും ഉണ്ടായിരുന്നത്.

ഓർക്കുന്നുണ്ടോ?

ഓർക്കുന്നുണ്ട് തീർച്ചയായും ഓർക്കുന്നുണ്ട് പത്രോസ്.നമ്മളെക്കാൾശുഷ്കാന്തിയായിരുന്നു അക്കാര്യത്തിൽ അവന് ഉണ്ടായിരുന്നത്. ഞാനും അവനോട് സംസാരിച്ചിരുന്നു. അവൻ പറയുന്നത് ''തനിക്ക് കാഴ്ച തിരിച്ചു തന്ന യേശുവിനുവേണ്ടി മരിക്കാൻ അവൻ തയ്യാറാണ് എന്നാണ്'' .തീർച്ചയായും യേശു ദാവീദിന്റെ സിംഹാസനത്തിൽ ഇരിക്കും എന്ന് തന്നെ അവൻ വിശ്വസിക്കുന്നു.അതാണ് ജെറിക്കോ നഗരത്തിലെ ജനസംസാരം എന്നാണ് അവൻ പറഞ്ഞത്.

പത്രോസ്:ശരിയായിരിക്കാം എന്നാലും നമ്മൾ ശ്രദ്ധിക്കണം ശത്രു ഏത് രൂപത്തിലാണ് നമുക്കിടയിൽ പ്രത്യക്ഷപ്പെടുക എന്ന് പറയാനാവില്ല.

അതെ പത്രോസ് ഞാൻ ശ്രദ്ധിച്ചിരുന്നു അവൻ മാത്രമല്ല അവനോടൊപ്പം ധാരാളം പുരുഷന്മാർ ജെറിക്കോ നഗരത്തിൽ നിന്ന് നമ്മോടൊപ്പം പുറപ്പെട്ടു പോന്നിരുന്നു.അവർ ആരുടെ ആളുകൾ ആണെന്ന് നമ്മൾ

എങ്ങനെ നിശ്ചയിക്കും?.

യുദാ:നമ്മൾ ആവശ്യപ്പെടാതെ തന്നെ അവൻ നമ്മോട് സഹകരിക്കുന്നുണ്ടായിരുന്നു അല്ലെങ്കിൽ നമുക്കിടയിൽ കയറി പ്രവർത്തിക്കുന്നുണ്ടായിരുന്നു നമ്മൾ യേശുവിന് സഞ്ചരിക്കാൻ കഴുത കുട്ടിയെ കൊണ്ടുവന്നപ്പോൾ അവനാണ് അവന്റെ മുകൾ വസ്ത്രം ഊരി കഴുതക്കുട്ടിയുടെ മുകളിൽ വിരിച്ചത് .അപ്പോൾ അവൻ പറയുന്നുണ്ടായിരുന്നു രാജാവ് എഴുന്നള്ളുമ്പോൾ കഴുതപ്പുറത്ത് വസ്ത്രം വിരിക്കേണ്ടതുണ്ട് .മാത്രമല്ല ഗുരുകഴുതയുടെ പുറത്ത് കയറി കഴിഞ്ഞപ്പോൾ അവനാണ് ആദ്യം ഹോസാന വിളിച്ചത് ദാവീദിന്റെ പുത്രന് ഹോസാനഎന്നാണ് അവൻ വിളിച്ചത്? സൈത്തിൻ കൊമ്പുകൾ ഒടിച്ചെടുത്ത് ദാവിദിന്റെ പുത്രന് ഹോസാന ഹോസാന എന്ന് ഉറക്കെ ഉറക്കെ വിളിക്കുകയും തന്റെ വസ്ത്രം ഊരി നിലത്തു വിരിക്കുകയും ചെയ്തു. .ജനം അതുപോലെ വഴിയരികിലെ ഒലിവു ചില്ലകൾ ഒടിച്ചെടുത്ത് ഓശാന പാടുകയും തങ്ങളുടെ വസ്ത്രങ്ങൾ ഊരി വഴിയിൽ വിരിക്കുകയും ചെയ്തു.നമ്മൾ ആഗ്രഹിച്ചതിലും വലിയ ഒരു രാജകീയ പ്രവേശനമാണ് ഗുരുവിന് ഓശാന നാളിൽ ഉണ്ടായത്.

പത്രോസ്:അതെയതെ അത് മാത്രമല്ല അവൻ വിളിച്ചു പറഞ്ഞിരുന്നതിൽ ഇങ്ങനെ കൂടിയുണ്ടായിരുന്നു ''സീയോൻ പുത്രി ഇതാ നിന്റെ രാജാവ് വിനീതനായി കഴുതക്കുട്ടിയുടെ പുറത്ത് നിൻറെ അരികിലേക്ക് വരുന്നു. സ്സെലോട്ടുകളുടെ വിപ്ലവഗാനമാണത്.''

യുദാ: നാളെ രാവിലെ നമുക്ക് അവനോട് ഒന്നുകൂടെ സംസാരിക്കാം .നമ്മുടെ കൂടെ നിൽക്കുന്നവനെങ്കിൽ നമുക്ക് അവനെ കൂടി അവന്റെആളുകളെ കൂടി ഉപയോഗപ്പെടുത്തുന്നത് നന്നായിരിക്കും എന്ന് തോന്നുന്നു.

അവരുടെ സംസാരം ഇത്രയും ആയപ്പോൾ എന്തോ ഒരു നിഴൽ തങ്ങൾക്ക് അരിയിലേക്ക് വരുന്നതുപോലെ തോന്നി. അവർ പെട്ടെന്ന് സംസാരം നിർത്തി.അനക്കം കേട്ട് ദിക്കിലേക്ക് സൂക്ഷിച്ചു നോക്കി.അതെ അയാൾ തന്നെ തങ്ങൾ ഇത്രനേരം സംസാരിച്ചു കൊണ്ടിരുന്ന അവൻ തന്നെ. ബർതിമേയൂസ്.

അതെ ഞാൻ തന്നെ.യേശു കണ്ണിന് കാഴ്ച നൽകിയ ബർതിമേയൂസ്.നിങ്ങൾക്കന്ന പോലെ യേശു എന്റെയും ഗുരുവും ദൈവവുമാണ്.. കാലങ്ങളായി ഞാനും എൻറെ കൂട്ടുകാരും സ്വപ്നം കാണുന്ന സ്വർഗ്ഗരാജ്യം സ്ഥാപിക്കാൻ വന്ന ദാവീദിന്റെ ഗോത്രത്തിൽ പിറന്ന ജെറുസലേമിന്റെ രാജാവ്.നിങ്ങൾ പറഞ്ഞതെല്ലാം ഞാൻ കേട്ടു കണ്ണിന് കാഴ്ച പോയപ്പോൾ ചെവിയുടെ കാഴ്ച എനിക്ക് ഏറെ കൂടുതലായി കിട്ടി.അതിനാൽ ഏതു മന്ത്രണങ്ങളും പിടിച്ചെടുക്കാൻ എനിക്ക് കഴിയും അങ്ങനെയാണ് ഞാൻ എന്റെ കൂട്ടുകാരുടെ നേതാവായത്.

**മുൻപ് നിശ്ചയിക്കപ്പെട്ട പ്രകാരം യേശു തോട്ടത്തിലേക്ക് പോയി. പത്രോസിനെയും യാക്കോബിനെയും യോഹന്നാനെയും കൂടെ കൊണ്ടുപോയി . അവൻ അവരോട് പറഞ്ഞു '''എൻറെ ആത്മാവ് മരണത്തോളം ദുഃഖിതമായിരിക്കുന്നു എന്നോടൊപ്പം ഉണർന്നിരിക്കുക" അവൻ മുന്നോട്ടുപോയി ഇങ്ങനെ പ്രാർത്ഥിച്ചു | 'സാധ്യമെങ്കിൽ ആ മണിക്കൂർ എന്നെ കടന്നു പോകട്ടെ."**

നിങ്ങൾ ഈ പെസഹാക്ക് ഇങ്ങനെ ഒരു വിപ്ലവം സാധ്യമാക്കാൻ പോകുന്നു എന്ന് ഞങ്ങൾ അറിഞ്ഞിരുന്നു. അതുകൊണ്ടുതന്നെയാണ് നിങ്ങൾ വരുന്ന വഴിയിൽ ,ഞങ്ങളുടെ പട്ടണത്തിന് മുന്നിൽ ഞങ്ങൾ കാത്തുനിന്നത് .''ദാവീദിന്റെ പുത്രാ എന്നിൽ കനിയണമേ ''എന്ന് ഞാൻ വിളിച്ച് നിലവിളിച്ചതും. എനിക്ക് യേശുവിൻറെ ഒരു അത്ഭുതം അനുഭവിക്കണമായിരുന്നു.പറഞ്ഞു കേട്ടത് മാത്രം പോരായിരുന്നു..യേശു സത്യമാണ് എന്നറിയാൻ എനിക്ക് സ്വന്തമായുള്ള ഒരു തെളിവ്.അത് ലഭിക്കാതെ പോകുമോ എന്ന് ഭയന്നതുകൊണ്ടാണ് ഞാൻ കൂടുതൽ കൂടുതൽ ഉച്ചത്തിൽ നിലവിളിച്ചത് .എന്റെ ഗുരു എന്നെ അനുഗ്രഹിച്ചിരിക്കുന്നു.എന്നെ ഒഴിവാക്കാരുത്. ഞാൻ എന്റെ ഗുരുവിനു വേണ്ടി നിങ്ങളോട് യാചിക്കുകയാണ്.

പറയൂ എന്താണ് ഞാനും എന്റെ ചെറുസൈന്യവും ഗുരുവിനു വേണ്ടി ചെയ്യേണ്ടത് . ഞങ്ങൾ ആത്മാവിലും ശരീരത്തിലും സദാ സന്നദ്ധരാണ്.

നോക്കൂ ഞങ്ങൾ മാത്രമല്ല ധാരാളം പേർ ജെറുസലേമിൽ യേശുവിന്റെ രാജ്യത്വം ആഘോഷിക്കാനായി വന്നിരിക്കുന്നു. അവരെല്ലാം രഹസ്യമായി ആയുധധാരികളായി എത്തിയിരിക്കുന്നവരാണ് .പുരോഹിത സൈന്യവുമായി ഒരു ഏറ്റുമുട്ടൽ എല്ലാവരും പ്രതീക്ഷിക്കുന്നുണ്ട്. എല്ലാവരും നിങ്ങളോടൊപ്പം ഉണ്ട് .നിങ്ങളുടെ ലക്ഷ്യം മനസ്സിലാക്കിക്കൊണ്ടുതന്നെ നിങ്ങളറിയാതെ യഹൂദർക്കിടയിൽ വലിയൊരു രഹസ്യപ്രചരണം ഞങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്.നിങ്ങൾ പറയൂ ഞങ്ങൾ എന്തു ചെയ്യണം.ഈ അവസരം ഒരിക്കലും നഷ്ടപ്പെടുത്തി കൂടാ.

നിങ്ങൾ കേട്ടതല്ലേ അവൻ ജെറുസലേമിൽ പ്രവേശിച്ചപ്പോൾ നഗരം മുഴുവൻ ഇളകി വശായി ആരാണിവൻ എന്ന് ചോദിച്ചത്? അപ്പോൾ ജനക്കൂട്ടം വിളിച്ചു പറഞ്ഞു ''ഇവൻ നസ്രത്തിൽ നിന്നുള്ള പ്രവാചകനായ യേശു '. ' ദാവിദിന്റെ വംശത്തിൽ പിറന്നവൻ .അവർ കരഘോഷം മുഴക്കി ഏറ്റു വിളിച്ചു ദാവീദിന്റെ പുത്രനെ ഹോസാന.,''എന്നിട്ടും ആരും അവരെ തടഞ്ഞില്ല.

ദേവാലയ ശുദ്ധീകരണത്തിനു ശേഷം ദേവാലയത്തിലെ കുട്ടികൾ ദാവീദിന്റെ പുത്രൻ എന്ന് ആർപ്പുവിളി ആവർത്തിച്ചു കൊണ്ടിരുന്നു . പുരോഹിതർ കുട്ടികളെ തടഞ്ഞപ്പോൾ യേശു പറഞ്ഞു ''കുട്ടികളെ തടയരുത് അവരെ എന്റെ അരികിലേക്ക് വിടുക. അവരുടെ അധരങ്ങളിലാണ്

ദൈവം സ്തുതി ഗീതങ്ങൾ ഒരുക്കി വെച്ചിരിക്കുന്നത്. ദൈവരാജ്യം ശിശുക്കളെ പോലെയുള്ളവരുടെ ആണ്''.

യേശു സർവ്വപ്രതാപത്തോടും കൂടി ദാവീദിന്റെ രാജ്യം സ്ഥാപിക്കാൻ ഉറച്ചു കഴിഞ്ഞിരിക്കുന്നു.അതുകൊണ്ടാണ് ദേവാലയ ശുദ്ധീകരണ സമയത്ത് പോലും ഒരാൾക്കും അവനെ തടയാൻ കഴിയാതിരുന്നത് .അത് ദൈവ നിശ്ചയമാണ്.അന്തോണിയ ക്കോട്ടയിൽ പടയാളികൾ ഇല്ലാതെ അല്ലല്ലോ യേശുവിനെ തടയാതിരുന്നത്.

നിങ്ങൾ കേട്ടില്ലേ പുരോഹിത ശ്രേഷ്ഠരും ന്യായപ്രമാണിമാരും ആകെആചോദിച്ചത് ''ഇവന് ഇതിന് ആര് അധികാരം കൊടുത്തു '?എന്ന് മാത്രമാണ്.

യൂദ :കൃത്യമാണത് നമ്മുടെ ഗുരു തന്നെ പ്രഖ്യാപിച്ചിരുന്നു ദേവാലയം കല്ലിന്മേൽ കല്ല് ശേഷിക്കാതെ തകർക്കുമെന്നും മൂന്നാം ദിവസം അത് പുനർ നിർമ്മിക്കുമെന്നും തീർച്ചയായും അവൻറെ രാജ്യം വരാൻ സമയമായിരിക്കുന്നു. ഇസ്രായേൽ ജനം അതു തിരിച്ചറിഞ്ഞിരിക്കുന്നു.

പത്രോസ് പറഞ്ഞു ബർതിമൂസ് ഇനി നിന്നെ ഞങ്ങൾ അവിശ്വസിക്കുന്നില്ല.തീർച്ചയായും ഞങ്ങളിൽ ഒരാളായി നിന്നെയും പരിഗണിക്കുന്നു. ഈ പെസഹ വളരെ രഹസ്യമായി ആചരിക്കണമെന്ന് ഗുരു ഞങ്ങളോട് പറഞ്ഞിട്ടുണ്ട് .അതേസമയം തന്നെ ഈ പെസഹാക്ക് ഒരു കലാ പം ഉണ്ടാകും എന്ന് പുരോഹിതരുടെ സൈന്യങ്ങളും മനസ്സിലാക്കിയിട്ടുണ്ട്. പുരോഹിതർ അതിനു വേണ്ട എല്ലാ മുൻ നടപടികളും സ്വീകരിച്ചിട്ടുണ്ട് അത് അറിഞ്ഞു കൊണ്ടുതന്നെയാണ് ഞങ്ങൾ ഗലീലിയിൽ നിന്ന് കരുതലോടെ പുറപ്പെട്ടിട്ടുള്ളത്.

ബർതിമേയൂസ്,

യഹൂദ പുരോഹിതരിൽ നിന്ന് ഒരു കലാപത്തിലൂടെ മാത്രമേ കർത്താവിന്റെ ആലയം പിടിച്ചെടുക്കാൻ സാധ്യമാകുകയുള്ളൂ.

അത് വിജയിക്കാൻ എന്തൊക്കെ ചെയ്യണം ?അതെല്ലാം ചെയ്യുക .അതാണ് ഈ രാത്രി നമുക്ക് തീരുമാനിക്കാനുള്ളത്.എന്റെ സൈന്യം ചെറുതെങ്കിലും എല്ലാ ഒളിയുദ്ധങ്ങളും പരീക്ഷിച്ചവരാണ്.ഞങ്ങളുടെ ലക്ഷ്യം ഒന്നുമാത്രമാണ് ജെറുസലേം ദേവാലയം ശുദ്ധീകരിക്കപ്പെടണം. പുരോഹിതരുടെ പ്രഭുവാഴ്ച അവസാനിപ്പിക്കണം. യഹോവയുടെ

**അന്ന് രാത്രിയിലെ സംഭാഷണത്തിൽ അവരൊരു കൃത്യമായ രൂപം തയ്യാറാക്കി ആര് എന്തൊക്കെ ചെയ്യണം എവിടെയൊക്കെ നിൽക്കണം എങ്ങനെയൊക്കെ പെരുമാറണം എന്ന് കൃത്യമായ രൂപം ഉണ്ടായി. ബർ തിമേയൂസിന്റെ ആശയമായിരുന്നു പുരോഹിതരെ വിശ്വാസത്തിൽ എടുക്കാൻ പാകത്തിൽ തങ്ങളുടെ കൂട്ടത്തിൽ നിന്ന് ഒരാൾ ചതിയനായി ഗുരുവഞ്ചകനായി പുരോഹിത പക്ഷത്തേക്ക് ചേരുക എന്നത്. അതിന് നറുക്ക് വീണതാകട്ടെ ഏറ്റവും വിശ്വസ്തനായ യൂദാസിനായിരുന്നു. സ്വർഗ്ഗരാജ്യം സ്ഥാപിക്കാൻ, തന്റെ ഗുരുവിനെ രാജാവാക്കാൻ എന്തും ചെയ്യാൻ യൂദാസ് തയ്യാറായിരുന്നു. എങ്കിലും അവൻ ഭയന്നു. കലാപത്തിൽ നമ്മൾ തോറ്റുപോയാൽ ?**

രാജ്യം ഇവിടെ വരണം. അതിനാണ് കാലങ്ങളായി ഞങ്ങൾ ആഗ്രഹിക്കുന്നതും പരിശ്രമിക്കുന്നതും.നിങ്ങൾക്കറിയുമോ യഹൂദ പുരോഹിത പടയാളികളുമായുള്ള ഒരു ഏറ്റുമുട്ടലിനിടയിലാണ് എൻറെ ഒരു കണ്ണിൻറെ കാഴ്ച നഷ്ടപ്പെട്ടത് മറ്റ് കണ്ണ് പൂർണമായും നഷ്ടപ്പെട്ടത്.

ഇവിടെ ഇസ്രായേലിന്റെ നിയമം മോശയുടെ നിയമം പാലിക്കപ്പെടണം.ഇസ്രായേൽ മക്കൾ അടിമത്വത്തിന്റെ നുകത്തിൽ നിന്ന് രക്ഷ പ്രാപിക്കണം.ഇപ്പോൾ ദൈവംഇവിടെ യേശുവിലൂടെ ഇടപെടും .ദൈവം വാഗ്ദാനം ചെയ്ത രക്ഷകനാണ് യേശു. ഒരു കാര്യം ഉറപ്പാണ് ,ഞങ്ങളുടെ വിശ്വാസത്തിൽ നിന്നും ഞങ്ങൾ വ്യതിചലിക്കില്ല .രാജകല്പന അനുസരിക്കാനായി ഞങ്ങൾ ഞങ്ങളുടെ വിശ്വാസത്തെ ബലികഴിക്കില്ല. സിസറിനു മുന്നിൽ തലകുനിക്കില്ല. സിസറിനു വേണ്ടി ദാസ്യവൃത്തി ചെയ്യുന്ന പുരോഹിത വൃന്ദത്തെ അംഗീകരിക്കില്ല.

യൂദ പറഞ്ഞു. ബർ തിമേയൂസ് ഞാൻ പറനാനിരുന്നത് നീ പറഞ്ഞിരിക്കുന്നു. നീ ഞങ്ങളോടൊപ്പം ഉള്ളവൻ തന്നെ.

ബർതിമേയൂസ് പറഞ്ഞു.കാര്യങ്ങളെല്ലാം ഇപ്പോൾ നമുക്ക് അനുകൂലമാണ് .പക്ഷേ യുദ്ധത്തിൽ ജയിക്കണമെങ്കിൽ വിപ്ലവം വിജയിപ്പിക്കണമെങ്കിൽ കൃത്യമായി രഹസ്യമായ പ്ലാനുകൾ ഉണ്ടായേ പറ്റൂ. അതിൽ പ്രധാനമാണ് ശത്രു ഇങ്ങോട്ട് ആക്രമിക്കുന്നതിനു മുമ്പ് തന്ത്രത്തിൽ ശത്രുവിനെ നമ്മൾ അങ്ങോട്ട് ആക്രമിക്കുക എന്നത്.

യൂദാസ് :അതെങ്ങനെ സംഭവിക്കും. ഗുരു ഒരിക്കലും അതിനു സമ്മതിക്കില്ല. ഒരു രക്തച്ചൊരിച്ചിൽ നമ്മളായിട്ട് ഉണ്ടാക്കാൻ ഗുരു ഒരിക്കലും അനുവദിക്കില്ല. അവർ ഇങ്ങോട്ട് ആക്രമിച്ചാൽ മാത്രമേ നമ്മൾക്ക് എന്തെങ്കിലും ചെയ്യാനാവൂ.

ബർതിമിയൂസ്':അങ്ങനെയല്ല നമ്മൾ അങ്ങോട്ട് ആക്രമിക്കാൻ ശ്രമിക്കുമ്പോൾ നമ്മൾ കൂടുതൽ ശക്തരാകും വിജയം എളുപ്പമാകും.അതാണ് എല്ലാ യുദ്ധങ്ങളുടെയും രീതി.

ഈ പെസഹ തിരുനാളിൽ പുരോഹിതർ അവരുടെ സൈന്യത്തെ ഉപയോഗിച്ച് ഒരു കലാപം ഉണ്ടാക്കുകയും യേശുവിനെ പിടിക്കുകയും വധിക്കുകയും ചെയ്യും എന്നാൽ നിങ്ങൾ അങ്ങോട്ട് ഏറ്റുമുട്ടൽ ഉണ്ടാക്കുകയാണെങ്കിൽ തീർച്ചയായും വിജയം നമ്മുടേത് ആയിരിക്കും.നമ്മൾക്ക്,നമ്മൾക്ക് വിജയിക്കാനുള്ള എളുപ്പമാർഗമാണത്. നമ്മളിൽ ഏറ്റവും വിശ്വസ്തനായ ഒരാൾ ചാരനായി അവരുടെ പക്ഷത്തേക്ക് ചെന്നു എന്ന് തോന്നിപ്പിക്കൽ. കള്ളൻ കപ്പലിൽ തന്നെ എന്ന് തോന്നിയാൽ ശത്രുവിന്റെ ആത്മവിശ്വാസം വർദ്ധിക്കും. തയ്യാറെടുപ്പുകൾ കുറയും

അതാണ് നമ്മുടെ ശക്തി.

അന്ന് രാത്രിയിലെ സംഭാഷണത്തിൽ അവരൊരു കൃത്യമായ രൂപം തയ്യാറാക്കി ആര് എന്തൊക്കെ ചെയ്യണം എവിടെയൊക്കെ നിൽക്കണം എങ്ങനെയൊക്കെ പെരുമാറണം എന്ന് കൃത്യമായ രൂപം ഉണ്ടായി.ബർതിമേയൂസിന്റെ ആശയമായിരുന്നു പുരോഹിതരെ വിശ്വാസത്തിൽ എടുക്കാൻ പാകത്തിൽ തങ്ങളുടെ കൂട്ടത്തിൽ നിന്ന് ഒരാൾ ചതിയനായി ഗുരുവഞ്ചകനായി പുരോഹിത പക്ഷത്തേക്ക് ചേരുക എന്നത്. അതിന് നറുക്ക് വീണതാകട്ടെ ഏറ്റവും വിശ്വസ്തനായ യൂദാസിനായിരുന്നു.

സ്വർഗ്ഗരാജ്യം സ്ഥാപിക്കാൻ, തന്റെ ഗുരുവിനെ രാജാവാക്കാൻ എന്തും ചെയ്യാൻ യൂദാസ് തയ്യാറായിരുന്നു.

എങ്കിലും അവൻ ഭയന്നു. കലാപത്തിൽ നമ്മൾ തോറ്റുപോയാൽ ?

അവന്റെ ചെറുത്തു നില്പുകളെല്ലാം വൃഥാവിലായി. മരച്ചില്ലക്ക് കാറ്റിനെ തടയാനാകുമോ?

പത്രോസിന്റെയും ബർതിമേയുസിന്റെയും വാദങ്ങൾക്കു മുന്നിൽ യൂദാസ് അന്ധനായി.

ദേവാലയ ശുദ്ധീകരണത്തിന് ശേഷം വീണ്ടും താനവിടെ നിൽക്കുന്നത് അപകടമാണെന്ന് യേശു അറിഞ്ഞു. യേശു ഫിലിപ്പോസിനെയും അന്ത്രോസിനെയും കൂട്ടി ബഥാനിയിലേക്ക് തിരിച്ചുപോയി. അവിടെ ലാസറിന്റെ ഭവനമുണ്ട്.പെസഹ ആചരിക്കാനാണ് തിരിച്ചുവന്നത് . ഇടയിൽ കിട്ടിയ രണ്ടുമൂന്നു ദിവസം വളരെ കൃത്യമായി പത്രോസും ബർത്തിമൂസും തങ്ങളുടെ വിപ്ലവം എങ്ങനെയായിരിക്കണം എന്ന് കൃത്യമായി രൂപപ്പെടുത്തി.

പെസഹാചരണത്തിനായി യേശു ശിഷ്യരോടൊപ്പം തിരിച്ചെത്തിയപ്പോൾ പത്രോസ് ചോദിച്ചു ഞങ്ങൾ എവിടെയാണ് പെസഹ ഒരുക്കേണ്ടത്. യേശു പറഞ്ഞു നിങ്ങൾ രണ്ടുപേർ പട്ടണത്തിലേക്ക് ചെല്ലുക .അവിടെ തലയിൽ ഒരു കുടം വെള്ളവുമായി ഒരാൾ നിങ്ങൾക്ക് എതിരെ വരുന്നുണ്ടായിരിക്കും അയാളെ പിന്തുടർന്നുകൊണ്ട് അയാൾ പോകുന്ന ഭവനത്തിലേക്ക് നിങ്ങളും കയറി ചെല്ലുക. അവിടുത്തെ ഗൃഹനാഥനോട് പറയണം എവിടെയാണ് ഞങ്ങളുടെ ഗുരുവിനെ പെസഹ ഒരുക്കേണ്ടത് എന്ന് .അപ്പോൾ അയാൾ നിങ്ങൾക്ക് കാണിച്ചു തരും .അത് വിശാലമായി ഒരുക്കപ്പെട്ട ഒരു ഭോജനശാലയായിരിക്കും.



ഗുരു പറഞ്ഞതനുസരിച്ച് പത്രോസ് യാക്കോബും അതീവ രഹസ്യമായിപട്ടണത്തിലേക്ക് പോവുകയും ഗുരു പറഞ്ഞതുപോലെ സംഭവിക്കുകയും ചെയ്തു. സന്ധ്യയായപ്പോൾ ഗുരുവും മറ്റു ശിഷ്യന്മാരും കൂടെയുണ്ടായിരുന്ന വരെല്ലാവരും ചേർന്ന് പെസഹ ഭക്ഷിക്കാനായി ആ വലിയ മാളികയിലെ ഭോജനശാലയിലേക്ക് എത്തി. എല്ലാം പരമ രഹസ്യമായിരുന്നു.

പെസഹാ ഭക്ഷണ ശേഷം കാര്യങ്ങളെല്ലാം എങ്ങനെ പ്ലാൻ ചെയ്തു എന്ന് പത്രോസ് ഗുരുവിനെ ബോധ്യപ്പെടുത്തിയിരുന്നു. ഭക്ഷണം കഴിഞ്ഞപ്പോൾ , ഗുരു യൂദാസിനോട് പറഞ്ഞു. ,''സമയമായി നീ പോയി നിന്റെ ജോലി ചെയ്യുക. '

കാര്യങ്ങളുടെ ഏകദേശം രൂപം

എല്ലാവർക്കും ബോധ്യമായിരുന്നു. സംഘത്തിൻറെ രഹസ്യ ഭാഷയിൽ ആയിരുന്നു അവർ സംസാരിച്ചിരുന്നത്. യൂദാസ് പോയ് കഴിഞ്ഞപ്പോൾ അവൻ എല്ലാവരോടുമായി പറഞ്ഞു.'' അവർ ഇടനെ അടിക്കും. ആടുകൾ ചിതറിപ്പോകും. നിങ്ങൾക്കെല്ലാവർക്കും ഇടർച്ചയുണ്ടാകും;

മുൻപ് നിശ്ചയിക്കപ്പെട്ട പ്രകാരം യേശു തോട്ടത്തിലേക്ക് പോയി. പത്രോസിനെയും യാക്കോബിനെയും യോഹന്നാനെയും കൂടെ കൊണ്ടുപോയി .അവൻ അവരോട് പറഞ്ഞു '''എൻറെ ആത്മാവ് മരണത്തോളം ദുഃഖിതമായിരിക്കുന്നു എന്നോടൊപ്പം ഉണർന്നിരിക്കുക''

അവൻ മുന്നോട്ടുപോയി ഇങ്ങനെ പ്രാർത്ഥിച്ചു 'സാധ്യമെങ്കിൽ ആ മണിക്കൂർ എന്നെ കടന്നു പോകട്ടെ.''

''പിതാവേ അങ്ങേക്ക് എല്ലാം സാധ്യമാണ് ഈ പാനപാത്രം എന്നിൽ നിന്നും മാറ്റി തരണേ എന്നാൽ എന്റെ ഹിതമല്ല അങ്ങയുടെ ഹിതം മാത്രം '

അവൻ തിരികെ വന്നപ്പോൾ തന്റെ ശിഷ്യർ ഉറങ്ങുന്നത് കണ്ട് പത്രോസിനോട് ചോദിച്ചു ''ഒരു മണിക്കൂർ പോലും ഉണർന്നിരിക്കാൻ കഴിഞ്ഞില്ല.പ്രലോഭനത്തിൽ ഉൾപ്പെടാതിരിക്കാൻ ഉണർന്നിരുന്ന് പ്രാർത്ഥിക്കുക

എന്തെന്നാൽ ആത്മാവ് സന്നദ്ധമെങ്കിലും ശരീരം ബലഹീനമാണ് '

ഇപ്രകാരം ശിഷ്യന്മാരോട് പറഞ്ഞു അവൻ വീണ്ടും പോയി അതേ വചനം പ്രാർത്ഥിച്ചു .തിരിച്ചു വന്നപ്പോൾ വീണ്ടും അവർ ഉറങ്ങുന്നതാണ് കണ്ടത് .അവരുടെ കണ്ണുകൾ നിദ്രാഭാരമുള്ളതായിരുന്നു .

അവൻ വീണ്ടും പോയി

അതേ വചനം തന്നെ പ്രാർത്ഥിച്ചു .തിരിച്ചു വന്നപ്പോൾ വീണ്ടും അവർ ഉറങ്ങുന്നതുകണ്ട് അവൻ അവരോട് പറഞ്ഞു '''ഇനിയും നിങ്ങൾ ഉറങ്ങി വിശ്രമിക്കുന്നു മതി സമയമായിരിക്കുന്നു മനുഷ്യപുത്രൻ പാപികളുടെ കൈകളിലേൽപ്പിക്കപ്പെടുന്നു നമുക്ക് പോകാം അവർ എത്തിക്കഴിഞ്ഞു. '

പറഞ്ഞപ്രകാരം കൃത്യസമയത്ത് തന്നെ യുദാസ് പ്രധാന പുരോഹിതനും പടയാളികളുമായി തോട്ടത്തിൽ എത്തി .രണ്ടു കൂട്ടരോടും പറഞ്ഞുറപ്പിച്ചതുപോലെ യൂദാസ് ഗുരുവിനെ ഗാഢമായി ചുംബിച്ചു.

യേശു അവനെ കരുണയോടെ നോക്കി. യജമാനനു വേണ്ടി യുദ്ധം ജയിച്ച ഭൃത്യന്റെ ആശ്വാസമായിരുന്നു യൂദായുടെ മുഖത്ത്.

ആ സമയം പുരോഹിത പടയാളികൾ യേശുവിനെ ബന്ധിച്ചു. പത്രോസ് അരയിലെ വാളെടുത്ത് ഗുരുവിനെ ബന്ധിച്ചവന്റെ കാതു അരിഞ്ഞു താഴെയിട്ടു .കാര്യങ്ങളെല്ലാം കൃത്യമായി നടക്കുന്നത് കണ്ട് ബർതിമൂസ് തന്റെ സൈന്യത്തിന് അടയാളം നൽകാൻ തയ്യാറായി നിൽക്കുകയാണ്.

പെട്ടെന്നാണ് അവന്റെ ഹൃദയത്തിൽ ഇടിമുഴക്കം ഉണ്ടായത്. എട്ടുദിക്കും കുലുങ്ങുമാറു ച്ചത്തിൽ യേശുവിന്റെ ശബ്ദം അവന്റെ ഹൃദയത്തിൽ മുഴങ്ങി.

യേശു കുപിതനായി പത്രോസിനോടു പറഞ്ഞു. ' പത്രോസ് നിനക്കറിയില്ലേ വാളെടുത്തവൻ വാളാൽ എന്ന്. വാൾ അതിന്റെ ഉറയിലുടുക. ''അനന്തരം അവൻ കുനിഞ്ഞ് പടയാളിയുടെ ചെവിയെടുത്ത് തൽസ്ഥാനത്തു വെച്ച് സുഖപ്പെടുത്തി.

എല്ലാം തലകീഴായിരിക്കുന്നു. പത്രോസ് ഭയന്നു. യൂദാ നെഞ്ചത്തടിച്ച് നിലവിളിച്ചു. ബെർതിമൂസ്ഇടിവെട്ട് ഏറ്റവനെ പോലെ നിശ്ചലമായ്.

അവൻ പ്രധാന പുരോഹിതന് നേരെ തിരിഞ്ഞു ചോദിച്ചു ''കവർച്ചക്കാരനെതിരെ എന്നപോലെ നിങ്ങൾ വാളും വടിയും സൈന്യവുമായി എന്നെ ബന്ധിക്കാൻ വന്നിരിക്കുന്നത് എന്തുകൊണ്ട്. ഞാൻ നിങ്ങളുടെ മുന്നിൽ വച്ചല്ലേ ദേവാലയത്തിൽ സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്തു കൊണ്ടിരുന്നത് എന്നാൽ ഇപ്പോൾ സമയമായിരിക്കുന്നു ഇത് നിങ്ങളുടെ സമയമാണ്.അന്ധകാരത്തിന്റെ ആധിപത്യ ‘

. പടയാളികളോടായി അവൻ ' പറഞ്ഞു നിങ്ങൾ എന്നെയാണ് അന്വേഷിക്കുന്നതെങ്കിൽ ഇതാ ഞാൻ .ഇവർ പോയിക്കൊള്ളട്ടെ

തിരുഹിതം നിറവേറേണ്ടിയിരിക്കുന്നു''.

പത്രോസിന് ഒന്നും മനസ്സിലാകുന്നില്ല ഇതുവരെ കണ്ട ഗുരുവേ അല്ല നിര നിരുപാതികമായി കീഴടങ്ങുന്ന ഒരു കുഞ്ഞാട്. അവരുടെ ഹൃദയം നിലച്ചുപോയ്. ബുദ്ധി മരവിച്ചു. എന്തെന്നാൽ അവന്റെ വാക്കുകളെ നിഷേധിക്കാൻ അവർക്കായില്ല. അവരുടെ കൈകളും ഹൃദയവും ആരോ ബന്ധിക്കപ്പെട്ടിരിക്കുന്നു .പത്രോസ് അപരിചിതനെ പോലെ ഗുരുവിനെ നോക്കി

.കുറച്ചു മണിക്കൂറുകൾക്കു മുമ്പ് അത്താഴസമയത്ത് ഗുരു തങ്ങൾക്ക് നൽകിയ ധൈര്യം . ''വാളില്ലാത്തവൻ സ്വന്തം കുപ്പായം വിറ്റ് വാൾ വാങ്ങട്ടെ എന്നായിരുന്നു. എന്നാൽ ഇപ്പോൾ പറയുന്നു. വാൾ അതിന്റെ ഉറയിലുടുക എന്ന് !'' ഈ സമയം കൊണ്ട് പുരോഹിത സൈന്യം യേശുവിനെ പിടിച്ചു കെട്ടി.ശിഷ്യന്മാരെ ചിതറിച്ചു കളഞ്ഞു.

കാലം പലതും മായ്ക്കുകയും വരക്കുകയും ചെയ്തു.ഒറ്റുകാരന്റെ ചരിത്രം അവിടെ തന്നെ നിന്നു പോയി.. മറ്റെല്ലാം പലപ്പോഴായി വിശുദ്ധികരിക്കപ്പെടട്ടു.

എല്ലാം മാറിപ്പോയി എന്നറിഞ്ഞപ്പോൾ ഒറ്റിക്കൊടുക്കാനുള്ള ഉത്തരവാദിത്തം തന്നെ ഏൽപ്പിച്ചവരോട് എനിക്കു തെറ്റിപ്പോയി എന്ന് ഒറ്റുകാരൻ ഏറ്റുപറഞ്ഞു.

വാങ്ങിയ വെള്ളിക്കാശ് തിരിച്ചു കൊടുത്ത് ഗുരുവിനെ മരണത്തിൽ നിന്ന് രക്ഷിക്കാൻ ശ്രമിച്ചു .

ജലം അതിന് ഇഷ്ടമുള്ള ഇടത്തേക്ക് ഒഴുകുകയും; കാറ്റ് അതിന് ഇഷ്ടമുള്ള ഇടത്തേക്ക് വീശുകയും ചെയ്തു. മഹത്തായ സ്വപ്നങ്ങൾക്ക് ഒരാൾ ബലിയാകേണ്ടതുണ്ട്

യൂദാ ബലിമൃഗമായി ഇന്നും തല കീഴായ് തൂങ്ങിക്കിടക്കുന്നു. താൻ ഒറ്റുകാരനല്ല എന്ന രഹസ്യം അവനിൽ മാത്രം ഒതുങ്ങി .

# സ്പൂൺ വുമൺ



ഉപയോഗിക്കുന്ന പാത്രങ്ങളും
കത്തികളും കുപ്പികളും മാറ്റി
ഒരു സ്പൂണെടുത്തു
വെള്ളത്തിൽ പ്രായിൽ മീനായി തിളങ്ങി
അതിലൊട്ടു നോക്കി
പെണ്ണാകാൻ കൊതിച്ചു
നീണ്ട കൈകാലുകളുള്ള മനുഷ്യരെ
നായിന്റെ നീളത്തെ
അളന്ന കണ്ണുകൾ തിളങ്ങി

എന്തിനാണ് നീളത്തെ നീട്ടുന്നത്?
എന്തിനാണ് ലോഹത്തെ പതം വരുത്തി
ജീവന്റെകമ്പികളാക്കുന്നത്?
എന്തിനാണ് നടന്നു നിശ്ചലമാകുന്നത്?

അമ്പരന്ന ജിയകോമറ്റി
ഗിറ്റാറിലെ കാമ്പുവള്ളിയിലെന്നപോലെ
ഇടറി


ഒരു സ്ത്രീ ഉരുണ്ടു പോയ പാത്രങ്ങൾ തിരയുന്നതു കണ്ടു

അവളുടെ കണ്ണുകൾ ചലിക്കുന്നില്ല
ശരീരം ട്രപ്പീസു കണക്ക് ചലിക്കുന്നു
ഉരുണ്ടു പോയ പാത്രങ്ങൾക്കടുത്തെത്താതെ
അവൾ അതാ
അവൾ ഇതാ
ഒരു കറക്കം

കറക്കത്തെ കണക്കിൽ
തോല്പിക്കാനാവുന്നുണ്ട്
നിരാശയെ എന്തുകൊണ്ട് തോല്പിക്കും?
അനുഭവത്തെ എന്തുകൊണ്ട് പകരം വീട്ടും?

ജിയകോമറ്റിക്ക് ആ സ്പൂണിൽ അവളുണ്ടെന്നു
മനസിലായില്ല
പിന്നെ ആ സ്പൂണെടുത്തു
കപ്പിലെ പഞ്ചസാര കലക്കി
ചായയോടു ചേർത്തു
കഴുകിഎടുത്തിടത്തു വച്ചു

അപ്പോൾ പ്ലാസ്റ്റർ ഓഫ് പാരീസ് പിറുപിറുത്തു:
നിങ്ങളുടെ സ്ത്രീയല്ലേ ആ സ്പൂണിലുള്ളത്



**വി ആർ സന്തോഷ്**

# ജിമ്മിലെ ആണുങ്ങൾ



പുരുഷന്മാർ ജിമ്മിൽ കരയുന്നത്
ട്രെഡ്മിൽ കേൾക്കുന്നു
അവരുടെ ഹൃദയങ്ങൾ
നെഞ്ചിനേക്കാളും
ഷർട്ടിനേക്കാളും വലുതായിരിക്കും
ഗെയിംസ് കിറ്റ് മറന്നുപോയ
കുട്ടികളെപ്പോലെ
വസ്ത്രം ധരിച്ചിരിക്കും
അവർ ടോയ്‌ലറ്റിൽ കരയുന്നു
പ്രതിമകളായി
സ്വയം നിർമ്മിച്ചിരിക്കുന്നതിനാൽ
ദൈവം അവരിലേക്ക്
പ്രവേശിച്ചതായി കരുതുന്നു
വിയർപ്പു ടവ്വലുകൾ പോലെ
സിങ്കിലേക്ക് അവരുടെ മുഖം
വിയർപ്പൊഴുക്കുന്നു
അവരുടെ സിരകൾ പൊട്ടിപ്പിളർന്ന്
കാല്പാദങ്ങളിലൂടെ ടൈലുകളിലേക്ക്
പടരുന്നു
വെള്ളം പ്രോട്ടീൻ ഷേക്കുകളാക്കി മാറ്റുന്നു
കണ്ണാടികൾക്ക് അടുത്ത്
ഗ്ലാസിന് അടുത്ത്
സ്വന്തം മുഖത്തിന്റെ
തകർന്ന കുളങ്ങൾ കാണുന്നു
കവിളിലെ നനവ് വിയർപ്പാണെന്ന്
സത്യപ്രസ്താവന നടത്തുന്നു
ഭാരംഉയർത്തുമ്പോൾ പിറുപിറുക്കുന്നത്
അർത്ഥശൂന്യമാണെന്ന് ആവർത്തിക്കുന്നു
പേശികൾ വലിഞ്ഞു പൊട്ടുമ്പോൾ
അവർക്ക് ഒന്നും തോന്നുന്നില്ല
ആയിരക്കണക്കിന് ഒടിവുകളുമായി നിത്യ
ജീവിതത്തിലേക്കു പ്രവേശിക്കുമ്പോൾ
കമ്പിയിൽ നിന്ന് സിമന്റ് എന്ന പോലെ
ഊർന്നു വീഴുന്നു

# MUKKUT
## MONUMENTS INC.



**PHONE (C)**
**972-342-0041**



**E-mail: mukkutmonuments@gmail.com**
**www.mukkutmonuments.com**




**We Specialize in Custom Creation and Installation of Cemetery Granites, Bronze Memorials Sculptures, Large Stone Cross for Churches.**

**WE SERVICE ALL OVER USA, CANADA & INDIA**

● ചെറുകഥ



ശശി കുറുപ്പ്



വര:
പി ആർ രാജൻ

# പൂർവ്വാശ്രമം !

**കൊടിയ പാപ ഭാരം ഹൃദയത്തിലേറി മാധവൻ വീട്ടിലേക്ക് നടന്നു. ബലികാക്കയും കുയിലും പച്ചപ്പനന്തത്തയും രാത്രിയിൽ മാത്രം രാഗങ്ങൾ പാടുന്ന ജീവികളും മാധവനെ സ്വാന്തന പ്പെടുത്തി പറഞ്ഞു,' സാരമില്ല, സാരമില്ല അതൊന്നും പാപമല്ല. '**

ലാടവൈദ്യൻ പടിപ്പുര കടന്ന് മുറ്റത്ത് പ്രവേശിക്കുമ്പോൾ മഹേശ്വരിയമ്മ എരുത്തിലിൽ ഉണ്ടായിരുന്നു. ലക്ഷ്മിയുടെയും നീലിയുടെയും മുലകളിൽ കറവിക്കാരി നാണിയമ്മ മൃദുവായി , ചിലപ്പോൾ ചെറിയൊരു മർദ്ദം ചെലുത്തി കറക്കുന്നതോടെയാണ് മഹേശ്വരിയമ്മയുടെ വിഭാതചര്യകൾ തുടങ്ങുന്നത്.

കൊയ്ത്ത് തുടങ്ങിയാൽ കാളവണ്ടിയിലും തലച്ചുമടുമായി കറ്റകൾ മഹേശ്വരിയമ്മയുടെ മെതിപ്പുരയിൽ എത്തിക്കും .

മഴപെയ്ത് തെന്നുന്ന വരമ്പിലൂടെ തലച്ചുമടായി കൊണ്ടുവരുന്ന കറ്റകൾ അപ്പോൾത്തന്നെ മെതിച്ച് കിട്ടുന്ന പതം വാങ്ങി കൂരകളിലേക്ക് കർഷക തൊഴിലാളികൾ മടങ്ങും.

വിറക് കാണില്ല. കരീലയിട്ട് കത്തിച്ച അടുപ്പിൽ കരിപിടിച്ച പരന്ന

ചരുവത്തിൽ നെല്ല് ഉണക്കി ഉരലിൽ കുത്തിയെടുത്ത് അരി വേവിക്കുമ്പോഴേക്കും കുട്ടികൾ ഉറങ്ങിയിരിക്കും.

' ഇന്ന് രാത്രി കഞ്ഞി വെക്കാനുള്ള പതത്തിനായി ആരും കറ്റ മെതിക്കേണ്ട. അരി ഇവിടെ നിന്നും തരും '

മഹേശ്വരിയമ്മ എല്ലാവരോടുമായി പറഞ്ഞു.

കൊയ്ത്ത് കഴിഞ്ഞാൽ പാടത്ത് അവശേഷിക്കുന്ന ചെറു ജീവികളെ പക്ഷികൾ ആഹാരമാക്കും.ദുർബലർക്ക് അതിജീവനം അസാദ്ധ്യമാകും പലപ്പോഴും.

ആര്യങ്കാവ് ചുരം കയറിവന്ന നാടോടി ലാടവൈദ്യന്മാരും, മാന്നാറിൽ നിന്ന് താറാവു കൃഷിക്കാരും കൊയ്ത്തു കഴിഞ്ഞാൽ എത്തും,.

താറാവിനെ ഇറക്കാൻ അനുമതി നൽകിയതിന് പ്രതിഫലമായി മഹേശ്വരിയമ്മക്ക് മുട്ടകൾ കൊടുക്കും..

ലാടൻ കഷായവും എണ്ണയും .

'ഇഷ്ടമുള്ളിടത്ത് കുടിൽകെട്ടിക്കോ' മഹേശ്വരിയമ്മ ലാട വൈദ്യന് അനുവാദം നൽകി .

എന്റെ നടുവേദന മാറിയില്ല ലാടാ , ഇക്കുറിയെങ്കിലും മാറ്റാൻ പറ്റുമോ?

'മയിലെണ്ണ വേണം. ഇങ്കൾക്ക് പെൺമയിൽ തന്നെ വേണം. കിട്ടണില്ല. പാക്കലാം '

കാലിൽ മുറിവ് പറ്റിയ തന്നെ നായ്ക്കളിൽ നിന്നും രക്ഷപ്പെടുത്തി വളർത്തിയ മഹേശ്വരിയമ്മയുടെ നടുവേദനയുടെ കാരണം അറിഞ്ഞപ്പോൾ കമ്പിളിനാരകത്തിൽ ഇരുന്ന പെൺമയിൽ സങ്കടപ്പെട്ടു.

മഹേശ്വരിയമ്മയുടെ സങ്കടം അവൾക്ക് ഹൃദയഭേദകമായി. അവൾക്ക് മഹേശ്വരിയമ്മ അന്നദാതാവും അമ്മയുമാണ്.

ലാടൻ വയലോരത്ത് കുടിൽ കെട്ടി..ചെറിയ ചാക്കുകളിൽ എന്തൊക്കയോ കാട്ടുകിഴങ്ങുകളും വേരുകളും. ഒരു മൂലയ്ക്ക് കെട്ടിവെച്ച പച്ചിലകളും കുറെ എണ്ണക്കുപ്പികളും കുടിലിനു മുമ്പിൽ നിരഞ്ഞി.

കരിമന്തി ലേഹ്യവും ഉടുമ്പ് രസായനവും അജമാംസ രസായനവും ആണ് വില്പന.

മയിലെണ്ണ വിൽപ്പന ഒഴിവാക്കി

മാധവൻ പടിപ്പുര കടന്ന് വന്നപ്പോളാണ് മയിലെണ്ണയുമായി ലാടനും എത്തിയത്. മാധവനെ അടുത്തു വിളിച്ച് മഹേശ്വരിയമ്മ പറഞ്ഞു,

' നീ വന്നത് കാര്യമായി, മയിലെണ്ണ ഒന്ന് തേച്ചു താ . ഏഴ് ദിവസം തുടർച്ചയായി തേക്കണം '

മാധവന്റെ പത്താംക്ലാസ്സിലെ കണക്ക് ടീച്ചറായിരുന്നു മഹേശ്വരിയമ്മ.

ടീച്ചർ ഈ വർഷം വിരമിക്കും.

ടീച്ചറുടെ കൂടെ സ്കൂളിൽ പോകുന്നത് വലിയ അഭിമാനമായിരുന്നു

**ഉമി നെരിപ്പോടിൽ നീറി ചാമ്പലാകുന്ന പോലെ ജലപാനം പോലും നിഷേധിച്ച് , ഉന്മാദം ബോധമണ്ഡലത്തെ ഉഴുതു മറിച്ച നിമിഷങ്ങളെ ശപിച്ച് മഹേശ്വരിയമ്മ ഹൃദയം സ്തംഭിച്ച് ഇഹലോകത്തിൽ നിന്നും മുക്തി തേടി,മാധവൻ തീവണ്ടി കയറിയ ആറാംപക്കം.**

അതി സുന്ദരിയായ ടീച്ചറെ കണ്ടാൽ ഉടനെ ലോഹ്യം പറയാനായി ആൾക്കാർ അടുത്തു കൂടം.

എന്നും സ്കൂളിലെത്താൻ വൈകും.

ശിരസ്താർ ആയിരുന്ന ഭർത്താവ് കൃഷ്ണമേനോൻ മരിച്ചതിൽ പിന്നെ വെളുത്ത സാരി മാത്രമെ ടീച്ചർ ധരിക്കു.

അവർക്ക് മക്കളില്ലായിരുന്നു.

സ്കൂൾ തുറക്കുമ്പോൾ പല കുട്ടികൾക്കും പുസ്തകവും പുതുവത്രങ്ങളും ടീച്ചർ വാങ്ങി കൊടുക്കും.

അകത്തളത്തിലെ അറയുടെ ഭിത്തിയിൽ കൈകൾ താങ്ങി, തോർത്തുടുത്ത് മയിലെണ്ണ പുരട്ടാനായി മഹേശ്വരിയമ്മ നിന്നു.

അരയുടെ ഭാഗത്ത് എണ്ണ പുരട്ടി തടവ് നിർത്തി മാധവൻ.

' എന്താ മാധവാ നിർത്തിയത് ? '

ഈ തോർത്ത് ?

ഓ! അതങ്ങ് മാറ്റ്.

മാധവൻ മയിലെണ്ണ നന്നായി അവരുടെ നടുവിലും വിസ്താരമാർന്ന പൃഷ്ഠഭാഗത്തും തേച്ചു പിടിപ്പിച്ചു.

' വയറിലും താഴോട്ടും തേക്ക്. '

രോമാവൃതമായ ഭാഗങ്ങൾ ഒക്കെ കടന്ന് കാൽപ്പാദങ്ങളിൽ എത്തിയപ്പോൾ

' മതി ' എന്ന് മഹേശ്വരിയമ്മ.

എണ്ണ പുരട്ടലിന്റെ അവസാന ദിവസം മഹേശ്വരിയമ്മ മാധവനോട് പറഞ്ഞു.

' എന്നും നീ എന്നെ എണ്ണ തേപ്പിച്ചില്ലേ? ഇന്ന് ഞാൻ നിന്നെ തേപ്പിക്കാം.

മാധവന്റെ ശരീരമാസകലം വാത്സല്യത്തോടെ അവർ മയിലെണ്ണ പുരട്ടി തടവി.

ടീച്ചറുടെ ഹസ്ത ലാളനത്തിന്റെ സ്നേഹപ്രവാഹം മാധവനിൽ നിന്നും ബഹിർഗ്ഗമിച്ചപ്പോൾ അവൻ ഞെട്ടി വിറച്ചു.

അവർ മാധവന്റെ നെറുകയിൽ ചുംബിച്ച് കൊണ്ട് പറഞ്ഞു,

' മാധവൻ പൊയ്ക്കോളൂ, ആരോടും പറയേണ്ട '

കൊടിയ പാപ ഭാരം ഹൃദയത്തിലേറി മാധവൻ വീട്ടിലേക്ക് നടന്നു.

ബലികാക്കയും കുയിലും പച്ചപ്പനന്തത്തയും രാത്രിയിൽ മാത്രം രാഗങ്ങൾ പാടുന്ന ജീവികളും മാധവനെ സ്വാന്തന പ്പെടുത്തി പറഞ്ഞു,' സാരമില്ല, സാരമില്ല അതൊന്നും പാപമല്ല. '

മാധവൻ തീവണ്ടി കയറുമ്പോൾ ലക്ഷ്യം ഇല്ലായിരുന്നു.

എന്തിന് യാത്ര പുറപ്പെട്ടു എന്നത് മാത്രം അറിയാം.

താൻ നിനച്ചതല്ല, ഒരിക്കലും മാപ്പ് കിട്ടാത്ത പാപം ചെയ്തു.

അതിന്റെ തീവ്രമായ വ്യഥയിൽ അനേകം നാടുകളും നഗരങ്ങളും ആശ്രമങ്ങളും പിന്നിട്ടു

ചെന്നുപെട്ടത് ഗോവിന്ദ ഗുരുവിന്റെ പർണ്ണശാലയിൽ.

ഉമി നെരിപ്പോടിൽ നീറി ചാമ്പലാകുന്ന പോലെ ജലപാനം പോലും നിഷേധിച്ച് , ഉന്മാദം ബോധമണ്ഡലത്തെ ഉഴുതുമറിച്ച നിമിഷങ്ങളെ ശപിച്ച് മഹേശ്വരിയമ്മ ഹൃദയം സ്തംഭിച്ച് ഇഹലോകത്തിൽ നിന്നും മുക്തി തേടി,

മാധവൻ തീവണ്ടി കയറിയ ആറാംപക്കം.

ഗുരുവിന്റെ ആദ്ധ്യാത്മിക ശിക്ഷണത്തിൽ യോഗം, വേദാന്തം, ആയുർവേദം ഉപനിഷത്തുകൾ തുടങ്ങി സകല ശാസ്ത്രങ്ങളും പഠിച്ചു.

ചില പരിതസ്ഥിതികളിൽ ഇന്നതു ധർമ്മം ഇന്നത് അധർമ്മം എന്നു നിശ്ചിയിക്കുക മഹാത്മാക്കളായ ഋഷികൾക്കും എളുതല്ല. ധർമ്മാധർമ്മ ചിന്തകളോർത്ത് സമയം കളയാതെ മനസ്സിനെ മനനം ചെയ്ത് യാഥാർത്ഥ്യം കണ്ടെത്തണം.

ഗുരുജി ഉപദ്ദേശിച്ചു.

പൂർണ്ണസ്യ പൂർണ്ണമാദായ
പൂർണ്ണമേവാവശിഷ്യതേ

ശാന്തമായി ഒഴുകിയ അളകനന്ദയെ നിലാവ് ശോഭ പൂരിതമാക്കി. കരുണയോടെ പ്രവഹിച്ച പുണ്യവാഹിനിയിലൂടെ മഹേശ്വരിയമ്മ കടന്നു വന്ന് മാധവാനന്ദയെ ആശ്ലേഷിച്ചു

' എന്റെ മകനെ, മാധവാ

പൊന്നുമോൻ ടീച്ചറോട് ക്ഷമിക്കണം '

മാധവാനന്ദ ഞെട്ടിയുണർന്നു

മഹേശ്വരിയമ്മ തെറ്റൊന്നും ചെയ്തിട്ടില്ല എന്ന തിരിച്ചറിവിലെത്താൻ സംവത്സരങ്ങൾ വേണ്ടി വന്നു.

ആശ്രമം വിടുവാനുള്ള തീരുമാനം കൈക്കൊണ്ടു.

' പോകു മകനെ, പ്രപഞ്ചത്തിലെ സർവ്വ ചരാചരങ്ങളും ഇശാവാസ്യമാണ്. കണ്ടെത്തൂ നന്മയുടെ നിറവ് '

ഗുരുജി മാധവാനന്ദയെ യാത്രയാക്കി.

പഞ്ച മഹാനദികളും വേദാന്ത വനങ്ങളും കർഷകരുടെ ഭൂമിയിലെ വരപ്രസാദങ്ങളും കടന്ന് മാധവാനന്ദ പടിപ്പുരയുടെ മുമ്പിൽ എത്തി നീണ്ട അമ്പത് സംവത്സരങ്ങൾക്ക് ശേഷം.



**മഹേശ്വരിയമ്മ തെറ്റൊന്നും ചെയ്തിട്ടില്ല എന്ന തിരിച്ചറിവിലെത്താൻ സംവത്സരങ്ങൾ വേണ്ടി വന്നു. ആശ്രമം വിടുവാനുള്ള തീരുമാനം കൈക്കൊണ്ടു. ' പോകു മകനെ, പ്രപഞ്ചത്തിലെ സർവ്വ ചരാചരങ്ങളും ഇശാവാസ്യമാണ്. കണ്ടെത്തൂ നന്മയുടെ നിറവ്' ഗുരുജി മാധവാനന്ദയെ യാത്രയാക്കി.**

അവിടെ മഹേശ്വരിയമ്മ ആറടി മണ്ണിൽ ഉറങ്ങുന്ന , സ്മൃതികൾ സംസ്കരിച്ച സ്ഥലം കാടുകൾ കയറി പ്രവേശനം നിഷേധിച്ചു.

' മാധവ , മാധവ കമ്പിളി നാരകത്തിൽ വന്നിരിക്കാറുണ്ടായിരുന്ന പെൺമയിൽ രാവിലെ എൻ കുടിലിനു മുമ്പിൽ വന്ന്

കുറെ നേരം നൃത്തം ചവിട്ടി കുഴഞ്ഞുവീണ് ചത്തു.മഹേശ്വരിയമ്മക്ക് മയിലെണ്ണ കാച്ചിക്കൊടുത്തത് അങ്ങനെയാണ്. 'മോൻ ആരോടും പറയരുത്. 'ലാടൻ അന്ന് പറഞ്ഞു.

പടിപ്പുരയിൽ സാഷ്ടാംഗ പ്രണാമം അർപ്പിച്ച് മാധവൻ യാത്രയായി.





രമാ പിഷാരടി


# ആവിർഭാവം

ആയുസ്സിൻ പുസ്തകത്താളിലെന്താണെന്ന്
ആരും പറഞ്ഞ് തന്നില്ല
കാറ്റും, വെളിച്ചവും, കാടും മരങ്ങളും
കൂട്ടത്തിലുണ്ടായിരുന്നു
കൂട്ടത്തിലല്പം ഇരുട്ടും, ദു:സ്വപ്നവും
കാട്ടുതീക്കാലവും, മുള്ളും
കാട്ടെരിക്കിൻ കയ്പുപാത്രവും, കല്ലിന്റെ
കൂർത്ത നോവിക്കുന്ന ചീളും
തീപ്പെട്ട നോവും, തിരക്കിട്ട പട്ടണ-
ക്കോട്ടയെ ചുറ്റും വിലങ്ങും

പാട്ടായപാട്ടുകൾ കേട്ടിരിക്കുമ്പോഴും
പാട്ടിന്റെയീണങ്ങൾ തെറ്റാം
കൂട്ടിൽ നിന്നെന്നും പറന്നുയിർക്കൊള്ളുന്ന
ദേശാടനക്കിളിക്കൂട്ടം
കൂട്ടിലായ് തൂവൽ കൊഴിഞ്ഞ് വീഴാം
പാട്ട് നേർത്ത് നേർത്തില്ലാതെയാവാം
ദൂരെ പെരുങ്കടൽത്തീരങ്ങളിൽ നിന്ന്
നാവികർ വന്ന് പോയേക്കാം
ഫീനിക്സുകൾ ചിതക്കുയ്ള്ളിൽ നിന്നായുസ്സിൻ
പാഠം പകർന്ന് പോയേക്കാം

പ്രാണന്റെ കൂട്ടിൽ ഋതുക്കളോന്നിച്ച്
ഭൂമി പൂക്കാലമേകുമ്പോൾ
കൂട്ടിയും, വീണ്ടും ഹരിച്ചും, ഗണിച്ചുമാ-
രാശിചക്രത്തിന്റെ മദ്ധ്യേ
ആയുസ്സിൻ പുസ്തകം നീട്ടിയിട്ടാക്കിളി-
ക്കൂട്ടം പതിഞ്ഞ് പാടുമ്പോൾ
പാട്ടിലുണ്ടാകാം സ്വരം തെറ്റുമോർമ്മകൾ
നീർക്കണം പോലുള്ള സത്യം
പാട്ടിലുണ്ടാകാം ചിരിക്കനൽത്തുമ്പിലായ്
ചേർത്ത് മായിച്ചൊരാ നോവ്
പാട്ടിലുണ്ടാകാം കനത്ത മൗനത്തിന്റെ
ഭാഷ പോലായിരം വാക്ക്
പാട്ടിലുണ്ടാകാമൊരേകപ്രപഞ്ചത്തി-
നാശ്വാസമേകുന്ന മണ്ണ്..

● നോവൽ/
## ഒന്നാമത്തെ ദിവ്യ രഹസ്യം



◉ ജോസഫ് എബ്രാഹം

**ഈജിപ്തിൽ നിന്ന് യേശുവും കുടുംബവും വീണ്ടും ജന്മനാട്ടിലേക്ക് തിരികെ വരുന്നതും ജോസഫിന്റെ മനസ്സിൽ ഉയരുന്ന സംശയങ്ങളും ദീപ്തമാക്കുന്ന നോവൽ ഭാഗങ്ങൾ.**
**ജോസഫ് എബ്രഹാത്തിന്റെ നോവലിലെ 13 ആം അദ്ധ്യായം മറിയാമിന്റെ മനുഷ്യത്തത്തെ കൂടി വെളിപ്പെടുത്തുന്നു .**




*വര:*
മറിയം ജാസ്മിൻ

### അധ്യായം –13


# ഒരു രഹസ്യത്തിന്റെ ഭാരം

വീ ഈജിപ്റ്റിലെ പ്രവാസ ജീവിതം കടുത്ത ദാരിദ്ര്യമാണ് നൽകിയത്. ചെയ്തു കൊടുക്കുന്ന ജോലികൾക്ക് തക്കതായ പ്രതിഫലം നല്കാൻ ആളുകൾ മടികാണിച്ചു. ചോദിച്ചു വാങ്ങിക്കുവാനുള്ള എൻറെ കഴിവുകേട് അവർക്കൊരു പ്രോത്സാഹനമായി. പലപ്പോഴും വീട്ടിലേക്കു ഭക്ഷണം വാങ്ങാൻ പണമില്ലാതെ കുഴങ്ങി. മിക്കവാറും ദിവസങ്ങളിൽ ഒരു നേരം മാത്രമായി ഭക്ഷണം. അങ്ങിനെ വിഷമിച്ചിരിക്കെയാണ് യൂദയായിലെ രാജാവായ ഹേറോദോസ് മരിച്ചുവെന്നും മകൻ ഭരണം ഏറ്റെടുത്തുവെന്നും ഈജിപ്റ്റിൽ എത്തിയ ചില വർത്തകരിൽ നിന്നും അറിഞ്ഞത്.

ഹേറോദോസ് രാജാവിൻറെ മരണത്തോടെ യേഷുവായുടെ ജീവന്മേലുള്ള ഭീഷണി ഒഴിവായി. അതുവരെയും ഏതുവിധേനെയും കുഞ്ഞിൻറെ ജീവൻ സംരക്ഷിക്കുക എന്ന ചിന്ത




**മരിയായുടെയും ജോസഫിന്റെയും യാത്രാപഥങ്ങൾ**




**ഈജിപ്തിലേക്കും അവിടെ നിന്നുമുള്ള യാത്ര**

മാത്രമേ മനസ്സിൽ ഉണ്ടായിരുന്നുള്ളൂ. ഇതിനിടയിൽ എൻറെ രക്തത്തിൽ പിറന്ന മക്കളെക്കുറിച്ച് ഞാൻ പാടേ മറന്നുപോയിരുന്നു. അവർ എന്തെടുക്കുകയായിരിക്കും എങ്ങിനെയാണ് ജീവിക്കുന്നത്, എന്നൊക്കെ ചിന്തിക്കുമ്പോൾ മനസ്സിൽ കുറ്റബോധം നിറയുമായിരുന്നു. അല്ലെങ്കിൽത്തന്നെ ഓർത്തിട്ടെന്തു കാര്യം? അവരെക്കൂടി ഈജിപ്തിലെ ദുരിതത്തിലേക്ക് കൊണ്ടു പോരാൻ കഴിയുമായിരുന്നില്ല.

മക്കളെയോർത്തു മനസുവല്ലാതെ കലങ്ങി. അവർ അവരുടെ അമ്മയുടെ വീട്ടിലാണ്. അമ്മ മരിച്ചുപോയ, അപ്പൻ ഉപേക്ഷിച്ചുപോയ മക്കൾക്ക് ആരെങ്കിലും പരിഗണന നൽകുമോ? ഇത് പറ്റിയസമയമാണ്. എത്രയും പെട്ടന്ന് ജന്മനാടായ ബെത്‌ലഹെമിൽ തിരിച്ചെത്തണം അവിടെ താമസമുറപ്പിക്കണം പിന്നെ എന്റെ മക്കളെയും കൂട്ടി സമാധാനമായി ജീവിക്കണം. അതായിരുന്നു എൻറെ മനസ്സിലെ ആഗ്രഹം മുഴുവനും.

തിരിച്ചുള്ള യാത്രയ്ക്ക് പണം വേണം. വഴിച്ചിലവായി നല്ലൊരു തുകവേണ്ടി വരും. ആലോചിച്ചിട്ടൊരു

**നസ്രത്തിൽ നിന്നും ബെത്‌ലഹെമിലേക്ക് യാത്ര ചെയ്തപ്പോൾ വഴിയിൽ നിന്നും കൂടെ ചേർന്ന പെൺകഴുത അപ്പോഴും കൂടെയുണ്ട്. യാത്രയിൽ രണ്ടു കഴുതകൾ ഉണ്ടെങ്കിൽ നല്ലതാണ്. പക്ഷെ പണം വേണമല്ലോ? അതുകൊണ്ടുതന്നെ കഴുതയെ വിൽക്കാൻ തീരുമാനമെടുത്തു. മിരിയാം തടസം പറഞ്ഞുവെങ്കിലും വഴിച്ചിലവിനു നിൻറെ കയ്യിൽ പണമുണ്ടോ എന്നു ചോദിച്ചതോടെ അവൾ മൗനിയായി. യാത്രക്കുള്ള ഒരുക്കങ്ങൾ പൂർത്തിയായി.**

എത്തുംപിടിയും കിട്ടിയില്ല. നസ്രത്തിൽ നിന്നും ബെത്‌ലഹെമിലേക്ക് യാത്ര ചെയ്തപ്പോൾ വഴിയിൽ നിന്നും കൂടെ ചേർന്ന പെൺകഴുത അപ്പോഴും കൂടെയുണ്ട്. യാത്രയിൽ രണ്ടു കഴുതകൾ ഉണ്ടെങ്കിൽ നല്ലതാണ്. പക്ഷെ പണം വേണമല്ലോ? അതുകൊണ്ടുതന്നെ കഴുതയെ വിൽക്കാൻ തീരുമാനമെടുത്തു. മിരിയാം തടസം പറഞ്ഞുവെങ്കിലും വഴിച്ചിലവിനു നിൻറെ കയ്യിൽ പണമുണ്ടോ എന്നു ചോദിച്ചതോടെ അവൾ മൗനിയായി. യാത്രക്കുള്ള ഒരുക്കങ്ങൾ പൂർത്തിയായി.

യാത്രയാക്കാൻ ആരും തന്നെ ഉണ്ടായിരുന്നില്ല. യേഷുവായ്ക്ക് അപ്പോഴേക്കും ഏഴുവയസു കഴിഞ്ഞിരിക്കുന്നു. ബാലനായ അവൻറെ ആദ്യത്തെ ദീർഘയാത്ര കൂടിയായിരുന്നത്. ദിവസങ്ങളുടെ സഞ്ചാരത്തിനൊടുവിൽ പലസ്തീനയിലെ ഗാസയിൽ എത്തിച്ചേർന്നു. ബെത്‌ലഹേമിലേക്ക് പോകാനുള്ള തയ്യാറെടുപ്പോടെ ഗാസയിൽ വിശ്രമിക്കുമ്പോൾ, ഞങ്ങൾ താമസിച്ച സത്രത്തിൽ വച്ചു അവിടെ തങ്ങിയിരുന്ന വർത്തക സംഘത്തെ കണ്ടുമുട്ടി. അവർ ഈജിപ്റ്റിലെക്കു പോകുന്നതിനിടയിൽ ഒരുരാത്രി സത്രത്തിൽ തങ്ങിയതായിരുന്നു. അവരിൽ നിന്നാണ് യൂദയായിലെ വിശേഷങ്ങൾ അറിഞ്ഞത്.

ഹേറോദോസ് രാജാവ് തൻറെ അവസാന നാളുകളിൽ ജറുസലേമിലെ കൊട്ടാരംവിട്ടു ജെറിക്കോയിൽ വന്നു താമസംതുടങ്ങി. അതീവ ദയനീയമായിരുന്നു അദ്ദേഹത്തിന്റെ അന്ത്യ

നാളുകൾ. ജീവിച്ചിരിക്കെ ശരീരം അഴുകി പുഴുവരിച്ചുകൊണ്ടിരിക്കുക എന്ന മാരകമായ ഒരു രോഗത്തിൻറെ പിടിയിലായിരുന്നു രാജാവപ്പോൾ. അസഹനീയമായ വേദനയാലും ദുർഗന്ധത്താലും അദ്ദേഹം വലഞ്ഞു. തൻറെ ജീവൻ സുരക്ഷിതമാക്കാൻ സ്വന്തം ഭാര്യയേയും നിഷ്കളങ്കരായ നാലു മക്കളെയും, തൻറെ ജീവന് ഭീഷിണിയായി തീരുമെന്ന് തോന്നിയ ബന്ധുമിത്രാദികളെക്കെയും വധിക്കുകയും സദാനേരവും ജീവൻ സുരക്ഷിതമാക്കാൻ അംഗരക്ഷകരെ വിന്യസിക്കുകയും ചെയ്ത രാജാവിന് സ്വന്തം ജീവൻ ഒരു ഭാരമായി തീർന്നു. വല്ലവിധേനയും സ്വന്തം ജീവൻ പോയികിട്ടിയിരുന്നെങ്കിൽ എന്നദ്ദേഹം അതിയായി ആഗ്രഹിച്ചു. ഒരിക്കൽ ജീവനൊടുക്കാനായി സ്വയം കുത്തി മരിക്കാൻ തുടങ്ങിയ രാജാവിനെ ഒരു ബന്ധു ഇടപെട്ടു ആ ശ്രമത്തിൽ നിന്നും തടഞ്ഞു.

ദിവസം മൂന്നുനേരം ചാവുകടലിലെ വെള്ളത്തിൽ മുങ്ങി കുളിക്കുക, ഒരു പക്ഷെ ചാവുകടലിലെ ലവണാംശം രാജാവിൻറെ അസുഖത്തിനു ശമനം നൽകിയേക്കാം എന്ന വൈദ്യൻറെ ഉപദേശപ്രകാരം പകൽ സമയം അദ്ദേഹം ചാവുകടൽ തീരത്ത് വിശ്രമിച്ചു. അംഗരക്ഷകർ രാജാവിനെ താങ്ങിപ്പിടിച്ചുകൊണ്ട് മൂന്നു നേരവും ചാവുകടൽ ജലത്തിൽ കുളിക്കാൻ കൊണ്ടുപോയിരുന്നു. എന്നിട്ടും രോഗശമനം ഉണ്ടായില്ല. രാജാവിനെ രക്ഷിക്കാൻ ആർക്കുമായില്ല. ഉഗ്രമായ വേദനയും സ്വന്തം മാസം അഴുകുന്ന മണവും സഹിച്ചു രാജാവ് നരകയാതനയോടെ ജീവിച്ചു. തൻറെ സമീപത്തേക്ക് അറപ്പോടെ സമീപിക്കുന്ന ദാസന്മാരുടെ മുഖങ്ങൾ അദ്ദേഹത്തിൻറെ ഗർവിനെ തളർത്തുകയും മനസ്സിനെ വേദനിപ്പിച്ചുവെങ്കിലും രാജാവ് നിസഹായനായിരുന്നു. പുഴുത്ത വന്യമൃഗത്തെ കാണുന്നപോലെയാണ് മറ്റുള്ളവർ അദ്ദേഹത്തെ കണ്ടിരുന്നത്. അറപ്പും ഭയവും. ഈ രണ്ടു വികാരങ്ങളായിരുന്നു സേവകരുടെ മുഖത്തു കാണാൻ കഴിഞ്ഞിരുന്നത്. ആരും രാജാവിനോട് സഹതപിച്ചില്ല. അത്രമാത്രം രക്തക്കറ അദ്ദേഹത്തിൻറെ കൈകളിൽ പുരണ്ടിരുന്നു.

ഹേറോദീസ് രാജാവിൻറെ മരണശേഷം അദ്ദേഹത്തിന്റെ മരണപത്രപ്രകാരം അഗസ്റ്റസ് സീസർ ചക്രവർത്തി രാജ്യത്തെ മൂന്നായി വിഭജിച്ചു രാജാവിന്റെ മൂന്നു മക്കളെ ഭരണമേൽപ്പിച്ചു. യൂദയാദേശം ഹേറോദീസ് രാജാവിൻറെ മകൻ അർച്ചിലസിൻറെ ഭരണത്തിൻ കീഴിലായി. ക്രൂരതയുടെ കാര്യത്തിൽ മകൻ അച്ഛനെ കടത്തി

**മിസ്രയിമിലെ കഷ്ടതകൾക്കും ദാരിദ്ര്യത്തിനുമൊടുവിൽ കുഞ്ഞിൻറെ ജീവൻ ഇനി യൂദയായിൽ സുരക്ഷിതമെന്നു കരുതി തിരികെ പോന്നതാണ്. ഇനി ഞങ്ങൾ എന്തുചെയ്യണം വന്നിടത്തേക്കു തന്നെ തിരികെ പോകണമോ? അതോ വേറെ എവിടെയെങ്കിലും പോയി ഒളിക്കണമോ? എൻറെ ദൈവമേ എൻറെ പലായനങ്ങൾക്കും കഷ്ടതകൾക്കും ഇനിയും അറുതിയായില്ലേ? എൻറെ മക്കളെ എന്നെന്നേക്കുമായി നീ എന്നിൽ നിന്നും അകറ്റുകയാണോ. അമ്മയില്ലാത്ത എൻറെ മക്കളെ ഇനി കാണാനുള്ള യോഗം എനിക്കുണ്ടാകില്ലേ?**

വെട്ടുന്ന പ്രകൃതമാണെന്നു വർത്തക സംഘം പറഞ്ഞറിഞ്ഞു.

വിശുദ്ധഗ്രന്ഥത്തിലെ പ്രവചനത്തിൽ പറയും പ്രകാരം യൂദയാ മുഴുവനും അടക്കിഭരിക്കാനായി ഒരു രാജാവ് യൂദായായിൽ എവിടെയോ പിറന്നുവെന്നു വിശ്വസിച്ചുകൊണ്ട് ഹേറോദോസ് രാജാവ് നാടുമുഴുവൻ ഒരു കുഞ്ഞിനായി അന്വേഷണം നടത്തിയിരുന്നു. പ്രവചനം സത്യമായാൽ അതുമൂലം കിരീടം നഷ്ടപ്പെടുന്നത് തൻറെയാണെന്ന് തിരിച്ചറിഞ്ഞ അർച്ചിലസ് രാജാവ് ഇപ്പോഴും ബേത്ലഹേമിൽ പിറന്ന ആ ഒരു കുഞ്ഞിനു വേണ്ടി രാജ്യം മുഴുവനും അയൽ രാജ്യങ്ങളിലും തിരച്ചിൽ നടത്തുകയാണെന്നു അവർ പറഞ്ഞറിഞ്ഞു. വർത്തകസംഘ നേതാവിൻറെ വാക്കുകൾ ഉൾക്കിടിലത്തോടു കൂടിയാണു ശ്രവിച്ചത്.

എൻറെ യഹോവേ, എന്തൊരു പരീക്ഷണം.

മിസ്രയിമിലെ കഷ്ടതകൾക്കും ദാരിദ്ര്യത്തിനുമൊടുവിൽ കുഞ്ഞിൻറെ ജീവൻ ഇനി യൂദയായിൽ സുരക്ഷിതമെന്നു കരുതി തിരികെ പോന്നതാണ്. ഇനി ഞങ്ങൾ എന്തുചെയ്യണം വന്നിടത്തേക്കു തന്നെ തിരികെ പോകണമോ? അതോ വേറെ എവിടെയെങ്കിലും പോയി ഒളിക്കണമോ? എൻറെ ദൈവമേ എൻറെ പലായനങ്ങൾക്കും കഷ്ടതകൾക്കും ഇനിയും അറുതിയായില്ലേ? എൻറെ മക്കളെ എന്നെന്നേക്കുമായി നീ എന്നിൽ നിന്നും അകറ്റുകയാണോ. അമ്മയില്ലാത്ത എൻറെ മക്കളെ ഇനി കാണാനുള്ള യോഗം എനിക്കുണ്ടാകില്ലേ?

മനസു വല്ലാതെ നൊന്തു. എൻറെ മുൻപിലിരുന്നു സംസാരിക്കുന്നവരുടെ മുൻപിൽ ഭാവഭേദമില്ലാതെയിരിക്കാൻ ഞാൻ ഏറെ പാടുപെട്ടു. സത്യത്തെ സംരക്ഷിക്കാൻ വേണ്ടി ചിലപ്പോൾ അസത്യം തന്നെ പറയേണ്ടിയിരിക്കുന്നു എന്നൊരു ജീവിതാനുഭവം പഠിച്ചതു അന്നു രാത്രിയാണ്. ഞാൻ ആരാണെന്നും എൻറെ ജന്മദേശം എവിടെയെന്നും, യേഷുവാ എവിടെയാണ് ജനിച്ചതെന്നുമൊക്കെ എനിക്കന്നു അസത്യം പറയേണ്ടിവന്നു.

വർത്തകരിൽ രാജാവിൻറെ ചാരൻമാർ ഉണ്ടോന്നു ആർക്കറിയാം?. എൻറെ ജന്മദേശം ബേത്‌ലഹേം ആണെന്നും യേഷുവാ ജനിച്ചത് അവിടെയാണെന്നു സത്യം തുറന്നു പറഞ്ഞാൽ ഒരു പക്ഷെ ജീവിതം തന്നെ അപകടത്തിൽ ആയേക്കാം.

അവരുടെ ചോദ്യങ്ങൾക്ക് മറുപടിയായി ഞാൻ പറഞ്ഞു

''ഞങ്ങൾ മിസ്രയിമിൽ അവശേഷിക്കുന്ന ജൂതരിൽപ്പെട്ടവരാണ്, ജനിച്ചതൊക്കെ അവിടെ തന്നെ. പിതാക്കന്മാരുടെ വാഗ്ദത്തഭൂമിയിൽ വന്നു ചേരണമെന്ന ആഗ്രഹത്താൽ, ഇസ്രയേൽ ജനത്തിനൊപ്പം ചേരാൻ യൂദയാ ദേശത്തേക്കു യാത്ര ചെയ്യുന്നു''

ഈജിപ്റ്റിനെ കുറിച്ചൊക്കെ നല്ല അറിവുകളുള്ള വർത്തക സംഘത്തിൻറെ നേതാവ് ചോദിച്ച കാര്യങ്ങൾക്കൊക്കെ അനുഭവസമ്പത്ത് വച്ചു മറുപടി നൽകിയതിനാൽ അവർക്കെൻറെ വാക്കുകളിൽ യാതൊരുവിധ അസ്വാഭാവികതകളും തോന്നിയില്ല. പിതാക്കന്മാരുടെ നാട്ടിലേക്കുള്ള ഞങ്ങളുടെ യാത്രക്ക് അവർ മംഗളങ്ങൾ നേരുകയും, പുതിയൊരു ജീവിത തുടക്കത്തിന്റെ വിജയത്തിനു വേണ്ടി ചില സമ്മാനങ്ങൾ നൽകുകയും ചെയ്തു.

ഇനി എന്താണ് ചെയ്യുക?.

ബേത്‌ലഹേമിലേക്ക് പോകുന്നത് ഒട്ടും സുരക്ഷിതമായി തോന്നിയില്ല. നസറത്തിലേക്ക് തിരികെ പോകുന്നതിൽ എനിക്കൊട്ടും താല്പര്യം ഇല്ലാതിരുന്നു. മിരിയാം പറഞ്ഞു.

''നമുക്ക് നസറത്തിലേക്ക് തന്നെ പോകാം. അവിടെ എന്തായാലും ഒരു വീട് ഉണ്ടല്ലോ, തല്ക്കാലം അവിടെ തങ്ങാം. പിന്നെ സാഹചര്യം അനുകൂലമായി തീരുമ്പോൾ ബെത്‌ലഹേമിലേക്ക് തിരികെപ്പോകാം.''

മിരിയാമിൻറെ മാതാപിതാക്കൾ അപ്പോഴും നസറത്തിൽ ജീവിച്ചിരിപ്പുണ്ടായിരുന്നു.

''നോക്കൂ, യേഷുവായെ കാണാനായി എൻറെ അപ്പനും അമ്മയും കൊതിച്ചിരിക്കുന്നുണ്ടാവും. എത്ര കാലമായി അവരെയൊക്കെ കണ്ടിട്ട്. സഹോദരി ശലോമിയുടെ വിവാഹമൊക്കെ കഴിഞ്ഞു അവൾക്കും ഒന്നോ രണ്ടോ കുഞ്ഞുങ്ങൾ ആയിട്ടുണ്ടാകണമിപ്പോൾ. എനിക്കും അവരെയെല്ലാം കാണാൻ ആഗ്രഹമുണ്ട്.'

മിരിയാം പറഞ്ഞതും ശരിയാണ്, എല്ലാവരെയും കാണുവാനുള്ള അവളുടെ ആഗ്രഹം സാധിച്ചു കൊടുക്കേണ്ടതുണ്ട്. യാത്ര തുടർന്നു. ഗാസയിൽ നിന്നും കിഴക്ക് വടക്കായി പോയാൽ ബെത്‌ലഹെം മൂന്നുനാലു ദിവസത്തെ വഴി നടപ്പിൽ തീരേണ്ട ദൂരമാണ്. പക്ഷെ ഇനിപോകേണ്ടത് നേരെ വടക്കോട്ടാണ് ഒരാഴ്ചയെങ്കിലും വഴി നടക്കണം. വർത്തകരുടെ നേതാവ് സന്തോഷപൂർവ്വം കുറച്ചു പണം നൽകിയിരുന്നതിനാൽ അതൊരു രക്ഷയായി. വഴിച്ചിലവിനു ബുദ്ധിമുട്ടായില്ല.

അങ്ങിനെ നീണ്ട മറ്റൊരു യാത്രയുടെ അവസാനം നസറത്തിൽ തിരിച്ചെത്തി. ഏഴുവർഷങ്ങൾ കഴിഞ്ഞാണ് എല്ലാവരും ഒരുമിച്ചു നസറത്തിൽ തിരിച്ചെത്തുന്നതു. നേരെ പോയത് മിരിയാമിന്റെ മാതാപിതാക്കളുടെ വീട്ടിലേക്കാണ്. അമ്മയും മകളും പരസ്പരം കെട്ടിപ്പിടിച്ചു കുറെനേരം കരഞ്ഞു. വർഷങ്ങളായി ഉള്ളിൽ ഒതുക്കികഴിഞ്ഞിരുന്ന നൊമ്പരം കണ്ണുനീർ മഴയായി പെയ്തിറങ്ങിയപ്പോൾ അത് കാഴ്ചക്കാരായ അയൽക്കാരുടെ

**വിശുദ്ധഗ്രന്ഥത്തിലെ പ്രവചനത്തിൽ പറയും പ്രകാരം യൂദയാ മുഴുവനും അടക്കിഭരിക്കാനായി ഒരു രാജാവ് യൂദായായിൽ എവിടെയോ പിറന്നുവെന്നു വിശ്വസിച്ചുകൊണ്ട് ഹേറോദോസ് രാജാവ് നാടുമുഴുവൻ ഒരു കുഞ്ഞിനായി അന്വേഷണം നടത്തിയിരുന്നു. പ്രവചനം സത്യമായാൽ അതുമൂലം കിരീടം നഷ്ടപ്പെടുന്നത് തൻറെയാണെന്ന് തിരിച്ചറിഞ്ഞ അർച്ചിലസ് രാജാവ് ഇപ്പോഴും ബേത്‌ലഹേമിൽ പിറന്ന ആ ഒരു കുഞ്ഞിനു വേണ്ടി രാജ്യം മുഴുവനും അയൽരാജ്യങ്ങളിലും തിരച്ചിൽ നടത്തുകയാണെന്നു അവർ പറഞ്ഞറിഞ്ഞു. വർത്തക സംഘ നേതാവിൻറെ വാക്കുകൾ ഉൾക്കിടിലത്തോടു കൂടിയാണു ശ്രവിച്ചത്.**


യും കണ്ണുകളെയും നനയിച്ചു, അവർ വിതുമ്പിക്കരഞ്ഞുകൊണ്ട് കണ്ണുകൾ തുടച്ചു.

പേരക്കുട്ടിയെ അവർ ഉമ്മകൊണ്ട് പൊതിഞ്ഞു. മിരിയാമിൻറെ സഹോദരിമാരും അവിടെ ഉണ്ടായിരുന്നു. എല്ലാവരും സന്തോഷം കൊണ്ട് കരഞ്ഞു. അമ്മായിയപ്പൻ ജോക്കിമും വളരെ സന്തോഷവാനായി കാണപ്പെട്ടു. പേരക്കുട്ടിയുടെ കൈപിടിച്ച് തൊടിയിലൂടെയും മുറ്റത്തുകൂടെയും അദ്ദേഹം നടന്നു. വേലക്കാരനെ വിളിച്ചു ആടിനെ അറുക്കുവാൻ പറഞ്ഞു. ഭൃത്യയെ അയച്ചു ചർച്ചക്കാരെ എല്ലാവരെയും ആ വീട്ടിലേക്കു വിളിച്ചു കൂട്ടി.

മിരിയാമിൻറെ വീട്ടുകാർ ഞങ്ങൾക്ക് നൽകിയിരുന്ന നസറത്തിലെ വീട് ബെത്‌ലഹേമിലേക്ക് ഗർഭിണിയായ മിരിയാമൊന്നിച്ചു യാത്രപോയ അന്നു മുതൽ ആൾപ്പാർപ്പില്ലാതെ കിടക്കുകയായിരുന്നു.

ഞാൻ ആളുകളുടെ ഇടയിൽ നിന്നും പതിയെ പിൻവാങ്ങി വീടുവരെ ചെന്നു വാതിൽ തുറന്നു അകത്തുകയറി നോക്കി. മിരിയാമിൻറെ വീട്ടുകാർ വീട് ഇടയ്ക്കിടെ വൃത്തിയാക്കിയിടുമായിരുന്നതിനാൽ വലിയ കുഴപ്പങ്ങൾ ഒന്നുമില്ല, മേൽക്കൂരയിൽ ചില്ലറ കേടുപാടുകൾ കണ്ടു അത് പിറ്റേദിവസം മുതൽ ശരിപ്പെടുത്തിതുടങ്ങാമെന്നു കരുതി.

അടുത്ത ദിവസം തന്നെ പോയി ഇളയമകൻ യാക്കൂവിനെയും രണ്ടു പെണ്മക്ക ളെയും കൂട്ടിക്കൊണ്ടു വന്നു. വർഷങ്ങളായി അവരിൽ നിന്നും അകന്നു ജീവിക്കുന്നതു കൊണ്ടാവണം അവർ വലിയ അടുപ്പമൊന്നും കാണിച്ചില്ല. അവരെ കുറ്റം പറഞ്ഞിട്ടു കാര്യമില്ലല്ലോ? കുറച്ചു വർഷങ്ങളായി ഞാനവരുടെ കാര്യങ്ങൾ അന്വേഷിക്കാറില്ലല്ലോ? അവരുടെ കണ്ണിൽ വേറെ പെണ്ണും കെട്ടി, അവരെ ഉപേക്ഷിച്ചുപോയ സ്നേഹമില്ലാത്ത അപ്പനാണ് ഞാൻ. എൻറെ അലച്ചിലുകളും യാത്രയുടെ ആവശ്യകതകളുമൊന്നും അവർക്കറിയില്ലല്ലോ. ഇനി അതെല്ലാം പറഞ്ഞാൽ തന്നെ അവർക്ക് അതൊക്കെ മനസ്സിലാകണമെന്നില്ലല്ലോ. മാതാവ് മരിച്ചു രണ്ടുവർഷം കഴിഞ്ഞപ്പോഴേക്കും മറ്റൊരു വിവാഹം കഴിച്ചിട്ടവരെ ഉപേക്ഷിച്ചു പോയ ഒരു പിതാവാണ് ഞാനവർക്ക്. മൂത്ത മകൻ വീട് വിട്ടു എങ്ങോപോയി. ഇടയ്ക്കൊക്കെ അവൻ വന്നു പോകുമെന്നറിഞ്ഞു. അവനെയും തേടിപിടിക്കണം. നഷ്ടപ്പെട്ടുപോയ കുടുംബബന്ധങ്ങൾ തിരിച്ചു പിടിക്കണം. വീട്ടിലേക്കുള്ള യാത്രയിൽ വഴിനീളെ കഴിഞ്ഞുപോയ കാലങ്ങളിലെ കാര്യങ്ങൾ ഞാൻ അവരോട് പറഞ്ഞു കൊ



ണ്ടിരുന്നു. അവർ എല്ലാം കേട്ടുകൊണ്ട് നിശബ്ദമായി നടന്നതല്ലാതെ ഒന്നും തിരിച്ചു ചോദിച്ചില്ല.

നസറത്തിലെ വീട്ടിൽ എത്താറായപ്പോഴേക്കും മിരിയാമിന് എന്റെ മക്കളെ കാണാനുള്ള തിടുക്കമായിരുന്നു. ഞങ്ങളുടെ വരവു കാത്തിരിക്കുകയായിരുന്നു അവൾ. മിരിയാം ഓടിവന്നു പെണ്മക്കളെ ആശ്ലേഷിച്ചു, മകൻ യാക്കൂവിനെ കെട്ടിപ്പിടിച്ചു ചുംബിച്ചു. മിരിയാമിൻറെ സ്നേഹപ്രകടനം അവരുടെ ഉള്ളിനെ ഉലച്ചു. അവർ മിരിയാമിനെ കെട്ടിപ്പിടിച്ചു കരഞ്ഞു. അതുവരെ അവരിൽ വിങ്ങിപ്പൊട്ടിയിരുന്ന സങ്കടങ്ങളും പരിഭവവും ആ കണ്ണുനീരിലൂടെ അലിഞ്ഞില്ലാതായി. മിരിയാമിൻറെ അമ്മയുടെ വീട്ടിൽ നിന്നും അപ്പോഴേക്കും യേഷുവായും ഓടിയെത്തി. ഒരു നിമിഷം യാക്കൂവും യേഷുവായും പരസ്പരം നോക്കിനിന്നു. യേഷുവാ നടന്നുവന്നു യാക്കൂവിൻറെ കൈകളിൽ പിടിച്ചു, പിന്നെ പരസ്പരം കെട്ടിപ്പിടിച്ചു. പെൺകുട്ടികൾ സഹോദരന്മാർ തമ്മിലുള്ള സ്നേഹപ്രകടനം നോക്കിനിന്നു. അവർ ആനന്ദംകൊണ്ടു കരഞ്ഞു. വികാരസാന്ദ്രമായ ആ നിമിഷങ്ങളിൽ ഞങ്ങൾ ഏവരുടേയും കണ്ണുകളും നനഞ്ഞു. അത്താഴത്തിനു എല്ലാവരും കൂടി ഇരുന്നപ്പോൾ മിരിയാം പറഞ്ഞു.

‘‘എവിടെ ആയാലും വേണ്ടില്ല ഡാനിയലിനെ കണ്ടു പിടിച്ചു കൊണ്ടു വരണം.’’

കാലം മായ്ക്കാത്ത മുറിവുകൾ ഇല്ലല്ലോ?.

നസറത്തിൽ എത്തിയപ്പോൾ മുതൽ ഞാൻ അവനെക്കുറിച്ചു തിരക്കുന്നുണ്ടായിരുന്നു. ഒരാഴ്ചയ്ക്ക് ശേഷം അവനെക്കുറിച്ചുള്ള വിവരംലഭിച്ചു. മഗ്ദലന പട്ടണത്തിലെ ഇരുമ്പ് പണിക്കാരനായ ശിമയോൻറെ കൂടെ അവൻ കഴിയുന്നുണ്ടെന്ന് അറിവു കിട്ടി. ഞാൻ അവൻറെ അടുക്കൽ ചെന്നിട്ടും അവൻ ആദ്യമൊന്നും കൂടെ പോരാൻ തയ്യാറായില്ല. പിന്നെ കുറെ നിർബന്ധിച്ചപ്പോഴാണ് വരാൻ കൂട്ടാക്കിയത്. വീട്ടിൽ എത്തിയിട്ടും അവൻ ആരോടും കാര്യമായി അടുത്തില്ല. മൗനിയായി ഒരിടത്തിരുന്നു.

ദിവസങ്ങൾ കഴിഞ്ഞതോടെ പതുക്കെ പതുക്കെ അവൻ കുറേശ്ശെ അടുത്തു. അവൻറെ സഹോദരങ്ങളുമായി അടുത്തു; എന്നാൽ യേഷുവായുമായി അവൻ ഒട്ടും അടുത്തില്ല. ഡാനിയൽ എന്നെ പണിശാലയിൽ സഹായിച്ചു, അവൻ മരപ്പണികൾ നന്നായി പഠിച്ചെടുത്തു. യാക്കൂവും യേഷുവായും ഇണപിരിയാതെ നടന്നു. പെണ്മക്കൾ മിരിയാമിനോട് എപ്പോഴും ചേർന്നു നടന്നു. അവർക്കവൾ മാതാവിനെക്കാൾ ഒരു കൂട്ടുകാരിയായിരുന്നു. ഡാനിയൽ മാത്രം ആരോടും അങ്ങിനെ അടുത്തില്ല. ഒറ്റയ്ക്ക് ഇരിക്കുന്നതായിരുന്നു അവനു ഏറെ ഇഷ്ടം. ഇടയ്ക്കിടെ എന്തെങ്കിലും ഇഷ്ടക്കേടുകൾ കാണിച്ചുകൊണ്ട് അവൻ കുടുംബത്തിൽ എല്ലാവരുടെയും സന്തോഷം കെടുത്തുമായിരുന്നു.

ഒരു ദിവസം മിരിയാം ഓടിവന്നു ഉറക്കെ വിളിച്ചു പറഞ്ഞു.

‘‘നിങ്ങളുടെ മൂത്ത മകനെക്കൊണ്ട് ഞാൻ തോറ്റു. ഇളയവർ എത്ര ശാന്തർ, നല്ലവർ. ഞാൻ എത്ര സ്നേഹിച്ചിട്ടും അവന് എന്നേയും കുഞ്ഞിനേയും ഇഷ്ടമല്ല. എൻറെ കുഞ്ഞിനെ അവൻ കൊല്ലും. അത്രയ്ക്ക് ദുഷ്ഠനാണവൻ‘

മിരിയാമിനെ അതുപോലെ കോപിഷ്ഠയായി അതിനുമുൻപ് ഞാൻ കണ്ടിട്ടില്ല. എല്ലാവരിലും ഇളയവൻ ആണല്ലോ യേഷുവാ. അതുകൊണ്ട് എല്ലാവരും അവനെ കുഞ്ഞിനെപ്പോലെ ലാളിച്ചിരുന്നു എപ്പോഴും. തനിക്കു നൽകുന്നതിനെക്കാൾ സ്നേഹവും പരിഗണനയും യേഷുവായ്ക്കു മറ്റുള്ളവർ നൽകുന്നതിൽ ഡാനിയലിനു നീരസമുണ്ടായിരുന്നു. ഡാനിയൽ മുറ്റത്ത് എന്തോ ആലോചനയിൽ മുഴുകി ഒറ്റയ്ക്കിരിക്കുകയായിരുന്നു. ആ സമയത്താണ് ബാലനായ യേഷുവാ അതിലെ ചെന്നത്. ഡാനിയൽ ചുറ്റും നോക്കി. വേറെയാരെയും അവിടെ അടുത്തെങ്ങും കണ്ടില്ല. അവൻ യേഷുവായുടെ മുതുകിൽ പിടിച്ചുത

ള്ളി യേഷുവാ മുട്ടുംകുത്തി നിലത്തു വീണു. അപ്പൻറെ രണ്ടാം കെട്ടിനോടും അതിലുണ്ടായ മകനോടുമുള്ള അവൻ റെ പ്രതിഷേധമായിരുന്നത്.

രണ്ടാമതൊരു വിവാഹം; അതും ഭാര്യ മരിച്ചതിനു ശേഷം നടത്തുന്നത്, സമൂഹം സ്വാഗതം ചെയ്യുന്ന ഒരു കാര്യമാണ്. പക്ഷെ ഏതൊരു മകനെ സംബന്ധിച്ചും അവൻറെതായ കാര്യങ്ങളാൽ അത് അനിഷ്ടകരമാണ്.

തനിക്കും അപ്പനും ഇടയിൽ അമ്മയല്ലാതെ മറ്റൊരാൾ വരിക, തൻറെ അമ്മയുടെ ചുമലിൽ കൈവച്ചിരുന്ന അപ്പൻ മറ്റൊരു സ്ത്രീയുടെ ചുമലിൽ കൈവയ്ക്കുകയെന്നത് അവനുതീർത്തും സഹിക്കാൻ വയ്യാത്ത ഒന്നാണ്. താൻ മുതിർന്നശേഷം, തനിക്കു തിരിച്ചറിവു വന്നശേഷം തൻറെ അപ്പനു മറ്റൊരു സ്ത്രീയിൽ ഉണ്ടായ മകനെ ഒരു സഹോദരനായി എളുപ്പത്തിൽ കാണാൻ അവനു കഴിഞ്ഞില്ല.

മിരിയാമുമായുള്ള ബന്ധം എന്തെന്നും, യേഷുവായുടെ പിതാവ് ഞാനല്ലെന്ന രഹസ്യം മറ്റുള്ളവർക്ക് ബോധ്യമാകുന്നതുവരേയ്ക്കും മകൻറെ കാഴ്ചപ്പാടിൽ ഞാനൊരു സ്നേഹമില്ലാത്ത അപ്പനാണ്. എല്ലാവരോടും ഇതൊക്കെവിളിച്ചു പറയണമെന്നുണ്ട്, ഈ ദൈവീക രഹസ്യത്തിൻറെ ഭാരം എന്നെ ശ്വാസംമുട്ടിക്കുന്നു. പക്ഷെ ഇതൊക്കെ ഇപ്പോൾ പറഞ്ഞാൽ മനുഷ്യർക്കാർക്കും മനസ്സിലാകില്ല. മിരിയാമിനെ ഒരു ദുർനടപ്പുകാരിയായി വിചാരണ ചെയ്യപ്പെടാൻ മാത്രമേ അതെല്ലാം കാരണമാകൂ. ദൈവം സ്വയം തീരുമാനിച്ചു വെളിപ്പെടുത്തുന്ന കാലം വരേയ്ക്കും ഇതാർക്കും മനസിലാവുകയില്ല. അതിനു മുൻപ് അതെല്ലാം വെളിപ്പെടുത്തിയാൽ അതു വലിയ അനർത്ഥങ്ങളുണ്ടാക്കും.

മുറ്റത്തെ ചരലിൽ മുട്ടുരഞ്ഞു വേദനിച്ച യേഷുവാ വലിയ വായിൽ കരഞ്ഞു കൊണ്ട് മിരിയാമിൻറെ അടുക്കലേക്കു ഓടിച്ചെന്നു. മിരിയാം, ഏങ്ങലടിച്ചു കരയുന്ന മകനെ ചേർത്തു പിടിച്ചുകൊണ്ട് അവൻറെ ദേഹം പരിശോധിച്ചു. മുട്ടിൽ മുറിവ് പറ്റി അവിടെനിന്നും ചോര ഒലിക്കുന്നുണ്ടായിരുന്നു. മിരിയാമിനു സങ്കടം സഹിക്കാൻ കഴിഞ്ഞില്ല, ഒരു നിമിഷം കൊണ്ട്, സ്വന്തം മക്കളുടെ കാര്യത്തിൽ സ്വാർത്ഥയാകുന്ന ഒരു കേവല അമ്മയായി അവളും മാറി. അക്കാലങ്ങളിൽ അവളുടെ സങ്കടം മിക്കപ്പോഴും കോപമായി പരിണമിച്ചിരുന്നു. എനിക്ക് അവളോടുള്ള മനോഭാവത്തിലുള്ള അവളുടെ സങ്കടമെല്ലാം എപ്പോഴും കോപമായിട്ടാണ് ചാറിക്കൊണ്ടിരുന്നത്.

മിരിയാമിൻറെ ദേഷ്യഭാവം എന്നെ വല്ലാതെ അലോസരപ്പെടുത്തി.

**അങ്ങിനെ നീണ്ട മറ്റൊരു യാത്രയുടെ അവസാനം നസറത്തിൽ തിരിച്ചെത്തി. ഏഴുവർഷങ്ങൾ കഴിഞ്ഞാണ് എല്ലാവരും ഒരുമിച്ചു നസറത്തിൽ തിരിച്ചെത്തുന്നതു. നേരെ പോയത് മിരിയാമിന്റെ മാതാപിതാക്കളുടെ വീട്ടിലേക്കാണ്. അമ്മയും മകളും പരസ്പരം കെട്ടിപ്പിടിച്ചു കുറെനേരം കരഞ്ഞു. വർഷങ്ങളായി ഉള്ളിൽ ഒതുക്കികഴിഞ്ഞിരുന്ന നൊമ്പരം കണ്ണുനീർ മഴയായി പെയ്തിറങ്ങിയപ്പോൾ അത് കാഴ്ചക്കാരായ അയൽക്കാരുടെയും കണ്ണുകളെയും നനയിച്ചു, അവർ വിതുമ്പിക്കരഞ്ഞുകൊണ്ട് കണ്ണുകൾ തുടച്ചു.**

എന്തു പറഞ്ഞാലും എൻറെ മകൻ ഡാനിയൽ അമ്മയില്ലാത്തവനാണ്. അവൻറെ പക്ഷംചേർന്നു പറയാനോ അവനെ സ്നേഹിക്കുവാനോ അവൻറെ പെറ്റമ്മയില്ല. പാവം എന്റെ മെൽക്ക, അവൾ എത്ര നല്ലവളായിരുന്നു. എത്ര സന്തോഷത്തോടും സമാധാനത്തോടും കൂടിയാണ് ഞങ്ങൾ ജീവിച്ചിരുന്നത്. അവളെ ചെറുപ്പത്തിലെ തന്നെ തമ്പുരാൻ തിരിച്ചുവിളിച്ചു. മെൽക്ക, അവൾ ജീവിച്ചിരുന്നെങ്കിൽ ഞാൻ രണ്ടാമതൊരു വിവാഹം കഴിക്കില്ലായിരുന്നു, മിരിയാമിനെ വിവാഹം കഴിക്കാൻ ഇടയായില്ലായിരുന്നെങ്കിൽ എൻറെ ജീവിതത്തിൽ ഇതുപോലുള്ള കഷ്ട്ടതകളും അലച്ചിലുകളും മനോസംഘർഷങ്ങളും ഉണ്ടാകില്ലായിരുന്നു. ഈ രണ്ടാം കെട്ടുകൊണ്ട് എനിക്ക് ദുരിതം മാത്രമേയുള്ളൂ. അങ്ങിനെയൊക്കെയുള്ള പതിവു ചിന്തകൾ മനസ്സിൽ നുരയ്ക്കാൻ തുടങ്ങിയതിനാൽ അതിയായ കോപം വന്നു.

''മിരിയാം, എന്നുമുതലാണ് നിൻറെ കുഞ്ഞും എൻറെ മക്കളും എന്ന വേർതിരിവ് നിനക്കുണ്ടായത് ?''

എൻറെ ശബ്ദം വല്ലാതുയർന്നിരുന്നു.

ക്ഷോഭത്താൽ ഞാൻ വിറയ്ക്കുന്നത് കണ്ടു മക്കൾ പരിഭ്രമിച്ചു. ഒരു നിമിഷത്തെ വികാരവിക്ഷോഭത്തിൽ തൻറെ വായിൽ നിന്നും വീണുപോയ വാക്കിൻറെ ഗൗരവമവൾ ഓർത്തില്ല. അവൾ എന്തോ പറയാൻ തുടങ്ങുന്നുണ്ടായിരുന്നു, പക്ഷെ അവളെ കേൾക്കാൻ ഞാൻ ഒരുക്കമായിരുന്നില്ല. എൻറെ ഉള്ളിലേക്ക് സാത്താനു പ്രവേശിക്കാനുള്ള വാതായനം തുറന്നുകൊടുക്കാൻ എൻറെ കോപം ഇടയാക്കി. തടയാൻ ശ്രമിച്ച മിരിയാമിനെ തള്ളിമാറ്റി ഞാൻ എഴുന്നേറ്റു. കഴുതയെ അടിക്കുന്ന ചാട്ടവാർ വീടിൻറെ ഇറമ്പിൽ നിന്നും വലിച്ചെടുത്തു ഡാനിയലിനെ തലങ്ങും വിലങ്ങും അടിച്ചു.

അവൻ കരഞ്ഞില്ല. പ്രതിഷേധിച്ചുമില്ല. അനങ്ങാതെ നിന്നുകൊണ്ട് മുഴുവൻ അടികളും ഏറ്റുവാങ്ങി. ദേഷ്യം അടങ്ങിയപ്പോൾ സങ്കടംവന്നു. ദേഷ്യം വന്നതോർത്തു ലജ്ജതോന്നി. മിരിയാമും കുട്ടികളും എന്നെ നോക്കി കരഞ്ഞുകൊണ്ട് നിൽക്കുകയായിരുന്നു. അവരാരും എന്നെ അതുവരെ അപ്രകാരം കോപാകുലനായി കണ്ടിട്ടില്ല. മിരിയാം എന്നോട് കോപിക്കുമ്പോളെല്ലാം ഞാൻ മന:പൂർവം മൗനം പാലിക്കാൻ ശീലിച്ചിരുന്നു അതുകൊണ്ടുതന്നെ കുടുംബത്തിൽ കലഹം ഉണ്ടായിരുന്നില്ല. മിരിയാമിൻറെ അമ്മ കുട്ടികളുടെ കരച്ചിലും ബഹളവും കേട്ടു വാതിൽക്കൽ വന്നു എത്തിനോക്കി സ്തബ്തയായി നിന്നുപോയി. ജോസഫ് എന്ന സൗമ്യൻറെ മറ്റൊരു മുഖം കണ്ട അവർ വിളറിപ്പോയിരുന്നു.

ഇന്നതെല്ലാം ഓർക്കുമ്പോൾ തോന്നുന്നു, സ്വന്തം മക്കളോട് പോലും വെളിപ്പെടുത്താൻ ആവാത്ത ആ ദൈവീക രഹസ്യത്തെ താങ്ങുവാനുള്ള ബലമില്ലായിരുന്നു അല്ലെങ്കിൽ മിരിയാം ആ രഹസ്യത്തെ പൂർണ്ണമായും സ്വീകരിച്ചതു പോലെ സ്വീകരിക്കാനുള്ള ശക്തി അന്നില്ലാതെ പോയി. ഒരു തരത്തിൽ പറഞ്ഞാൽ മിരിയാം പറഞ്ഞ ദിവ്യരഹസ്യത്തിൽ ഒരു കേവല അംശമെങ്കിലും ഉൾകൊള്ളാനാവാതെ, എന്റെ മനസ്സിനെ ഞാനറിയാതെ കുത്തിനോവിച്ചു കൊണ്ടിരുന്നു എന്നുവേണം കരുതാൻ. ചിലപ്പോഴെങ്കിലും യേഷുവായുടെ ജനനത്തിൽ, ഉള്ളിൻറെയുള്ളിൽ താൻ സന്ദേഹിയായിരുന്നു പ്രത്യേകിച്ചു ബാലനുവേണ്ടി കഷ്ടതകൾ അനുഭവിച്ചപ്പോൾ ദൈവീകമായ ഇടപെടലുകളോ അത്ഭുതങ്ങളോ നടക്കാതിരുന്നപ്പോൾ പുത്രൻറെ ദൈവത്വത്തിൽ എനിക്കു അവിശ്വാസം തോന്നിയിരുന്നുവോ? ഇല്ലായെന്ന് പൂർണ്ണമായും പറയുവാനാവില്ല. അവൻ ദൈവപുത്രനെങ്കിൽ സ്വയം രക്ഷിക്കട്ടെ. ഉള്ളിൽ ഇരുന്നുകൊണ്ട് ആരോ പലപ്പോഴും പറഞ്ഞിരുന്നു. മരുഭൂമി യാത്രയിൽ ബാലൻ വിശന്നു കരഞ്ഞപ്പോൾ അതേ സ്വരം വീണ്ടും കേട്ടിരുന്നു.

''ജോസഫ് അവൻ ദൈവപുത്രനെങ്കിൽ വിശന്നു കരയാതെ ഈ കല്ലുകളോട് അപ്പമാകാൻ കല്പിക്കട്ടെ. അപ്പോൾ അറിയാമല്ലോ സത്യം '

മനസിൻറെ ബലഹീനതമൂലം എപ്പോഴും പിശാചിനാൽ ഇങ്ങിനെ പരീക്ഷിക്കപ്പെട്ടുകൊണ്ടിരുന്നു. അതെന്നെ ദുർബലനാക്കി എളുപ്പത്തിൽ കോപത്തിനു അടിമപ്പെടാനും ഇടയാക്കി.

ഡാനിയലിനെ കഴുതയെപ്പോലെ തല്ലിയത് ഓർക്കുമ്പോൾ ഇന്നും കണ്ണുനിറയുന്നു. അതുവരെ ഒന്നു നുള്ളി നോവിക്കുകപോലും ചെയ്യാതിരുന്ന മകൻറെ ദേഹത്ത് തിണർത്ത ചാട്ടവാറിൻറെ പാടുകൾ വീണത് സത്യത്തിൽ എൻറെ ഹൃദയത്തിലായിരുന്നു. അതൊരു നീറ്റലുള്ള ചാട്ടവാറടികളായി എന്നും കരളിൽ പതിച്ചുകൊണ്ടിരിക്കുന്നു.

മിരിയാം ഒരു തളികയിൽ ഒലിവെണ്ണ എടുത്തുകൊണ്ട് വന്നു. ചാട്ടവാറിൻറെ പ്രഹരത്തിൽ തിണർത്ത അവൻറെ ദേഹത്തൂടെ ചെറുതായി ചൂടാക്കിയ ഒലിവെണ്ണ പുരട്ടി തടവിക്കൊണ്ട് പറഞ്ഞു.

''നിങ്ങൾ എന്തൊരു പിതാവാണ്, കഴുതയെ തല്ലുന്ന ചാട്ടവാർ കൊണ്ടാണോ മക്കളെ ശിക്ഷിക്കുന്നത് ?''

മിരിയാം എന്നെ ശകാരിച്ചു.

**മിരിയാമുമായുള്ള ബന്ധം എന്തെന്നും, യേഷുവായുടെ പിതാവ് ഞാനല്ലെന്ന രഹസ്യം മറ്റുള്ളവർക്ക് ബോധ്യമാകുന്നതുവരേയ്ക്കും മകൻറെ കാഴ്ചപ്പാടിൽ ഞാനൊരു സ്നേഹമില്ലാത്ത അപ്പനാണ്. എല്ലാവരോടും ഇതൊക്കെവിളിച്ചു പറയണമെന്നുണ്ട്, ഈ ദൈവീക രഹസ്യത്തിൻറെ ഭാരം എന്നെ ശ്വാസംമുട്ടിക്കുന്നു. പക്ഷെ ഇതൊക്കെ ഇപ്പോൾ പറഞ്ഞാൽ മനുഷ്യർക്കാർക്കും മനസ്സില്ലാകില്ല. മിരിയാമിനെ ഒരു ദുർനടപ്പുകാരിയായി വിചാരണ ചെയ്യപ്പെടാൻ മാത്രമേ അതെല്ലാം കാരണമാകൂ. ദൈവം സ്വയം തീരുമാനിച്ചു വെളിപ്പെടുത്തുന്ന കാലം വരേയ്ക്കും ഇതാർക്കും മനസിലാവുകയില്ല. അതിനു മുൻപ് അതെല്ലാം വെളിപ്പെടുത്തിയാൽ അതു വലിയ അനർത്ഥങ്ങളുണ്ടാക്കും.**

ഡാനിയൽ ഒന്നും മിണ്ടിയില്ല, എണ്ണപുരട്ടി തടവുന്നതിൽ നിന്നു മിരിയാമിനെ തടഞ്ഞതുമില്ല. അനങ്ങാതെ മുറ്റത്തിൻറെ അരികിൽ പോയി അവനിരുന്നു. അത്താഴം വിളമ്പിയശേഷം മിരിയാം എല്ലാവരെയും വിളിച്ചു. മുറ്റത്തിറങ്ങി ഡാനിയലിനെ നോക്കിയെങ്കിലും അവനെ കണ്ടില്ല. അവൻ അപ്പോഴേക്കും എങ്ങോട്ടോ പോയിക്കഴിഞ്ഞിരുന്നു.

അതിനുശേഷം പലപ്പോഴും അത്താഴം വിളമ്പുമ്പോൾ മിരിയാം ഒരു നിമിഷം വികാരാധീനയാകുമായിരുന്നു. അവൻ എന്നും ഇരിക്കാറുള്ള ഇടം ശൂന്യമായി കാണുമ്പോൾ അവളുടെ മുഖം ശോകമയമാകും. കുറ്റബോധത്താൽ ഉള്ളം പിടയുമായിരുന്നു. ഒരു കൗമാരക്കാരൻറെ വികൃതിയായി കണ്ടു ഒന്നു ശാസിച്ചാൽ തീരുമായിരുന്ന ഒരുവിഷയം മാത്രമായിരുന്നു അന്നുണ്ടായത്. അതിങ്ങനെയൊക്കെ ആയിതീർന്നല്ലോ എന്നൊരു ചിന്തയായിരിക്കണം അവളെ മദിച്ചിരുന്നത്.

കാലം കഴിഞ്ഞു പോയതോടെ എല്ലാവരും അവൻറെ കാര്യം മറന്നുപോയി. അവനെ തേടി ഒരുപാടിടങ്ങളിൽ അലഞ്ഞുനടന്നു. അവൻ പോകാനിടയുള്ള ഇടത്തെല്ലാം തിരഞ്ഞുപോയി. എങ്ങും കണ്ടെത്തിയില്ല.

അവൻ ചങ്കിൽ എന്നും ഒരു നീറ്റലായിരുന്നു. മൂത്തപുത്രനാണവൻ, എൻറെ കൈവിരലുകളിൽ തൂങ്ങിയാണ് അവൻ പിച്ചവെച്ചു തുടങ്ങിയത്. എത്ര നിഷ്കളങ്കമായിരുന്നു അവൻറെ ചിരി. വൈകുന്നേരം ജോലികഴിഞ്ഞു ഞാനെത്തുന്നതും കാത്തു അവനിരിക്കുമായിരുന്നു. വളരെ കുഞ്ഞായിരിക്കുമ്പോൾ തന്നെ മെൽക്കയുടെ എളിയിൽനിന്നും അവൻ എൻറെ കൈകളിലേക്ക് കുതിക്കുമായിരുന്നു. അല്പം മുതിർന്നപ്പോൾ ഞാൻ ജോലി ചെയ്യുന്നതും നോക്കിയിരുന്നുകൊണ്ട് അതെന്തിനാണ്, ഇതെന്തിനാണ് എന്ന കൗതുക ചോദ്യങ്ങൾ ചോദിച്ചിരുന്ന അവൻറെ നിഷ്കളങ്കമായ മുഖം എനിക്കെങ്ങിനെ മറക്കാൻ കഴിയും.? ചന്തകളിലും ഉത്സവങ്ങളിലും തെരുവുകളിലും ഞാനവനെ തേടിക്കൊണ്ടിരുന്നു പക്ഷെ കണ്ടെത്തിയില്ല. എന്നെങ്കിലും അവൻ തേടിവരുമെന്നു എൻറെ ഉള്ളം പറഞ്ഞുകൊണ്ടിരുന്നു. എനിക്ക് അവനെക്കൊണ്ട് സഹായം വേണ്ടിവരുന്ന കാലമുണ്ടാകും അതു കണ്ടറിഞ്ഞുകൊണ്ട് അവൻ വരും. മനുഷ്യർക്കിടയിൽ രക്ത ബന്ധമെന്നത് മുറിച്ചു മാറ്റാൻ കഴിയാത്ത ബന്ധമാണ്.



# Save $ 894.* Combine Home & Auto.

**Michael Tharian**
**Agent**
1855 Victory Blvd
Staten Island, NY 10314
**Toll Free: 888-644-7222**

Save money and time when you combine your home and auto insurance. Just another way I'm her to help life go right. **CALL ME TODAY**

**We Serve These States NY, NJ, PA, & CT.**

**We Provide Auto, Home & Life Insurance**

StateFarm®

*Average household savings based on 2016 national survey of new policyholders who reported savings by switching to State Farm

State Farm Mutual Automobile Insurance Company State Farm Indemnity Company, State Farm Fire and Casualty Company State Farm General Insurance Company

1601489 Bloomington, IL

● കവിത



ഡോ. കെ വി
സുമിത്ര

# ഒരു ബയോളജിക്കൽ വ്യഥ



ഹൃദയത്തിലൊരു
മുറിവുണ്ടായപ്പോഴാണ് നീ
തുറന്നതും തുരന്നതുമായ
വൈറസുകൾ
രക്തധമനികളെയെല്ലാം
ബ്ലോക്ക് ചെയ്തത്
ഞാനറിയുന്നത്.

ഇന്റേർണൽ പാനലിലൂടെ
നീയയച്ച ബാക്റ്റീരിയകൾ
കമ്മ്യൂണിക്കേഷൻ യുണീക്
സിസ്റ്റം തകർത്തെന്നായിരുന്നു
സ്കാൻ റിപ്പോർട്ട്

മഞ്ഞു പോലെ തണുത്ത
ശ്വാസകോശമാകേയപ്പോൾ
പ്രണയപായലുകളുടെ
ഇളം വേരുകൾ
കെട്ടിക്കിടന്നിരുന്നു.

ചലനം നിലച്ചു കൊണ്ടിരുന്ന
ശ്വാസപാളിയുടെ
ഇരുകരകളി ലൂടൊഴുകുന്ന
ഞെരമ്പുകൾ
ഓക്സിജൻ ചോദിച്ചു

സിലണ്ടറുകളിൽ പഴുപ്പായും
ഇൻഫെക്ഷൻ എലിമെന്റയും
നിൻറെ വൈറസുകൾ
ആ വഴിയുമടച്ചു
സബ്സ്റ്റിറ്റ്യൂട്ട് മെഡിസിൻ
പ്രെസ്ക്രൈബ് ചെയ്യാൻ
കമ്പ്യൂട്ടർ തുറന്നപ്പോൾ
നിനക്കയച്ചതും
അയക്കാനിരുന്നതുമായ
മെയിലുകളുടെ
പ്രളയം

ആവർത്തന വിരസമെന്നു
നീ തള്ളിപ്പറഞ്ഞ മെയിലുകൾ
എറർ കാണിച്ചു
ഡ്രാഫ്റ്റിലേക്ക്, പിന്നെ
ട്രാഷിലേക്കും കൊന്നിട്ടു
എന്റെ നിലയ്ക്കാറായ
യൂറിൻ ബ്ലാഡറിൻറെ
അഗാധതയിലേക്കെന്ന
പോലെ

ഷിറ്റ് ' എന്നുറക്കെ
എപ്പോഴത്തെയും പോലുച്ചത്തിൽ
നീയലറി

മെമ്മറികളെല്ലാം നിലയ്ക്കുന്നു
വൈറസുകൾ
ശരീരയുദ്ധം തുടർന്ന്
കൊണ്ടേയിരുന്നു

ഒടുക്കം,
പവർ സപ്ലൈയുടെ
വെന്റിലേറ്ററിലേക്ക്
കടത്തിവിടുമ്പോൾ
നീയാൽ നിറയ്ക്കപ്പെട്ട
ചുംബനങ്ങളും
സ്നേഹകൊതിയാൽ
മൊരിഞ്ഞയെൻ
ശരീരവും ഒന്ന് വിയർത്തു
ഡിറ്റാച്മെന്റലുകളുടെ വിറയ്
ക്കൽ
ഒരിക്കൽ നാം,
ശയിച്ചയതേ
കിടപ്പുതാളത്തിലുള്ള വിറയ്ക്കൽ

ഇപ്പോൾ
യന്ത്ര സഹായത്താൽ
പ്രവർത്തിക്കുന്ന
സിഗ്നലുകളുടെ
നൂൽപാലയാത്ര തുടരുന്ന
ആമസോൺ ഗ്രൂപ്പുകൾക്കിടയിൽ
സിസ്റ്റം ഡിനൈഡ്
എന്ന് പറയും വരെ
അക്സസ്സ് മാത്രമുള്ളയൊരു
സ്ക്രാപ്പായി മാറാൻ
കാത്തിരിക്കും ഞാൻ.

എല്ലാ വിഷൽ ഇമേജുകളുടെയും
മെമ്മറി സ്റ്റോറുകളിൽ
പച്ചപ്പിന്റെ
ജീവൽ ഗന്ധമായും ,
ലൈബ്രറി തണുപ്പിന്റെ
ഫോറവർ
ഫൈലായും
മിഴിപ്പൂണ്ടിങ്ങനെ...
കാഴ്ച്ചയുടെ ഇൻസ്റ്റലേഷൻ
ആയി
ചരിത്രം ഞാനാൽ
വായിക്കപ്പെടുന്നു..
സാഹിത്യത്തിന്റെ
മേഘമൽഹാറിടങ്ങളിൽ
എന്നെ
നിയതിയായി
വാഴ്ത്തപ്പെടുന്നു..

ഇനി നിനക്കറിയാത്ത
ഒന്നും കൂടിയുണ്ട്..
ഹൃദയത്തിലെ
ആ പഴയ
മുറിവിൽ
നിറയെ
എ ഐ ജനറേറ്റഡ്
പോയട്രി സ്ക്രാപ്സ്
ആണെന്ന സത്യം...


the cotillion
Authentic Indian Cuisine & Asian Fusion Rich in Flavor and Taste
Celebrate Your Precious Wedding and Any Gatherings at Cotillion, Where Timeless Elegance Meets Modern Luxury. Book Your Party today with Us!
The Cotillion is Guaranteed to be a Great Dine Experience
the cotillion
440 Jericho Turnpike
JERICHO, NY 11753
(516) 938-3300

ചെറുകഥ



ഷാർളി ബെഞ്ചമിൻ

വര: പി ആർ രാജൻ

# തൊണ്ടി ബ്ലാങ്കലും ഒറ്റക്കമ്മേലും

വേട്ടപ്പട്ടികളാണെങ്കിലും മുയലുകളുടെ കുടൽ മാത്രം തിന്നാൻ വിധിക്കപ്പെട്ടവരായിരുന്നു അവർ. ഇറച്ചി മുഴുവൻ വല്യപ്പച്ചന് ഉള്ളതായിരുന്നു. ഒരുനാൾ വല്യപ്പച്ചന്റെ തന്നെ കുടൽ അവറ്റകൾ തിന്നു. ആ സംഭവകഥ നിങ്ങൾ കേട്ടിട്ടുണ്ടോ?

ഒന്നര നൂറ്റാണ്ട് മുൻപുണ്ടായിരുന്ന എന്റെ വല്യപ്പച്ചൻ ഓനാന്റെ കഥ തന്നെയാണത്. നാട്ടുകാർ ഓനാൻ മോലാളി, ഓനാമ്പ്രാൻ എന്നൊക്കെ വിളിക്കും. ഇരട്ട ചങ്കനായിരുന്നു ഓനാമ്പ്രാൻ.

പാരമ്പ്യര്യമായി എനിക്ക് കൈമാറിക്കിട്ടിയത് ഇത്തരം കുറെ കഥകളും കുടുംബത്തിന്റെ പൊങ്ങച്ചം പറയുന്ന നുണകളും വിറ്റ് വിറ്റ് തീർന്ന ശേഷം ബാക്കിയുള്ള 30 സെന്റും ചോരുന്ന വീടും ചിതലു കയറിയ നെല്ലറയുമാണ്.

വേലുപ്പാണ്ടിയെ അടിച്ചോടിച്ച് വിട്ടതിൽ പിന്നെ ഓനാമ്പ്രാൻ ഒറ്റയ്ക്കായിരുന്നു മുയൽ വേട്ട. അത്തരം

**ചവച്ചാൽ കയ്പില്ലാത്ത കാഞ്ഞിര മരച്ചോട്ടിലാണ് ഓനാൻ വല്യപ്പച്ചൻ കുഴഞ്ഞുവീണ് മരിച്ചത്. കാഞ്ഞിരച്ചോട്ടിലാകെ ചോര കട്ട കെട്ടി കിടന്നു. കുടുംബവക ആ സ്ഥലമൊക്കെ എന്റെ അപ്പന്റെ കാലത്തേ വിറ്റുപോയെങ്കിലും ആ കാഞ്ഞിരം ഇപ്പോഴും ഉണ്ട്. എന്തായാലും ഇപ്പോൾ അതിന്റെ ഇലയ്ക്ക് ഭയങ്കര കൈയ്പ്പാണ്. അപ്പച്ചന്റെ രക്തം കുടിച്ചാണ് കാഞ്ഞിരം കൈയ്പ്പായി മാറിയതെന്നാണ് നാട്ടുകാർ പറയുന്നത്.**



ഒരു വേട്ടക്കിടയിലാണ് മരണം. തിരക്കി പോയ നാട്ടുകാരും വീട്ടുകാരും കാണുമ്പോൾ മുയലിനെ കൊന്ന് കുടലെടുക്കും പോലെ വല്യപ്പന്റെയും നെഞ്ചു മുതൽ വയറു വരെ കീറി പൊളന്നിരുന്നു. കുടൽ പട്ടികളും തിന്നു. വയർ മൂർച്ചയുള്ള കത്തി കൊണ്ട് കീറിയതാണെന്ന് തോന്നും. എന്നാൽ വില്ലുപോലെ വളഞ്ഞു നിന്ന ഒരു പുല്ലാഞ്ഞി കമ്പ് വല്യപ്പച്ചൻ വെട്ടിയെടുത്തപ്പോൾ ചാട്ടുളി പോലെ വയറ്റിൽ തറച്ചെന്നും നെഞ്ചാംമൂടിൽ ചെന്നാണ് കമ്പിന്റെ പാച്ചിൽ നിന്നതെന്നുമാണ് ഞങ്ങൾ കുടുബത്തിലുള്ളവർ പറഞ്ഞിരുന്നത്. പുറത്തു ചാടിയ കുടലുമായി വല്യപ്പനും പട്ടികളും കാട്ടിലൂടെ ദീർഘദൂരം ഓടിയതായി പഴമക്കാർ പറയുന്നുണ്ട്.

ചവച്ചാൽ കയ്പില്ലാത്ത കാഞ്ഞിര മരച്ചോട്ടിലാണ് ഓനാൻ വല്യപ്പച്ചൻ കുഴഞ്ഞുവീണ് മരിച്ചത്. കാഞ്ഞിരച്ചോട്ടിലാകെ ചോര കട്ട കെട്ടി കിടന്നു. കുടുംബവക ആ സ്ഥലമൊക്കെ എന്റെ അപ്പന്റെ കാലത്തേ വിറ്റുപോയെങ്കിലും ആ കാഞ്ഞിരം ഇപ്പോഴും ഉണ്ട്. എന്തായാലും ഇപ്പോൾ അതിന്റെ ഇലയ്ക്ക് ഭയങ്കര കൈയ്പ്പാണ്. അപ്പച്ചന്റെ രക്തം കുടിച്ചാണ് കാഞ്ഞിരം കൈയ്പ്പായി മാറിയതെന്നാണ് നാട്ടുകാർ പറയുന്നത്.

ആദ്യം കണ്ടവർക്ക് വല്യപ്പച്ചന്റെ ശരീരം തിരിച്ചറിയാൽ കഴിഞ്ഞില്ല. കാഞ്ഞിര മരം താവളമാക്കിയ കാക്കക്കൂട്ടങ്ങൾ തൂറി തൂറി കറുത്ത ശരീരം വെളുപ്പിച്ചിരുന്നു. ചെറുപ്പത്തിൽ തെങ്ങിൽ കയറി കാക്ക മുട്ടകൾ കട്ടെടുക്കുമായിരുന്നത്രെ വല്യപ്പച്ചൻ!

മുയൽവേട്ടക്ക് പോയി ഏറെക്കഴിഞ്ഞ് വേട്ടപ്പട്ടികൾ ഉടയോനില്ലാതെ വീട്ടിൽ എത്തിയപ്പോഴാണ് അന്വേഷണം തുടങ്ങിയത്. കൊടിച്ചിയുടെ വായിലും രാജപാളയത്തിന്റെ വായിലും രക്തക്കറയുണ്ടായിയിരുന്നു. വല്യപ്പച്ചനെ തിരക്കി വീട്ടുകാർ ഇറങ്ങിയപ്പോൾ ആ പ്രദേശത്തെ പട്ടികളാകെ ഒന്നായി ഓലിയിട്ടു. മാളം വിട്ടിറങ്ങിയ മുയലുകൾ പുൽമേടുകളിൽ ഓടിക്കളിച്ചു. പൂവൻ കോഴികൾ പുരപ്പുറത്തും മരക്കൊമ്പിലും പറന്നു

കയറി കൂവി തിമർത്തു. പിടകൾ കൊക്ക...ക്കോ.... പറഞ്ഞ് കലപില കൂട്ടി. കാക്കകൾ ഭ്രാന്തുപിടച്ചതു പോലെ തെക്കു വടക്ക് ഒച്ച വെച്ച് പറന്നു. എരുത്തിലിൽ കെട്ടിയിട്ടിരുന്ന കാളകൾ പൂട്ടു കമ്പുകൊണ്ട് അടി കിട്ടിയതുപോലെ കുതറിച്ചാടി. ചിലത് കെട്ടു പൊട്ടിച്ചോടി.

അതിശയത്തോടെ വീടിനു പുറത്തിറങ്ങിയ നാട്ടുകാർ നായ്ക്കളെയും കോഴികളെയും ഓടിച്ചു വിട്ടെങ്കിലും അവയുടെ വായിത്താരി നിലച്ചില്ല. പുല്ലാഞ്ഞി മലയുടെ വിശാലമായ ഒരു ഭാഗം പാറക്കെട്ടുകളും പുൽമേടുമാണ്. അവിടാണ് കാട്ടുമുയലുകളുടെ താവളം. എല്ലാവശത്തുമായി പട്ടികൾ അണിനിരക്കും. ആകെ ആറ് പട്ടികളായിരുന്നു അന്ന് ഉണ്ടായിരുന്നത്. ആറെന്ന് കൃത്യമായി പറയാനാവില്ല. അഞ്ച് രാജപാളയം പട്ടികളുടെ എണ്ണം കൃത്യമാണ്. തോന്നും പോലെ വന്നു കയറുകയും ഇറങ്ങി പോകുകയും ചെയ്യുന്ന കോമതിയുടെ ഷാപ്പിലെ കൊടിച്ചിപ്പട്ടിയെ കണക്കിൽപ്പെടുത്തിയിരുന്നില്ല.അന്ന് ഞാൻ ജനിച്ചിട്ടില്ല. അപ്പൻ പറഞ്ഞ കഥയാണിതൊക്കെ. പുല്ലാഞ്ഞി മലയും നൂറ് പറ കണ്ടവും സ്വന്തമായിരുന്ന കാലമാണത്.

രാജപാളയത്തോടൊപ്പം തറവാട്ടിലെത്തിയതാണ് വേലുപ്പാണ്ടി.

ചുവന്ന തോർത്ത് എപ്പോഴും ഒപ്പം കാണും. കൈലിയും അതിനടിയിൽ പാളക്കരയൻ നിക്കറും മുഷിഞ്ഞ അരകൈയ്യൻ ബനിയനുമാണ് യൂണിഫോം. കറുത്ത കൊഴുത്തുരുണ്ട ശരീരമുള്ള വേലുപ്പാണ്ടി ഓനാമ്പ്രാന്റെ വലം കൈയ്യായിരുന്നു. പറയുന്നതെല്ലാം ചെയ്യുന്നവൻ. മോലാളി എന്നാണ് അവൻ ഓനാൻ വല്യപ്പച്ചനെ വിളിക്കുക. അങ്ങനെയാണ് ഓനാൻ മോലാളിയായത്.

പാണ്ടിയുടെ തലയിൽ മിക്കപ്പോഴും ചുവന്ന തോർത്ത് വട്ടക്കെട്ടായി കാണും. ചിലപ്പോൾ തോളിൽ, മറ്റ് ചിലപ്പോൾ അരയിൽ... അങ്ങനെ തോർത്ത് ഓടിക്കളിക്കും. തെങ്ങിലും കമുകിലും കയറാൻ തളപ്പ് കെട്ടാനും തോർത്ത് തന്നെ ആശ്രയം. തോർത്ത് വിരിച്ച് നിലത്താണ് ഉറക്കം. വിയർപ്പു തുടക്കാനും കുളിക്കാനും എന്നു വേണ്ട തോർത്തില്ലാതെ വേലുപ്പാണ്ടിക്ക് ഒരു ജീവിതം ഇല്ലാതെ വന്നപ്പോൾ നാട്ടുകാർക്കും മറ്റ് നിർവാഹം ഇല്ലാതെ വന്നു!. അവർ അവനൊരു പേരിട്ടു. തോർത്തു പാണ്ടി !

ഈ ചുവന്ന തോർത്തു കൊണ്ട് മുഖം മറച്ചു കള്ളുഷാപ്പിലേക്ക് പോകുമ്പോൾ നാട്ടുകാർക്ക് ഉറപ്പായിരിക്കും അത് തോർത്ത് പാണ്ടിയാണെന്ന്!

**രാജപാളയത്തോടൊപ്പം തറവാട്ടിലെത്തിയതാണ് വേലുപ്പാണ്ടി. ചുവന്ന തോർത്ത് എപ്പോഴും ഒപ്പം കാണും. കൈലിയും അതിനടിയിൽ പാളക്കരയൻ നിക്കറും മുഷിഞ്ഞ അരകൈയ്യൻ ബനിയനുമാണ് യൂണിഫോം. കറുത്ത കൊഴുത്തുരുണ്ട ശരീരമുള്ള വേലുപ്പാണ്ടി ഓനാമ്പ്രാന്റെ വലം കൈയ്യായിരുന്നു. പറയുന്നതെല്ലാം ചെയ്യുന്നവൻ. മോലാളി എന്നാണ് അവൻ ഓനാൻ വല്യപ്പച്ചനെ വിളിക്കുക. അങ്ങനെയാണ് ഓനാൻ മോലാളിയായത്**

വലിയ ജിമുക്കി കമ്മലും പൊട്ടുമുള്ള കോമതി ചാന്നാത്തിയാണ് കള്ള് ഒഴിച്ചു കൊടുക്കുന്നത്. യൗവനം വിട്ടൊഴിയാത്ത കോമതിയെ നോക്കിയിരുന്ന് തോർത്ത്പാണ്ടി മാത്രമല്ല കള്ളുഷാപ്പിലെത്തുന സകലമാനപേരും കള്ള് കുടിക്കും. പതനുരയുന്ന കള്ള് കുടങ്ങൾ മേശമേൽ തുള്ളി തുളുമ്പും. അരണ്ട ചിമ്മിനി വെളിച്ചത്തിൽ പത ഊതി മാറ്റി കുടിയന്മാർ കുടത്തിലെ കള്ള് കുടിച്ചു വറ്റിക്കും.

തോർത്ത് പാണ്ടിയെ പോലെ വല്യപ്പന്റെ അടുത്ത വിശ്വസ്തനായിരുന്നു കോമതിയുടെ ചാന്നാൻ കോവാലൻ. ഇടം കൈയ്യും വലം കൈയ്യും എന്ന് വേണമെങ്കിൽ പറയാം. കാളപൂട്ടിനും മുയൽ വേട്ടക്കും മീൻ പിടിക്കാനുമൊക്കെ ഒപ്പം കൂടും.

നാട്ടുകാർ പരദൂഷണം പറഞ്ഞെങ്കിലും കോമതി നേരും നെറിയുമുള്ളവളായിരുന്നു. അതിനാൽ പേരുദോഷം കേൾപ്പിച്ചില്ല. ദർശന സുഖമെന്ന ലക്ഷ്മണ രേഖയ്ക്ക് അപ്പുറം കടക്കാൻ എല്ലാർക്കും പേടിയായിരുന്നു. കോവാലൻ ചാന്നാൻ തെങ്ങിന്റെ കൂമ്പ് ചെത്തുന്ന തേറിനെ എല്ലാർക്കും പേടിയായായായിരുന്നു.

ആഞ്ഞിലി തടിയിൽ പണിഞ്ഞ കത്തിക്കൂട്ടിനുള്ളിൽ തേറ് കൈയ്യെത്തും ദൂരത്തുണ്ടാവും. പാലത്തടിയിൽ തേച്ച് മൂർച്ച വരുത്തിയ തേറിന് അന്തം വിട്ടുപോകുന്ന മൂർച്ചയാണ്. ഇത് കൊണ്ടാണ് കോവാലൻ താടി വടിക്കുന്നതും.

മാത്രമല്ല, തേറിന്റെ മൂർച്ച നാട്ടുകാർക്ക് വേറെയും പറഞ്ഞ് അറിയാം. കോവാലന് അങ്ങനെ ഒരു കൊലപാതകത്തിന്റെ കുടുംബ പശ്ചാത്തലം കൂടിയുണ്ട്. അതിനാൽ തന്നെ നാട്ടുകാർക്കും കോമതിക്കും കോവാലനെ പേടിയായിരുന്നു.

ആ കഥ അപ്പൻ പറഞ്ഞത് ഇങ്ങനെ:

'കോവാലന്റെ മൂത്ത ചേട്ടൻ നാണുവും നാട്ടിലെ അറിയപ്പെടുന്ന കള്ളു ചെത്തുകാരനായിരുന്നു. അയാൾ തേറു കൊണ്ട് ഒറ്റ വെട്ടേ വെട്ടിയുള്ളു. കെട്ട്യോള് ഭാർഗ്ഗവിയുടെ ഉടലും തലയും രണ്ടായി. നാണു കള്ള് ചെത്തിന് പോകുമ്പോൾ ഭാർഗ്ഗവിയ്ക്ക് ചുറ്റിക്കളിയുണ്ടെന്ന് ആരെക്കെയോ പറഞ്ഞ് പരത്തി. തോർത്ത് പാണ്ടിയുടെ പേര് പോലും അന്ന് പ്രചരിച്ചിരുന്നു. പക്ഷേ കാത്തിരുന്നിട്ടും ഒളിച്ചിരുന്നിട്ടും ജാരനെ പിടിക്കാനായില്ല. വെറും സംശയമായിരുന്നെന്ന് പറയുന്നവരുമുണ്ട്.

നാണു അവസരം കാത്തിരുന്ന് ആലോചിച്ച് ഉറപ്പിച്ച് ചെയ്തതാണത്. ഒരു ദിവസം ചെത്ത് കഴിഞ്ഞ്

ചെന്നപ്പോൾ ഒരു ഇളം കരിക്ക് കൂടി ഒപ്പം കരുതി. നാണു ചിരിച്ച് കളിച്ച് അവരെ സ്നേഹത്തോടെ അടുത്തേക്ക് വിളിച്ചു. തേറ് എടുത്ത് കരിക്ക് വെട്ടി ഭാർഗ്ഗവിക്ക് കുടിക്കാൻ കൊടുത്തു. അവർ തല പുറകോട്ടാക്കി കരിക്കിൻ വെള്ളം മൊത്തിക്കുടിച്ചു.

തൊണ്ടക്കുഴിയിലൂടെ തണുത്ത കരിക്കിൻ വെള്ളം ഒരു ചെറിയ ശബ്ദത്തോടെ താഴേക്ക് ഒഴുകി. കഴുത്തിലെ നീല ഞരമ്പുകൾ തുടിച്ചു നിന്നു. നാണു ഒറ്റ വെട്ടേ വെട്ടിയുള്ളു. ആദ്യം കരിക്കിൻ വെള്ളവും പിന്നെ ചോരയും തെറിച്ചു'.ഇത് പറയുമ്പോഴും അപ്പന് സങ്കടമായിരുന്നു. സംഭവം നേരിൽ കണ്ടത് പോലെയാണ് ഓരോ കാര്യങ്ങളും അപ്പൻ പറയുന്നത്.

ചുരക്കാത്തോടിന് മുകളിൽ കയറ് വരിഞ്ഞുണ്ടാക്കിയ കുടുക്കയിൽ നിന്ന് കള്ള് പകരുമ്പോഴും കുടിയന്മാരുടെ മേലും കോമതിയുടെ മേലും ഒരു കണ്ണുണ്ടായിരുന്നു കോവാലന്. നാണുവിന്റെ കഥ എല്ലാർക്കും അറിയാവുന്നതിനാൽ ആരും വഴിവിട്ട് ഇടപെട്ടില്ല. എന്നിട്ടും അത് സംഭവിച്ചു. കോമതി ഒറ്റക്കമ്മലിട്ട് ശിഷ്ടകാലം ജീവിച്ചത് അങ്ങനെയാണ്.

ഒറ്റക്കമ്മലിന്റെ കഥ പറയുമ്പോൾ കോവാലന്റെ ബ്ലാങ്കൽ കാണാതായത് മുതൽ പറയേണ്ടിവരും. അതായിരുന്നു എല്ലാറ്റിനും തുടക്കം. വല്യപ്പച്ചന്റെ രാജപാളയം പട്ടികളിൽ ഒരെണ്ണം അത് കടിച്ചെടുത്തോണ്ട് പോയി എന്നാണ് ശ്രുതി. വല്യപ്പച്ചൻ പറഞ്ഞ് എടുപ്പിച്ചതാണെന്ന് നാട്ടുകാർ പറഞ്ഞു നടന്നു. കള്ള് കിട്ടാനായി തെങ്ങിൻ കൂമ്പിൽ കൊട്ടാൻ ഉപയോഗിക്കുന്ന സാധനമാണ് ബ്ലാങ്കൽ. തെങ്ങീന്ന് ഇറങ്ങി വന്ന കോവാലനോട് ഇത്തിരി ഇളം കള്ള് വല്യപ്പച്ചൻ ചോദിച്ചിട്ട് കൊടുത്തില്ല. പിന്നീട്

രാജപാളയത്തിൽ ഒരെണ്ണം അതുവഴി എല്ലുമായി ഓടി പോയി. 'പട്ടിയാന്നേ ചിലപ്പോൾ എല്ല് എടുക്കും. പ്രത്യേകിച്ച് രാജപാളയം. ഞാൻ എന്നാ ചെയ്യാനാ.' വല്യപ്പച്ചൻ ചിരിച്ചോണ്ട് പറഞ്ഞതായി അപ്പൻ സാക്ഷ്യപ്പെടുത്തുന്നു. എന്തായാലും എല്ലായിടത്തും തെരഞ്ഞിട്ടും ബ്ലാങ്കൽ കിട്ടിയില്ല. അതോടെ വല്യപ്പച്ചനും കോവാലനും കണ്ടാ മിണ്ടാതായി.

ബ്ലാങ്കൽ ആയി പണ്ടു കാലത്ത് ഉപയോഗിച്ചിരുന്നത് മ്ലാവിന്റെ കൈയ്യിലെ അസ്ഥിയായിരുന്നു. ഇത് തയ്യാറാക്കുന്നത് അത്ര എളുപ്പമല്ലാത്തതിനാൽ ചെത്തുകാർക്കത് വില പ്പെട്ടതാണ്, വിശുദ്ധവുമാണ്.

**വലിയ ജിമുക്കി കമ്മലും പൊട്ടുമുള്ള കോമതി ചാന്നാത്തിയാണ് കള്ള് ഒഴിച്ചു കൊടുക്കുന്നത്. യൗവനം വിട്ടൊഴിയാത്ത കോമതിയെ നോക്കിയിരുന്ന് തോർത്ത്പാണ്ടി മാത്രമല്ല കള്ളുഷാപ്പിലെത്തുന്ന സകലമാനപേരും കള്ള് കുടിക്കും. പത നുരയുന്ന കള്ള് കുടങ്ങൾ മേശമേൽ തുള്ളി തുളുമ്പും. അരണ്ട ചിമ്മിനി വെളിച്ചത്തിൽ പത ഊതി മാറ്റി കുടിയന്മാർ കുടത്തിലെ കള്ള് കുടിച്ചു വറ്റിക്കും. തോർത്ത് പാണ്ടിയെ പോലെ വല്യപ്പന്റെ അടുത്ത വിശ്വസ്തനായിരുന്നു കോമതിയുടെ ചാന്നാൻ കോവാലൻ.**

മ്ലാവിന്റെ കൈയ്യിലെ അസ്ഥിയുടെ ഉള്ളിലെ മജ്ജ ആദ്യം നീക്കം ചെയ്യും. അതിൽ പ്രത്യേക അളവുകളിൽ കോഴി നെയ്യ്, പശുവിൻ നെയ്യ്, എരുമ നെയ്യ്, പന്നി നെയ്യ്, ചില അങ്ങാടി മരുന്നുകൾ, കരിക്ക്, തേങ്ങാ വെള്ളം, കള്ള് എന്നിവ നിറയ്ക്കും. ഈ മിശ്രിതം വെറുതെ നിറച്ചാൽ പോര. ഒരു തെങ്ങിൽ നിന്നു മാത്രം എടുക്കുന്ന ചൂട്ടും കൊതുമ്പും വിറകായി ഉപയോഗിച്ച് ഓട്ടുരുളിയിൽ തയ്യാറാക്കണം. ചൂട് നിയന്ത്രിക്കണം. ആരും കാണാതെയും തൊട്ടുരിയാടാതെയും പൗർണ്ണമി രാവിൽ വ്രതാനുഷ്ഠാനത്തോടു കൂടി ആശാന്മാരാണ് നിറച്ചിരുന്നത്. ഇങ്ങനെ നിറക്കുന്ന അസ്ഥി കഷണം പാലയുടെ കമ്പ്, കോലരക്ക് എന്നിവ കൊണ്ട് അടയ്ക്കുമ്പോഴാണ് ബ്ലാങ്കലാകുന്നത്.

പട്ടി കൊണ്ടു പോയ ബ്ലാങ്കലിന് പകരം മറ്റൊരു ബ്ലാങ്കൽ തയ്യാറാക്കാൻ കോവാലൻ വർക്കലയ്ക്ക് പോയപ്പോഴാണ് അത് സംഭവിച്ചത്. മഞ്ഞളിറ ഏലായിലെ മരമടി ദിവസമായിരുന്നു അന്ന്. കോവാലൻ ഓനാമ്പ്രനോടൊപ്പം മരമടിക്ക് ഓടാനില്ലായിരുന്നു. അല്ലെങ്കിൽ ഓനാമ്പ്രാന്റെ ഇടത്തും വലത്തുമായി വേലുപ്പാണ്ടിയും കോവാലനും സഹായികളായി ഓടാനുണ്ടാകും.

പട്ടി ബ്ലാങ്കൽ കൊണ്ടുപോയ ദേഷ്യത്തിലും, വിഷമത്തിലായിരുന്നു അയാൾ. ഓനാമ്പ്രാൻ മരമടി ഏലായിൽ നിന്ന് പരസ്യമായി കോവാലനെ തെറി പറഞ്ഞു. ഇനി മുതൽ തന്നോടൊപ്പം ഓടാൻ കോവാലൻ വേണ്ടായെന്ന് ഉറക്കെ പ്രഖ്യാപിച്ചു. മരമടി നടന്ന അന്ന് തന്നെയാണ് കോമതിയുടെ ഒരു ചെവി അറ്റതും.

ഞങ്ങളുടെ നാട്ടിലെ മാത്രമല്ല അയൽ നാടുകളിലെയും പേരുകേട്ട മരമടി ഓട്ടക്കാരനും നിരവധി മത്സരങ്ങളിലെ വിജയിയും ആയിരുന്നു ഓനാമ്പ്രാൻ.

കന്നുകാലികളെ കുളിപ്പിച്ച് അരിമാവ്, മഞ്ഞൾപ്പൊടി എന്നിവ ചാർത്തി അലങ്കരിച്ചാണ് കണ്ടത്തിലിറക്കുക. ചെണ്ടമേളമൊക്കെ ഉണ്ടാവും. കാളകളെ ഇളനീർ കൊണ്ട് അഭിഷേകം ചെയ്യും. മണ്ണിന്റെയും ചേറിന്റെയും ഗന്ധം പ്രദേശമാകെ നിറയും.മത്സരത്തിന് മുൻപ് കാളകളെ കണ്ടം കാണിക്കാൻ ഇറക്കും. കണ്ടം പഴകി, ചേറുണർത്തി കഴിഞ്ഞാൽ പിന്നെ മത്സരമാണ്. ഒരുക്കിയിട്ട നിലത്തിലൂടെ കാളകൾ ചെളി പറത്തി പായും. നുകത്തിൽ കൊരുത്തു കെട്ടിയ കയറുകൾ ഇടം കൈയ്യിലും വലം കൈയ്യിൽ പൂട്ടു കമ്പുമായി മരപലകയിൽ ഒറ്റക്കാലിൽ ചവുട്ടി വല്യപ്പച്ചൻ മിന്നലാകും.

**ഒറ്റക്കമ്മലിന്റെ കഥ പറയുമ്പോൾ കോവാലന്റെ ബ്ലാങ്കൽ കാണാതായത് മുതൽ പറയേണ്ടിവരും. അതായിരുന്നു എല്ലാറ്റിനും തുടക്കം. വല്യപ്പച്ചന്റെ രാജപാളയം പട്ടികളിൽ ഒരെണ്ണം അത് കടിച്ചെടുത്തോണ്ട് പോയി എന്നാണ് ശ്രുതി. വല്യപ്പച്ചൻ പറഞ്ഞ് എടുപ്പിച്ചതാണെന്ന് നാട്ടുകാർ പറഞ്ഞു നടന്നു. കള്ള് കിട്ടാനായി തെങ്ങിൻ കൂമ്പിൽ കൊട്ടാൻ ഉപയോഗിക്കുന്ന സാധനമാണ് ബ്ലാങ്കൽ.**

ഒരിക്കൽ വല്യപ്പച്ചന്റെ ഉരുക്കൾ ഒന്നാമത് എത്തിയെങ്കിലും ലൈൻമാൻ കൊടി പൊക്കിയില്ല. രണ്ടാമത് വന്ന ഉരുവിനെ വിജയിയാക്കി.

വല്യപ്പച്ചൻ തന്റെ തന്നെ മറ്റൊരു ജോഡിയുമായി പിന്നെയുമിറങ്ങി.

ലൈൻമാന്റെ അടുത്തെത്തിയപ്പോൾ വല്യപ്പച്ചൻ കാളയുടെ വാലിൽ പിടിച്ചു തിരിച്ചു. കാള വരമ്പിൽ നിന്ന ലൈൻമാനെ ഇടിച്ച് മറിച്ച് അടുത്ത കണ്ടത്തിലിട്ടു. കാണികൾ കൂക്കിവിളിച്ചു.

നുകം വച്ചു കെട്ടിയ കാളകളുടെ നിയന്ത്രണം എന്നും വല്യപ്പച്ചനാണ്. വിരൽ കൊണ്ട് അവയുടെ മർമ്മത്തിൽ തൊട്ട് അത്ഭുതങ്ങൾ സൃഷ്ടിക്കാനുള്ള കഴിവുണ്ടായിരുന്നു ഓനാമ്പ്രാന്. തേര് തെളിക്കുന്ന പോലെ നുകവും കയറും കലപ്പയും പിടിച്ച് അശ്വവേഗത്തിൽ വല്യപ്പച്ചൻ പായും. ഒന്ന് തോറ്റാൽ മറ്റൊന്ന്. ഇങ്ങനെ നാലഞ്ച് ജോഡികളുമായേ ഓനാമ്പ്രാൻ കളത്തിലിറങ്ങൂ . ഒന്നാം സ്ഥാനം മാത്രമല്ല സമ്മാനം മുഴുവൻ കൊണ്ടു പോരും.

ഇന്നത്തെ പോലെ മോട്ടോർ വണ്ടികൾ ഒന്നും ഇല്ലാത്ത കാലമാണ്.തെന്മലയിലെയും തെങ്കാശിയിലെയും കാട്ടുവഴികളിലൂടെ ദിവസങ്ങൾ വില്ലുവണ്ടിയിൽ യാത്ര ചെയ്താലേ പാണ്ടിനാട്ടിലെ അലങ്കാനല്ലൂരിൽ എത്താനാകൂ. അവിടെ



നിന്നാണ് കാങ്കേയം കാളകളെ വല്യപ്പച്ചൻ വാങ്ങുന്നത്.

മികച്ച ഓട്ടക്കാരും ജെല്ലിക്കെട്ട് വീരന്മാരുമാണ് കാങ്കേയം കാളകൾ.

വല്യപ്പച്ചന് പിന്നാലെ പണിക്കാർ കാളവണ്ടിയിലുണ്ടാകും. ദിവസങ്ങൾ എടുത്ത് സാവകാശം നടത്തിച്ചാണ് വാങ്ങിയ കാളകളെ നാട്ടിലെത്തിക്കുന്നത്.

ആ മടക്കയാത്രയിലാണ് രാജപാ

ഉയരത്ത് നിന്ന് വെളുത്തു തുടുത്ത അഞ്ച് പട്ടിക്കുട്ടികളെ പനവട്ടിയിലാക്കി ഓനാമ്പ്രാൻ ഇങ്ങു കൊണ്ടുപോന്നത്. ജെല്ലിക്കെട്ടിൽ തോറ്റ നാണക്കേടിൽ വേലുപ്പാണ്ടിയും അന്നാണ് വല്യപ്പനോടൊപ്പം കൂടിയതാണ്.

പട്ടിക്കുഞ്ഞുങ്ങൾ മുട്ടയും പാലും കോഴിയിറച്ചിയും തിന്ന് ഭീകരന്മാരായി . ഓനാമ്പ്രാൻ ഒഴികെ ആരു പറഞ്ഞാലും അനുസരിക്കില്ല. തറവാട്ടിലേക്ക് ഒരീച്ച പോലും കയറാതെയായി. എന്നിട്ടും കൊടിച്ചി കയറി. ആ കഥ പിന്നാലെ പറയാം.

വേട്ടയ്ക്ക് പോയാൽ രാജപാളയങ്ങൾ കാട് ഇളക്കി മറിയ്ക്കും. ഓനാൻ വല്യപ്പച്ചൻ വേട്ടക്ക് കൊണ്ടുപോകുമ്പോൾ ഈ നായ്ക്കളെ പട്ടിണിക്ക് ഇടും എന്നതാണ് കഷ്ടം. തലേന്ന് അത്താഴം പോലും നൽകില്ല. രാവിലെയും പട്ടിണിയായിരിക്കും. പത്ത് മണിയോടെ കാട് കയറുമ്പോൾ ഇത്തിരി വെള്ളം മാത്രം നൽകും. വിശന്ന് പൊരിഞ്ഞ രാജപാളയങ്ങൾ ഇറച്ചിക്കായി ഭ്രാന്തമായി മുയലുകളെ തെരയും എന്നതാണ് ഇതിന്റെ പിന്നിലെ രഹസ്യം. മുയലിനെ കണ്ണിൽപ്പെട്ടാൽ എല്ലാരും കൂടി കുരച്ചു കൊണ്ട് പിന്നാലെ ഓടി കഴുത്തിൽ പിടികൂടും. ഓനാൻ വല്യപ്പച്ചന്റെ കൈയ്യിൽ മുയലുകൾ കിടന്ന് പിടയുമ്പോൾ പട്ടികൾ കൊതിയോടെ കാത്തിരിക്കും. കത്തി വലിച്ചൂരി നെഞ്ഞും വയറും ചേർത്ത് ഒറ്റ വലിയാണ്. കുടലും പണ്ടവും പുറത്തു ചാടും. അത് ചൂടോടെ പട്ടികൾക്ക് ഇട്ടു കൊടുക്കും. അവർ അത് ആർത്തിയോടെ തിന്നും.

രാജപാളയങ്ങൾക്ക് ചോര ഇറ്റുന്ന കുടലിനോടുള്ള കൊതി അങ്ങനെ കൂടി കൂടി വന്നു. നാലഞ്ച് മുയലുകളെ ഇങ്ങനെ ചാക്കിലാക്കിയാൽ പിന്നെ മടക്കമാണ്. വിശപ്പ് അടങ്ങിയ രാജപാളയങ്ങളും പിന്നാലെ തല താഴ്ത്തി നിശബ്ദം മടങ്ങും.

മരമടിക്ക് കൂടാതെ കോവാലൻ വർക്കലയ്ക്ക് പോയ ദിവസം രാത്രി കള്ളുഷാപ്പ് അടച്ച് തിരിയുമ്പോൾ കോമതിയെ ആരോ കയറിപ്പിടിച്ചു. അയാൾ ചുവന്ന തോർത്തു കൊണ്ട് മുഖം മറച്ചിരുന്നു. കോമതിയുടെ ഉടുമുണ്ട് ഉരിഞ്ഞു. ബ്ലൗസ് കീറി. പിടിവലിക്കിടയിൽ തേറ് കൈക്കലാക്കിയ കോമതി മുഖം മൂടിയെ വെട്ടിയെങ്കി

**പെണ്ണിന്റെ ചൂടും ചൂരും അറിയാത്ത അഞ്ച് രാജപാളയം ആൺപട്ടികളുടെ ഇടയിലേക്കാണ് അവൾ ചെന്ന് ചാടിയത്. അവളെ പിന്നെ അവർ വിട്ടില്ല. ഓനാമ്പ്രാനും തോർത്തുപാണ്ടിയും പല തവണ അവളെ എറിഞ്ഞ് ഓടിച്ചെങ്കിലും പിന്നെയും അവൾ ഒളിഞ്ഞും തെളിഞ്ഞും വേലി ചാടി വന്നു.**

ലും അയാൾ അഭ്യാസിയെപ്പോലെ ഒഴിഞ്ഞു. അയാൾ തേറ് പിടിച്ചു വാങ്ങി തിരിച്ചു വെട്ടി. വെട്ട് ഒഴിഞ്ഞെങ്കിലും കോമതിയുടെ ഇടത് ചെവിയും ജിമുക്കി കമ്മലും അയാളുടെ കൈയ്യിലായി. ചോര ചീറ്റി ഒഴുകി. അയാൾ ഇറങ്ങി ഓടി. നിലവിളി കേട്ട് നാട്ടുകാർ എത്തുമ്പോഴേക്കും കോമതി ബോധം കെട്ടു കിടക്കുകയായിരുന്നു. തൊണ്ടിയായി ഒരു ചുവന്ന തോർത്ത് മാത്രം അവൾ കൈയ്യിൽ മുറുകെ പിടിച്ചിരുന്നു.

കോമതിയുടെ ചെവി വെട്ടിയാളുടെ പിറകെ ചെന്ന് കൊടിച്ചിപ്പട്ടി കടിച്ചു. അക്രമി ഓനാമ്പ്രാന്റെ തറവാട്ട് പറമ്പിലേക്ക് ചാടിക്കയറിയപ്പോൾ അവളും കുരച്ചു കൊണ്ട് ചാടിക്കയറി.

പെണ്ണിന്റെ ചൂടും ചൂരും അറിയാത്ത അഞ്ച് രാജപാളയം ആൺപട്ടികളുടെ ഇടയിലേക്കാണ് അവൾ ചെന്ന് ചാടിയത്. അവളെ പിന്നെ അവർ വിട്ടില്ല. ഓനാമ്പ്രാനും തോർത്തുപാണ്ടിയും പല തവണ അവളെ എറിഞ്ഞ് ഓടിച്ചെങ്കിലും പിന്നെയും അവൾ ഒളിഞ്ഞും തെളിഞ്ഞും വേലി ചാടി വന്നു. കൊടിച്ചിയെ കാണാത്തപ്പോൾ രാജപാളയങ്ങൾ മണം പിടിച്ച് അവളെ തേടി പോയി.

വേട്ടക്ക് പോകുമ്പോൾ അവളും എവിടെ നിന്നെങ്കിലും പുല്ലാഞ്ഞിമലയിൽ എത്തും. പലതവണ അവൾ രാജപാളയങ്ങളുടെ മക്കളെ പെറ്റു. പ്രദേശത്തെ നായ്ക്കളുടെ അമ്മറാണിയായി കൊടിച്ചി .മറ്റു പട്ടികൾ അവളുടെ ആജ്ഞകൾ അനുസരിച്ചു.

പോകെ, പോകെ രാജപാളയങ്ങളിലും അനുസരണക്കേട് കണ്ടു തുടങ്ങി. മനുഷ്യരുടെ ചൊൽപ്പടിയിൽ നിന്നും കുതറി മാറി സ്വതന്ത്രരാകാൻ ഉള്ള പരിപാടികൾ ആയിരിക്കണം കൊടിച്ചിയുടെ നേതൃത്വത്തിൽ പ്ലാൻ ചെയ്തത്. അവയുടെ കണ്ണുകളിൽ വന്യമായ തിളക്കം കൂടി കൂടി വന്നതായും ക്രൗര്യം കൂടിയതായും അപ്പൻ ഓർക്കുന്നു.

ഓനാമ്പ്രാന്റെ കുടൽ തിന്നതിനും മുൻകൈയെടുത്തതും കൊടിച്ചിയായിരുന്നിരിക്കും എന്നാണ് അപ്പന്റെ നിഗമനം. വിശന്നു പൊരിഞ്ഞെങ്കിലും ഉടയോന്റെ കുടൽ തിന്നാൻ അവർ ഒരിക്കലും തയ്യാറാവുമായിരുന്നില്ല. അത്രക്ക് അനുസരണയുള്ള ഇനമാണ്.

എന്നാൽ കൊടിച്ചി അവരുടെ നേതാവായതോടെ ഇവരിലും ചില മാറ്റങ്ങൾ പ്രകടമായിരുന്നു. അവൾ ആർത്തിയോടെ കുടൽ തിന്നു കാണിച്ചിരിക്കണം. മറ്റുള്ളവർക്കായി അത് പങ്കുവെച്ചിരിക്കണം. മറ്റ് അഞ്ചുപേരും അവളെ പിന്തുടർന്നിരിക്കണം. ഏതായാലും അവരുടെ വായിലും രക്തക്കറ ഉണ്ടായിരുന്നു.

'കോമതിയുടെ ചെവി മുറിച്ച ദിവസം ബഹളം കേട്ട് ഞാൻ അകത്തെ മുറിയിൽ നിന്ന് ഇറങ്ങി ചെന്നപ്പോൾ തിണ്ണയിൽ തോർത്തു വിരിച്ചു കിടക്കുകയായിരുന്നു പാണ്ടി. ഞങ്ങൾ രണ്ടും കൂടിയാണ് കാര്യം തിരക്കി വാതിൽക്കലേക്ക് ചെന്നത്. പിന്നെയും കുറെക്കഴിഞ്ഞാണ് നിന്റെ വല്യപ്പച്ചൻ പുറത്തേക്ക് വന്നത് ' – അപ്പൻ പറഞ്ഞു.

തോർത്തു പാണ്ടിയെ വിട്ടുതര

ണം എന്ന് നാട്ടുകാർ പല തവണ ആവശ്യപ്പെട്ടിട്ടും ഓനാമ്പ്രാൻ അതിനു തയ്യാറായില്ല. അവനെ കൈയ്യിൽ കിട്ടിയിരുന്നെങ്കിൽ അവർ ഒരു പക്ഷേ തല്ലിക്കൊന്നേനെ.

വേലുപ്പാണ്ടിയുടെ ചുവന്ന തോർത്ത് അവർ തൊണ്ടിയായി ഹാജരാക്കി. മറ്റ് മാർഗ്ഗമില്ലാതെ ഒടുവിൽ വല്യപ്പച്ചൻ തന്നെ പാണ്ടിയെ മുറ്റത്തെ തെങ്ങിൽ പിടിച്ചു കെട്ടി. നാട്ടുകാർ കാൺകെ പൂട്ട് കമ്പിന് അടിച്ച് പടിയിറക്കി വിട്ടു. 'എനിക്കൊന്നുമറിയില്ല മൊതലാളി. എന്റെ തോർത്ത് ദേ... എന്റെ അരയിലുണ്ട്. അടിയ്ക്കല്ലേ തമ്പ്രാ..' അവൻ കരഞ്ഞു പറഞ്ഞു. അങ്ങനെ വെറും കൈയ്യോടെയും കണ്ണീരോടെയായിരുന്നു വേലുപ്പാണ്ടിയുടെ മടക്കം.

അപ്പോഴും ചുവന്ന തോർത്ത് അവന്റെ അരയിൽ ഉണ്ടായിരുന്നു. പോകുന്ന പോക്കിൽ ഒരു കൊടും വളവുണ്ട്. ആ വളവ് എത്തുന്നതിന് തൊട്ട് മുൻപ് അവൻ തോർത്ത് അഴിച്ചെടുത്ത്, കണ്ണീർ തുടച്ചു. പിന്നെ തിരിഞ്ഞ് നോക്കാതെ തലക്ക് മുകളിലൂടെ പിന്നിലേക്ക് അതെറിഞ്ഞു.

കഥ ഇവിടെ അവസാനിക്കേണ്ടതാണ്.

ഒന്നും അങ്ങനെ തെളിവില്ലാതെ അവസാനിക്കാൻ പാടില്ലല്ലോ?

ചിതലു കയറി നശിച്ചു തുടങ്ങിയ ഞങ്ങടെ നെല്ലറ അടുത്തിടെയാണ് പൊളിച്ചു വിറ്റത്.

ചിതൽ കയറി തുടങ്ങി എന്നത് മാത്രമല്ല നെല്ലിന് പകരം എലിയും പാറ്റയും പെരുകുന്ന അറ പൊളിച്ചു വിറ്റാൽ തടിക്ക് നല്ല വില കിട്ടും എന്നതും എന്നെ മോഹിപ്പിച്ചു.

മരങ്ങളിലെ ഉരുക്കായ കമ്പക മരം കൊണ്ടായിരുന്നു നെല്ലറയുടെ ചട്ടക്കൂടുകൾ നിർമ്മിച്ചിരുന്നത്. കടുപ്പമുള്ള കമ്പക തടിയിൽ ചിതലു കയറില്ല. ഒന്നര നൂറ്റാണ്ട് പഴക്കമുള്ള പുനലൂർ തൂക്കുപാലത്തിലെ തടികൾ കമ്പകമായിരുന്നു. വെയിലും മഴയുമേറ്റ് അതവിടെ കിടന്നു.

എന്നാൽ നെല്ലറയിലെ പലകകൾക്ക് തേക്ക് ഉൾപ്പെടെയുള്ള തടികളാണ് ഉപയോഗിച്ചത്. കമ്പകത്തിൽ ഉളി കയറില്ലെന്നും ചിന്തേര് പിടിക്കില്ലെന്നും പണി താമസിക്കുമെന്നും പറഞ്ഞാണ് മറ്റ് തടികൾ ആശാരിമാർ ഉപയോഗിച്ചത്. ഇതിലാണ് ചിതൽ കയറിയത്.

ഒറ്റനോട്ടത്തിൽ മരത്തിൽ തീർത്ത ഒരു അറ മാത്രമാണത്. എന്നാൽ മച്ചിനു മുകളിലും നിലവറയിലുമായി ധാരാളം നെല്ല് സൂക്ഷിക്കുവാൻ കഴിയുന്ന വിധത്തിൽ സൂത്ര പണികളോടെയായിരുന്നു ഞങ്ങടെ നെല്ലറയുടെ നിർമ്മാണം.

വെള്ളക്കാർക്ക് ലെവിയുടെ പേരിൽ വൻ തുക കൊടുക്കേണ്ടി വരുന്നത് ഒഴിവാക്കാനാണ് അന്ന് വല്യപ്പച്ചൻ രഹസ്യ അറകൾ ഉണ്ടാക്കിയത്. അവർ വരുമ്പോൾ മൂന്നിൽ ഒന്ന് കാണിച്ചു കൊടുത്താൽ മതി. മൂന്നു ഭാഗങ്ങളായുള്ള ഇത്തരം അറകളെ മച്ച്, നടുവിൽ അറ, നിലവറ എന്നിങ്ങനെയാണ് അറിയപ്പെട്ടിരുന്നത്. നെല്ലിന് വായു ലഭിക്കുവാൻ ഇതിന്റെ ചുമരായി ഉപയോഗിക്കുന്ന പലകകളിൽ നെല്ലട എന്ന പേരിൽ

**വേലുപ്പാണ്ടിയുടെ ചുവന്ന തോർത്ത് അവർ തൊണ്ടിയായി ഹാജരാക്കി. മറ്റ് മാർഗ്ഗമില്ലാതെ ഒടുവിൽ വല്യപ്പച്ചൻ തന്നെ പാണ്ടിയെ മുറ്റത്തെ തെങ്ങിൽ പിടിച്ചു കെട്ടി. നാട്ടുകാർ കാൺകെ പൂട്ട് കമ്പിന് അടിച്ച് പടിയിറക്കി വിട്ടു. 'എനിക്കൊന്നുമറിയില്ല മൊതലാളി. എന്റെ തോർത്ത് ദേ... എന്റെ അരയിലുണ്ട്. അടിയ്ക്കല്ലേ**

പ്രത്യേക രീതിയിലുള്ള വിടവുകൾ സ്ഥാപിച്ചിട്ടുണ്ട്. ഉള്ളിലേക്ക് കയറാനുള്ള നിരപ്പലകകൾ എവിടെയാണെന്ന് ആർക്കും അറിയില്ല. എല്ലാം ഒരുപോലെയാണ്. പലകയിലെ ചില കൊത്തുപണികളാണ് സൂചന. അത് വല്യപ്പച്ചന് മാത്രമേ അറിയുമായിരുന്നുള്ളു.

നെല്ലറ ഒന്നൊന്നായി പൊളിച്ചു മാറ്റി തുടങ്ങിയപ്പോൾ കൂടെ ഞാനും നിന്നു.

രഹസ്യ അറകൾ ഒന്നൊന്നായി പൊളിച്ചാൽ നിധി ഉണ്ടായേക്കാം എന്ന പ്രതീക്ഷയിൽ ഞാൻ അങ്ങോട്ടും ഇങ്ങോട്ടും മാറാതെ നിന്നു.

ഒരു അറയുടെ അടിവശത്ത് പലകയിട്ട് മറച്ചിരുന്നു. അതിനും അടിയിൽ ഞാൻ ഇതുവരെ കാണാത്ത മറ്റൊരു അറ കൂടി കണ്ടെത്തി.

അതിൽ ചുവന്നു പട്ടിൽ പൊതിഞ്ഞ രണ്ട് സാധനങ്ങൾ ഉണ്ടായിരുന്നു. ആദ്യം കണ്ടത് ഒരു എല്ലിൻ കഷണമാണ്. ഒന്ന് ഭയന്നെങ്കിലും പണ്ട് കാലത്ത് കള്ളെടുക്കാൻ തെങ്ങിൻ പൂക്കുല തല്ലാനുള്ള ബ്ലാങ്കലാണ് അതെന്ന് മനസ്സിലായി.

പിന്നെയും ഒരു ചെറിയ തുണി പൊതിയുണ്ടായിരുന്നു. അത് ജോഡി നഷ്ടപ്പെട്ട ഒറ്റ ജിമുക്കി കമ്മൽ ആയിരുന്നു. രക്തക്കറ പുരണ്ട ആ കമ്മൽ എന്റെ കൈയ്യിലിരുന്നു വിറച്ചു.


പളപളാ മിന്നുന്ന ഒരു തേറ് സർജിക്കൽ ബ്ലേഡ് പോലെ വല്യപ്പച്ചന്റെ നെഞ്ച് മുതൽ വയറു വരെ കീറുന്നതും കുടലും പണ്ടവും പുറത്തു ചാടുന്നതും കണ്ടു. ഞാൻ വെട്ടി വിയർത്തു.


ആരും കാണാതെ വിറച്ചു കൊണ്ട് നിലവറയിൽ നിന്ന് ആ തൊണ്ടി മുതലുമായി ഞാൻ പുറത്തിറങ്ങി വീടിന് മുന്നിലെ വഴിയിലൂടെ നടന്നു.

കൊടും വളവ് എത്തിയപ്പോൾ ഒറ്റക്കമ്മൽ തലക്ക് മുകളിലൂടെ പിന്നിലേക്ക് എറിഞ്ഞു.

കണ്ണിൽ ഇരുട്ടു കയറുന്നുണ്ടായിരുന്നു.

വർഷങ്ങൾക്ക് മുൻപ് ഈ വളവിൽ തന്നെ കണ്ണീർ തുടച്ച് ചുവന്ന തോർത്ത് പിന്നിലേക്കെറിഞ്ഞ് നടന്നകലുന്ന വേലുപ്പാണ്ടിയെ ഞാൻ കാണാതെ കണ്ടു.


FROM THE PROMOTERS OF
KALYAN JEWELLERS
KALYAN
DEVELOPERS
www.kalyandevelopers.com
14
YEARS OF
TRUST
BUILT by
TRUST
ONGOING PROJECTS
ONGOING
HORIZON
Venpalavattom
ONGOING
PARAMOUNT
Kaloor
ONGOING
INFINITY
Near Devamatha School
ONGOING
PRIMA
Mundur
ONGOING
Legacy
Chalappuram
COMPLETED PROJECTS
READY HOMES
gateway
Venpalavattom
READY HOMES
divinity
Sreevaraham
READY HOMES
MERIDIAN
Ayyanthole
READY HOMES
UPTOWN
Patturaikkal
READY HOMES
courtyard
Chevayur
FOR MORE DETAILS & CALL: 9020 155 555



വര:
പി ആർ രാജൻ



ശ്യാമള ഹരിദാസ്

# ആരവം...

കർക്കിടകത്തിലെ കുറ്റാകൂരിരുട്ടും മഴയും, മിന്നലൊടുകൂടി കാർമേഘങ്ങൾ ആകാശത്ത് സ്വൈര്യവിഹാരം നടത്തുന്നു. എങ്ങും കാറ്റുകൊണ്ട് ചലിക്കുന്ന മഴയുടെ മർമ്മര ശബ്ദം. അല്പ നിമിഷങ്ങൾ കഴിഞ്ഞപ്പോൾ ഇടിയുടെ ഘോരമായ ഗർജ്ജനം എങ്ങും മുഴങ്ങി. കരിയിലകളെ പോലെ കാർമേഘങ്ങൾ ആകാശത്തെങ്ങും പറന്നു. ചെവിയടക്കുന്ന ആരവത്തോടെ മഴ തിമർത്തു പെയ്തു.

ആ സമയം സുബിൻ ബംഗ്ലാവിന്റെ മുകൾ നിലയിലെ മുറിയിൽ ജനലുകൾ തുറന്നിട്ട് ചിന്തിച്ചിരിക്കയാണ്. ചുറ്റും ഇരുട്ടാണ്. അർദ്ധരാത്രി സമയം.

മുറ്റത്തെ പൂന്തോട്ടത്തിൽ നിന്ന് മുല്ലകൾ വിടർന്നതിന്റെ നേർത്ത സുഗന്ധം കാറ്റിൽ മൂക്കിലേക്കടിച്ചു കയറുന്നു.

ഉറക്കം വരുന്നില്ല. നിലാവുണ്ടായിരുന്നെങ്കിൽ മുറ്റത്തേക്കിറങ്ങി ആകാശത്തുള്ള നക്ഷത്രങ്ങളെയും നോക്കി കുശലം പറഞ്ഞിരിക്കാമായിരുന്നു. മരക്കൂട്ടങ്ങളുടെ ഇടയിലൂടെ കാണുന്ന ആകാശത്തിനു ചാര നിറമായിരുന്നു. ഇടക്കിടെ വീശുന്ന കാറ്റിന്റെ ആരവം കൂടി കൂടി വന്നു.

എത്രനേരം അങ്ങിനെ ഇരുന്നു എന്നറിയില്ല. ഉറക്കം വന്ന് കൺപോളകളെ ഉമ്മ വെച്ചപ്പോൾ സുബിൻ എഴുന്നേറ്റ് കട്ടിലിൽ പോയി കിടന്നു. മെല്ലെ മെല്ലെ നിദ്ര അവനെ തഴുകിയുറക്കി.

രാവിലെ പതിവുപോലെ അമ്മ

കൊണ്ടുവന്ന ബെഡ് കോഫി ഊതിയൂതി കുടിച്ച് ചുണ്ടിൽ മൂളിപ്പാട്ടുമായി അവൻ താഴെക്കിറങ്ങി ചെന്നു.

ദിനചര്യകൾ കഴിഞ്ഞു വന്നപ്പോഴേക്കും അമ്മ പ്രാതൽ എടുത്ത് മേശപ്പുറത്തു വച്ചിരുന്നു. തനിക്കിഷ്ടമുള്ള ഇടിയപ്പവും കടലക്കറിയും, പിന്നെ പനിനീർ റോസ്റ്റും.

ഭക്ഷണം കൊണ്ടുവെച്ച അമ്മ തന്നോട് ഒരക്ഷരം പോലും മിണ്ടാതെ തിരിഞ്ഞു നടന്നു. ആൾ പിണക്കമാണെന്ന് മനസ്സിലായി. ചുവന്നു തുടുത്ത മുഖവും പാറിപ്പറന്ന മുടിയും കരഞ്ഞു കലങ്ങിയ കണ്ണുകളും കണ്ടപ്പോൾ മനസ്സിൽ വേദനയും കുറ്റബോധവും തോന്നി. കോളേജിൽ നിന്നും വീട്ടിലെത്തേണ്ട താൻ കൂട്ടുകാരുടെ നിർബന്ധത്തിനു വഴങ്ങി ആദ്യമായി മദ്യപിച്ചു. ഒരിക്കലും ചെയ്യാൻ പാടില്ലാത്ത ആ പ്രവർത്തി അമ്മയെ വല്ലാതെ വേദനിപ്പിച്ചു. അതിന്റെ പരിഭവവും ദേഷ്യവുമാണ് ഈ കാണുന്നത്. മേശപ്പുറത്ത് ഭക്ഷണവും വെച്ചു തിരിഞ്ഞു നടക്കുന്ന അമ്മയുടെ ശ്രദ്ധയാകർഷിക്കാൻ അവനൊരു ഹിന്ദി ഗാനത്തിന്റെ ഈരടികൾ മൂളി.

കേൾക്കാത്ത ഭാവം നടിച്ച് അടുക്കളയിലേയ്ക്ക് കാലെടുത്തുവെച്ച അമ്മയുടെ പുറകെ ചെന്ന് അമ്മയുടെ സാരിത്തുമ്പിൽ പിടിച്ചു വലിച്ചു. ആ മുഖം പിടിച്ചു തിരിച്ച് ആ കണ്ണുകളിലേയ്ക്ക് നോക്കി പുഞ്ചിരിച്ചു കൊണ്ടവൻ പറഞ്ഞു. സോറി അമ്മേ...... എല്ലാവരും കൂടി നിർബന്ധിച്ചപ്പോൾ പറ്റിയ ഒരു അബദ്ധമാണ്. ഇനി ഒരിക്കലും ചെയ്യില്ല. അവൻ ആ കാൽക്കൽ വീണു മാപ്പിരന്നു.

ആ മാതൃ ഹൃദയം തേങ്ങി. കണ്ണുകൾ പൊട്ടിയൊഴുകി. വാക്കുകൾ പുറത്തേക്ക് വരാൻ പണിപ്പെടുന്നു. അതുകണ്ട സുബിന്റെ ഹൃദയം നുറുങ്ങി. അവനിൽ കുറ്റബോധം നുരഞ്ഞു പൊങ്ങി. താൻ തന്റെ അമ്മയെ എത്രമാത്രം വേദനിപ്പിച്ചു. തനിക്കു വേണ്ടി മാത്രം ജീവിക്കുന്ന ആ അമ്മയെ.

അവനോർത്തു അന്നു താൻ നാലാം ക്ലാസ്സിൽ പഠിക്കുമ്പോഴായിരുന്നു ആ സംഭവം. ആർമിയിൽ ആയിരുന്ന തന്റെ അച്ഛൻ ശത്രുപക്ഷ ത്തിന്റെ പീരങ്കിൽ നിന്നും ഉതിർന്ന വെടിയുണ്ട ഏറ്റ് നെഞ്ചു പിളർന്നു മരിച്ചത്. തന്നേയും അമ്മയേയും ജീവനു തുല്യം സ്നേഹിച്ച ആ മനുഷ്യൻ തങ്ങളെ

**കോളേജ് എത്തിയ ശേഷവും കരഞ്ഞു കലങ്ങിയ അമ്മയുടെ കണ്ണുകളാണ് മനസ്സു നിറയെ. ഒന്നിനും ഒരു ഉഷാറുമില്ല. മനസ്സിന് അല്പം സമാധാനവും സന്തോഷവും കിട്ടാനായി കോളേജിൽ രണ്ടു ദിവസം ലീവിനെഴുതി കൊടുത്ത് കൂട്ടുകാരൻ സുരജിനേയും കൂട്ടി പോണ്ടിച്ചേരിക്ക് പുറപ്പെട്ടു. മനസ്സിലെ സ്വപ്നതുല്യമായ യാത്രയ്ക്ക് വേണ്ട എല്ലാ സൗകര്യങ്ങളും പോണ്ടിച്ചേരിയിലുണ്ട്. സൂര്യപ്രകാശം ചുംബിക്കുന്ന ബീച്ചുകൾ.**

ഒറ്റക്കാക്കി രാജ്യത്തിന് വേണ്ടി ആ ജീവൻ ബലിയർപ്പിച്ചു. സായുധ സേനയുടെ വിമാനത്തിൽ സൈനികരുടെ അകമ്പടിയോടെ അച്ഛന്റെ മൃതദേഹം കൊണ്ടുവരുന്നു എന്ന അറിഞ്ഞ നിമിഷം അമ്മ ബോധം കെട്ടുവീണു. പിന്നെ ചടങ്ങുകൾ എല്ലാം കഴിഞ്ഞു നാലു ദിവസം കഴിഞ്ഞാണ് അമ്മക്ക് ബോധം തിരിച്ചു കിട്ടിയത്. അന്നു തനിക്ക് എട്ടുംപൊട്ടും തിരിയാത്ത പ്രായമായിരുന്നു. ഇന്ന് അതെല്ലാം ഒരു സ്വപ്നം പോലെ തോന്നുന്നു.

പിന്നീട് സ്കൂൾ ടീച്ചറായ അമ്മ അച്ഛനില്ലാത്ത കുറവ് അറിയിക്കാതെയാണ് തന്നെ വളർത്തിയതും ഒരു മെഡിസിൻ വിദ്യാർത്ഥിയാക്കിയതും. അതെല്ലാം മറന്നാണ് ചെയ്യാൻ പാടില്ലാത്ത ആ തെറ്റ് താൻ ചെയ്തത്. ഇനി ഒരിക്കലും ഇത് ആവർത്തിക്കില്ല. അവൻ മനസ്സിൽ ശപഥം ചെയ്തു.

സുബിൻ അമ്മയോട് യാത്ര പറഞ്ഞു ബാഗും എടുത്ത് കോളേജിലേയ്ക്ക് പുറപ്പെട്ടു. പൊൻപുലരിയിൽ ആകാശത്ത് കാർമേഘങ്ങൾ ഉരുണ്ടു കൂടുന്നു. സൂര്യൻ ഒന്ന് പുറത്തേക്ക് തലകാണിച്ചു വീണ്ടും അപ്രത്യക്ഷമായിരിക്കുന്നു. അവന്റെ ചുവടുകൾക്ക് വേഗത കൂടി. തണുത്ത കാറ്റേറ്റപ്പോൾ മനസ്സിനും ശരീരത്തിനും കുളിർമ്മ തോന്നി.

കോളേജ് എത്തിയ ശേഷവും കരഞ്ഞു കലങ്ങിയ അമ്മയുടെ കണ്ണുകളാണ് മനസ്സു നിറയെ. ഒന്നിനും ഒരു ഉഷാറുമില്ല.

മനസ്സിന് അല്പം സമാധാനവും സന്തോഷവും കിട്ടാനായി കോളേജിൽ രണ്ടു ദിവസം ലീവിനെഴുതി കൊടുത്ത് കൂട്ടുകാരൻ സുരജിനേയും കൂട്ടി പോണ്ടിച്ചേരിക്ക് പുറപ്പെട്ടു. മനസ്സിലെ സ്വപ്നതുല്യമായ യാത്രയ്ക്ക് വേണ്ട എല്ലാ സൗകര്യങ്ങളും പോണ്ടിച്ചേരിയിലുണ്ട്. സൂര്യപ്രകാശം ചുംബിക്കുന്ന ബീച്ചുകൾ.

ബംഗാൾ ഉൾക്കടലിന്റെ മൃദുവായ തിരമാലകളിലൂടെ കാൽനടയായി കരയിലേക്കിറങ്ങി ചെന്ന് കൊരമാണ്ടൽ തീരത്തിന്റെ പ്രാകൃതമായ തീരത്ത് അലസമായി നടക്കാൻ കഴിയുന്ന ഒരു ആശ്വാസകരമായ അനുഭവം ഞങ്ങൾക്കവിടെ പ്രദാനം ചെയ്തു. കടലിന്റെ നീലകലർന്ന നിറങ്ങൾ, തീരത്തെ നീണ്ടുകിടക്കുന്ന സ്വർണ്ണ മണൽപ്പരപ്പുകൾ, കുതിച്ചോടുന്ന ഫിഷിങ്ങ് ബോട്ടുകൾ എന്നിവ മനസ്സിന് കുളിർമ്മ പകർന്നു.

കടൽത്തീരത്ത് സൂര്യാസ്തമയം കണ്ട് ഞങ്ങൾ ഇരുന്നു. നീല കലർന്ന വെള്ളത്തിന്റെ ആകാശത്തെ സ്പർശ്ശിക്കുന്ന ചക്രവാളത്തിന്റെ ഗംഭീരമായ ആകർഷണം ഞങ്ങളെ വിസ്മയത്തിലാഴ്ത്തി.

ഓറോവിൽ ബീച്ചിലെ സ്വർണ്ണ



മണൽ നിറഞ്ഞ തീരങ്ങളും സ്പടികതുല്യമായ നീല ജലാശയവും, ബീച്ചിന്റെ മനോഹാരിതയും, ഏറെ ആകർഷിച്ചു. കടലിന്റെ മനോഹരമായ കാഴ്ചയും അസ്തമയത്തിൽ ചക്രവാളവും ആകാശത്തിന്റെ മനോഹരമായ കാഴ്ചയും ഞങ്ങൾ കൺകുളിർക്കേ കണ്ടു. ഇടക്കിടെ വലിയ പാറകളിൽ ഇടിച്ചു കയറി ഉയരത്തിൽ തെറിച്ചു വീഴുന്ന കടൽ കാണാൻ എന്തൊരു ഭംഗിയാണ്.

കൂറ്റൻ തിരമാലകൾ ഞങ്ങളുടെ അടുത്തേയ്ക്ക് ചീറിക്കൊണ്ട് വന്നു. അവ ഞങ്ങളുടെ കാൽക്കൽ വന്ന് ഒരു അലർച്ചയോടെ പൊട്ടിച്ചിതറി. ഭീകരനായൊരു രാക്ഷസൻ നീന്തിവന്ന് കരയ്ക്ക് കയറി നിന്ന് പൊട്ടിച്ചിരിക്കുന്നത് പോലെയാണ് ഞങ്ങൾക്ക് തോന്നിയത്.

പിന്നെ ഞങ്ങൾ ബോട്ടിംഗ് നടത്തി. തിരമാലകൾ ഞങ്ങളുടെ ബോട്ടിനെ പത്തും പതിനഞ്ചും അടി ഉയരത്തിലേക്ക് കൊണ്ടുപോകുന്നു. പൊടുന്നനെ താഴെക്കിടുന്നു. ഞങ്ങളെ ഉള്ളിൽ ഭയം പീലി വിടർത്തിയാടി. കടലിൽ ചാഞ്ചാടികൊണ്ടുള്ള ആ ബോട്ട് യാത്ര മരണത്തെ മുഖാമുഖം കാണുന്ന പോലെയുള്ള തോന്നൽ ഞങ്ങളിൽ ഉളവാക്കി.

ഏറെ നേരത്തെ ബോട്ട് യാത്രയ്ക്ക് ശേഷം ഞങ്ങൾ തീരത്തണഞ്ഞു. പെട്ടെന്നാണ് കണ്ണുകൾ കെട്ടിയിട്ട ബോട്ട് കൂമ്പാരത്തിന്നടുത്തേയ്ക്ക് പറഞ്ഞത്. മെഡിസിന് പഠിക്കുന്ന തന്റെ ജൂനിയർ ആയ ആശിഷ്. അവന്നരുകിലായി ഒരു പെൺകുട്ടി. അതേ കോളേജിലെ തന്നെ അവന്റെ സഹപാഠിയായ അർച്ചന. അവർ മിക്ക ദിവസവും അവിടെ ഒന്നിക്കുക പതിവാണ്. അവരുടെ വിവാഹം വീട്ടുകാർ പറഞ്ഞുറപ്പിച്ചിരിക്കയാണ്. അവരുടെ അരികിലൂടെ ആറേഴു വയസ്സുള്ള ഒരു കൊച്ചു സുന്ദരി മണൽപ്പരപ്പിലൂ ടെ ഓടി കളിക്കുന്നു. ആശിഷിന്റെ കൂട്ടുകാരനായ സൂരജായിരുന്നത്.

അവരുടെ എതിർ വശത്തായി ഇരിക്കുന്ന യുവാവ് ആ കുട്ടിയെ അരുമയോടെ നോക്കി കൊണ്ടിരിക്കുന്നു. അയാളുടെ ആ നോട്ടത്തിൽ നിന്നും ആ കുട്ടി അയാളുടെ മോളാണെന്ന് മനസ്സിലായി. ഞങ്ങൾ അയാളുടെ അരികിലേയ്ക്ക് നടന്നു നീങ്ങി. കണ്ണുകളിൽ ഓളം കെട്ടി നിൽക്കുന്ന ദുഖങ്ങളിൽ നിന്നും അയാൾ വളരെയേറെ മനോവേദന അനുഭവിക്കുന്ന ആളാണെന്നു തോന്നും.

അയാളുടെ അരികിലായി ഞങ്ങളും ഇരുന്നു. പരസ്പരം പരിചയപ്പെട്ടു. കോളേജ് ജീവിതത്തിൽ അയാൾ കോളേജ് യൂണിയൻ ഭാരവാഹിയായിരുന്നുവത്രെ. അന്ന് യൂണിയൻ നേതാവ് എന്ന മധുര മനോഹരമായ സങ്കൽപം മാത്രമായിരുന്നു അയാളുടെ ഉള്ളിൽ.

ആ പരുക്കൻ രാഷ്ട്രീയത്തെ അതിജീവിക്കുന്ന ഒരു കാല്പനീക മാനവ ജീവിതത്തിന്റെ ഭാവവിലോലതകൾ എന്നും അയാൾ ഉള്ളിൽ സൂക്ഷിച്ചിരുന്നു. അയാൾ പ്രശസ്തനായ ഒരു സിനിമ ആർട്ടിസ്റ്റും, ഗായകനുമായിരുന്നു.

സംഗീതം ശാസ്ത്രമായി പഠിച്ച നീന എന്ന യുവതിയുമായി അവിചാരിതമായി കണ്ടുമുട്ടുകയും

അവർ പരസ്പരം പരിചയപ്പെടുകയും ചെയ്തു. അവർ രണ്ടു പേരുടേയും മനോവികാരങ്ങൾ ഒരു പോലെയായിരുന്നു.

നിത്യേനയുള്ള അവരുടെ കണ്ടുമുട്ടൽ അവരെ അനുരാഗത്തിലയ്ക്കും പിന്നീടത് വിവാഹത്തിലേയ്ക്കും നയിച്ചു.

ഒരു വൈകുന്നേരം സൂരജ് ജോലി കഴിഞ്ഞു വീട്ടിൽ എത്തിയപ്പോൾ അവൾ ഒരു പുസ്തകം വായിച്ചു കൊണ്ടിരിക്കുകയായിരുന്നു. മുട്ടത്തു വർക്കിയുടെ 'ഇണപ്രവുകൾ ' എന്ന നോവലായിരുന്നു അത്. അയാൾ അത്ഭുതപ്പെട്ടു. എന്റെ സഹധർമ്മിണി ഒരു സാഹിത്യ പ്രേമിയോ?....

അയാൾക്ക് അതൊരു പുതിയ അറിവായിരുന്നു. ആ അറിവ് അയാളെ ആനന്ദ പുളകിതനാക്കി.

പിന്നീട് നീനയുമൊത്തുള്ള ജീവിതത്തെ കുറിച്ച് വാ തോരാതെ സംസാരിച്ചു.

ദിവസങ്ങൾ മാസങ്ങൾക്കു വഴി മാറി കൊടുത്തു. ഇതിന്നിടയിൽ നീന ഒരു പെൺകുഞ്ഞിന് ജന്മം നൽകി. അവളുടെ കളിയിലും ചിരിയിലും അവർ നിവൃതി കൊണ്ടു.

വർഷങ്ങൾ അതിവേഗം കടന്നു പോയി കൊണ്ടിരുന്നു. അതോടൊപ്പം മോളും വളർന്നു വന്നു. ഉറക്കം വരാത്ത രാത്രികളിൽ മോളേയും കൂട്ടി അവർ നീലനിലാവിൽ മുറ്റത്തെ ചെമ്പക ചുവട്ടിൽ പോയിരുന്ന് ആകാശത്തിലെ കോടാനുകോടി നക്ഷത്രങ്ങളേയും ഇമ ചിമ്മാതെ നിൽക്കുന്ന ആകാശവിതാനത്തിന്റെ ചുവട്ടിൽ മിന്നാമിനുങ്ങുകളും ചീവിടുകളും പശ്ചാത്തലമൊരുക്കി നിൽക്കുന്ന ആ രാവിൽ പരസ്പരം കവിതകൾ ചൊല്ലിയും പാട്ടുപാടിയും സന്തോഷം പങ്കിടുമായിരുന്നു.

അങ്ങിനെ ആ ആലാപനത്തിന്റെ ഭാവ സൗന്ദര്യ മാധുരിയിൽ ലയിച്ച് അവർ കിടക്കാനായി പോകും. മനസ്സിൽ ഒരായിരം സ്വപ്നങ്ങൾക്ക് നിറമേകി അവർ നിദ്രയുടെ മടിത്തട്ടിലേയ്ക്ക് ഊർന്നു വീഴും.

അല്ലലില്ലാതെ സന്തോഷത്തോടെ ജീവിതം മുന്നോട്ട് നീങ്ങിക്കൊണ്ടിരിക്കുമ്പോഴാണ് അവരറിയുന്നത്. നീന ബ്ലഡ് ക്യാൻസർ എന്ന മഹാരോഗത്തിന് അടിമപ്പെട്ടിരിക്കുകയാണെന്ന ഭീകര സത്യം. അവർ

**ഏറെ നേരത്തെ ബോട്ട് യാത്രയ്ക്ക് ശേഷം ഞങ്ങൾ തീരത്തണഞ്ഞു. പെട്ടെന്നാണ് കണ്ണുകൾ കെട്ടിയിട്ട ബോട്ട് കുമ്പാരത്തിന്നടുത്തേയ്ക്ക് പറഞ്ഞത്. മെഡിസിന് പഠിക്കുന്ന തന്റെ ജൂനിയർ ആയ ആശിഷ്. അവന്നരുകിലായി ഒരു പെൺകുട്ടി. അതേ കോളേജിലെ തന്നെ അവന്റെ സഹപാഠിയായ അർച്ചന. അവർ മിക്ക ദിവസവും അവിടെ ഒന്നിക്കുകപതിവാണ്. അവരുടെ വിവാഹം വീട്ടുകാർ പറഞ്ഞുറപ്പിച്ചിരിക്കയാണ്. അവരുടെ അരികിലൂടെ ആറേഴു വയസ്സുള്ള ഒരു കൊച്ചു സുന്ദരി മണൽപ്പരപ്പിലൂ ടെ ഓടി കളിക്കുന്നു. ആശിഷിന്റെ കൂട്ടുകാരനായ സൂരജായിരുന്നത്.**

ആകെ തകർന്നുപോയ നിമിഷം. ഒരു പാട് ടെസ്റ്റുകളും മരുന്നുകളും മാറി മാറി ചെയ്തതിനൊടുവിൽ ഒരിക്കലും ജീവിതത്തിലേക്ക് ഇനി തിരിച്ചു വരില്ലെന്ന് ഡോക്ടർമാർ വിധിയെഴുതി.

അവന്റെ നെഞ്ചു പിടഞ്ഞു. ജീവനു തുല്യം സ്നേഹിച്ച തന്റെ പ്രാണപ്രേയസി മരണത്തെ മുഖാമുഖം കണ്ടു കിടക്കയാണെന്ന നടുങ്ങുന്ന സത്യം അവനെ തളർത്തി.

ആ മിഴികൾ പൊട്ടിയൊഴുകി. ആശുപത്രി വരാന്തയിൽ ചാരുബഞ്ചിൽ അവൻ മോളെയുമെടുത്ത് ഊണും ഉറക്കവും ഉപേക്ഷിച്ചു അവൾക്കായി കാവലിരുന്നു.

ഐ സി യു വിൽ ഓക്സിജൻ സിലിണ്ടറിന്റെ സഹായത്തോടെ ശ്വാസം കഴിക്കുന്ന അവളെ അവന് കാണുവാൻ ശക്തിയില്ലായിരുന്നു. ആഴ്ചകൾക്ക് ശേഷം അവനേയും മോളേയും ഒറ്റക്കാക്കി അവൾ വേറെ ഏതോ ലോകത്തേയ്ക്ക് പോയി.

മോളേയും മടിയിലിരുത്തി ഉറക്കം തൂങ്ങിയിരിക്കുന്ന അവനെ ഡോക്ടർ വന്ന് തട്ടി വിളിച്ചപ്പോഴാണ് ചിന്തയിൽ നിന്നും ഞെട്ടി ഉണർന്നത്. നീന മരണത്തിലേക്ക് അടുത്തുകൊണ്ടിരിക്കുന്നു എന്ന വിവരം ഡോക്ടർ പറഞ്ഞപ്പോൾ അയാൾക്ക് നിയന്ത്രിക്കാനായില്ല. ഒരു കൊച്ചു കുട്ടിയെ പോലെ പൊട്ടി കരയുന്ന അയാളോട് അവസാനമായി അവളെ ചെന്നു കണ്ടു കൊള്ളാൻ ഡോക്ടർ പറഞ്ഞു.

എല്ലാം നഷ്ടപ്പെട്ട അയാൾ വിങ്ങുന്ന ഹൃദയവുമായി മോളേയും കൊണ്ട് അവളുടെ അടുക്കലേയ്ക്ക് ഓടി.

ആ ദേഹത്ത് മുഖം ചേർത്ത് അയാൾ പൊട്ടിക്കരഞ്ഞു. ഒന്നും മനസ്സിലാകാത്ത മോളും വാവിട്ടു കരഞ്ഞു. ആർക്കും കണ്ടുനിൽക്കുവാൻ ആകാത്ത രംഗം. ആരെല്ലാമോ ചേർന്ന് അയാളെയും മോളേയും താമസസ്ഥലത്ത് എത്തിച്ചു. പിന്നെ നടന്നതെല്ലാം ഒരു സ്വപ്നം പോലെ അയാൾക്ക് തോന്നി.

നീന മരിച്ചിട്ട് വർഷം രണ്ടു കഴിഞ്ഞു. മോൾ ഇന്ന് ഒന്നാം സ്റ്റാൻഡേർഡിൽ പഠിക്കുന്നു. ദിവസവും വൈകുന്നേരം അയാൾ മോളേയും കൂട്ടി ഇവിടെ വന്നിരിക്കും.

അയാളുടെ കദന കഥ കേട്ട സുബിന്റെ മനസ്സിൽ ഒരു തിരമാല അടിച്ചു കയറി. ദുഖത്തിന്റെ ഭാരവും മനസ്സിലേറ്റി അയാൾ റൂമിലേക്ക് കൂട്ടുകാരനോടൊപ്പം പോയി. പിറ്റേന്ന് രാവിലെ അവർ കോളേജിലേയ്ക്ക് തിരിച്ചു പോകും.

. ജീവിതത്തിന്റെ പുതിയൊരു പാതയിലേയ്ക്ക് ...



● കവിത



വാസുദേവൻ
പനമ്പിള്ളി

# മീൻ

കണ്ണുകളുന്തി
വയറു പിളർന്ന്
എണ്ണയിൽ വെന്തു മറിയുന്ന മീനുകൾക്ക്
തുഴക്കൈകൾ
തട്ടിയതുപോലെ
ചട്ടകത്തിന്റെ സ്പർശം
കോരിയെടുത്ത്
ബൗളുകളിൽ വച്ച്
തീൻ മേശയിൽ
നിവർന്നു കിടക്കുമ്പോൾ
മുറിയിലെ അക്വേറിയത്തിൽ
വായ തുറന്ന്
ഇളകി മറിയുന്ന മീനുകളോട്
ബൗളുകളിലെ കറുത്ത മീൻ പറഞ്ഞു
ഞങ്ങൾ രക്തസാക്ഷികൾ
സ്വന്തം രാജ്യത്തിനു വേണ്ടി
മരിച്ചു വീണവർ
നിങ്ങളോ
നിങ്ങൾ...ഇത്തിരി വട്ടത്തിൽ
ഇരുണ്ട വെട്ടത്തിൽ
അല്പാന്നം തിന്നാൻ
വിധിക്കപ്പെട്ടവർ
പരാന്നം
പ്രാണ സങ്കടം
എന്നതറിയാതെ
സ്വാതന്ത്ര്യമില്ലാതെ
വൈദ്യുതി വിച്ഛേദത്തിൽ
ശ്വാസം മുട്ടുന്നവർ
ഓർക്കുക
പാരതന്ത്ര്യം മാനികൾക്ക്
മൃതിയെക്കാൾ ഭയാനകം

# ദൃശ്യം

രക്തക്കറ പതിഞ്ഞ വഴിയിലേക്ക്
ജനക്കൂട്ടം ഇരമ്പി വരുന്നു
സ്നേഹത്തിന്റെ
പട്ടുനൂലറ്റുപോയവർ
ചേർത്തുപിടിച്ച വിരലുകൾ
ഛേദിക്കപ്പെട്ടവർ
കനിവിന്റെ കരിമ്പു പാടം
കരിഞ്ഞുപോയവർ
വേർതിരിവിന്റെ വഴിചാലുകളിൽ
മുങ്ങി നിവർന്നവർ
ഒറ്റപ്പെടലിന്റെ ഒറ്റാലിൽ
കുടുങ്ങി കിടക്കുന്നവർ
ചൂണ്ടക്കൊളുത്തിന്റെ മുറിവേറ്റ്
പ്രാണന് വേണ്ടി പിടയുന്നവർ
സഹനത്തിന്റെ
വേരറ്റു പോയവർ
മരം മറഞ്ഞിരിക്കുന്ന ഒളിയമ്പുകൾ
അപ്പോഴും
പ്രഭാതസൂര്യന്റെ അമ്പരച്ചുവപ്പിലേക്ക്
കല്ലുരുട്ടി കയറ്റുന്നവർ
അതിനിടയിലേക്ക്
എല്ലുന്തി
കണ്ണുതുറിച്ച്
ഒട്ടിയ വയറുമായി
കണ്ണീർപ്പാട വരമ്പിലൂടെ
പരിഭ്രാന്തനായിവരുന്ന ഒരു കുഞ്ഞ്
മനുഷ്യനെ തിരയുന്നു



Lakshmi classic
bride's
collections
പട്ടിന്റെ
ഏറ്റവും മഹത്തായ
മേൽവിലാസം....
Lakshmi Silks
THE AUTHENTIC SILK PEOPLE
T.B ROAD, KOTTAYAM
NRI CUSTOMER CARE SERVICE
+91 88916 51904
+91 88911 51907



സംഗീതം /ഓർമ്മക്കുറിപ്പുകൾ

**മലയാളത്തിലെ പിന്നണി സംഗീതത്തിലെ മാറ്റങ്ങൾ കാണുകയും താരങ്ങളുമായി പ്രവർത്തിക്കുകയും വീഴ്ചകളും ഉയർച്ചകളും കാണുകയും ചെയ്ത സംഗീതകാരൻ എസ് രാജേന്ദ്ര ബാബു പാട്ടിന്റെ കാലം ഓർക്കുന്നു**

എന്റെ സംഗീത വഴികൾ – 9

# സിനിമാ സംഗീതത്തിന്റെ കാണാപ്പുറങ്ങൾ

കുടുംബാംഗങ്ങളെല്ലാവരും സംഗീതത്തിൽ അതീവ തൽപരരായിരുന്നതു കൊണ്ട് ഓർമ്മവച്ച കാലം മുതൽ എൻ.വി. ഹരിദാസിൻറെ മനസ്സിലും സംഗീതം നാമ്പിട്ടു.

കണ്ണൂരിലെ അച്യുതൻ, വേണുഗോപാലൻ തുടങ്ങിയ സംഗീതാദ്ധ്യാപകരിൽ നിന്ന് കർണാടക സംഗീതത്തിൻറെ പാഠങ്ങൾ ഹൃദിസ്ഥമാക്കുമ്പോഴും ഹരിദാസിൻറെ മനസ്സിനെ ഏറെ സ്വാധീനിച്ചത് ഹിന്ദുസ്ഥാനി സംഗീതമായിരുന്നു. കുട്ടിക്കാലം മുതൽ മുഹമ്മദ് റാഫിയുടെ ഗാനങ്ങൾ അങ്ങേയറ്റം ഇഷ്ടപ്പെട്ടിരുന്നതുകൊണ്ട് സ്വാഭാവികമായും ഹിന്ദുസ്ഥാനി സംഗീതം ഏറെ പ്രിയപ്പെട്ടതായി. വേദികളിൽ പാടി നടക്കുമ്പോൾ പിന്നണിഗായകനാവുക എന്ന മോഹം മനസ്സിൽ പൂത്തു തളിർത്തു.

സുഹൃത്തുക്കളുടെ നിർലോഭമായ പിന്തുണയാകട്ടെ ഹരിദാസിൻറെ ലക്ഷ്യത്തിനു ശക്തി പകർന്നു. യേശുദാസ്

**'സുകുമാരാ, ഹരിദാസ്ഇതുവരെ സത്യനെ നേരിട്ടു കണ്ടിട്ടില്ലെന്ന്,' അകത്തെ മുറിയിൽ നിന്ന് പുറത്തേക്കു വന്ന സുകുമാരനും പൊട്ടിച്ചിരിച്ചു. കാര്യമറിയാതെ പകച്ചിരുന്ന ഹരിദാസിൻറെ മുന്നിലിരുന്ന ചോദ്യകർത്താവ് സത്യൻ മാഷ് തന്നെയായിരുന്നു!**



എൻ വി ഹരിദാസ്

പാടിയ ചിത്രങ്ങൾ മാത്രം കാണുന്നതു ശീലമായതോടെ ലക്ഷ്യം ആവേശമായി മനസ്സിൽ പടർന്നു. അച്ഛൻറെ ഒരു സുഹൃത്ത് ജന്മഭൂമി എന്ന ചിത്രവുമായി ബന്ധപ്പെട്ട് മദിരാശിയിൽ പ്രവർത്തിച്ചിരുന്നു. ബിഎ ചിദംബരനാഥിനെ പരിചയപ്പെടുത്താമെന്ന് അദ്ദേഹം നൽകിയ ഉറപ്പും നാട്ടുകാരനായ അടുത്ത പരിചയക്കാരൻ എടി ഉമ്മർ മദിരാശിയിലുണ്ടെന്ന ധൈര്യവും ആഴത്തിൽ പതിച്ചപ്പോൾ ഹരിദാസ് 1969-ൽ മദിരാശിയിലേക്കു വണ്ടി കയറി.

മദിരാശിയിൽ എത്തിയ ശേഷം സംഗീതത്തിൻറെ അടിത്തറ ഒന്നുകൂടി മെച്ചപ്പെടുത്താനായി ഹരിദാസ് അണ്ണാമല യൂണിവേഴ്സിറ്റിയുടെ'ഇസൈമണി' കോഴ്സിനു ചേർന്നു. ഇക്കാലത്താണ് വിഎസ് സിനി ആർട്ട്സിലെ സുകുമാരനെ പരിചയപ്പെട്ടത്. 'നിലയ്ക്കാത്ത ചലനങ്ങൾ' 'അക്കരപ്പച്ച' തുടങ്ങിയ ചിത്രങ്ങളുടെ നിർമ്മാതാവാണ് സുകുമാരൻ. വിഎസ് സിനി ആർട്ട്സിൽ വച്ച് ഹരിദാസ് മറ്റൊരു മലയാളിയെ പരിചയപ്പെട്ടു. കുശലാന്വേഷണങ്ങൾക്കിടെ'സിനിമകളൊക്കെ കാണാറില്ലേ?' എന്നദ്ദേഹം ചോദിച്ചു. ';അതു ചോദിക്കാനുണ്ടോ?' ഹരിദാസിൻറെ മറുപടി. ';ആരുടെ ചിത്രങ്ങളാണ് കൂടുതൽ ഇഷ്ടം,' അടുത്ത ചോദ്യം. 'സത്യൻ മാഷിൻറെ ചിത്രങ്ങൾ'; എന്നു മറുപടി. ഉടനെ അടുത്ത ചോദ്യം. ';അതെന്താ, നസീറിൻറെ ചിത്രങ്ങൾ കാണാറില്ലേ? അദ്ദേഹമല്ലേ മലയാളത്തിലെ നിത്യഹരിത നായകൻ?' അതിനുത്തരം ഹരിദാസ് ഒരു ചിരിയിലൊതുക്കി.'സത്യനെ കണ്ടിട്ടുണ്ടോ?' വീണ്ടും ചോദ്യം. 'ഇല്ല' എന്നു മറുപടി.'കണ്ടാൽ തിരിച്ചറിയുമോ?' എന്നായി പിന്നത്തെ ചോദ്യം.

'പിന്നെ? അദ്ദേഹത്തിൻറെ എത്ര പടങ്ങൾ കണ്ടിരിക്കുന്നു!'എന്ന ഹരിദാസിൻറെ മറുപടി കേട്ടതും ഒരു പൊട്ടിച്ചിരിയായിരുന്നു അവിടെ മുഴങ്ങിയത്. '; സുകുമാരാ, ഹരിദാസ് ഇതുവരെ സത്യനെ നേരിട്ടു കണ്ടിട്ടില്ലെന്ന്'കത്തെ മുറിയിൽ നിന്ന് പുറത്തേക്കു വന്ന സുകുമാരനും പൊട്ടിച്ചിരിച്ചു. കാര്യമറിയാതെ പകച്ചിരുന്ന ഹരിദാസിൻറെ മുന്നിലിരുന്ന ചോദ്യകർത്താവ് സത്യൻ മാഷ് തന്നെയായിരുന്നു! ഹരിദാസിൻറെ വെളുത്തു തുടുത്ത മുഖം ആകെ മഞ്ഞളിച്ചുപോയി. സത്യൻ മാഷെ നേരിട്ടു കണ്ടാൽ പെട്ടെന്ന് തിരിച്ചറിയാനാവില്ല. വെറുമൊരു സാധാരണ മനുഷ്യൻ. ഈ അനുഭവം ഹരിദാസിനു സത്യൻ മാഷുമായി ഏറെ അടുക്കാൻ കാരണമായി. സൗകര്യം കിട്ടുമ്പോൾ വീട്ടിൽ വരണമെന്നും ഒന്നിച്ചു ഭക്ഷണം കഴിക്കാമെന്നും സ്നേഹപൂർവം അദ്ദേഹം ഹരിദാസിനെ ക്ഷണിച്ചു. പക്ഷേ രോഗം മൂർഛിച്ച് അദ്ദേഹം ചികിത്സയ്ക്ക് വിധേയനായതോടെ ആ കൂടിക്കാഴ്ച മുടങ്ങി. മലയാളികളെ മുഴുവൻ ദുഃഖത്തിലാഴ്ത്തി 1971 ജൂൺ 15-ന് ആ നടനവിസ്മയം ഈ ലോകത്തോട് വിടപറഞ്ഞു.

വിഎസ് സിനി ആർട്ട്സിൽ വച്ചു തന്നെയാണ് ഹരിദാസ് കുളത്തൂപ്പുഴ രവിയെ പരിചയപ്പെടുന്നത്. അദ്ദേഹമാകട്ടെ പാടാൻ അവസരം തേടി നടക്കുന്ന കാലവും.

സത്യൻ മാഷിൻറെ സഹോദരനും സംവിധായകനുമായ



കായലും കയറും റെക്കോർഡിംഗ്

**രവി ഹരിദാസ് താമസിച്ചിരുന്ന ദ്വാരകാ ലോഡ്ജിൽ നിത്യസന്ദർശകനായിരുന്നു. താൻ ഈണം പകർന്ന പാട്ടുകൾ അദ്ദേഹം റൂമിലിരുന്ന് പാടിക്കേൾപ്പിക്കുക പതിവായപ്പോൾ ഹരിദാസ് ഒരിക്കൽ ചോദിച്ചു:'ഇത്രയും നല്ല പാട്ടുകൾ ചെയ്യാൻ കഴിവുള്ളപ്പോൾ പാടാൻ അവസരം തേടിനടക്കാതെ സ്വന്തമായി സംഗീതം ചെയ്യാൻ ശ്രമിച്ചുകൂടേ?'; കുളത്തൂപ്പുഴ രവി സംഗീത സംവിധായകൻ രവീന്ദ്രനായത് പിൽക്കാല ചലച്ചിത്ര സംഗീത ചരിത്രം.**

നേശൻ അവിടെയായിരുന്നു താമസം. അദ്ദേഹത്തിൻറെ ശുപാർശയിലാണ് 'വെള്ളിയാഴ്ച'എന്ന ചിത്രത്തിൽ ബാബുരാജിൻറെ സംഗീതത്തിൽ എസ് ജാനകിയുമൊത്ത് ഒരു യുഗ്മഗാനം പാടാൻ രവിക്ക് അവസരമൊരുങ്ങിയത്. രവി ഹരിദാസ് താമസിച്ചിരുന്ന ദ്വാരകാ ലോഡ്ജിൽ നിത്യസന്ദർശകനായിരുന്നു. താൻ ഈണം പകർന്ന പാട്ടുകൾ അദ്ദേഹം റൂമിലിരുന്ന് പാടിക്കേൾപ്പിക്കുക പതിവായപ്പോൾ ഹരിദാസ് ഒരിക്കൽ ചോദിച്ചു:'ഇത്രയും നല്ല പാട്ടുകൾ ചെയ്യാൻ കഴിവുള്ളപ്പോൾ പാടാൻ അവസരം തേടിനടക്കാതെ സ്വന്തമായി സംഗീതം ചെയ്യാൻ ശ്രമിച്ചുകൂടേ?';'ദേവരാജൻ മാസ്റ്റർ, രാഘവൻ മാസ്റ്റർ, ബാബുരാജ്, ദക്ഷിണാ മൂർത്തി, അർജുനൻ മാസ്റ്റർ തുടങ്ങിയ മഹാരഥന്മാർ രംഗത്ത് ജ്വലിച്ചു നിൽക്കുമ്പോൾ അങ്ങനെയൊരു കാര്യം ചിന്തിക്കാൻ പോലും രവി ധൈര്യപ്പെട്ടിരുന്നില്ല. എന്നാൽ കുളത്തൂപ്പുഴ രവി സംഗീത സംവിധായകൻ രവീന്ദ്രനായത് പിൽക്കാല ചലച്ചിത്ര സംഗീത ചരിത്രം.

മദിരാശിയിൽ ഒരു നാടകം ഉദ്ഘാടനം ചെയ്യാനെത്തിയ ബാബുരാജ് നാടകത്തിലെ ഹരിദാസിൻറെ പാട്ട് കേട്ടപ്പോൾ സൗകര്യം പോലെ തന്നെ വന്നു കാണാൻ നിർദ്ദേശിച്ചു.

അതൊരു പതിവു സന്ദർശനമായി ഹരിദാസ് നിലനിർത്തി.'പണിമുടക്ക്'എന്ന ചിത്രത്തിൽ യേശുദാസിൻറെ പാട്ടിനൊപ്പം കോറസും രണ്ടു വരിയും പാടാൻ ബാബുരാജ് ആദ്യത്തെ അവസരം നൽകി. തുടർന്ന് ദേവരാജൻ മാസ്റ്റർ, ദക്ഷിണാ മൂർത്തി, എംഎസ് വിശ്വനാഥൻ, എടി ഉമ്മർ തുടങ്ങി നിരവധി സംഗീത സംവിധായകരുടെ ഒന്നും രണ്ടും വരികളൊക്കെ പാടി തൻറെ നല്ലകാലം സ്വപ്നം കണ്ടുകൊണ്ട് ഹരിദാസ് കാത്തിരുന്നു.

**'പണിമുടക്ക്' എന്ന ചിത്രത്തിൽ യേശുദാസിൻറെ പാട്ടിനൊപ്പം കോറസും രണ്ടു വരിയും പാടാൻ ബാബുരാജ് ആദ്യത്തെ അവസരം നൽകി. തുടർന്ന് ദേവരാജൻ മാസ്റ്റർ, ദക്ഷിണാമൂർത്തി, എംഎസ് വിശ്വനാഥൻ, എടി ഉമ്മർ തുടങ്ങി നിരവധി സംഗീത സംവിധായകരുടെ ഒന്നും രണ്ടും വരികളൊക്കെ പാടി തൻറെ നല്ലകാലം സ്വപ്നം കണ്ടുകൊണ്ട് ഹരിദാസ് കാത്തിരുന്നു.**

പാടി 'മധുമക്ഷികേ നീയൊരു കൊച്ചു പൂവിൻറെ'. ഇത് നിർമ്മാതാവിനെ കേൾപിച്ച് ഒന്നു ശ്രമിച്ചു നോക്കാം എന്നു പറഞ്ഞ് ഉമ്മർ പാട്ട് ടേപ്പിൽ പകർത്തി. ആ പാട്ട് പിന്നീട് 'ചീഫ് ഗസ്റ്റ്'എന്ന ചിത്രത്തിൽ ജാനകിയമ്മയുടെ ശബ്ദത്തിൽ സിലോൺ റേഡിയോയിലൂടെ ഹരിദാസ് കേട്ടു. ഹരിദാസിൻറെ പ്രയത്നത്തിൽ അങ്ങനെ എ.ടി. ഉമ്മറിന് ഒരു പൊൻതൂവൽ! വൈകാതെ ഭരണിക്കാവ് ശിവകുമാറിൻറെ ശുപാർശയിൽ ക്രിസ്റ്റ്യൻ ആർട്ട്സ് ആൻറ് കമ്യൂണിക്കേഷൻ സർവീസസിലെ സംഗീത സംവിധായകർ പീറ്റർ-റൂബനെ പരിചയപ്പെട്ടു. ഐവി ശശിയും ആലപ്പി ഷെരീഫുമൊക്കെ അന്ന് അവിടത്തെ അന്തേവാസികളാണ്. ഭരണിക്കാവ് ശിവകുമാർ എഴുതിയ'ജോർദ്ദാൻ നദിയുടെ'എന്ന ഗാനം അവിടെ പാടി റെക്കോഡ് ചെയ്തു. ഹരിദാസിൻറെ ആദ്യ സോളോ ഗാനം ഒറ്റ ടേക്കിൽ ഓകെ ആയി. തുടർന്ന് എട്ടു പാട്ടുകൾ കൂടി റെക്കോഡ് ചെയ്ത് കൊളംബിയാ



കെ വി മഹാദേവനും എൻ വി ഹരിദാസും

രുന്നു.

ഒരിക്കൽ ഹരിദാസ് അടുത്ത പരിചയക്കാരനായ എ.ടി. ഉമ്മറിനെ സന്ദർശിച്ചപ്പോൾ 'ഇതൊന്നു ചിട്ടപ്പെടുത്തി നോക്ക്'എന്നു പറഞ്ഞ് അദ്ദേഹം ഒരു കടലാസ് ഹരിദാസിനെ ഏൽപിച്ചു. ഒരു പാട്ട് ചിട്ടപ്പെടുത്താൻ ഹരിദാസിന് ഏറെ നേരമൊന്നും വേണ്ട.';സിത്താർ മടിയിൽ വച്ച് നായിക പാടുന്നത്' എന്ന് പാട്ടിൻറെ മുകളിൽ എഴുതിയിട്ടുണ്ട്. കുറച്ചുനേരം കടലാസിൽ നോക്കി ഒന്നു മൂളിനോക്കിയിട്ട് ഹരിദാസ്



യേശുദാസും എൻ വി ഹരിദാസും

കമ്പനി ഹരിദാസിൻറെ പേരിൽ ഡിസ്ക് പുറത്തിറക്കി.

ബന്ധുവായ എംഎസ് ശിവസ്വാമി എന്ന തമിഴ് ചലച്ചിത്ര നിർമ്മാതാവിനെ ഹരിദാസ് ആ ഇടയ്ക്ക് കണ്ടുമുട്ടി. എം കൃഷ്ണൻ നായരുടെ സംവിധാനത്തിൽ എംജിആറും ജയലളിതയും ചേർന്ന ഭിനയിച്ച ';അന്നമിട്ട കൈ' എന്ന ചിത്രത്തിൻറെ പണിപ്പുരയിലായിരുന്നു അദ്ദേഹം. കെ.വി. മഹാദേവൻറെ സംഗീതം. പാട്ടുകൾ റെക്കോഡ് ചെയ്തു കഴിഞ്ഞതിനാൽ അടുത്ത ചിത്രത്തിൽ പാടാമെന്ന് ശിവസ്വാമി ഹരിദാസിനെ ആശ്വസിപ്പിച്ചു. കെവി മഹാദേവൻറെ ഭാര്യ ശിവസ്വാമിയുടെ ബന്ധു കൂടിയാണ്.

മക്കളില്ലാത്ത ശിവസ്വാമി ഹരിദാസിനെ സ്വന്തം മകനെപ്പോലെ സ്നേഹിച്ചു. തൻറെ ചിത്രനിർമ്മാണത്തിൽ ഹരിദാസിനും ചില ഉത്തരവാദിത്തങ്ങൾ അദ്ദേഹം നൽകി.

**കുറച്ചുനേരം കടലാസിൽ നോക്കി ഒന്നു മൂളിനോക്കിയിട്ട് ഹരിദാസ് പാടി 'മധുമക്ഷികേ നീയൊരു കൊച്ചു പൂവിൻറെ'. ഇത് നിർമ്മാതാവിനെ കേൾപിച്ച് ഒന്നു ശ്രമിച്ചു നോക്കാം എന്നു പറഞ്ഞ് ഉമ്മർ പാട്ട് ടേപ്പിൽ പകർത്തി. ആ പാട്ട് പിന്നീട് 'ചീഫ് ഗസ്റ്റ്' എന്ന ചിത്രത്തിൽ ജാനകിയമ്മയുടെ ശബ്ദത്തിൽ സിലോൺ റേഡിയോയിലൂടെ ഹരിദാസ് കേട്ടു. ഹരിദാസിൻറെ പ്രയത്നത്തിൽ അങ്ങനെ എ.ടി. ഉമ്മറിന് ഒരു പൊൻതൂവൽ!**

ചിത്രം റിലീസ് ചെയ്ത സമയത്ത് കരുണാനിധിയും എംജിആറുമായുള്ള ബന്ധം വഷളായതിനെ തുടർന്ന് മുഖ്യമന്ത്രി കരുണാനിധി തമിഴ്നാട്ടിലാകെ ചിത്രത്തിൻറെ പ്രദർശനം നിരോധിച്ചു. അതോടെ സംഭവിച്ച വമ്പിച്ച നഷ്ടം നികത്താൻ മറ്റൊരു ചിത്രം ഉടനെ നിർമ്മിക്കാമെന്ന് എംജിആർ ശിവസ്വാമിക്കു വാക്കു കൊടുത്തെങ്കിലും അണ്ണാ ഡിഎംകെ രൂപീകരിച്ച് എംജിആർ രാഷ്ട്രീയത്തിൽ സജീവമാവുകയായിരുന്നു.

തുടർന്ന് നടന്ന തെരഞ്ഞെടുപ്പിൽ വമ്പിച്ച വിജയം നേടി എംജിആർ മുഖ്യമന്ത്രിയായതോടെ എംജിആറിനെ നായകനാക്കിയുള്ള അടുത്ത ചിത്രമെന്ന ശിവസ്വാമിയുടെ പ്രതീക്ഷ എന്നെന്നേക്കുമായി അസ്തമിച്ചു.

അടുത്ത നിർമ്മാണം ഒരു മലയാള ചിത്രമായാലോ എന്ന ആശയം ശിവസ്വാമി മുന്നോട്ടു വച്ചപ്പോൾ നിർമ്മാണച്ചുമതല ഹരിദാസിൻറെ ചുമലിലായി. ചിത്രത്തിൻറെ നിർമ്മാണം വൈകാതെ ആരംഭിച്ചു. കെ.എസ് ഗോപാലകൃഷ്ണനെ സംവിധായകനായി നിശ്ചയിച്ചു. തമിഴിലും തെലുങ്കിലും തിരക്കിലായിരുന്ന കെ.വി. മഹാദേവൻ ബന്ധുവിനെ സഹായിക്കാനായി മലയാള ചിത്രത്തിന് സംഗീതമൊരുക്കാൻ മുന്നോട്ട് വന്നു. ഗാനരചന പൂവച്ചൽ ഖാദർ. ഹരിദാസ് ഗായകൻ കൂടി ആയതുകൊണ്ട് കെവിഎം ചിട്ടപ്പെടുത്തിയ ഗാനങ്ങൾ ഹരിദാസിൻറെ കൂടി അഭിപ്രായത്തിനു വിട്ടു.

പാട്ടുകൾ നന്നായെങ്കിലും സന്ദർഭത്തിന് ഉചിതമല്ലെന്ന് പറഞ്ഞ ഹരിദാസിനോട് മനസ്സിൽ എന്തെങ്കിലും ഈണം ഉണ്ടെങ്കിൽ നിർദ്ദേശിക്കാമെന്നായി കെവിഎം. പൂവച്ചൽ ഖാദറിൻറെ ഗാനങ്ങൾ വായിക്കുന്നതിനിടയിൽ ഹരിദാസിൻറെ മനസ്സിൽ തളിർത്ത ഈണങ്ങൾ കേട്ടപ്പോൾ കെവി മഹാദേവന് ഇഷ്ടമായി. ഇതുതന്നെ ഉപയോഗിക്കാമല്ലോ എന്നായി അദ്ദേഹം. തമിഴിലും തെലുങ്കിലും ദശാബ്ദങ്ങളായി ഉഗ്രപ്രതാപിയായി വാഴുന്ന മലയാളിയായ കെവിഎം തൻറെ ഈണങ്ങൾ അംഗീകരിച്ചത് അദ്ദേഹത്തിൻറെ വലിയ

**ഹരിദാസിൻറെ ആദ്യസോളോ ഗാനം ഒറ്റ ടേക്കിൽ ഓകെ ആയി. തുടർന്ന് എട്ടു പാട്ടുകൾ കൂടി റെക്കോഡ് ചെയ്ത് കൊളംബിയാ കമ്പനി ഹരിദാസിൻറെ പേരിൽ ഡിസ്ക് പുറത്തിറക്കി.**

മനസ്സിൻറെ എളിമ കൊണ്ടാണെന്ന് ഹരിദാസ് സാക്ഷ്യപ്പെടുത്തുന്നു. ബാക്കി മൂന്നു പാട്ടുകളുടെയും ഈണങ്ങൾ കെവിഎം തന്നെ നിർവഹിച്ചു. അതിലൊന്ന് ഹരിദാസ് പാടി–';രാമായണത്തിലെ ദുഃഖം...

ശാകുന്തളത്തിലെ ദുഃഖം'. ഹരിദാസിൻറെ ഈണത്തിലെ രണ്ടു പാട്ടുകൾ പിൽക്കാലത്ത് ശ്രോതാക്കൾ നെഞ്ചോടു ചേർക്കുമെന്നോ സൂപ്പർ ഹിറ്റുകളാകുമെന്നോ അന്നാരും കരുതിയില്ല –';ശരറാന്തൽ തിരിതാഴും മുകിലിൻ കുടിലിൽ';ചിത്തിരത്തോണിയിൽ അക്കരെപ്പോകാൻ എത്തിടാമോ പെണ്ണേ'പൂവച്ചൽ ഖാദറിനു മേൽവിലാസമുണ്ടാക്കിക്കൊടുത്ത ആ ചിത്രമാണ്'കായലും കയറും';ശരറാന്തൽ' ഹരി പാടട്ടെയെന്ന നിർമ്മാതാവിൻറെ നിർദ്ദേശം കെവിഎം സ്വീകരിച്ചെങ്കിലും അതു ദാസേട്ടൻ പാടിയാൽ മതിയെന്നു തിരുത്തിയത് ഹരിദാസാണ്. തിരുനല്ലൂർ കരുണാകരൻറെ'റാണി'എന്ന കാവ്യത്തെ അധികരിച്ചാണ് ';കായലും കയറും' എന്ന ചിത്രം നിർമ്മിക്കപ്പെട്ടതെന്നത് കോടമ്പാക്കത്തെ അണിയറ രഹസ്യങ്ങളിൽ ഒന്നുമാത്രം.

പിൽക്കാലത്ത് പല ചിത്രങ്ങളുടെയും കേരളത്തിനു പുറത്തുള്ള വിതരണം ഏറ്റെടുത്ത് ഹരിദാസ് തിരക്കിലായി. നിർമ്മാണരംഗത്തും വിതരണരംഗത്തും ഇടപഴകിയതോടെ അദ്ദേഹം സംഗീതരംഗത്തു നിന്ന് അറിയാതെ തന്നെ അകന്നുപോയി. ഒരു നടനായി തിളങ്ങാനുള്ള എല്ലാ യോഗ്യതകളും ഉള്ള ഹരിയെ പലരും അഭിനയിക്കാൻ ക്ഷണിച്ചിട്ടുണ്ട്. പാട്ടിനു പകരം അഭിനയിക്കാനുള്ള അവസരം നൽകാൻ പല നിർമ്മാതാക്കളും തയാറായി. പക്ഷേ ഹരിദാസ് അതിനു വഴങ്ങിയില്ല. എങ്കിലും പിൽക്കാലത്ത് അഭിനയരംഗത്ത് തൻറെ കുടുംബത്തിൻറെ മികച്ച സാന്നിധ്യം ഉണ്ടായതിൽ അദ്ദേഹത്തിന് ചാരിതാർത്ഥ്യമുണ്ട്. ഹരിദാസിൻറെ അനുജൻ മോഹൻദാസിൻറെ മകളാണ് മമ്താ മോഹൻദാസ്.

'മംഗല്യം ചാർത്തി'എന്നൊരു ചിത്രം ഹരിദാസ് പിന്നീട് നിർമ്മിച്ചു. 'എഴുത്തച്ഛൻ' എന്ന മറ്റൊരു ചിത്രത്തിൻറെ പാട്ടുകൾ രവീന്ദ്രൻറെ സംഗീതത്തിൽ റെക്കോഡ് ചെയ്തെങ്കിലും പൂർത്തിയാക്കാനായില്ല.

ഒഴിവുനേരങ്ങളിൽ അദ്ദേഹം ചില ഭക്തിഗാന കാസെറ്റുകൾക്ക് സംഗീതം നൽകി. ഇപ്പോൾ പുതിയ രണ്ടു ചിത്രങ്ങൾക്ക് സംഗീതം നൽകിക്കഴിഞ്ഞു. ചില വാഗ്ദാനങ്ങളും നിലവിലുണ്ട്.. ഒരു ലേഖനത്തിൽ ഒതുങ്ങുന്ന ഒന്നല്ല എൻവി ഹരിദാസിൻറെ വിപുലമായ ചലച്ചിത്രാനുഭവങ്ങൾ. ലേഖന പരമ്പരയോ പുസ്തകമോ തന്നെ വേണം അതു പൂർത്തിയാക്കാൻ! തൻറെ വിജയവും പ്രശസ്തിയും അകലെയല്ലെന്ന ആത്മവിശ്വാസത്തോടെ ഹരിദാസ് തൻറെ സംഗീതസപര്യയുമായി തുടർന്നും മുന്നോട്ട്.

**ഹരിദാസിൻറെ ഈണത്തിലെ രണ്ടു പാട്ടുകൾ പിൽക്കാലത്ത് ശ്രോതാക്കൾ നെഞ്ചോടു ചേർക്കുമെന്നോ സൂപ്പർ ഹിറ്റുകളാകുമെന്നോ അന്നാരും കരുതിയില്ല –';ശരറാന്തൽ തിരിതാഴും മുകിലിൻ കുടിലിൽ';ചിത്തിരത്തോണിയിൽ അക്കരെപ്പോകാൻ എത്തിടാമോ പെണ്ണേ'പൂവച്ചൽ ഖാദറിനു മേൽവിലാസമുണ്ടാക്കിക്കൊടുത്ത ആ ചിത്രമാണ്'കായലും കയറും';ശരറാന്തൽ' ഹരി പാടട്ടെയെന്ന നിർമ്മാതാവിൻറെ നിർദ്ദേശം കെവിഎം സ്വീകരിച്ചെങ്കിലും അതു ദാസേട്ടൻ പാടിയാൽ മതിയെന്നു തിരുത്തിയത് ഹരിദാസാണ്.**



**ചിത്രയും എൻ വി ഹരിദാസും**

കവിത



നസ്രേത്തിൽ
ജോസ് വർഗ്ഗീസ്



# പഞ്ചസ്വരങ്ങൾ

1

എനിക്കാരോടോ വിരോധം തോന്നി,
തൂങ്ങിയാടുന്ന കയറാരോ
അറുത്തിട്ടപ്പോളാണറിഞ്ഞതു
അതെന്നോടായിരുന്നുവെന്നു!
എനിക്കാരോടോ ഇഷ്ടം തോന്നി
കതിർമണ്ഡപത്തിലൂതിയ
നാദസ്വരത്തിനൊപ്പം നെഞ്ചു
തകിലടിച്ചപ്പോളാണതവളോ-
ടായിരുന്നുവെന്നറിഞ്ഞതു!

2.

ഏതോ നവമാധ്യമമെറിഞ്ഞ കോളർ
മൈക്കിൽതട്ടി കുഴിയിൽവീണു
വാരിയെറിഞ്ഞ ചെളികളെല്ലാം
ക്യാമറകൾക്കു വർണ്ണപ്പൂരമായി!
എരിവുപോരാഞ്ഞവർ നാക്കിളക്കി
മോർച്ചറിയിൽ തപ്പി കിട്ടിയതെല്ലാം
എയർഫ്രൈയറിലിട്ടു ചൂടാക്കി
കഴുതകൾ മാംസം കടിച്ചുതുപ്പി!

3.

ഒലിവിൻ കൊമ്പുകൾ ഓശാനപാടി
കുരുത്തോലകൾ വണങ്ങിനിന്നു
കന്യകമാരങ്കികൾ വീഥിയിൽ വിരിച്ചു
ഏതുകഴുതയ്ക്കും തോന്നും താൻ
ബുദ്ധിമാനും ഇവർ കഴുതയുമെന്നു
പിറ്റേന്നാളാപനമ്പാവിൽ ഏറും കൂക്കലും
കുട്ടികൾ കഴുതയെന്നുവിളിച്ചപ്പോൾ
ഭാരമുള്ള തല ഉയർത്താനായില്ല
പിന്നീടൊരിക്കലും!

4.

മുതലക്കണ്ണീരിലൊലിച്ചുപോയ
കവചകുണ്ഡലങ്ങളിൽ
സമരസപ്പെടാതൊരു സമസ്യ
ഉത്തമഗീതമെഴുതുന്ന
അമ്മയുടെ കണ്ണിലൊരു
നൂറു പേറ്റുനോവ്!

5.

തലകുനിച്ചൊരാൾ മണ്ണിലെഴുതുന്നു
കയ്യിൽ കല്ലെടുത്തവരുടെ പേരുകൾ
കൈകൾ ലഘുവും
കല്ലുകൾ ഗുരുവുമായി
വീട്ടിലേക്കുള്ള വഴിതെറ്റിപ്പോയവർ
അവൾ പായകൾ കത്തിച്ചുകളഞ്ഞു
വസ്ത്രങ്ങൾ കഴുകാതൊഴുക്കിക്കളഞ്ഞു
ഇരുട്ടുമുട്ടിയ വാതായനങ്ങളിൽ
സാക്ഷ മുറുകിപ്പിടിച്ചിരുന്നു
അവളുടെ നൃത്തത്തിനു മാലാഖമാർ
പത്തുകമ്പിയുള്ള വാദിത്രം വായിച്ചു!






# ബ്രഹ്മാനന്ദനും രവീന്ദ്രനും

## സിനിമയിലെ ഭാഗ്യനിർഭാഗ്യ വിസ്മയങ്ങൾ

◉ സലിംകുമാർ



കോടമ്പാക്കത്ത് ആർക്കോട്ട് റോഡിൽ ശിവൻ കോവിൽ തെരുവിലൂടെ സ്വല്പം മുന്നോട്ടു ചെല്ലുമ്പോൾ ഇടത്തേക്ക് തിരിയുന്ന വഴിയേ പോയാൽ ലീലാനിലയത്തിൽ എത്താം. ഫിലോമിന, കണ്ണൂർ രാജൻ, കല്ലട വാസുദേവൻ, അസി.ഡയറക്ടർ ശിവരാമൻ, തുടങ്ങിവർ ലീലാനിലയത്തിൽ ആണ് താമസിക്കുന്നത്. കല്ലട വാസുദേവൻ അന്ന് 'മലയാളനാട് സിനിമാ ദ്വൈവാരിക' യുടെ മദ്രാസ് ലേഖകൻ ആണ്. സംവിധാനം പഠിക്കുവാൻ അദ്ദേഹത്തിന്റെ അനന്തിരവൻ കലാധരൻ (കല അടൂർ) അദ്ദേഹത്തോടൊപ്പം താമസിക്കുന്നുണ്ട്. അവിടുന്ന് അധികം ദൂരെയല്ലാതെയാണ് കടുവാക്കുളം ആന്റണി താമസിക്കുന്നത്. ശിവൻ കോവിൽ തെരുവിന്റെ ആഴങ്ങളിൽ എവിടെയോ ശ്രീനിവാസൻ താമസിക്കുന്നുണ്ട്. ഏതു നേരത്തെന്നില്ല ശ്രീനിവാസന്റെ വരത്തുപോക്ക് ആ വഴിയേ ഉണ്ടാവാറുണ്ട്. വൈകുന്നേരം ആർക്കോട്ട് റോഡിലെ മാടക്കടയുടെ അടുത്ത് ശ്രീനിവാസൻ എത്തും. പത്രം വാങ്ങാൻ ആണ്. ചിലപ്പോൾ വാങ്ങാതെതന്നെ വായിക്കാനും. മലയാളപത്രങ്ങൾ അക്കാലത്തു വൈകുന്നേരം ആണ് മദ്രാസിൽ വരുന്നത്. അതും മനോരമ മാത്രം. വിജയൻ കാരോട്ട്, കെടാമംഗലം അലി, കലാസംവിധായകൻ ശ്രീനി(അന്ന് ശ്രീനി സംവിധാനം ചെയ്ത വിജയൻ കാരോട്ട് കഥയെഴുതിയ 'ആട്ടക്കളം' തുടങ്ങിയ മൂന്നു ബ്ലാക്ക് ആൻഡ് വൈറ്റ് ചിത്രങ്ങൾ റിലീസ് ആവാതെ പെട്ടിയിൽ ആണ്. കളറിലേക്കുള്ള പരിവർത്തനകാലം ആണ്), ചിലപ്പോഴൊക്കെ ജോൺ എബ്രഹാം ഇവരൊക്കെ ആ നേരത്തു അവിടെക്കാണും

ശിവൻ കോവിൽ തെരുവിൽ ലീലാനിലയത്തിലേക്കു തിരിയുന്ന കടമുക്കിന് വൈകുന്നേരങ്ങളിൽ കൂടുന്നവരിൽ ബ്രഹ്മാനന്ദൻ, രവിയേട്ടൻ തുടങ്ങിയവർ ഒക്കെ ഉണ്ടാവും. രവിയേട്ടൻ അന്ന് ചൂള എന്ന ഒരു സിനിമയുടെ സംഗീതം നിർവഹിച്ചു പിന്നെ പണിയൊന്നും ഇല്ലാതെ കഷ്ടപ്പാടിൽ ആണ്. വല്ലപ്പോഴും ഡബ്ബിങ്ങിന് പോകും. അക്കാലത്തെ നായകനടൻ ആയ രവികുമാറിന് (അവളുടെ രാവുകൾ തുടങ്ങിയ ചിത്രങ്ങൾ) വേണ്ടി ശബ്ദം കൊടുത്തിരുന്നത് രവിയേട്ടൻ ആയിരുന്നു. അവിടെ നായരുടെ ചായക്കട ഉണ്ട്. ബ്രഹ്മാനന്ദൻ ആണ് മിക്ക ദിവസ

വും എല്ലാവർക്കും ചായ വാങ്ങിത്തരുന്നത്. അതിന്റെ എതിർ വശത്ത് ഒരു ഒഴിഞ്ഞ കടത്തിണ്ണയിൽ ആണ് എല്ലാവരും സന്ധിക്കുന്നത്.

ആയിടെ തൃക്കുന്നപ്പുഴ വിജയകുമാർ നിർമ്മിക്കുന്ന 'പാതിരാപ്പക്ഷി' എന്ന സിനിമയുടെ കടലാസ് പണികൾ നടക്കുകയാണ്. കഥയും നിർമ്മാണവും സംവിധാനവും കൂടാതെ ആലപ്പുഴ ശ്രീകുമാറിനൊപ്പം തൃക്കുന്നപ്പുഴ വിജയ കുമാർ സംവിധാനവും ചെയ്യുന്നുണ്ട്. തിരക്കഥ എന്നെക്കൊണ്ടാണ് എഴുതിക്കുന്നത്. അദ്ദേഹത്തിന്റെ പ്രൊഡക്ഷൻ ഓഫീസിൽ ആണ് ഞാൻ താമസിക്കുന്നത്. അതിനടുത്താണ് ഈ ഒത്തുകൂടലുകൾ. ആ ചിത്രത്തിന്റെ ഗാനരചന പൂവച്ചൽ ഖാദർ ആണ്. സംഗീത സംവിധാനം രവിയേട്ടൻ. ഖാദറിന്റെ രചനകൾ രവിയേട്ടൻ ഈണമിട്ടത് കേൾക്കാൻ പൂവച്ചൽ ഖാദറും ബ്രഹ്മാനന്ദനും സംവിധായകൻ ശ്രീകുമാറും, 'അനുഭവങ്ങളെ നന്ദി' യുടെ പ്രൊഡക്ഷൻ മാനേജർ സുദേവൻ, ക്യാമറാമാൻ വിജയകുമാർ ഇവരൊക്കെ ഓഫീസിൽ സന്ധിക്കാറുണ്ട്.

ഒരു ദിവസം രവിയേട്ടൻ പറഞ്ഞു : ഞാൻ വഴിയേ പോകുമ്പോൾ പിന്നിൽ നിന്ന് കൈ കൊട്ടിയോ ശൂ ശൂ എന്ന് ശബ്ദം ഉണ്ടാക്കിയോ ആരെങ്കിലും വിളിച്ചാൽ ഞാൻ തിരിഞ്ഞു നോക്കാറില്ല. എന്നിട്ടു ഒരു സിഗരറ്റും വലിച്ചു അനന്തതയിലേക്ക് നോക്കി നിന്നു.

പിറ്റേ ദിവസം അതെ സമയം.അപ്പോഴാണ് ജോസ് വന്നത്. രവിയേട്ടന്റെ കൂടെ തബലയും ഗിറ്റാറും വായിക്കുന്ന ഇരട്ടസഹോദരന്മാരാണ് ജോസ് സഹോദരന്മാർ. അവരുടെ ജ്യേഷ്ഠൻ സെബാസ്ത്യനും വടുതലക്കാരൻ വിനോദും ഞാനും ഹോട്ടൽജോലിക്കാരനായ ഒരു നമ്പൂതിരിയും ആളൊന്നുക്ക് മാസം പത്തു രൂപ വീതം കൊടുത്തു 40 രൂപ പ്രതിമാസവാടകയുള്ള ഒരു ഓലക്കുടിലിൽ ഒരു മാസം താമസിച്ചിട്ടുണ്ട്. അതിന്നു ശേഷം ആണ് ഞാൻ തൃക്കുന്നപ്പുഴ വിജയകുമാറിന്റെ ഓഫീസിൽ താമസമാക്കുന്നത്. വാടക കൊടുക്കേണ്ടതില്ല എന്നതായിരുന്നു പ്രധാന ആകർഷണം.

ജോസ് വന്നയുടനെ അവർ ഒന്നിച്ചു ലീലാനിലയം ഭാഗത്തേക്ക് നടന്നു. കുറച്ചു ചുവട്ട ടികൾ നടന്നപ്പോൾ ബ്രഹ്മാനന്ദൻ ശ്..ശ്...എന്ന് ശബ്ദം ഉണ്ടാക്കി. രവിയേട്ടൻ തിരിഞ്ഞു നോക്കി. ബ്രഹ്മാനന്ദൻ ഒരു കുസൃതിച്ചിരി ചിരിച്ചു. രവിയേട്ടനും ഒരു ചമ്മിയ ചിരി ചിരി ചിരിച്ചിട്ട് ജോസിനൊപ്പം നടന്നു.

പതിവ് പോലെ ബ്രഹ്മാനന്ദന് പാട്ടുകൾ തീരെ ഇല്ലാത്ത കാലം. കെ.കെ.നഗറിലെ ബോബ്ളി രാജാ തെരുവിൽ ആണ് അദ്ദേഹം താമസിക്കുന്നത്. ഒരിക്കൽ അവിടെ ചെന്നപ്പോൾ കേരളത്തിൽ നിന്നുള്ള ഈട്ടിത്തടിയിലുള്ള ശിൽപ്പങ്ങളുടെ വലിയ പായ്ക്കുകൾ കണ്ടു. മദിരാശിയിലെ വിവിധ കരകൗശല ഷോറൂമുകളിൽ സപ്ലൈ ചെയ്യാൻ ഉള്ളതായിരുന്നു അവ. മദിരാശിയിൽ ബ്രഹ്മാനന്ദൻ കഴിഞ്ഞിരുന്നത് അങ്ങനെയാണ്. ആണ്ടിലൊരിക്കലോ മറ്റോ ഒരു പാട്ടു കിട്ടും. സാദാ പ്രസന്നവദനനായി മാത്രമേ അദ്ദേഹത്തെ കണ്ടിട്ടുള്ളു.

ഒരിക്കൽ എന്നോട് ബ്രഹ്മാനന്ദൻ പറഞ്ഞു :

സലീമേ, സലിം വഴിയേ നടന്നു പോകുമ്പോൾ ആരും കൈകൊട്ടി വിളിച്ചിട്ട് സലീമേ ഇതിലെ വാ ഒരു പടം ഡയറക്റ്റ് ചെയ്തിട്ട് പോ എന്ന് പറയില്ല. അന്വേഷിച്ചു കൊണ്ടേയിരിക്കണം.

പിന്നൊരിക്കൽ അദ്ദേഹം പറഞ്ഞു : ഭരതന്റെ അസിസ്റ്റന്റ് ജോർജ് കിത്തുവിന് ഒരു പടം ഉണ്ട്. നുങ്കമ്പാക്കത്ത് രാജ് ഹോട്ടലിൽ ചെന്ന് കിത്തുവിനെ അന്വേഷിച്ചാൽ മതി. ഞാൻ പറഞ്ഞതാണെന്ന് പറയണം.

ഞാൻ നുങ്കം പക്കത്തു രാജ് ഹോട്ടലിൽ എത്തി കിത്തുവിന്റെ മുറി കണ്ടു പിടിച്ചു. അവിടെ ചെന്നപ്പോൾ പരിചയമില്ലാത്ത നാലഞ്ചു പേരുടെ ഇടയിൽ ഒരാളെ ഞാൻ തിരിച്ചറിഞ്ഞു : പി.കെ.എബ്രഹാം. അക്കാലത്തെ പ്രശസ്ത നടൻ. കിത്തുവിനോട് കാര്യം പറഞ്ഞു. പക്ഷെ പടം ഉടനെ ഇല്ല, തുടങ്ങിയാൽ അറിയിക്കാം എന്ന് പറഞ്ഞു. കുറച്ച സമയം ഞാൻ ആ മുറിയിൽ ഇരുന്നു. അതിനിടെ ഒരു ചെറുപ്പക്കാരൻ – പൂച്ചക്കണ്ണൻ, തടിച്ചു ഉയരമുള്ള ആൾ മുറിയിലേക്ക് കയറി വന്നു വന്ന പാടെ എല്ലാവരുടെയും മുമ്പിൽ നിന്ന് പാന്റ് ഊരി അയയിൽ ഇട്ടിട്ടു ലുങ്കി എടുത്തുടുത്തു. ആ ആളിനെയും ഞാൻ തിരിച്ചറിഞ്ഞു – രതീഷ്. രതീഷ് മൂന്നോ നാലോ പടങ്ങൾ കഴിഞ്ഞിട്ടേയുള്ളൂ. രതീഷും അവിടെയാണ് താമസിക്കുന്നത് ..... ജോർജ്ജ് കിത്തുവിന്റെ ആ പടം നടന്നില്ല. പിന്നെയും കുറേക്കാലം കഴിഞ്ഞിട്ടാണ് 'ആധാരം' വരുന്നത്.

രവിയേട്ടനെയും ബ്രഹ്മാനന്ദനെയും മിക്കവാറും കണ്ടു.

ഞാൻ മദിരാശിയിൽ നിന്നും തിരികെ വന്നു പന്തളത്തു ഒരു പാരലൽ കോളജിൽ പഠിപ്പിക്കുന്നു. വറ്ഗീസ് ചെമ്പോല, അജിത് എന്നീ സുഹൃത്തുക്കളും ഒത്ത് എം.എസ് . എം കോട്ടജ് എന്ന ഒരു ലോഡ്ജിൽ ആണ് താമസിക്കുന്നത്. കോളജിനടുത്തുകൂടി കിഴക്കോട്ടു ചെന്ന് കുറച്ചു തെക്കോട്ടിറങ്ങിച്ചെന്നാൽ വയൽക്കരയിൽ ആണ് ലോഡ്ജ്. ഞാനും വറ്ഗീസ് ചെമ്പോലയും കൂടി സിനിമ കാണാൻ പോകാറുണ്ട് .

കുളനടയിലുള്ള തിയേറ്റർ ആണ്. പേര് ഓർമ്മയില്ല. സിനിമയുടെ പേര് മറക്കില്ല. 'തേനും വയമ്പും'.


ഹാളിൽ കയറി. സിനിമ തുടങ്ങി. ടൈറ്റിലുകൾ തെളിഞ്ഞു. സന്തോഷത്തോടെ ആ പേര് വായിച്ചു : സംഗീതം രവീന്ദ്രൻ.

പിന്നെ ഒരിക്കലും രവിയേട്ടന് തിരിഞ്ഞു നോക്കേണ്ടി വന്നിട്ടില്ല. മലയാളത്തിന്റെ രവീന്ദ്രൻ മാഷായി അദ്ദേഹം നമ്മളെയെല്ലാം സമ്മോഹനംചെയ്തു കൊണ്ടേയിരുന്നു.

ചെറുകഥ

# എച്ച് -1ബി

പി.എസ്. ജോസഫ്



വര:
പി ആർ രാജൻ

80 മൈൽ വേഗതയിൽ ക90 അന്തർസംസ്ഥാന ഹൈവേയിലൂടെ കാർ കുതിക്കുമ്പോൾ, ഒരു സറിയൽ ചിത്രത്തിലെ പോലെ എല്ലാം തെളിഞ്ഞു വന്നു . ഇടയ്ക്കിടെ സർവീസ് റോഡുകൾ നിറഞ്ഞ കൂറ്റൻ പാതകളിലൂടെ അയാൾ ഡ്രൈവ് ചെയ്യുമ്പോൾ മുന്നിൽ കാട്ടുപാതകൾ മാത്രം .. യുണൈറ്റഡ് സ്റ്റേറ്റ്സിൽ (യുഎസ്) എത്തിയതിനുശേഷം എപ്പോഴും അങ്ങനെയായിരുന്നു. പ്രഭാതം മുതൽ രാത്രിവരെ തുടരുന്ന ഭ്രാന്തമായ തിരക്ക്. ഇവിടെ കാറിലാണ് എല്ലാവരുടെയും ജീവിതം . അമേരിക്കൻ ജീവിതത്തിന്റെ പ്രതീകമായി കാർ പെട്ടെന്ന് അയാളുടെ മനസ്സിലേക്ക് കടന്നുവന്നു. ചലനാത്മകതയുടെയും അന്തസ്സിന്റെയും വേഗതയുടെയും പ്രതീകം. അമേരിക്ക നിലകൊള്ളുന്ന എല്ലാ മൂല്യങ്ങളുടെയും പ്രതീകം. കച്ചവടക്കാരുടെ പറുദീസയാണല്ലോ ഈ നാട്!

വേഗതയേറിയ ലൈനിലേക്ക് പോകാൻ എഞ്ചിൻ തിരിക്കാൻ ഗൂഗിൾ അസിസ്റ്റന്റ് ആവർത്തിച്ചു പറഞ്ഞു .. കൃത്യസമയത്ത് ഓഫീസിലെത്തുക എന്നത് ഇന്ന് വളരെ പ്രധാനമായി മാറിയിരിക്കുന്നു. രാവിലെ പ്രമുഖ ബിസിനസ്സ് ക്ലയന്റുകളുമായി കൂടിക്കാഴ്ച നടത്തുന്നു. അതിനുശേഷം ഡീലർ മീറ്റ് , തുടർന്ന് ഡയറക്ടർ ബോർഡു ചേരുന്നു . പെട്ടെന്ന് വളരെ ചെറിയ ഒരു കമ്പനിയിൽ നിരവധി ശ്രേണിതലങ്ങളും തമ്പുരാന്മാരും പ്രത്യക്ഷപ്പെടുന്നു. എപ്പോഴും വാർത്തകളിൽ ഇടം നേടണം. ഓഹരികൾ വൻതോതിൽ വിറ്റഴിക്കപ്പെടണം. കമ്പനിയെ മാന്ദ്യം ബാധിച്ചിട്ടുണ്ടെന്ന് ആരും അറിയരുത്. അതാണ് നയം .അവസാന മാനേജിംഗ് ഡയറക്ടർ കമ്പനിയെ പാപ്പരാക്കി. ഒട്ടേറെപ്പേരുടെ ജീവിതങ്ങൾ മാത്രമല്ല, രാഷ്ട്രത്തിൻറെ സമ്പദ്‌വ്യവസ്ഥയും ഇത്തരം കമ്പനികളെ ആശ്രയിച്ചിരിക്കുന്നു. അത് തകർന്നാൽ പകുതി കമ്പനികളും തകരും. ബാങ്കിന്റെയും ബിസിനസിന്റെയും സർക്കാരിന്റെയും ഒരു അവിശുദ്ധ ബന്ധമാണ് എല്ലാം നയിക്കുന്നത് ,രാഷ്ട്രത്തിൻറെ ശക്തി സംരക്ഷിച്ചുകൊണ്ടിരിക്കുന്നത് . പെട്ടെന്ന് കാർ കുതിച്ചപ്പോൾ , വെർച്വൽ ലോകത്തിൽ നിന്നുള്ള പെൺകുട്ടി മുന്നറിയിപ്പ് നൽകി , വേഗമാകട്ടെ , വലത്തേക്ക് തിരിയുക....

അയാൾ സ്വയം പുഞ്ചിരിച്ചു. നിരവധി തവണ വലത്തേക്ക് തിരിഞ്ഞിട്ടും അയാൾ എവിടേയും എത്തിയില്ല. അതിരാവിലെ തണുത്ത കാറ്റ് വീശിയപ്പോൾ മുതൽ ബഫല്ലോ

യിൽ നിന്ന് അയാൾ വണ്ടിയോടിച്ചു വരുകയായിരുന്നു .. തെരുവുകളിൽ മഞ്ഞ് വീണു. മരങ്ങളുടെ ആഹ്ലാദത്തിന്റെ അവശിഷ്ടം പോലെ അവ തെരുവുകളിൽ നിറഞ്ഞു നിന്നു.. നയാഗ്ര മരവിച്ചു, രാധാകൃഷ്ണൻ അയാളോട് പറഞ്ഞു,'' എല്ലായിടത്തും മഞ്ഞ് കുമിഞ്ഞു കൂടുകയാണ് .. മുന്നോട്ട് പോയാൽ വഴി അപ്രത്യക്ഷമാകും .എങ്ങനെയും ഒരു വഴി കണ്ടെത്താമെന്ന് അയാൾ കരുതി. എത്രയും വേഗം ഓഫീസിൽ എത്തണം. പക്ഷേ എങ്ങനെ എത്തും ?എന്ത് പ്രയോജനം?

ഇന്നലെ രാത്രി അയാൾ രാധാകൃഷ്ണൻറെയും കുടുംബത്തിൻറെയും ഒപ്പമായിരുന്നു .. അവർ ഇന്ത്യയിലേക്ക് തിരിച്ചു പോകാൻ പായ്ക്ക് ചെയ്യുകയായിരുന്നു. ഇന്ത്യ, അത് മിക്കവാറും ചെന്നൈയിലോ ബെംഗളൂരുവിലോ ഹൈദരാബാദിലോ ആയിരിക്കാം. അവർ അടുത്ത സുഹൃത്തുക്കൾ ആയിരുന്നെങ്കിലും തങ്ങളുടെ വേരുകളെക്കുറിച്ച് സംസാരിക്കാൻ മറന്നുപോയി .അല്ലെങ്കിൽ അവർ സംസാരിക്കുമ്പോഴെല്ലാം ഇന്ത്യയിലേക്ക് മടങ്ങുന്നതിനെക്കുറിച്ചായിരുന്നു സംസാരം. എന്നാൽ ഇന്ത്യ പല നിറങ്ങളുടെയും, പല സംസ്ഥാനങ്ങളുടെയും, വ്യത്യസ്ത ലോകങ്ങളുടെയും നാടാണ്. ഇതുവരെ അതൊരു പ്രശ്നമായി മാറിയിരുന്നില്ല. രാധാകൃഷ്ണന്റെ കുടുംബം എന്നെന്നേക്കുമായി അവരോടൊപ്പമുണ്ടാകുമെന്ന് അയാൾ കരുതി, പക്ഷേ പെട്ടെന്ന് ട്രംപ് എല്ലാം മാറ്റിമറിച്ചു.

'ഇന്ത്യയിലേക്ക് മടങ്ങുന്നതിനെക്കുറിച്ച് ഞാൻ ഒരിക്കലും ചിന്തിച്ചിട്ടില്ല. കൈയിൽ എച്ച് -1 ബി യും ഭാര്യയും ബന്ധുക്കളും കുട്ടികളും അടുത്തും ഉള്ളപ്പോൾ, ഇന്ത്യയിലേക്ക് മടങ്ങുന്നതിനെക്കുറിച്ച് ഞാൻ ഒരിക്കലും ചിന്തിച്ചിട്ടില്ല. തീർച്ചയായും, ഒരാൾക്ക് പൗരത്വം ലഭിക്കുകയാണെങ്കിൽ ഗോപിയോ കാർഡ് മതി . അമ്മയും അച്ഛനും എത്തുന്നതുവരെ, വർഷത്തിലൊരിക്കൽ നമ്മൾക്ക് നാട്ടിൽ വീട്ടിൽ

**അയാൾ സ്വയം പുഞ്ചിരിച്ചു. നിരവധി വലത്തേക്ക് തിരിവുകൾ ഉണ്ടായിട്ടും അയാൾ എവിടേയും എത്തിയില്ല. അതിരാവിലെ തണുത്ത കാറ്റ് വീശിയപ്പോൾ മുതൽ ബഫല്ലോയിൽ നിന്ന് അയാൾ വണ്ടിയോടിച്ചു വരുകയായിരുന്നു .. തെരുവുകളിൽ മഞ്ഞ് വീണു. മരങ്ങളുടെ ആഹ്ലാദത്തിന്റെ അവശിഷ്ടം പോലെ അവ തെരുവുകളിൽ നിറഞ്ഞു നിന്നു.. നയാഗ്ര മരവിച്ചു,**

പോകാം .. ' മെഡിക്കൽ ബില്ലുകൾ, വിദ്യാഭ്യാസ ബില്ലുകൾ, മറ്റ് ബില്ലുകൾ എന്നിവ അയാളെ തളർത്തി. 'പുറത്തു കാണിക്കാൻ ഒന്നുമില്ല, നമ്മൾ വാങ്ങിയ ഈ ഫ്ലാറ്റിനു തന്നെ വിലയില്ല.ചുരുങ്ങിയ വിലക്ക് ഇത് വിറ്റു പോകണം .'

'സോണിയും ഹണിയുമാണ് വലിയ പ്രശ്നം. അവർ ബാല്യം മുതൽ ഇവിടെയുണ്ട്. യുഎസ് പൗരന്മാർ. അവരുടെ സുഹൃത്തുക്കൾ ഇവിടെയാണ് . അവരുടെ ലോകം ഇവിടെയാണ്.'

''അവർ ഇവിടെ ഐസ് മരങ്ങളും ഐസ് ഹൗസുകളും ഉണ്ടാക്കി മറ്റ് കുട്ടികളോടൊപ്പം കളിക്കുമായിരുന്നു. ദീപാവലിക്ക് ഞങ്ങൾ അവർക്ക് മധുരം നൽകും. പടക്കം പൊട്ടിക്കും. എല്ലാം മധുരമായിരുന്നു. കുട്ടികൾ ഹാലോവീൻ സമയത്ത് കളിക്കുന്നത് ആസ്വദിച്ചു. താങ്ക്സ് ഗിവിംഗ് വളരെ പ്രത്യേകതയുള്ളതായിരുന്നു. അപ്പോഴാണ് ഞങ്ങൾ ദേശി ബന്ധുക്കൾക്കായി നിരവധി സമ്മാനങ്ങൾ വാങ്ങിയത്. പെട്ടെന്ന് എല്ലാം മാറി. കുട്ടികൾക്ക് അവരുടെ ബാല്യം നഷ്ടപ്പെട്ടു. അവർ വീണ്ടും ഇവിടെ തിരികെ വരുമോ? ആർക്കും അറിയില്ല.''


''പിങ്ക് സ്ലിപ്പുകൾ നൽകി ആളുകളെ കമ്പനി പുറത്താക്കിയപ്പോൾ, ഒരു ദിവസം അത് ഞങ്ങളാകുമെന്ന് ഞങ്ങൾ ഒരിക്കലും കരുതിയിരുന്നില്ല. ആവശ്യത്തിന് ജോലി ഒഴിവുകൾ ഉണ്ടായിരുന്നു.പക്ഷെ അതൊന്നും അവരെ സ്വാധീനിച്ചില്ല ., ആരും നിങ്ങളെ ശല്യപ്പെടുത്തില്ല. ഇവിടെ ജോലിക്ക് കയറൂ, നിങ്ങൾആഗ്രഹിക്കുന്നത് വരെയോ നിങ്ങളുടെ കരാർ അവസാനിക്കുന്നതുവരെയോ നിങ്ങൾ അവിടെ ഉണ്ടാകും. അതായിരുന്നു ഉറപ്പ് .പക്ഷെ നിയമം ഇത്ര പെട്ടെന്ന് ഒരു വില്ലനായി മാറുമെന്ന് ഒരിക്കലും കരുതിയിരുന്നില്ല.''

നടാഷയ്ക്ക്, ജോലിയില്ലാത്ത ജീവിതം വേദനാജനകമായിരുന്നു. തുച്ഛമായ തുകയുമായി ജീവിക്കാൻ അവൾ പഠിക്കുകയായിരുന്നു. ഇപ്പോൾ മാത്രമാണ് അവളുടെ കുടുംബം വളരെ വലുതാണെന്നും അവളുടെ ജോലി കൊണ്ടു അവരെ ഒരുമിച്ച് നിർത്താൻ കഴിയില്ലെന്നും അവൾ മനസ്സിലാക്കിയത്. അവൾക്ക് ഒരു ഒ 4 ആശ്രിത വിസ ഉണ്ടായിരുന്നു, പക്ഷേ അത് തന്നെ അംഗീകരിച്ചു കിട്ടാൻ അവൾക്ക് അങ്ങോട്ടും ഇങ്ങോട്ടും ഓടേണ്ടിവന്നു.''

'' ആദ്യമൊക്കെ ഉച്ചാരണം പ്രശ്നമായിരുന്നു .പിന്നെ ഇഴുകി ചേർന്നു . ഇത്രയും കാലം ഇവിടെ ഉണ്ടായിരുന്നതിനാൽ, ഞങ്ങൾ എല്ലാവരുമായും വളരെ സൗഹൃദത്തിലാണ് .''

വംശീയ സംഘർഷങ്ങളൊന്നുമില്ലാത്ത ഒരു പ്രാന്തപ്രദേശമാണിത്, കാറ്റും തണുപ്പും ഒഴികെ എല്ലാം അനുയോജ്യം , ചെന്നൈ പോലെയല്ലഇവിടം .

ഓ, പെട്ടെന്ന് അയാൾക്ക് മനസ്സിലായി, അവർ ചൂടും പൊടിയും നിറഞ്ഞ നാട്ടിൽ നിന്നുള്ള ഇന്ത്യാക്കാരാണ് . മോശം റോഡുകൾ, ബസുകളിൽ നിന്ന് പുറപ്പെടുന്ന ഗന്ധം, കൂട്ടമായി താമസിക്കുന്ന സ്ഥലം എന്നിവയെ ചുറ്റിപ്പറ്റിയാണ് സംസാരം. അവരുടേത് ഒരു വലിയ കൂട്ടുകുടുംബമായിരുന്നു. നവദമ്പതികൾക്ക് പോലും വീട്ടിൽ പ്രത്യേക മുറി ഉണ്ടായിരുന്നില്ല. കുട്ടികൾ അത് ഏറെ ആസ്വദിച്ചു.കൂടെ കളിക്കാൻ അവർക്ക് ധാരാളം കസിൻ



സ് ഉണ്ടായിരുന്നു, പരിപാലിക്കാൻ മുതിർന്നവർ ഉണ്ടായിരുന്നു. എല്ലാ ദിവസവും മുതിർന്ന സ്ത്രീകൾ പാചകത്തിൽ പങ്കുചേർന്നു. അത് പലതരം ഭക്ഷണങ്ങളായിരുന്നു, പക്ഷേ ഭക്ഷണ ചെലവു വളരെ കുറവായിരുന്നു, ആരും അത് കാര്യമാക്കിയില്ല.

പക്ഷേ യുഎസിൽ ഇത് ഒരു പ്രധാന ഇനമാണ്. നിർഭാഗ്യവശാൽ പുറത്തു നിന്ന് ഭക്ഷണം കഴിക്കുന്നതിന് വളരെയധികം ചിലവാകും, പക്ഷേ മാതാപിതാക്കൾ കൂടെയുണ്ടെങ്കിൽ പോലും മറ്റ് മാർഗമില്ലായിരുന്നു. പല ദിവസങ്ങളിലും അവർ വൈകിയെത്തും. പിന്നെ സോണിക്കും ഹണിക്കും മാറി മാറി പനി പിടിക്കും .അവരെ പരിചരിക്കാൻ ബുദ്ധിമുട്ടായിരുന്നു.

''ഏറ്റവും മോശം കാര്യം വിസയാണ്. എച്ച് 4 ടാഗുമായി ഞാൻ ഇനി ഒരിക്കലും തിരിച്ചുവരില്ല. രാധാകൃഷ്ണനെപ്പോലെ തന്നെ അവൾക്കും മതിയായ യോഗ്യതയുണ്ടായിരുന്നെങ്കിലും, പുതിയ നിയമങ്ങൾ പറഞ്ഞുകൊണ്ട് ട്രംപ് അവരെ ഭീഷണിപ്പെടുത്തിയതിനാൽ അവൾക്ക് ഒരു പ്ലേസ്മെന്റ് ലഭിക്കുന്നത് ബുദ്ധിമുട്ടായിരുന്നു. ഇവിടെ എല്ലാം ചെലവേറിയതാണ്, മെഡിക്കൽ ഇൻഷുറൻസ് ഉണ്ടെങ്കിൽ പോലും, പേയ്മെന്റുകൾ നടത്താൻ ബുദ്ധിമുട്ടും . ഒറ്റയാളുടെ ശമ്പളം കൊണ്ട് എല്ലാം ബുദ്ധിമുട്ടായിരുന്നു.''

''പിന്നെ വീട്ടിലെ ബില്ലുകളും ശ്രദ്ധിക്കണം. ജോലിക്കാർക്കുള്ള പണം. അത് ആവർത്തിച്ചുള്ള ഒരു പേടിസ്വപ്നമാണ്,'' അവർ പറഞ്ഞു.

''ഇപ്പോൾ ഞങ്ങൾ ഇന്ത്യയിൽ തിരിച്ചെത്തിയാൽ , അത് എങ്ങനെ ആകുമെന്ന് ഞങ്ങൾക്ക് അറിയില്ല. എല്ലാം ഞങ്ങൾ ആദ്യം മുതൽ ആരംഭിക്കണം, പുതിയ ജോലി അന്വേഷിക്കണം. ഇപ്പോൾ ഞങ്ങൾ മധ്യവയസ്സിലാണ്. അത്തരം പരിചയമുള്ളവരെ ഇന്ത്യൻ കമ്പനികൾ എടുക്കുമോ ? ഞങ്ങളുടെ അനുഭവ പരിചയം തന്നെ ഞങ്ങൾക്ക് ബാധ്യതയാണെന്ന് തോന്നുന്നു.''

അവർ പറയുന്നതെല്ലാം അയാൾ കേട്ടുകൊണ്ടിരുന്നു. അയാളുടെ ജീവിതവും വ്യത്യസ്തമായിരുന്നില്ല, ഒരു ബൂമറാങ്ങിൽ നിന്ന് അയാൾക്കും രക്ഷപ്പെടാൻ കഴിയില്ല, പക്ഷേ ഇതുവരെ എല്ലാം നല്ലതാണ് .അയാൾക്ക് ഒരു ജോലി ലഭിച്ചു എന്നതാണ് ഒരേയൊരു നല്ല കാര്യം... എച്ച് -1 ബി അയാളുടെ കഴുത്തിലെ ഒരു കുരിശായി മാറിയിരുന്നു, പക്ഷേ അമേരിക്കൻ സ്വപ്നം വളരെ അകലെയായി തോന്നി.

തിരക്കേറിയ നഗരവീഥികളിലേക്ക് കാർ ഓടിയെത്തിയപ്പോൾ വേഗത കുറഞ്ഞു, പക്ഷേ ഗതാഗതക്കുരുക്ക് ഒന്നും ഉണ്ടായില്ല. പെട്ടെന്ന് ടെലിഫോൺ സജീവമായി...

ഉമ ലൈനിൽ...

അയാൾ പലപ്പോഴും ആശ്ചര്യത്തോടെ അവൾ പറയുന്നത് കേട്ടിരിക്കും . പക്ഷേ ഇപ്പോൾ അവളുടെ വാക്കുകൾ അർത്ഥശൂന്യമായി മാറിയിരുന്നു നിരാശ അവളുടെ ശബ്ദത്തിൽ പ്രകടമായിരുന്നു .അവൾ പൊട്ടിക്കരഞ്ഞു... ഇവിടെ കഴിയാൻ വളരെ ബുദ്ധിമുട്ടാണ്.

''കുട്ടിയുമായി പോകാൻ എനിക്ക് ബുദ്ധിമുട്ടാണ്, ജോലി ഉടൻ അവസാനിക്കുമോ എന്ന് എനിക്കറിയില്ല. ഒഴിവുകൾ ഉണ്ട്, പക്ഷേ അവർ ഒരു അമേരിക്കക്കാരനെ മാത്രമേ നിയമിക്കാൻ ആഗ്രഹിക്കുന്നുള്ളൂ. ചിലർ മഞ്ഞുമൂടിയ മിഷിഗണിലേക്ക് സ്ഥലം മാറ്റാൻ കാത്തിരിക്കുന്നതായി തോന്നുന്നു. എനിക്ക് മറ്റൊരു ജോലി അന്വേഷിക്കണം അല്ലെങ്കിൽ മടങ്ങുകയല്ലാതെ മറ്റൊരു മാർഗവുമില്ല.''



എന്റെ ഭർത്താവിന് ശരിയായ വിസയില്ല, അദ്ദേഹം ഒന്നോ രണ്ടോ കമ്പനികളുമായി ചർച്ചകൾ നടത്തി വരികയാണ്, പക്ഷേ കരാർ ഒരു ബുദ്ധിമുട്ടുള്ള ഭാഗമായി മാറിയിരിക്കുന്നു. ഞങ്ങൾ എപ്പോൾ പുറത്തുപോകുമെന്ന് ഞങ്ങൾക്ക് അറിയില്ല. ചിലപ്പോൾ ഒന്നും ആസൂത്രണം ചെയ്യാൻ കഴിഞ്ഞില്ല. ചില സമയങ്ങളിൽ ജോലിയിൽ തുടരാനുള്ള ചെലവ് ശമ്പളത്തേക്കാൾ കൂടുതലായി മാറുന്നു

ഒരു സിംഗിൾ പേരന്റിനെപ്പോലെ ഞാൻ കുട്ടിയെ പരിപാലിക്കണം

അമേരിക്കൻ സ്വപ്നം ഒരു മോശം കാര്യമായി മാറിയിരുന്നു. മാളുകളും, ഫുഡ് കോർട്ടുകളും, റെസിഡൻഷ്യൽ ഏരിയകളും കടന്ന് അതിവേഗത്തിൽ കാർ പാഞ്ഞുകൊണ്ടിരുന്നു. മുന്നിലുള്ളത് നീണ്ടതും ഒരിക്കലും അവസാനിക്കാത്തതുമായ ഹൈവേകൾ മാത്രം.

തിരക്കേറിയ വഴിയിൽ ഒരിക്കൽ തന്നെ ഭ്രമിപ്പിച്ച ഭാവിയെക്കുറിച്ച് അയാൾ ചിന്തിക്കാൻ തുടങ്ങി. അഞ്ച് വർഷം മുമ്പ് യുഎസിലേക്കുള്ള യാത്ര അയാൾ ഓർത്തു . യോഗ്യതക്ക് വില കൽപ്പിക്കുന്ന ഒരു നാട്ടിൽ, ഒരു പുതിയ ലോകത്തിൽ വരുന്നതിന്റെ ആവേശം.

ഒരു സൂപ്പർ കമ്പ്യൂട്ടറിനോട് താരതമ്യപ്പെടുത്താവുന്ന വൈദഗ്ദ്യം ഉള്ള തൻറെ കൈവിരൽ തുമ്പിലാണ് അക്കങ്ങൾ എന്ന് അയാൾ അഹങ്കരിച്ചു . ലോകത്തെ തന്നെ തനിക്കു കീഴടക്കാൻ കഴിയുമെന്ന് അയാൾ കരുതി. അങ്ങനെയായിരുന്നില്ല എന്ന് മാത്രം . അമേരിക്കയിൽ എത്തിയ നിമിഷം എല്ലാം മാറി. വെള്ളക്കാരന്റെ വേഷം അണിയുന്ന തവിട്ടുനിറത്തിലുള്ള മനുഷ്യനെ കാണുമ്പോൾ എല്ലാവർക്കും അപരിചിതരുടെ ഭാവം, അസുഖകരമായ വികാരം.

എല്ലാ ദിവസവും വീട്ടിൽ ഒരാൾക്ക് അസുഖം വരും, പക്ഷേ ഒരു ഡോക്ടറെ കാണുന്നത് ഒരു നരകതുല്യമായ കാര്യമായിരുന്നു.നമുക്ക് വീട്ടിലേക്ക് പോകാം, ഈ ജീവിതം എന്തുകൊണ്ടോ അയാളുടെ ഭാര്യ പരാതി പറയാൻ തുടങ്ങും. ഇവിടെ ഒന്നും ശരിയല്ല. നിങ്ങൾ സ്ഥലം വിടുന്ന നിമിഷം വരാനിരിക്കുന്ന പ്രശ്നങ്ങളിൽ നിന്ന് നിങ്ങൾക്ക് മോചനം ലഭിച്ചേക്കാം''

ഏറ്റവും ലളിതമായ രക്ഷപ്പെടൽ മാർഗം സ്ത്രീകൾക്ക് അറിയാമായിരിക്കാം !

ഞാൻ പുറത്തുപോയാൽ അത് എൻറെ അമേരിക്കൻ സ്വപ്നത്തിന്റെ അവസാനമായിരിക്കും.

എവിടെ പോകും? എന്റെ ലക്ഷ്യം എംഐടിയിലോ പ്രിൻസ്റ്റണിലോ ചേരുക എന്നതാണ്. നോബൽ ജേതാക്കളായ അക്കാദമിക് വിദഗ്ധരോടൊപ്പം, വരാനിരിക്കുന്ന ലോകത്തിനായി പുതിയൊരു പദ്ധതി കണ്ടുപിടിക്കണമെന്ന് അയാൾ സ്വപ്നം കണ്ടു. ശ്രമങ്ങൾ തെറ്റിയില്ല. എന്നാൽ അനുദിനം അമേരിക്കൻ ജനത, തങ്ങളോട് കുടിയേറ്റക്കാർ അന്യായമായി പെരുമാറുന്നുവെന്ന് കരുതി.അവർ അയാളെ

വേട്ടയാടാൻ തുടങ്ങി.

ഒടുവിൽ, മെഡിക്കൽ ബില്ലുകൾ, ധാരാളം തുക ഇൻഷുറൻസ് അടച്ചിരുന്നെങ്കിലും, ആവർത്തിച്ചുവരുന്ന അസുഖങ്ങൾ വട്ടത്തിലാക്കിയതോടെ എന്തുചെയ്യണമെന്ന് അയാൾക്കറിയില്ലായിരുന്നു.

കാർ പുറത്തേക്കുഎടുത്തു . വേഗത കുറഞ്ഞു . കമ്പനിയിലേക്കുള്ള സർവീസ് റോഡായിരുന്നു അത്. വ്യത്യസ്ത തരം കാറുകൾ പാർക്കിംഗ് സ്ഥലത്തേക്ക് വരുന്നത് ദൂരെ നിന്ന് അയാൾക്ക് കാണാൻ കഴിഞ്ഞു. രാവിലെ ചെക്ക്-ഇൻ സമയം കഴിഞ്ഞെങ്കിലും എല്ലാവരും ഓഫീസിലേക്ക് വൈകിയാണ് വരുന്നത്. അവരിൽ പലരെയും അയാൾക്ക് കാണാൻ കഴിഞ്ഞു, അവർ വളരെക്കാലമായി തന്റെ സുഹൃത്തുക്കളായിരുന്നു. ഒരു മര്യാദയ്ക്ക് വണങ്ങി, അയാൾ എപ്പോഴും ആശ്രയിച്ചിരുന്ന യുഎസ് സുഹൃത്ത് റോബർട്ട് ഒഴികെ എല്ലാവരും ഓഫീസിലേക്ക് പോയി.

''കൃഷ്ണൻ സ്ഥലം വിട്ടതായി തോന്നുന്നു,'' റോബർട്ട് അയാളോട് പറഞ്ഞു

അത് കേട്ട് അയാൾ ഞെട്ടി .. കൃഷ്ണന്റെ ഭാര്യ ഗർഭിണിയാണ്.നാട്ടിലേക്ക് പോയി അവിടെയുള്ള കോൺസുലേറ്റിൽ ഭാഗ്യം പരീക്ഷിക്കാൻ ആഗ്രഹിക്കാത്തതിനാൽ മാതാപിതാക്കളെ യു എസിലേക്ക് കൊണ്ടുവരാൻ അവർ പദ്ധതിയിടുകയായിരുന്നു.

''വീണ്ടും പിരിച്ചുവിടൽ നടക്കാൻ പോകുന്നത് പോലെ തോന്നുന്നു. കമ്പനിക്ക് അയാൾക്ക് കാലാവധി നീട്ടി നൽകാൻ കഴിഞ്ഞില്ല. ജോലി ലഭിക്കാൻ അയാൾ പല വഴികളിലൂടെയും ശ്രമിച്ചുകൊണ്ടിരുന്നു, ഇതിനിടെ പെട്ടെന്ന് കമ്പനി അവരെ പിരിച്ചുവിട്ടു '

' ഭാര്യ ഗർഭിണിയാണ്, പക്ഷേ അയാൾക്ക് എന്തുചെയ്യാൻ കഴിയും. വിസ അപേക്ഷ പുതുക്കാനുള്ള സാധ്യതയില്ലാത്തതിനാൽ അയാൾ രാജ്യം വിട്ടു. പ്രസവം അടുത്തതിനാൽ , അയാൾക്ക് അവളെ കൂടെ കൊണ്ടുപോകാൻ കഴിഞ്ഞില്ല. ഏറ്റവും വിഷമം പിടിച്ച കാര്യം അവൾക്ക് അവളുടെ മാതാപിതാക്കളെയും ഇങ്ങോട്ട് കൊണ്ടുവരാൻ കഴിഞ്ഞില്ല എന്നതാണ് '.

**അമേരിക്കൻ സ്വപ്നം ഒരു പേടിസ്വപ്നമായി മാറുകയായിരുന്നു. ദൂഷിത വലയത്തിൽ നിന്ന് അവൻ രക്ഷപ്പെട്ടതാണ് നല്ലത്. വിസ, കോൺസുലേറ്റിലേക്കുള്ള എണ്ണമറ്റ യാത്ര. ജോലി അഭിമുഖങ്ങൾ. യുഎസ് പൗരന്റെ മുഖത്തെ അമ്പരപ്പിക്കുന്ന ഭാവം. പുതുക്കലുകൾ എല്ലാം ഇനിയില്ല . അവനെ ഉൾക്കൊള്ളാത്ത ഒരു സമൂഹവുമായി കഴിയാൻ ഭ്രാന്തമായ തിരക്ക് വേണ്ട ,അയാൾ ചിന്തിച്ചു**

പെട്ടെന്ന് അയാൾക്ക് വിദേശത്ത് കഴിഞ്ഞിരുന്ന കൃഷ്ണന്റെയും രാധയുടെയും കാര്യം മനസ്സിൽ വന്നു .. ശ്രദ്ധിക്കാൻ ആരുമില്ലാതെ കുഞ്ഞുമായി ഇവിടെ കഴിയുന്നത് വളരെ ബുദ്ധിമുട്ടായിരിക്കും. കുട്ടിയുടെ പ്രസവത്തിനു ശേഷവും പേപ്പർ ജോലികൾ പൂർത്തിയാക്കണം. വീട്ടിലേക്ക് പറക്കാൻ എല്ലാം ശരിയാക്കണം.

അയാളുടെ മുഖം വാടി. കൃഷ്ണൻ ഒരു വാക്കുപോലും പറയാതെ പോയത് അയാളെ അലട്ടിയിരുന്നു. ഇപ്പോൾ കണ്ടാൽ അയാളെ എങ്ങനെ നേരിടാൻ കഴിയും എന്നായി പേടി ., അവന് ഉയർന്ന സ്വപ്നങ്ങളുണ്ടായിരുന്നു. യുഎസിലെ തന്റെ വർഷങ്ങൾ സൂക്ഷ്മമായ ആസൂത്രണത്തോടെ ചിട്ടപ്പെടുത്തി. പക്ഷേ എല്ലാം തലകീഴായി മാറി

നാട്ടിൽ കാര്യങ്ങൾ കുടുതൽ ബുദ്ധിമുട്ടായിരിക്കും, അവൻ എടുത്ത ലോൺ തിരിച്ചടച്ചിട്ടില്ല. മാതാപിതാക്കൾ രോഗികളാണ്. ഭാര്യ വീട്ടിൽ നിന്ന് യാതൊരു കൈത്താങ്ങുമില്ലാതെ പ്രസവമുറിയിലാണ്.

അമേരിക്കൻ സ്വപ്നം ഒരു പേടിസ്വപ്നമായി മാറുകയായിരുന്നു. ദൂഷിതവലയത്തിൽ നിന്ന് അവൻ രക്ഷപ്പെട്ടതാണ് നല്ലത്. വിസ, കോൺസുലേറ്റിലേക്കുള്ള എണ്ണമറ്റ യാത്ര. ജോലി അഭിമുഖങ്ങൾ. യുഎസ് പൗരന്റെ മുഖത്തെ അമ്പരപ്പിക്കുന്ന ഭാവം. പുതുക്കലുകൾ എല്ലാം ഇനിയില്ല .അവനെ ഉൾക്കൊള്ളാത്ത ഒരു സമൂഹവുമായി കഴിയാൻ ഭ്രാന്തമായ തിരക്ക് വേണ്ട ,അയാൾ ചിന്തിച്ചു

അയാൾക്ക് കരയാൻ തോന്നി . പക്ഷേ കണ്ണുനീർ വരുന്നില്ല

ശീത കാറ്റ് നിങ്ങളെ പൊതിയുന്നു . കടുത്ത തണുപ്പിൽ മുഖം ചുവക്കുന്നു .ഈ നേരത്ത് നിങ്ങൾക്ക് ഈ സ്ഥലത്ത് ഇത്രയും നേരം പിടിച്ചു നിൽക്കാൻ കഴിയില്ല. പാർക്കിംഗ് സ്ഥലം പെട്ടെന്ന് വിജനമായി.

പെട്ടെന്ന് അയാൾ വീട്ടിലെത്തി. അയാൾ വാതിൽ തുറന്നപ്പോൾ അച്ഛനും അമ്മയും വളരെ സന്തോഷത്തോടെ അടുത്തേക്ക് വന്നു.

പരിചിതമായ ശബ്ദങ്ങൾ, പട്ടണത്തിന്റെ ഗന്ധം, തെരുവുകളുടെ ദുർഗന്ധം, മങ്ങിയ നിറങ്ങൾ, ചൂടും പൊടിയും

അയാളുടെ ഭാര്യ ഇഡ്ഡലിയും വടയുമായി അയാളെ കാത്തിരിക്കുന്നു , കുട്ടി സ്വന്തം നാട്ടിൽ മറ്റൊരു രാജ്യത്തെ പൗരനായി അയാളെ സ്നേഹപൂർവ്വം ആലിംഗനം ചെയ്യുന്നു .

പെട്ടെന്ന് അദ്ദേഹത്തിന്റെ ഉള്ളിൽ വൈവിധ്യമാർന്ന നിരവധി ചിത്രങ്ങളുടെ ഒരു പ്രവാഹം ഉണ്ടായി. ... കാർ അയാൾ വിചാരിച്ചതിലും വേഗത്തിൽ സഞ്ചരിച്ചു.

അയാൾ പുറത്തേക്ക് കാലെടുത്തുവച്ചപ്പോൾ പൈൻ മരങ്ങളും കാടുകളും തടാകങ്ങളും നിറഞ്ഞ മനോഹരമായ ഒരു ലോകം മുന്നിൽ .

ഒരു മാൻ തന്റെ വഴി മുറിച്ചുകടക്കുന്നത് കണ്ടപ്പോൾ, അയാൾ വേഗത കുറച്ചു .ആ കാഴ്ച അയാൾ ഉള്ളിൽ ഒതുക്കി .അടുത്ത വർഷം ഈ കുന്നിൻ ചെരിവിലെ പൈൻ മരങ്ങൾ നോക്കി താൻ അവിടെ ഉണ്ടാകുമോ?


MALABAR PALACE RESTAURANT
Malabar Palace
Authentic Indian Cuisine
Flavors from the Heart with Love
A Taste of Tradition!
Authenticity on Every Plate!
Handpicked spices, Fresh ingredients
Spice, Aroma & Love
Our chefs bring generations-old Indian recipes to life
Homestyle cooking and flavors from the Heart with Love
Located at 44 Route 303, Valley Cottage, NY 10989
Tel:1-914-688-9000
www.malabarpalace.us
malabarpalaceny@gmail.com



**അണയാത്ത കനലോർമ്മകൾ**
**ചന്ദ്രികാദേവി എം**
**ഗ്രീൻ ബുക്സ്**





# ഓർമ്മച്ചെപ്പിൽ സ്നേഹസൗരഭ്യം

**നാടുവാഴിത്തകാലത്ത് അധികാരശ്രേണിയിലുണ്ടായിരുന്ന ഒരു പ്രബല നായർ കുടുംബത്തിന്റെ മൂന്നു തലമുറകളുടെ കാലത്തെ പ്രധാന പരിണാമഘട്ടത്തെയാണ് അണയാത്ത കനലോർമ്മകൾ എന്ന പുസ്തകത്തിലെ എഴുത്തുകൾ പ്രതിനിധാനം ചെയ്യുന്നത്.**

**പള്ളിക്കോണം രാജീവ്**

എഴുത്തുകാരൻ സ്വന്തം ജീവിതാനുഭവങ്ങൾ ഓർമ്മകളിലൂടെ പങ്കുവയ്ക്കുന്ന സാഹിത്യരൂപങ്ങൾക്ക് എല്ലാക്കാലത്തും പ്രസക്തിയുണ്ട്. അത്തരം രചനകൾക്ക് സ്വീകാര്യത കിട്ടണമെങ്കിൽ തീഷ്ണമായ ജീവിതാനുഭവങ്ങളുടെ വൈകാരികമായ അവതരണമോ അതല്ലെങ്കിൽ കഥപറച്ചിലിന്റെ കൗതുകമോ അതിൽ ഉള്ളടക്കം ചെയ്യപ്പെട്ടിരിക്കണം. ഭൂതകാലത്തെ അനാവരണം ചെയ്യുന്നതൊക്കെയും ചരിത്രമാണ്. ഒരു വ്യക്തിയുടെ ജീവിതാനുഭവങ്ങളുടെ പങ്കിടൽ പൂർണ്ണമായും ചരിത്രമായി പറയാനാവില്ലെങ്കിലും തലമുറകളായി കൈമാറി നിലനിന്നുപോരുന്ന പഴയകാല സംഭവങ്ങൾക്ക് വാക്കുകളിലൂടെ രൂ



പം നൽകുന്നത് ചരിത്രരചനയുടെ ഭാഗം തന്നെയാണ്.

സ്വന്തം ഓർമ്മകളും മുന്നേ നടന്നുപോയവർ പങ്കുവച്ച ഓർമ്മകളും എഴുതിയിടുന്നവർക്കെല്ലാം വേണ്ടത്ര ചരിത്രബോധമോ ഭാഷാവ്യുൽപത്തിയോ ഉണ്ടാകണമെന്നില്ല. എന്നാൽ അനുവാചകനെ സംഭവം നടന്ന കാലഘട്ടത്തിലേക്ക് ക്ഷണിക്കാൻ കഴിയുന്ന, രംഗങ്ങളെ ദൃശ്യവൽക്കരിക്കാൻ ശേഷിയുള്ള, മനോവികാരങ്ങളെ പകർന്നു നൽകാൻ കഴിയുന്ന ആഖ്യാനശൈലിയാണ് ഓർമ്മക്കുറിപ്പുകളെ സ്വീകാര്യമാക്കുന്നത്. നാട്ടുചരിത്രവുമായി ബന്ധപ്പെട്ട് സ്വന്തം കുടുംബചരിത്രവും ജീവിതാനുഭവങ്ങളും ഉൾപ്പെടുത്തിയുള്ള തന്റെ പ്രഥമരചനയിൽ ചന്ദ്രികാദേവി മുഞ്ഞനാട്ട് ഈ സ്വീകാര്യത കൈവരിക്കാൻ ഒട്ടൊക്കെ ശ്രമിച്ചിട്ടുണ്ടെന്ന് ഈ പുസ്തകത്തിന്റെ വായനയിലൂടെ നമുക്കൊക്കെയും ബോധ്യപ്പെടുന്നതാണ്.

പന്ത്രണ്ടാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ചേരപ്പെരുമാളുടെ മേൽക്കോയ്മയ്ക്ക് അന്ത്യം വന്നപ്പോൾ ചരിത്രത്തിന്റെ പിന്നണിയിലേക്ക് പോയ ഏതാനും നാടുവാഴികുടും

ബങ്ങളിൽ ഒന്നാണ് മുഞ്ഞനാട്. നാടിന്റെ പേരു തന്നെയാണ് കുടുംബപ്പേരും! ഏതാനും ശിലാരേഖകളിലും ചെമ്പോലകളിലും വട്ടെഴുത്തു അക്ഷരരൂപത്തിൽ അവശേഷിക്കുന്ന ചുരുക്കം ചില പരാമർശങ്ങൾ മാത്രമാണ് മുഞ്ഞനാടിന്റെ പരമ്പരയിൽ പെട്ട നാട്ടുരാജാക്കൻമാരുടെ ചരിത്രപ്രാധാന്യത്തെ വെളിപ്പെടുത്തുന്നത്.

ഈ പരമ്പരയിലെ ഇന്നുള്ള തലമുറകൾക്കിടയിലെ ഒരു കണ്ണിയാണ് ഗ്രന്ഥകാരി. ഇന്നത്തെ ഒരു ജില്ലയുടെ അത്രയും തന്നെ വിസ്താരമേറിയെ ഒരു നാടിനെ അനേക നൂറ്റാണ്ടോളം നയിച്ച ഭരണാധികാരികളുടെ പിൻഗാമികളാണ് തങ്ങളെന്ന് ഗ്രന്ഥകാരിയും അവർക്ക് തൊട്ടുമുമ്പുള്ള തലമുറകളിലുള്ളവരും ഒരുപക്ഷേ കരുതിയിരിക്കാൻ ഇടയില്ല. എന്നാൽ കോട്ടയം പട്ടണത്തിന്റെ തൊട്ടു പടിഞ്ഞാറു ചേർന്നുകിടക്കുന്ന വേളൂരിന്റെ മാടമ്പിസ്ഥാനവും തെക്കുംകൂറിന്റെ സൈന്യാധിപസ്ഥാനവും തങ്ങളുടെ മുൻഗാമികളാണ് കയ്യാളിയിരുന്നത് എന്ന പൂർവ്വികസ്മരണ ഒളിമങ്ങിയാണെങ്കിലും അവരിൽ നിലനിന്നിരുന്നു.

മുഞ്ഞനാട്ട് കളരിയുടെ കിഴക്ക് വലിയ കുന്നുംപുറത്തിന്റെ ചെരുവിനോട് ചേർന്നുകിടക്കുന്ന കാളക്കണ്ടത്തിൽ കൃഷിയൊഴിഞ്ഞ കാലത്ത് വീട്ടിലെ പശുക്കളെ മേയാൻ വിട്ടും വരമ്പുകൾക്കിടയിലെ കൈത്തോട്ടിൽ മീൻപിടിച്ചും നടന്ന ബാല്യം ഒളിമങ്ങാതെ ഓർമ്മയിലുണ്ട്. വെള്ളക്കെട്ടുകളിൽ വിരിഞ്ഞുനിൽക്കുന്ന ആമ്പൽപൂക്കൾ തണ്ടോടെ പൊട്ടിച്ചെടുത്ത് തണ്ടൊടിച്ച് മാലകെട്ടി അണിഞ്ഞുനടക്കും. കറുത്തും ചുവന്നുമുള്ള ചെറിയ അരികളോടു കൂടിയ – മൂത്ത ആമ്പൽക്കായ്കൾ പറിച്ച് തിന്നുമ്പോൾ നാവിലൊരു തണുപ്പും തരിപ്പുമാണ്. തോട്ടിൽനിന്ന് വയലിലേക്ക് വെള്ളം കയറ്റുന്ന 'ഇഞ്ചൻപെട്ടി'യുടെ കറക്കം കണ്ടുനിന്ന് നേരം കളയും.

തിരുനക്കര ക്ഷേത്രത്തിലുണ്ടായിരുന്ന വെള്ളക്കാളയെ തീറ്റിപ്പോറ്റാനായി തെക്കുംകൂർ തമ്പുരാൻ ഒഴിപ്പിച്ചിട്ടതാണ് കാളക്കണ്ടം എന്നാണ് ഐതിഹ്യം. ഐതിഹ്യമാലയിൽ കൊട്ടാരത്തിൽ ശങ്കുണ്ണി ആ കഥയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഗ്രന്ഥ

**ഒരു വ്യക്തിയുടെ ജീവിതാനുഭവങ്ങളുടെ പങ്കിടൽ പൂർണ്ണമായും ചരിത്രമായി പറയാനാവില്ലെങ്കിലും തലമുറകളായി കൈമാറി നിലനിന്നുപോരുന്ന പഴയകാല സംഭവങ്ങൾക്ക് വാക്കുകളിലൂടെ രൂപം നൽകുന്നത് ചരിത്രരചനയുടെ ഭാഗം തന്നെയാണ്.**

കാരിയും അതിവിടെ ചേർത്തിട്ടുണ്ട്. കാളക്കണ്ടത്തിൽ ഒരിക്കൽ മദം പൊട്ടിയോടിയ തിരുനക്കര ശിവൻ വന്നു നിന്ന് വട്ടം കറങ്ങുന്നത് കാണാനിടവന്നു. കാളക്കണ്ടം പിന്നീട് അന്യാധീനപ്പെട്ടുപോയി..

വേളൂരിലെ വയലുകളിൽ കൃഷികാര്യങ്ങൾക്കായി ഉപയോഗിച്ചിരുന്ന ഉഴവുമാടുകളെ സംരക്ഷിച്ചിരുന്ന എരുത്ത് വലിയ കുന്നുംപുറത്തിനും തെക്കുഭാഗത്തുള്ള കുന്നിന്റെ ചെരുവിലായിരുന്നു. ആ കുന്നിനെ എരുത്തിക്കൽകുന്ന് എന്നു വിളിച്ചുപോന്നു. പതിനാലാം നൂറ്റാണ്ടിൽ സ്ഥാപിതമായ ഒരു ഭഗവതിക്ഷേത്രം ഈ കുന്നിൽ മുകളിലുണ്ട്. കോലത്തുനാട്ടിൽ നിന്നും വന്ന അഞ്ച് ഏമ്പ്രാന്തിരിമാർ ഈ ക്ഷേത്രത്തിൽ മാറിമാറി പൂജ ചെയ്തിരുന്നു. വൃദ്ധനായ ഒരു ഏമ്പ്രാന്തിരിയുടെ ഒരു മകനെ വേളൂരിലെ മറ്റു ചില നായർ പ്രമാണികൾ അപായപ്പെടുത്താൻ ശ്രമിച്ചപ്പോൾ അക്കാലത്തെ മുഞ്ഞനാട്ടു പണിക്കർ രക്ഷിച്ച് അഭയം നൽകിയെന്നും അക്രമകാരികൾ ക്ഷേത്രത്തിലെത്തി എമ്പ്രാന്തിരിയോട് മകൻ കൊല്ലപ്പെട്ടു എന്നു പൊളിപറഞ്ഞു എന്നും ഒരു വാമൊഴി കഥയുണ്ട്. പുത്രദുഃഖത്തിൽ മനംനൊന്ത് ക്ഷേത്രക്കിണറ്റിലേക്ക് ചാടി ആത്മാഹൂതി ചെയ്യാൻ ശ്രമിച്ച ഏമ്പ്രാന്തിരിയെ ഓടിയെത്തിയ മുഞ്ഞനാട്ടു പണിക്കർ രക്ഷിക്കാൻ ശ്രമിച്ചപ്പോൾ വൈകിപ്പോയിരുന്നു. മകൻ സുരക്ഷിതമായി ജീവിച്ചിരിക്കുന്നുവെന്ന് പണിക്കർ അറിയിച്ചതിൽ ആശ്വാസമുണ്ടായ ആ സാധുബ്രാഹ്മണൻ കിണറ്റിലേക്ക് താഴുംമുമ്പ് 'വേളൂരിലെ നായൻമാർ മുടിഞ്ഞുപോകട്ടെ ..... മുഞ്ഞനാടൻ മുടിഞ്ഞാലും മുടിയാതിരിക്കട്ടെ ' എന്നിങ്ങനെ ശപിച്ചുവത്രേ. എന്തായാലും എമ്പ്രാന്തിരിയോട് കളവുപറഞ്ഞ കുടുംബക്കാരാരും ഇന്ന് വേളൂരിലില്ല. അവരൊക്കെയും അന്യം നിന്നിരിക്കുന്നു. 'മുടിഞ്ഞാലും മുഞ്ഞുനാടൻ മുടിയാതിരിക്കട്ടെ' എന്നത് സാർത്ഥകമാകും വിധം അധികാരവും പദവികളുമൊക്കെ നഷ്ടപ്പെട്ടെങ്കിലും മുഞ്ഞുനാട്ട് കുടുംബം ഇന്നും നിലനിന്നുപോരുന്നു. ഈ കഥയും ഗ്രന്ഥകാരി പുസ്തകത്തിൽ ഉൾപ്പെടുത്തിയിയിട്ടുണ്ട്. പ്രസ്തുത കഥയിലെ എമ്പ്രാന്തിരിയുടെ മകൻ ബാബിലോണിയയിൽ നിന്നുവന്ന ഒരു ഓർത്തഡോക്സ് മെത്രാന്റെ ശിഷ്യത്വം സ്വീകരിച്ച് ക്രിസ്തുമതം സ്വീകരിക്കുകയും അയാളുടെ മകൻ കോട്ടയം ചെറിയപള്ളിയിൽ പട്ടക്കാരനാവുകയും ചെയ്തു. എരുത്തിക്കൽ എന്ന പേരിൽ തന്നെ അറിയപ്പെടുന്ന ആ കുടുംബത്തിൽ നിന്ന് വൈദികരുടെ ഒരു പരമ്പര പിന്നീടുള്ള തലമുറകളിലുണ്ടായി. ചീഫ് സെക്രട്ടറി ആയിരുന്ന ഡി. ബാബുപോൾ ഐ.എ എസിന്റെ അമ്മവീട് ഈ എരുത്തിക്കലാണ്. അദ്ദേഹവും ഈ കഥ മുമ്പൊരിക്കൽ എന്നോടു പറഞ്ഞിട്ടുള്ളതാണ്.

പുതിയ കാലത്തെ എഴുത്തുരൂപങ്ങളിൽ ഓർമ്മക്കുറിപ്പുകളുടെ സമാഹാരങ്ങൾക്ക് വായനക്കാർക്കിടയിൽ വലിയ പ്രചാരമുണ്ട്. സമൂഹത്തിൽ പല പ്രകാരവും പ്രശസ്തരായവരുടെ ജീവിതാനുഭവങ്ങളോ പ്രമുഖവ്യക്തികളെ കുറിച്ചുള്ള ഓർമ്മകൾ മറ്റുള്ളവർ പകർത്തിയതോ ആകുമ്പോളാണ് പുസ്തകച്ചന്തയിൽ വിപണിമൂല്യമുണ്ടാകാറുള്ളത്. വായനക്കാർക്കിടയിലോ സാഹിത്യലോകത്തോ പേരും പെരുമയൊന്നുമില്ലാത്ത ഒരാൾ ആദ്യമായി തന്റെ കുടുംബചിത്രം ഓർമ്മകളിലൂടെ കോ

റിയിട്ടത് വായിക്കപ്പെടണമെങ്കിൽ ആ രചനയ്ക്ക് എന്തെങ്കിലും തരത്തിലുള്ള പ്രത്യേകതകൾ ഉണ്ടായിരിക്കണം. ചെറുകിട ആനുകാലികങ്ങളിലും സ്മരണികകളിലുമൊക്കെയാണ് സാധാരണയായി വ്യക്തികൾ ഓർമ്മക്കുറിപ്പുകൾ എഴുതി സംതൃപ്തിയടയാറുള്ളത്.

അത് എഴുതുന്നയാളുടെ സന്തോഷത്തിനുള്ള വകയാണ്; വായനക്കാരന്റെ സന്തോഷത്തിന് അതു കാരണമാകണമെന്ന് ഒരു നിർബന്ധവുമില്ലതാനും. ഔദ്യോഗികരംഗത്തുനിന്ന് വിരമിച്ച ഗ്രന്ഥകാരിക്ക് ഇത്തരമൊരു രചന നടത്താൻ പ്രേരണയായത് താൻ ഇതുവരെയും ഓർമ്മയിൽ സൂക്ഷിച്ച ചിലതെല്ലാം തന്റെ ചുറ്റുവട്ടത്തുള്ളവരോട് സംവദിക്കണമെന്ന അദമ്യമായ ആഗ്രഹമായിരിക്കാം.

നാടുവാഴിത്തകാലത്ത് അധികാരശ്രേണിയിലുണ്ടായിരുന്ന ഒരു പ്രബല നായർ കുടുംബത്തിന്റെ മൂന്നു തലമുറകളുടെ കാലത്തെ പ്രധാന പരിണാമഘട്ടത്തെയാണ് ഈ എഴുത്തുകൾ പ്രതിനിധാനം ചെയ്യുന്നത്. മരുമക്കത്തായ സമ്പ്രദായത്തിന്റെ നന്മയും പോരായ്മകളും വിശദമായ വിവരണങ്ങളിലൂടെയല്ലാതെ ജീവിതപരിസരങ്ങളുടെ ദൃശ്യവൽക്കരണത്തിലൂടെ പകർന്നുതരാൻ ശ്രമിക്കുന്നുണ്ട്. നമ്പൂതിരിമാരുടെ നായർ സംബന്ധമെന്ന സാമൂഹ്യാചാരത്തിന്റെ കയ്പുനിറഞ്ഞ കഥകൾ നാമേറെ വായിച്ചറിഞ്ഞിട്ടുള്ളതാണ്. സ്വന്തം ഭാര്യയോടും മക്കളോടുമൊപ്പം ജീവിക്കുകയും സ്നേഹവായ്പ്പുകളോടെ പെരുമാറുകയും ചെയ്യുമ്പോഴും മാമൂലുകൾ അടിച്ചേൽപ്പിച്ച വിലക്കുകളോട് സമരസപ്പെട്ട് ജീവിതം നയിക്കുന്ന ബ്രാഹ്മണനായ ഒരു പിതാവിനെ അമ്മയുടെ ഓർമ്മകളിൽനിന്ന് പകർത്തിവയ്ക്കുന്നു. സ്വന്തം അച്ഛന്റെ ദാരുണമായ അന്ത്യവും അതിനിടയായ സംഭവവികാസങ്ങളും മരുമക്കത്തായത്തിൽ നിന്ന് മക്കത്തായത്തിലേയ്ക്കുള്ള മാറ്റത്തിന്റെ കാലത്ത് നായർ കുടുംബങ്ങളിലുണ്ടായ സംഘർഷങ്ങളുടെ ബാക്കിപത്രങ്ങളായി നമ്മെ ഓർമ്മപ്പെടുത്തുന്നു.

കുടുംബാംഗങ്ങൾക്കിടയിലും സുഹൃത്തുക്കൾക്കിടയിലുള്ള സ്നേഹത്തിന്റെ ആഴവും പരപ്പും ബോധ്യപ്പെടുത്തുന്ന വൈകാരിക സന്ദർഭങ്ങൾ രചനാലോകത്ത് പുതിയതൊന്നുമല്ല. ഒരു കാല്പനികരചനയെ സംബന്ധിച്ചിടത്തോളം വേർപാടിന്റെ ദുഃഖം അനുവാചകനിലേക്ക് പകർന്നുനൽകുന്നത് ഒരു സാധാരണ രചനാകൗശലമായേ കാണാനാവൂ.

മറിച്ച് ഇവിടെയാകട്ടെ സ്വന്തം ജീവിതാനുഭവങ്ങളിലൂടെ അമ്മയുടെയും അച്ഛന്റെയും സഹോദരന്റെയും നിറപ്പകിട്ടാർന്ന ചിത്രങ്ങൾ പങ്കുവയ്ക്കുകയും അവരുടെയൊക്കെയും അന്ത്യനിമിഷങ്ങളിലൂടെ ഓർമ്മകൾ കടന്നുപോകുമ്പോൾ തനിക്ക് നിറവേറ്റേണ്ട ഒരു നിയോഗം പോലെ, പ്രിയപ്പെട്ടവർക്കുള്ള തിലോദകം പോലെ അത് അർച്ചിക്കപ്പെടുകയാണ്..

ദേശചരിത്രം, കുടുംബചരിത്രം, വാമൊഴികഥകൾ, അമ്മയിൽ നിന്നുള്ള കേട്ടറിവുകൾ, സ്വന്തം ഓർമ്മകൾ എല്ലാം കൂടിക്കലർന്ന ഒരു വ്യത്യസ്തമായ എഴുത്തുരൂപമെന്നേ ഇതിനെ പറയേണ്ടൂ. തുടക്കത്തിൽ കുറെയേറെ ചരിത്രശകലങ്ങൾ പറഞ്ഞുപോകുന്നതിനാൽ വായനക്കാർ ഒന്നു പരിഭ്രമിച്ചേക്കാനിടയുണ്ട്. ഗ്രന്ഥകാരിയുടെ കുടുംബപശ്ചാത്തലത്തെ കുറിച്ച് ഒരു മുൻധാരണ ഉണ്ടാകുന്നതിന് അല്പം ചരിത്രം മുന്നേ പറഞ്ഞു പോകേണ്ടതുമാണ്.

**സ്വന്തം അച്ഛന്റെ ദാരുണമായ അന്ത്യവും അതിനിടയായ സംഭവവികാസങ്ങളും മരുമക്കത്തായത്തിൽ നിന്ന് മക്കത്തായത്തിലേയ്ക്കുള്ള മാറ്റത്തിന്റെ കാലത്ത് നായർ കുടുംബങ്ങളിലുണ്ടായ സംഘർഷങ്ങളുടെ ബാക്കിപത്രങ്ങളായി നമ്മെ പുസ്തകം ഓർമ്മപ്പെടുത്തുന്നു.**

തെക്കുംകൂറിനെ കുറിച്ചും കോട്ടയത്തെ കുറിച്ചും കുറച്ചേറെ എഴുതേണ്ടിവന്നത് പ്രദേശികമായി ഏതൊരാളും ഉള്ളിൽ സൂക്ഷിക്കുന്ന ജന്മനാടിനോടുള്ള വൈകാരികമായ മമതയുടെ പ്രതിഫലനമായി കണ്ടാൽ മതിയാകും.

മുഞ്ഞനാട്ടുകുടുംബക്കാർ പല കാലങ്ങളിലായി തിരുവിതാംകൂർ സർക്കാറിനെ സേവിച്ചിരുന്നതുകൊണ്ടാകാം രാജഭക്തിയും വഴിപോലെ കടന്നുവരുന്നത്. അതുപക്ഷേ ഗ്രന്ഥകാരിയുടെ അമ്മയുടെ ഓർമ്മകളുടെ ഭാഗമായതിനാൽ രാജാവിനെ ദൈവത്തെപ്പോലെയും രാജഭരണത്തെ ഉത്തമമായ പൊതുവ്യവസ്ഥയായും വിലയിരുത്താനും മാത്രം പൊതുബോധമുള്ള കാലഘട്ടത്തിന്റെ തിരുശേഷിപ്പായി കരുതിയാൽ മതിയാകും.

ഉച്ചനീചത്വത്തിന്റെ ദുഷിച്ച സാമൂഹ്യതിന്മകൾ നടമാടിയിരുന്ന ഒരു കാലഘട്ടത്തെയാണ് ഈ ഗ്രന്ഥം പ്രതിനിധാനം ചെയ്യുന്നതെങ്കിലും ചുറ്റുപാടുമുള്ളവരോട് ഊഷ്മളമായ ബന്ധങ്ങൾ വച്ചുപുലർത്തിയിരുന്ന പാരമ്പര്യം ഈ കുടുംബത്തിന് ഉണ്ടായിരുന്നതിനാലാകാം ആ കാലത്തിന് ചേരാത്തത് എന്ന് വായനക്കാരിൽ ചിലർക്കെങ്കിലും തോന്നാനിടയുള്ള പല സന്ദർഭങ്ങളും ഇടയ്ക്കിടെ കടന്നുവരുന്നത്.

എന്റെ പഠനങ്ങളെ ആദ്യഭാഗത്തെ ചരിത്രക്കുറിപ്പുകൾക്ക് അവലംബമാക്കിയതിലും ഏറെ സന്തോഷമുണ്ട്. തീരെ അവ്യക്തമായി കിടക്കുന്ന ഒരു കാലഘട്ടത്തെ ചരിത്രത്തിലൂടെ പുനർനിർമ്മിക്കണമെങ്കിൽ മങ്ങിയും മറഞ്ഞു കിടക്കുന്ന വസ്തുതകളെ തെളിച്ചെടുത്തേ തീരൂ. ഒരു വ്യക്തിയുടെ ഓർമ്മക്കുറിപ്പുകളുടെ സമാഹാരത്തിന് അത്തരമൊരു ചരിത്രാന്വേഷണപ്രകിയയുടെ ഭാഗമായിത്തീരാൻ കഴിയുക എന്നത് അപൂർവ്വമായിരിക്കും. ഓരോ വായനക്കാരനും അത്തരം ഒരു അപൂർവ്വമായ അനുഭവമായിരിക്കും ഈ ഗ്രന്ഥത്തിന്റെ വായനയിലൂടെ സാധ്യമാകുന്നത്.

*(കേരള പ്രാദേശികചരിത്ര പഠന സമിതി ജനറൽ സെക്രട്ടറിയാണ് പള്ളിക്കോണം രാജീവ്)*

## പ്ലമേനയുടെ സുവിശേഷം
### ശ്യാം സുന്ദർ പി എച്ച്






# ഉള്ളുലക്കുന്ന കഥാപാത്രങ്ങൾ

**സാധിക് കെ**

ജീവിതത്തിന്റെ ചെറുതും വലുതുമായ അനുഭവങ്ങളെ കഥകളിലൂടെ പുനരാവിഷ്കരിക്കുന്നു ശ്യാം സുന്ദർ പി എച്ച് എഴുതിയ പ്ലമേനയുടെ സുവിശേഷം . സാധാരണ മനുഷ്യരുടെ പ്രത്യേകിച്ച് സ്ത്രീകളുടെ കരച്ചിലും ചിരിയും സ്വപ്നങ്ങളും ഉൾക്കൊള്ളുന്ന കഥകൾ വായനക്കാരന്റെ മനസ്സിൽ അടയാളങ്ങൾ പതിപ്പിക്കുന്നു. ഈ കഥാസമാഹാരത്തിലെ കഥകൾ ചിലത് ലഭിക്കാതെ പോയ സ്നേഹത്തിന്റെയോ കരുതലിന്റെയോ ഒരു തേങ്ങൽ ആയി അനുഭവപ്പെടും

സമാന സ്വഭാവമുള്ള കഥകൾ ഒന്നും തന്നെ വന്നിട്ടില്ല എന്നതും എടുത്തു പറയേണ്ട ഒന്നാണ്. കഥകളുടെ കൂട്ടത്തിൽ 'ഓർമ്മയുടെ മധുരനൊമ്പരക്കൊമ്പിൽ' എന്ന കഥ ഭാഷ കൊണ്ടും ആശയം കൊണ്ടും വളരെ വേറിട്ട് നിൽക്കുന്നു.

ശ്യാം സുന്ദറിന്റെ ഭാഷ വളരെ ലളിതവും എന്നാൽ കനപ്പെട്ട ആശയങ്ങൾ സംവദിക്കുന്നവയുമാണ്. കഥകളിലെ സംഭാഷണങ്ങളെല്ലാം തന്നെ വായനക്കാരനോട് വളരെ അടുത്തു നിൽക്കുന്നു. ഈ കഥകളിലെ കഥാപാത്രങ്ങൾ നമുക്ക് ചുറ്റുമുള്ള മനുഷ്യരാണ്, സാധാരണ മനുഷ്യർ. അവരുടെ ദുഃഖവും സന്തോഷവും പ്രതീക്ഷകളും നിരാശകളും വായനക്കാരനെ സ്പർശിക്കുന്നു. പല കഥാപാത്രങ്ങളുടെയും പേരുകൾ പോലും എനിക്ക് വളരെ പുതുമയുള്ളതായിരുന്നു.

കഥാസമാഹാരത്തിന്റെ ആമുഖത്തിൽ എഴുത്തുകാരൻ പറഞ്ഞതുപോലെ കഥ പറഞ്ഞ് കഥ പറഞ്ഞ് ഒരു കഥയായി തീരുവാൻ എല്ലാവരും കൊതിക്കുന്നതാണ്. എന്നാൽ ഞാൻ ആത്മാർത്ഥമായി പറയുന്നു, ഇത്തരം എഴുത്തുകാർ മലയാളത്തിന് ആവശ്യമാണ്.

പ്രിയപ്പെട്ട എഴുത്തുകാരി അഷിതയുടെ റഫറൻസ് സ്വീകരിച്ചതിനാൽ ആണോ അതോ ഇത്തരത്തിലുള്ള എഴുത്തുകൾ കാലത്തിന്റെ അനിവാര്യതയായതിനാൽ ആണോ, അറിയില്ല. പക്ഷേ ഒന്നറിയാം ഇദ്ദേഹത്തിന്റെ കഥകളും അതിലെ തെളിമയാർന്ന കഥാപാത്രങ്ങളും എല്ലാവരുടെയും ഉള്ളുലക്കുന്നതാണ്. മൃണ്മയിയും പാർത്ഥിയും ആശയും ജോയും നീനയും കപിലയും പ്ലമേനെയും ജെസ്സിയും മാഷും താഷിയും താമരയും ആത്മജയും മിത്രയും ജയദേവനും മനോജും പെരുമാളുമെല്ലാം മനസ്സിന്റെ ഏതോ ഒരു കോണിൽ എന്നും സൂക്ഷിക്കപ്പെടുന്നവരാണ്.

'ഓർമ്മയുടെ മധുരനൊമ്പരക്കൊമ്പിൽ ' എന്ന കഥ എനിക്ക് വല്ലാതെ ഇഷ്ടമായി. അത് കേവലം ഒരു കഥയായി വായിച്ചു തീർക്കാൻ എനിക്ക് കഴിഞ്ഞില്ല, ഞാൻ അതിൽ ജീവിക്കുകയായിരുന്നു. നമ്മളിൽ എല്ലാവരിലും ഒരു അപ്പു ഒളിഞ്ഞിരിപ്പുണ്ട് , അവർക്കെല്ലാം കൂടെയുണ്ടെന്ന് തോന്നാൻ, ഒന്ന് ചേർത്തു പിടിക്കാൻ ഒരു അച്ഛമ്മ കൂടിയേ തീരു എന്ന് എനിക്ക് തോന്നി. അച്ഛമ്മയെക്കാൾ അപ്പു എന്റെ കണ്ണുകളെ ഈറനണിയിച്ചു. മറ്റാരെക്കാളും അപ്പുവിനെ എനിക്ക് മനസ്സിലാകും എന്ന് തോന്നി. നമുക്ക് ഏറ്റവും ഇഷ്ടപ്പെട്ട ഒരിടത്ത്, ഒരാളുടെ മനസ്സിൽ, നാം എത്ര വിദൂരതയിൽ ആണെങ്കിലും ചേർന്ന് ചേർന്നിരിക്കുമെന്ന് കഥയുടെ അവസാന ഭാഗത്ത് എന്റെ മനസ്സ് എന്നോട് മന്ത്രിച്ച് കൊണ്ടേയിരുന്നു.

'പ്രിയപ്പെട്ട അപ്പു നിങ്ങൾക്ക് നല്ലത് മാത്രം വരട്ടെ,'

പ്രിയപ്പെട്ട വായനക്കാരെ, നിങ്ങളുടെ വിദൂരമല്ലാത്ത വായനാനുഭവത്തിൽ 'പ്ലമേനയുടെ സുവിശേഷം' കൂട്ടിച്ചേർക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

● ആസ്വാദനക്കുറിപ്പ്

പുസ്തകലോകം

**നൂറ് പോസിറ്റീവ് ടാബ്ലറ്റ്സ്**

**സോയ നായർ**

*പ്രസാധകർ:*

**ഇതൾ ബുക്സ്. വില: 225**






# ചെറിയ ചിന്തകളുടെ വലിയ ശക്തി

◉ **സുനീഷ് വാരനാട്**

എഴുത്തുകാരിയുടെയും,പുസ്തകത്തിന്റേയും പേരിലെ വ്യത്യസ്തത പുസ്തകത്തിലെ വരികൾക്കിടയിലും വിദഗ്ദ്ധമായി വിളക്കിച്ചേർത്ത് വായനക്കാർക്ക് പോസിറ്റീവ് അനുഭവം സമ്മാനിക്കുന്ന കൃതി. ജീവിതത്തിലെ ഓരോ ചെറിയ അനുഭവത്തെയും പോസിറ്റീവ് ആക്കി മാറ്റാൻ കഴിവുള്ള ചെറിയ ചെറിയ ചിന്തകളുടെ വലിയ ശക്തിയാണ് ഈ പുസ്തകം പങ്കുവെക്കുന്നത്.

ലളിതമായ വാക്കുകളിലൂടെ വായനക്കാരന്റെ ഹൃദയത്തിൽ  സ്പർശിക്കുന്ന ഭാഷയിലാണ് എഴുത്തുകാരി സോയ നായർ ആശയങ്ങൾ അവതരിപ്പിച്ചിരിക്കുന്നത്. ഓരോ ''ടാബ്ലറ്റും'' (ചെറു സന്ദേശം/ചിന്ത) വായിച്ചാൽ തന്നെ ഒരു പോസിറ്റീവ് എനർജി തോന്നും. ഈ മരുന്ന് ഗുളികകളിൽ മനുഷ്യന്റെ നിരവധി ദൈനംദിന ജീവിത പ്രതിസന്ധികൾക്കുള്ള മരുന്ന് ഒളിപ്പിച്ച് വച്ചിട്ടുണ്ട്. അതുകൊണ്ട് ഗുളികയിലെ വാക്കുകളിലൂടെയുള്ള മരുന്ന് മനുഷ്യജീവിതത്തിൽ അറിഞ്ഞും,അറിയാതെയും രോഗാതുരമാകുന്ന മനസ്സിന് സദ്ചിന്തയും

ആത്മവിശ്വാസവും പകർന്ന് നൽകുന്ന മരുന്ന് കൂടിയാണ്. ദൈനംദിന ജീവിതത്തിൽ നമ്മൾ നേരിടുന്ന സ്വത്വ പ്രശ്നങ്ങളെ ,കുടുംബ പ്രശ്നങ്ങളെ പോസിറ്റീവ് കോണിൽ നിന്ന് കാണാൻ സഹായിക്കുന്ന നിരവധി ഉദാഹരണങ്ങളും ചിന്തകളും പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.



ഒരേസമയം പ്രചോദനവും ആശ്വാസവും നൽകുന്ന തരത്തിൽ, ജീവിതത്തെ സന്തോഷകരവും ആത്മവിശ്വാസപൂർണ്ണവുമാക്കി മാറ്റാൻ ആഗ്രഹിക്കുന്ന ഏവർക്കും ''നൂറ് പോസിറ്റീവ് ടാബ്ലറ്റ്സ്'' ഒരു നല്ല കൂട്ടായി മാറും...

***( സുനീഷ് വാരനാട് - മലയാളം സിനിമ തിരക്കഥാകൃത്ത്, കേരള സാഹിത്യ അക്കാദമി (ഹാസസാഹിത്യം) അവാർഡ് ജേതാവ്, അഭിനേതാവ്)***



# PHILIPOSE SAMUEL

## 30 Years of Service

I specialize in helping businesses and individuals plan for the future by customizing solutions to meet their needs. I take a client-centered approach by using relevant financial and personal information to understand their goals. I analyze this information and prepare a specific Action Plan to help my clients focus on the steps necessary to reach these goals.

## BUSINESS NEEDS

**EMPLOYEE BENEFITS PRODUCTS**

Group Term Life Insurance

Group Whole Life Insurance

Short-term and Long-term Disability Insurance

Health Insurance*

MassMutual Leaders Conference: 2022, 2021,2019, 2018
MetLife Leaders Conference: 2015, 2014, 2012-10, 2008, 2005-03, 2001, 1998, 1997
MetLife Presidents Conference: 2007
NAIFA National Sales Achievement Award: 1999
NAIFA Quality Award: 1998

## PHILIPOSE SAMUEL (SAM)

30 Years of Service

Financial Services Representative Financial Advisor

O: (516) 326-7028 | C: (516) 312-2902

psamuel@financialguide.com | www.blueocean.us.com

Insurance Representative of Massachusetts Mutual Life Insurance Company (MassMutual), Springfield, MA 01111-0001, and its aliated US insurance companies. Registered Representative of and securities and investment advisory services oered through MML Investors Services, LLC, Member SIPC and a MassMutual subsidiary.2200 Northern Boulevard Suite 200 East Hills NY 11548 (516) 686-7000. Local sales agencies are not subsidiaries of MassMutual or its aliated companies. *Property & Casualty insurance is oered through a variety of quality insurance companies that are not aliated with MassMutual or MML Investors Services, LLC. Some health insurance products oered by unaliated insurers. **Not practicing on behalf of MassMutual or its aliates. CRN202501-1659414.

കല



# ഗായത്രി വിജയലക്ഷ്മി
# നൃത്തം, നിത്യ സാധന

**ഗായത്രിയെ രംഗത്തു കണ്ടുകൊണ്ടിരിക്കുകയെന്നാൽ സദസ്സുകളിരുന്നു നിറഞ്ഞ മനസ്സോടെ ശാസ്ത്രീയ നൃത്ത ഇനങ്ങൾ കാണുന്നതിനു സമാനം...**

വിജയ് സി എച്ച്



എം.ടെക് വരെയുള്ള സ്കൂൾ-കോളേജ് പഠന കാലത്താണ് ഗായത്രി വിജയലക്ഷ്മി എന്ന ഹരിപ്പാട് സ്വദേശിനി ഭരതനാട്യം അഭ്യസിച്ചത്. 1986-ൽ കൊല്ലം നഗരത്തിലുള്ള ടി.കെ.എം എഞ്ജിനീയറിംങ് കോളേജിൽ അധ്യാപികയായി അവർ ജോലിയിൽ പ്രവേശിച്ചു. തുടർന്നു ഔദ്യോഗികവും ഗാർഹികവുമായ കാരണങ്ങളാൽ നൃത്തവുമായി മുന്നോട്ടു പോകാൻ ഗായത്രിക്കായില്ല.

വിദ്യാർത്ഥികളുടെ സീനിയർ അഡ്വൈസറായി ജോലിയിൽ നിന്നു വിരമിക്കുന്നതിനു തൊട്ടു മുമ്പെ നടന്ന ഒരു വിടവാങ്ങൽ ചടങ്ങിനാണു പഠിതാക്കളുടെയും സഹപ്രവർത്തകരുടെയും നിർബന്ധത്തിനു വഴങ്ങി കലാകാരി വീണ്ടും പാദങ്ങളിൽ ചിലങ്ക അണിഞ്ഞത്. നീണ്ട ഇരുപത്തിയാറു വർഷത്തെ ഇടവേളയ്ക്കു ശേഷം അവരുടെ ശരീരം പിന്നെയും നടനത്തിനു രൂപപ്പെടുകയായിരുന്നു. വേദിയിലെ അവതരണം ഗായത്രി മറന്നിട്ടില്ലെന്നു നൃത്തം അറിയാവുന്നവർ വിലയിരുത്തി!

ഗായത്രിയെ രംഗത്തു കണ്ടുകൊണ്ടിരിക്കുകയെന്നാൽ സദസ്സുകളിരുന്നു നിറഞ്ഞ മനസ്സോടെ ശാസ്ത്രീയ നൃത്ത ഇനങ്ങൾ കാണുന്നതിനു സമാനം...



**ആലപ്പുഴ ജില്ലയിലെ മാന്നാറിൽ സ്ഥിതിചെയ്യുന്ന തൃക്കുരട്ടി മഹാദേവക്ഷേത്രത്തിൽ എന്റെ നൃത്തത്തിൽ ആകർഷിക്കപ്പെട്ടു ഒരു പിതാവും മകനും എനിയ്ക്കു പൊന്നാട അണിയിച്ചതും, അതു കണ്ടു പ്രചോദനം ഉൾക്കൊണ്ടു മൂന്നാമതൊരാളും പൊന്നാട അണിയച്ചത് ഇന്നും ആനന്ദം തോന്നുന്ന നിമിഷങ്ങളാണ്.**









### രണ്ടാം വരവ്

നൃത്തത്തിലേയ്ക്കുള്ള എന്റെ രണ്ടാം വരവ് വളരെ അപ്രതീക്ഷിതമായാണു സംഭവിച്ചത്. ടി.കെ.എം എൻജിനീയറിംങ് കോളേജിലെ 2011-15 ബേച്ചിന്റെ അവസാന പരീക്ഷാ നാളിനു മുമ്പു നടത്തിയ സ്റ്റാൻഡോഫ് മീറ്റിങ്ങിനൊരു നൃത്ത പരിപാടി വേണമെന്നും ഞാൻ സ്റ്റേജിലെത്തിയാൽ കൊള്ളാമെന്നുമുള്ള സംഘാടകരുടെ തീരുമാനം ഒരു നിമിത്തമായി. രണ്ടു ദിവസത്തെ തയ്യാറെടുപ്പിനു ശേഷം 'ശ്വേതാംബരധരേ ദേവി...' എന്നു തുടങ്ങുന്ന പരമ്പരാഗത ഗാനത്തിനൊരു പുതു നാട്യരൂപം ഞാൻ ആവിഷ്കരിച്ചെന്നു നിരൂപകർ ചർച്ച ചെയ്തു. സർക്കാർ സർവീസിൽ നിന്നു വിരമിക്കാൻ അല്പകാലം മാത്രം ബാക്കിയുണ്ടായിരുന്ന എനിയ്ക്ക് അതൊരു പുതിയ തുടക്കമായിരുന്നു!

### ചങ്ങമ്പുഴ പാർക്കിലെ കച്ചേരി

സംഗീതജ്ഞർക്കെന്നപോലെ നർത്തകർക്കും കച്ചേരി ഒരു ഹൃദ്യമായ അവതരണമാണ്. രണ്ടാം വരവിന്റെ ആരംഭത്തിൽ തന്നെ എറണാകുളത്തെ ചങ്ങമ്പുഴ പാർക്കിൽ അതിനൊരു അവസരം കിട്ടിയെന്നത് അഭിമാനത്തോടെ ഓർക്കുന്നു. ചങ്ങമ്പുഴ പാർക്കിലെ കലാപരിപാടികൾക്കു സാക്ഷ്യം വഹിക്കാൻ പൊതുവേ വിശിഷ്ടരായ പലരും എത്താറുണ്ടെന്നതാണ് യാഥാർത്ഥ്യം. എന്റെ ഗുരുനാഥനായ ജനാർദനൻ മാഷും അവിടെ എത്തിയിരുന്നു. ടി.കെ. എം എൻജിനീയറിങ് കോളജ് കൊല്ലത്താണെങ്കിലും എറണാകുളം പരിപാടികൾക്കാണ് അവിടത്തെ പൂർവ വിദ്യാർത്ഥികൾ കൂടുതൽ എത്തുകയെന്ന പതിവ് കച്ചേരിയ്ക്കു മാറ്റുകൂട്ടി.

### വേദികൾ ലഭിക്കുന്നതു പുണ്യം

ഇക്കഴിഞ്ഞ മാർച്ചു മാസത്തിൽ അരങ്ങേറിയ വിഖ്യാതമായ ആറ്റുകാൽ പൊങ്കാല എന്റെ നൂറ്റിയറുപ

താമത്തെ നൃത്തവേദി ആയിരുന്നു. ശ്രീ പത്മനാഭസ്വാമി ക്ഷേത്രവും, ആറ്റുകാൽ ശ്രീ ചാമുണ്ടി ക്ഷേത്രവും, ശംഖുമുഖം ദേവീ ക്ഷേത്രവും മുതൽ തലസ്ഥാന നഗരിയിൽ എനിയ്ക്കു ലഭിക്കാത്ത വേദികളില്ല. കുടജാദ്രി മലകളുടെ താഴ്വരയിലുള്ള മൂകാംബിക ദേവി ക്ഷേത്രം വരെ പോയി നൃത്തം ചവിട്ടിയിട്ടുണ്ട്! ഉഡുപ്പി ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിലും, അടൂർ മുള്ളുതറ ദേവി ക്ഷേത്രത്തിലും, ഗുരുവായൂർ ശ്രീകൃഷ്ണക്ഷേത്രത്തിലും, തൃശ്ശൂർ വടക്കുംനാഥ ക്ഷേത്രത്തിലും, കൂടൽമാണിക്യ ക്ഷേത്രത്തിലും, മലപ്പുറം ജില്ലയിലെ കാടാമ്പുഴ ദേവി ക്ഷേത്രത്തിലും കണ്ണൂർ ജില്ലയിലെ മൃദംഗശൈലേശ്വരി ക്ഷേത്രത്തിലും, കടവല്ലൂർ ശ്രീരാമസാമി ക്ഷേത്രത്തിലും നിരവധി മറ്റു പേരുകേട്ട ദേവാലയങ്ങളിലും ഞാൻ വേഷമണിഞ്ഞെത്തിയിട്ടുണ്ട്. ഒരിക്കലല്ല; പല വട്ടം! വിവിധ ഇടങ്ങളിൽ നിന്നു ലഭിച്ച പുരസ്കാരങ്ങളുടെയും പൊന്നാടകളുടെയും വിവരണങ്ങൾ ഇവിടെ നൽകുന്നില്ല! ആലപ്പുഴ ജില്ലയിലെ മാന്നാറിൽ സ്ഥിതിചെയ്യുന്ന തൃക്കുരട്ടി മഹാദേവക്ഷേത്രത്തിൽ എന്റെ നൃത്തത്തിൽ ആകർഷിക്കപ്പെട്ടു ഒരു പിതാവും മകനും എനിയ്ക്കു പൊന്നാട അണിയിച്ചതും, അതു കണ്ടു പ്രചോദനം ഉൾക്കൊണ്ടു മൂന്നാമതൊരാളും പൊന്നാട അണിയച്ചത് ഇന്നും ആനന്ദം തോന്നുന്ന നിമിഷങ്ങളാണ്.

## കൊറോണക്കാലം

സാമൂഹിക അകലം പാലിക്കേണ്ടിയിരുന്ന മഹാമാരിക്കാലത്ത് കലാസ്നേഹികൾ താന്താങ്ങൾക്ക് കഴിയുന്ന അവതരണങ്ങളിൽ മുഴുകിയിരുന്നു കൊറോണാ വ്യാധിക്കൊരു തിരിച്ചടി നൽകിയതായിരുന്നു ഏറ്റവും സർഗാത്മകമായ ഒരു പ്രതികരണം! പരിപാടികളെല്ലാം ഓൺലൈൻ രൂപത്തിൽ പ്രദർശിപ്പിക്കാൻ തുടങ്ങി. നൃത്തങ്ങളും അവയുടെ നടത്തിപ്പും ഓൺലൈൻ രൂപങ്ങളുടെ സംവിധാനവും നിർമാണവും വിതരണവും ഒരു വെല്ലുവിളിയായാണ് ഞങ്ങൾ ഏറ്റെടുത്തത്.

## മക്കളോടൊപ്പം

മകളോടും മരുമകളോടുമൊപ്പം പൊതു വേദികളിൽ നൃത്തം അവതരിപ്പിക്കാൻ കഴിഞ്ഞത് വേറിട്ട ഒരനുഭവമാണ്. ശംഖുമുഖം ദേവി ക്ഷേത്രത്തിൽ മകൾ ഉണ്ണിമായ, മരുമകൾ ദേവിജ എന്നിവരോടൊപ്പം ദീർഘമായൊരു ഐറ്റം അവതരിപ്പിച്ചു. മക്കളോടൊപ്പം ശ്രീ പത്മനാഭസ്വാമി ക്ഷേത്രം ഉൾപ്പെടെയുള്ള പല വേദികളിലും നൃത്തം ചെയ്തു. ശ്രീ പത്മനാഭ സ്വാമി ക്ഷേത്രത്തിലെ അൽപശി, പൈങ്കുനി ഉത്സവങ്ങളിൽ പല കുറി നൃത്തമാടി. കൂടാതെ ആറു വർഷത്തിൽ ഒരിക്കൽ വരുന്ന മുറജപം, ലക്ഷദീപം ആഘോഷങ്ങളിലും ചുവടു വച്ചു.

**സാമൂഹിക അകലം പാലിക്കേണ്ടിയിരുന്ന മഹാമാരിക്കാലത്ത് കലാസ്നേഹികൾ താന്താങ്ങൾക്ക് കഴിയുന്ന അവതരണങ്ങളിൽ മുഴുകിയിരുന്നു കൊറോണാ വ്യാധിക്കൊരു തിരിച്ചടി നൽകിയതായിരുന്നു ഏറ്റവും സർഗാത്മകമായ ഒരു പ്രതികരണം!**

## ക്ഷേത്ര നൃത്തങ്ങളുടെ ആരംഭം

കേരളത്തിലെ ക്ഷേത്രങ്ങളിൽ ദേവദാസി സമ്പ്രദായം നിലനിന്നിരുന്നില്ല. ദക്ഷിണേന്ത്യയിലെ വിവിധ ഭാഗങ്ങളിൽ നിന്നു വന്ന കലാകാരികളാണ് തിരുവിതാംകൂർ കൊട്ടാരത്തിൽ സ്വാതിതിരുനാളിന്റെ കാലത്ത് നൃത്തമവതരിപ്പിച്ചിരുന്നത്. വർഷങ്ങൾക്കു ശേഷം, മണക്കുളം മുകുന്ദ രാജയും വള്ളത്തോളും മുൻകൈയെടുത്തു കലാമണ്ഡലത്തിൽ ഈ കല പുനരുജ്ജീവിപ്പിക്കുകയും ചെയ്തു. ആദ്യം രൂപഘടന, അടവുകൾ, ചലനസ്വഭാവങ്ങൾ, മുദ്രകൾ,





അഭിനയം മുതലായ അടിസ്ഥാന ഘടകങ്ങൾ പുനർനിർമ്മിക്കപ്പെട്ടു. അതിനു ശേഷം ചൊൽക്കെട്ടു മുതൽ തില്ലാന വരെയുള്ള മാർഗ ഇനങ്ങൾ ചിട്ട ചെയ്യപ്പെട്ടു. പിൽകാലത്താണ് വ്യത്യസ്തമായ ശൈലികളും അവതരണ രീതികളും രൂപപ്പെട്ടത്.

**നൃത്ത–നൃത്ത്യ–നാട്യങ്ങൾ**

നാട്യശാസ്ത്രവിധി പ്രകാരമാണ് ഇന്ത്യൻ ക്ലാസ്സിക്കൽ നൃത്തരൂപങ്ങളെല്ലാം അവതരിപ്പിക്കപ്പെടുന്നത്. ഭാവരസങ്ങൾക്കു പ്രാധാന്യമുള്ള ലാസ്യവും, താള ചലനങ്ങൾക്കു ആധിപത്യമുളള താണ്ഡവവുമാണ് നമ്മുടെ നൃത്തങ്ങളുടെ രണ്ടു പൊതു സ്വഭാവങ്ങൾ. അതേ സമയം നൃത്തവും, നൃത്ത്യവും, നാട്യവുമാണ് ഒരു ക്ലാസ്സിക്കൽ നൃത്തരൂപത്തിന്റെ മൂന്നു ഘടകങ്ങൾ. ചലനവും, ചലനവേഗവും, അവതരണത്തിന്റെ സാങ്കേതികതയുമാണു നൃത്തംകൊണ്ടു ഉദ്ദേശിക്കുന്നത്. അതിനാൽ പ്രേക്ഷകരെ ആകർഷിക്കുന്നതു നൃത്തമെന്ന ഘടകമാണ്. നർത്തകന്റെയോ നർത്തകിയുടേയോ പ്രകടനമാണു നൃത്ത്യം. നിശ്ശബ്ദതയ്ക്കും, ചലനങ്ങൾക്കും അർത്ഥങ്ങളുണ്ടാ


**മകളോടും മരുമകളോടുമൊപ്പം പൊതു വേദികളിൽ നൃത്തം അവതരിപ്പിക്കാ൯ കഴിഞ്ഞത് വേറിട്ട ഒരനുഭവമാണ്. ശംഖുമുഖം ദേവി ക്ഷേത്രത്തിൽ മകൾ ഉണ്ണിമായ, മരുമകൾ ദേവിജ എന്നിവരോടൊപ്പം ദീർഘമായൊരു ഐറ്റം അവതരിപ്പിച്ചു. മക്കളോടൊപ്പം ശ്രീ പത്മനാഭ സ്വാമി ക്ഷേത്രം ഉൾപ്പെടെയുള്ള പല വേദികളിലും നൃത്തം ചെയ്തു**

കണം. കഥയുടെ ആഖ്യാനമായ നൃത്ത്യം പ്രേക്ഷകരെ വിനോദിപ്പിക്കുക മാത്രമല്ല ചെയ്യേണ്ടത്, അവരെ ബൗദ്ധികമായി വ്യാപൃതരാക്കുകയും വേണം. സമഗ്രമായ പ്രതിപാദനമാണ് മൂന്നാമത്തെ ഘടകമായ നാട്യം.

ഈ ഘട്ടത്തിൽ ഒരൊറ്റ കലാകാരനോ കാലകാരിക്കോ പല കഥാപാത്രങ്ങളായി അഭിനയിക്കേണ്ടിവരും. നടനകലയുടെ മാതൃകാ ഘട്ടമാണിത്. ഓരോ ഘട്ടവും സാക്ഷാൽക്കരിക്കേണ്ടത് അതതു വേഗതയിലുമാണ്.



# ഇ-മലയാളി
# കഥാമത്സരം
# 2025




**ഇ-മലയാളിയുടെ 2025 കഥാമത്സരത്തിലേക്ക് കഥകൾ ക്ഷണിക്കുന്നു. ലോകമെമ്പാടുമുള്ള എല്ലാ എഴുത്തുകാർക്കും പങ്കെടുക്കാം.**

ഒന്നാം സമ്മാനം 50,000 രൂപ

രണ്ടാം സമ്മാനം 25,000 രൂപ

മൂന്നാം സമ്മാനം 10,000 രൂപ

കൂടാതെ പ്രത്യേക അംഗീകാരങ്ങളും ജൂറി പ്രൈസും ഉണ്ടാകും
(അംഗീകാര പത്രം മാത്രം)

## നിബന്ധനകൾ

1. കഥകൾക്ക് പ്രത്യേക വിഷയങ്ങൾ ഇല്ല. എങ്കിലും അശ്ളീല ചുവയുള്ളതോ, പ്രകോപനപരമായ വിഷയങ്ങൾ ഉൾക്കൊള്ളുന്നതോ, ജാതി-മത-രാഷ്ട്രീയ സ്വഭാവമുള്ളതോ ആയ രചനകൾ തിരസ്കരിക്കപ്പെടും.
2. കഥകൾ ആറു പേജിൽ (8.5x11) കവിയാതിരുന്നാൽ നന്ന്. ഗൂഗിൾ എഴുത്തുപകരണങ്ങളിലെ ഫോണ്ട് ഉപയോഗിക്കുക (Unicode, ML TT കാർത്തിക എന്നിവയും ആകാം)
3. പതിനെട്ടു വയസ്സ് പൂർത്തിയായവർ തൊട്ട് ഏതു പ്രായക്കാർക്കും കഥകൾ അയക്കാം.
4. മുമ്പ് പ്രസിദ്ധീകരിച്ച കഥകൾ സ്വീകാര്യമല്ല. അയച്ചുതരുന്ന കഥകൾ കിട്ടുന്ന മുറക്ക് ഇ മലയാളിയിലും ഇ-മലയാളി മാസികയിലെ പ്രസിദ്ധീകരിക്കും.
5. ഇ-മലയാളി നിശ്ചയിക്കുന്ന ജൂറി കഥകൾ വിലയിരുത്തി വിജയികളെ കണ്ടെത്തും.
6. ഇ-മലയാളി മുമ്പ് സംഘടിപ്പിച്ച മത്സരങ്ങളിൽ ഒന്നാം സമ്മാനം ലഭിച്ചവരെ വീണ്ടും ഒന്നാം സമ്മാനത്തിന് പരിഗണിക്കുന്നതല്ല. മറ്റു വിജയികൾക്ക് ഇത് ബാധകമല്ല.

**കഥകൾ ലഭിക്കേണ്ട അവസാന തിയ്യതി ഒക്ടോബർ 31, 2025**

**രചനകൾ mag@emalayalee.com എന്ന വിലാസത്തിൽ അയക്കുക**

സമ്മാനാർഹരുടെ പേരുവിവരങ്ങൾ 2025 ക്രസ്തുമസിനു പ്രഖ്യാപിക്കും. ഇതേക്കുറിച്ചുള്ള നിങ്ങളുടെ സംശയങ്ങൾ mag@emalayalee.com എന്ന ഇമെയിലിൽ എഴുതി ചോദിക്കാം.
കൂടുതൽ വിവരങ്ങൾക്ക് സുധീർ പണിക്കവീട്ടിലുമായി വാട്സാപ്പിൽ ബന്ധപ്പെടാം. 1 718 570 4020


എല്ലാ കഥാകൃത്തുക്കളും പങ്കെടുത്ത് ഈ സംരംഭം വിജയിപ്പിക്കുക.

*സ്നേഹത്തോടെ,* ഇ-മലയാളി പത്രാധിപസമിതി

# ചിത്രലോകം

അക്ബർ മാ

*ചിത്രം:* **Transparent meeting of colors**
**അബ് സ്ട്രാക്റ്റ് കളർ പെയിന്റിംഗ്**




Joywali Diwali
FREE
24K LAKSHMI IDOL OR GOLD BAR
★ 500 MG 24K ★ GOLD BAR
SPEND USD 1,250 ON DIAMOND & PRECIOUS STONE JEWELLERY
★ 1 GM 24K ★ LAKSHMI IDOL OR GOLD BAR
SPEND USD 2,200 ON DIAMOND & PRECIOUS STONE JEWELLERY OR SPEND USD 8,200 ON GOLD JEWELLERY
★ 10 GM 24K ★ GOLD BAR
SPEND USD 16,400 ON DIAMOND & PRECIOUS STONE JEWELLERY
SPEND USD 800 ON DIAMOND & PRECIOUS STONE JEWELLERY & GET A
Cash VOUCHER
FREE USD 25 CASH VOUCHER
NO MAKING CHARGES ON 8GM GOLD COINS
0% DEDUCTION ON OLD GOLD EXCHANGE
OFFER VALID FROM 3RD TO 20TH OCT. 2025
SCAN TO EXPLORE NEW JEWELLERY COLLECTIONS
Images are for illustrative purposes only
*Conditions apply / Not applicable for Gold Bars, Gold coins & 24kt Jewellery
Offers Cannot be Combined together.
joyalukkas.com
Joyalukkas
World's favourite jeweller
USA • UK • SINGAPORE • MALAYSIA • AUSTRALIA • UAE • OMAN • QATAR • BAHRAIN • KUWAIT • KSA • INDIA


MALABAR
GOLD & DIAMONDS
Malabar
with you in all your
Celebrations
FREE
CASH
VOUCHERS
On Every Purchase of Diamond
& Precious Gem Jewellery*
*Offer valid until 20th October 2025
*Terms & Conditions apply.